*Uncorrected/Not for publication*

*03-06-2026*

*Discussion on the motion of thanks to the Governor's address – contn.*

## ഗവർണ്ണറുടെ പ്രസംഗത്തിന് നന്ദി രേഖപ്പെടുത്തുന്ന ഉപക്ഷേപത്തെക്കുറിച്ചുള്ള ചർച്ച - തുടർച്ച

മി. സ്പീക്കർ: ഗവർണ്ണറുടെ പ്രസംഗത്തിന് നന്ദി രേഖപ്പെടുത്തുന്ന ഉപക്ഷേപത്തിന്മേലുള്ള ചർച്ച ആരംഭിക്കുന്നതിനുമുമ്പ് ഒരു കാര്യം ഓർമ്മിപ്പിക്കേണ്ടത് ആവശ്യമാണെന്ന് ചെയർ കരുതുന്നു. ഇന്നലെ സഭാനടപടികളുടെ ആദ്യദിനമായിരുന്നതിനാൽ എല്ലാ അംഗങ്ങളും കുറച്ച് സ്വാതന്ത്ര്യത്തോടെയാണ് ഇടപെട്ടതെന്ന് ഞാൻ മനസ്സിലാക്കുന്നു. എന്നാൽ സഭയുടെ ഡെക്കോറം കീപ്പ് ചെയ്യുകയെന്നത് നമ്മുടെ പൊതുവായ ആവശ്യമാണ്. ആ ഡെക്കോറത്തിന് വിരുദ്ധമായി ഒരു നടപടിയുണ്ടാകരുതെന്ന് ഞാൻ അംഗങ്ങളെ ഓർമ്മിപ്പിക്കുകയാണ്. ഒരംഗം സംസാരിച്ചുകൊണ്ടിരിക്കുമ്പോൾ ചെയറിന്റെ മുഖം മറഞ്ഞ് നിൽക്കുക, സഭയ്ക്കുള്ളിൽ തലങ്ങും വിലങ്ങും ക്രോസ് ചെയ്ത് പോകുക, ഒരംഗം വഴിതെറ്റി വെല്ലിന്റെ ഭാഗത്തുവരെ വന്നിട്ട് മടങ്ങിപ്പോയ സംഭവവും ഞാൻ ഓർക്കുന്നു. സഭയുടെ ഡെക്കോറം കീപ്പ് ചെയ്യാനുള്ള ബാധ്യത അംഗങ്ങൾക്കുതന്നെയാണുള്ളത്. സഭയിൽ 71 പുതിയ അംഗങ്ങളാണുള്ളത്. അവർക്ക് മാതൃകയാകേണ്ട മുതിർന്ന അംഗങ്ങൾ നിശ്ചയമായും നല്ല മാതൃക കാട്ടുമെന്ന പൂർണ്ണവിശ്വാസം എനിക്കുണ്ട്. പുതിയ 71 അംഗങ്ങളും അതിനോട് സഹകരിക്കണം. നിങ്ങളുടെ ജ്യേഷ്ഠസഹോദരന്മാർ സ്വീകരിക്കുന്ന നടപടിയുടെ നല്ലവശങ്ങളെല്ലാം ഉൾക്കൊണ്ട് പുതിയ അംഗങ്ങൾ അവ കൃത്യമായി പാലിച്ചുപോകണമെന്ന് ഞാൻ അഭ്യർഥിക്കുന്നു. അന്യോന്യം കുശലവും വർത്തമാനവും പറയേണ്ട അവസരങ്ങൾ ഉണ്ടാകാം. എന്നാലത് സഭയുടെ പൊതുവായ ഡെക്കോറത്തിന് വിരുദ്ധമാകരുതെന്ന് ഞാൻ ഓർപ്പിക്കുകയാണ്. ഇക്കാര്യങ്ങളെക്കുറിച്ച് പുതിയ അംഗങ്ങളെക്കൂടി അപ്ഡേറ്റ് ചെയ്യാനായി 17-ാം തീയതി ഒരു സെമിനാർ നടത്തുന്നുണ്ട്. വിദഗ്ധരും പ്രമുഖരുമായ വ്യക്തികൾ ആ സെമിനാറിന്റെ ഓരോ ഘട്ടങ്ങളിലുമായി പങ്കുചേരുമെന്ന് അറിയിച്ചിട്ടുണ്ട്. ബഹുമാനപ്പെട്ട മുഖ്യമന്ത്രി ഉദ്ഘാടനം ചെയ്യുന്ന പ്രസ്തുത സെമിനാറിൽ ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവും സംബന്ധിക്കുന്നതാണ്. നൂറ്റാണ്ടുകളുടെ പാരമ്പര്യമുള്ള ഈ സഭയിൽ പരസ്പര ബഹുമാനം നിലനിർത്തുന്നതിനും ഡെക്കോറം കീപ്പ് ചെയ്യുന്നതിനും സഭയുടെ ഇന്നത്തെ

കസ്റ്റോഡിയന്മാരായ നമുക്കുള്ള ബാധ്യത ഞാൻ ഓർമ്മിപ്പിക്കേണ്ടതില്ല. എന്നിരുന്നാലും അത് നിങ്ങളോട് സൂചിപ്പിക്കുകയാണ്. സഭയുടെ ഡെക്കോറം കീപ്പ് ചെയ്യണമെന്ന് വിനയപൂർവം അഭ്യർത്ഥിക്കുന്നു. ഗവർണ്ണറുടെ പ്രസംഗത്തിന് നന്ദി രേഖപ്പെടുത്തുന്ന ഉപക്ഷേപത്തിന്മേലുള്ള ചർച്ച ആരംഭിക്കുന്നു.

ശ്രീ. വി. ടി. ബൽറാം: സർ, മേയ് മാസം 29-ാം തീയതി ആദരണീയനായ ഗവർണ്ണർ ഈ സഭയെ അഭിസംബോധന ചെയ്ത് നടത്തിയ പ്രസംഗത്തിന് നന്ദി രേഖപ്പെടുത്തുന്ന ഉപക്ഷേപത്തെ ഞാൻ പിന്തുണയ്ക്കുകയാണ്. ഒരു ഇടവേളയ്ക്കുശേഷം വീണ്ടും കേരള നിയമസഭയിൽ സംസാരിക്കാനുള്ള അവസരം, വലിയ ഉത്തരവാദിത്വം എന്നിൽ അർപ്പിച്ച എന്റെ നാട്ടിലെ ജനങ്ങളോടുള്ള നന്ദി ഞാൻ ആദ്യംതന്നെ രേഖപ്പെടുത്തുന്നു. XIII, XIV നിയമസഭകളിൽ ഞാൻ അംഗമായിരുന്നു. അതിനുശേഷം വന്ന ഇടവേളക്കാലയളവിൽ രാഷ്ട്രീയമായ ധാരാളം വേട്ടയാടലുകളും അധിക്ഷേപങ്ങളും പരിഹാസങ്ങളും നേരിടേണ്ടിവന്നിട്ടുണ്ട്. ജനാധിപത്യത്തിന്റെ ആത്യന്തികമായ വിധികർത്താക്കൾ ജനങ്ങളാണെന്ന് അടിവരയിട്ട് ഓർമ്മപ്പെടുത്തുന്ന അവസരങ്ങളാണ് ജനാധിപത്യത്തിന്റെ ഉത്സവമായ തിരഞ്ഞെടുപ്പുകൾ. ഈ തിരഞ്ഞെടുപ്പിലൂടെ കേരളത്തിലുടനീളം വലിയൊരു മാറ്റത്തിനും ജനങ്ങൾ ആഗ്രഹിക്കുന്ന ജനപക്ഷ ഭരണ സമ്പ്രദായത്തിന്റെ മടക്കിക്കൊണ്ടുവരലിനുമായി ജനങ്ങൾ ആവേശത്തോടുകൂടി വോട്ട് ചെയ്തതിന്റെ ഭാഗമായാണ് ഇന്ന് യു.ഡി.എഫ്. സർക്കാർ കേരളത്തിൽ അധികാരത്തിൽ വന്നിരിക്കുന്നത്. ഒരുകോടിയിലേറെ വോട്ടർമാർ ഒരു മുന്നണിക്ക് ആവേശത്തോടുകൂടി വോട്ട് ചെയ്ത സാഹചര്യം കേരളത്തിന്റെ ചരിത്രത്തിലാദ്യമായാണ് നമുക്ക് കാണാൻ സാധിക്കുന്നത്. 10051695 മലയാളികൾ ഐക്യജനാധിപത്യ മുന്നണിക്ക് പിന്തുണ അർപ്പിച്ച് കേരളത്തിൽ മുന്നോട്ടുവന്നുവെന്നത് സമാനതകളില്ലാത്ത ഒരു രാഷ്ട്രീയ വിജയത്തിന്റെ പ്രതിഫലനമായി കാണേണ്ടതാണ്. പത്ത് വർഷം കേരളം ഭരിച്ച ആളുകൾക്ക് ഏകദേശം ഇരുപതുലക്ഷത്തിൽ കുറവ് വോട്ടുകൾ മാത്രമാണ് ഇത്തവണ സമാഹരിക്കാൻ സാധിച്ചത് എന്നുപറയുമ്പോൾ കേരളത്തിന്റെ രാഷ്ട്രീയ ചിത്രം എത്രത്തോളം യു.ഡി.എഫ്.-ന് അനുകൂലമായും കഴിഞ്ഞ

*03-06-2026*
*Discussion on the motion of thanks to the Governor's address – contn.*

പത്തുവർഷത്തെ ദുർഭരണത്തിന് എതിരായും ഈ ഘട്ടത്തിൽ ചിന്തിക്കുന്നുവെന്നതിന്റെകൂടി ഒരു സൂചനയായി അത് മാറുകയാണ്. ആ ജനാഭിലാഷത്തിന്റെ തേരേറിക്കൊണ്ടാണ് കേരളത്തിൽ ശ്രീ. വി. ഡി. സതീശന്റെ നേതൃത്വത്തിലുള്ള പുതിയൊരു സർക്കാർ അധികാരത്തിൽ വന്നിരിക്കുന്നത്. അതുപോലും അഭൂതപൂർവമായൊരു സാഹചര്യമാണ്. കാരണം മുഖ്യമന്ത്രിയെ തീരുമാനിക്കുന്ന കാര്യത്തിൽ കേരളത്തിലെ ജനങ്ങൾ തിരഞ്ഞെടുപ്പിനുശേഷം ഇത്രത്തോളം ആവേശത്തോടുകൂടി അഭിപ്രായം പറഞ്ഞൊരു കാലഘട്ടം മുമ്പുണ്ടായിട്ടില്ല. ആ നിലയിൽ കേരളത്തിലെ ജനങ്ങൾ എന്താണോ ആഗ്രഹിച്ചത്, ആ ജനാഭിലാഷത്തെ ഉയർത്തിപ്പിടിക്കാനും ഉൾക്കൊള്ളാനും ആ ജനാഭിലാഷത്തോട് ആദരവ് പ്രകടിപ്പിച്ചുകൊണ്ടുള്ള ഉചിതമായൊരു തീരുമാനമെടുക്കാനും കഴിയുന്ന ഒരു രാഷ്ട്രീയ പ്രസ്ഥാനം ഇന്ന് ഇന്ത്യയിലുണ്ടെങ്കിൽ അതിന്റെ പേര് ഇന്ത്യൻ നാഷണൽ കോൺഗ്രസ് എന്നാണെന്നും കേരളത്തിൽ ഐക്യ ജനാധിപത്യ മുന്നണി എന്നാണെന്നും കേരളമിന്ന് ആവേശത്തോടെ തിരിച്ചറിയുകയാണ്. കഴിഞ്ഞ പത്തുവർഷം ഇല്ലാതിരുന്നത് ഇതുതന്നെയാണ്. 2016-ൽ അധികാരത്തിൽ വന്ന മുന്നണിയെ തിരഞ്ഞെടുപ്പിൽ നയിച്ചതാര് എന്നുള്ള ചോദ്യം ഇന്നും കേരളത്തിന്റെ മുമ്പിലുണ്ട്. അതുവരെ അഞ്ചുവർഷം പ്രതിപക്ഷനേതാവായിരുന്നത് സഖാവ് വി. എസ്. അച്ചുതാനന്ദൻ ആയിരുന്നു. അദ്ദേഹത്തെ മുൻനിർത്തിയായിരുന്നു ആ തിരഞ്ഞെടുപ്പിനെ നേരിട്ടത്. പിന്നീട് അട്ടിമറിയിലൂടെയാണോ, സംഘടനാപരമായ തീരുമാനത്തിലൂടെയാണോ.... അതെല്ലാം അവരുടെ വിഷയമാണ്. കേരളത്തിൽ മറ്റൊരു മുഖ്യമന്ത്രിയുണ്ടായി, പത്തുവർഷം അദ്ദേഹത്തിന്റെ ഭരണമുണ്ടായി. ഞങ്ങൾ അംഗീകരിക്കുകയാണ്. എന്നാൽ ഇന്നിതാ തിരഞ്ഞെടുപ്പിനുശേഷവും രാഷ്ട്രീയപാർട്ടികളുടെ നയരൂപീകരണങ്ങളിൽ ജനങ്ങൾക്കൊരു 'സേ' ഉണ്ട്. അത് അംഗീകരിക്കാൻ കഴിയുന്നൊരു മനസ്സ്, ഒരു ജനാധിപത്യ വിവേകം രാഷ്ട്രീയപാർട്ടി നേതൃത്വങ്ങൾക്കുണ്ടെന്ന് കേരളത്തിൽ തെളിയിക്കപ്പെട്ടിരിക്കുകയാണ്. ആ ജനവിധിയെ പൂർണ്ണമായി കാത്തുകൊണ്ടും ജനാഭിലാഷത്തിന്റെ അന്തഃസത്ത ഉയർത്തിപ്പിടിച്ചുകൊണ്ടും അടുത്ത അഞ്ചുവർഷം മാതൃകാപരമായൊരു ഭരണം നടത്താൻ ശ്രീ.

വി. ഡി. സതീശന്റെ നേതൃത്വത്തിലുള്ള യു.ഡി.എഫ്.-ന്റെ ടീമിന് സാധിക്കുമെന്നാണ് കേരളമിന്ന് പ്രതീക്ഷാപൂർവം ഉറ്റുനോക്കുന്നത്. അത്തരത്തിലുള്ള പ്രവർത്തന വിജയാശംസകൾ ഈ ടീമിന് അർപ്പിക്കാൻ ഞാൻ ആഗ്രഹിക്കുകയാണ്. ബഹുമാനപ്പെട്ട ഗവർണ്ണർ നടത്തിയ പ്രസംഗത്തിൽ കേവലമൊരു സർക്കാരിന്റെ നയപ്രഖ്യാപനമെന്നുള്ള ഔപചാരികത മാത്രമല്ല നമുക്ക് കാണാൻ സാധിച്ചത്, കൃത്യമായൊരു നയവ്യതിയാനം ഇവിടെയുണ്ടെന്നതിന്റെ കൃത്യമായ സൂചനകൾ പുറത്തുവരികയാണ്. തിരഞ്ഞെടുപ്പ് ഘട്ടത്തിൽ രാഷ്ട്രീയപാർട്ടികൾ ജനങ്ങൾക്ക് പല വാഗ്ദാനങ്ങളും നൽകും. എന്നാൽ തിരഞ്ഞെടുപ്പ് കാലത്ത് നൽകുന്ന വാഗ്ദാനങ്ങൾ സമയബന്ധിതമായി പാലിക്കുകയെന്നത് തങ്ങളുടെ ഉത്തരവാദിത്വമാണെന്നത് അധികാരത്തിലെത്തുന്ന ആളുകൾ മറക്കുന്നതാണ് കാലങ്ങളായി രാജ്യത്തിന്റെ പലഭാഗങ്ങളിലും രാജ്യം ഭരിക്കുന്ന സർക്കാരിന്റെ ഭാഗത്തുനിന്നും കേരളത്തിൽതന്നെ കഴിഞ്ഞ കാലങ്ങളിൽ ഭരിച്ചിരുന്ന സർക്കാരുകളിൽനിന്നും നമുക്ക് കാണാൻ സാധിച്ചത്. അതാണ് മുൻ അനുഭവം. കാലങ്ങളായി നമ്മൾ കണ്ടുകൊണ്ടിരിക്കുന്നതും അതാണ്. എന്നാൽ ഇന്ന് അതിൽനിന്നും വ്യത്യസ്തമായൊരു സമീപനത്തിന്റെ സൂചനകൾ ഗവർണ്ണറുടെ നയപ്രഖ്യാപനത്തിൽ മാത്രമല്ല, ഇക്കഴിഞ്ഞ രണ്ടാഴ്ചക്കാലം ഗവൺമെന്റുമായി ബന്ധപ്പെട്ട ഓരോ പ്രവർത്തനങ്ങളിൽനിന്നും കേരളത്തിന് കാണാൻ സാധിക്കുന്നുവെന്നതാണ് നമുക്ക് മനസ്സിലാകുന്നത്. തിരഞ്ഞെടുപ്പ് സമയത്ത് വാഗ്ദാനങ്ങൾ നൽകിയാൽ അത് സമയബന്ധിതമായി പാലിക്കണം. അതിനുള്ള ആത്മാർഥമായ ഇടപെടലും പരിശ്രമവുമുണ്ടാകണം. അത് ഈ സർക്കാരിന്റെ ആദ്യത്തെ കാബിനറ്റ് മുതൽ കാണുകയാണ്. ആശാവർക്കർമാരെ ചേർത്തുപിടിച്ച് അവർക്ക് മാന്യമായ വരുമാനം നൽകണമെന്നത് കേരളത്തിന്റെ പൊതു ആവശ്യമായിരുന്നു. അന്നത്തെ ഭരണപക്ഷം അത് അംഗീകരിച്ചില്ല. ആശാവർക്കർമാരെ പരിഹസിക്കുകയും അധിക്ഷേപിക്കുകയും തീവ്രവാദികൾ എന്ന് മുദ്ര കുത്തി ഏതെല്ലാം തരത്തിൽ അവരെ വേട്ടയാടാൻ സാധിക്കുമോ അത്തരത്തിലുള്ള വേട്ടയാടലുകൾക്ക് അവർ വിധേയരാകേണ്ടിവന്നു. അത്ര ക്രൂരവും

മനുഷ്യത്വരഹിതവുമായ സമീപനം സ്വീകരിച്ച ഒരു ഭരണ സമ്പ്രദായത്തിൽ സമൂലമായ മനോഭാവമാറ്റമാണ് വി. ഡി. സതീശൻ സർക്കാർ അധികാരത്തിൽ ഏറിയ ആദ്യത്തെ കാബിനറ്റ് മുതൽ നമുക്ക് കാണാൻ സാധിക്കുന്നത്. ആശാവർക്കർമാരുടെ വരുമാനം 21,000 രൂപയാക്കണം. യു.ഡി.എഫ്. സർക്കാർ അവരുടെ വരുമാനം 21,000 രൂപ ആക്കുമെന്നതിൽ ആശാവർക്കർമാർക്കോ ജനങ്ങൾക്കോ സംശയമില്ല. ഘട്ടംഘട്ടമായി അവരുടെ വരുമാനം വർധിപ്പിക്കുകതന്നെ ചെയ്യുമെന്നതിന്റെ സൂചനയായാണ് ആദ്യത്തെ കാബിനറ്റിൽതന്നെ അവരുടെ വേതനത്തിൽ ഇന്നേവരെയുണ്ടാകാത്ത ഏറ്റവും വലിയ വർധനവ് വരുത്താൻ ഈ സർക്കാരിന് സാധിച്ചത്. അതുപോലെതന്നെ അങ്കണവാടി ജീവനക്കാരെയും പാചകത്തൊഴിലാളികളെയും ചേർത്തുപിടിക്കുന്നു. അതോടൊപ്പം സർക്കാരിന്റെയും ബഹുമാനപ്പെട്ട മന്ത്രിമാരുടെയും ശ്രദ്ധയിൽപെടുത്താനുള്ളത് സമാന ബുദ്ധിമുട്ട് അനുഭവിക്കുന്ന ഒരു വിഭാഗമാണ് ഖാദി മേഖലയിൽ ജോലി ചെയ്യുന്ന സാധാരണക്കാരായ ആളുകൾ. അതിൽ മഹാഭൂരിപക്ഷവും സ്ത്രീ തൊഴിലാളികളാണ്. അവർ വലിയ ബുദ്ധിമുട്ടാണ് അനുഭവിക്കുന്നത്. മുന്നൂറോ നാന്നൂറോ രൂപയാണ് ഖാദി മേഖലയിൽ പണിയെടുക്കുന്ന ഓരോ തൊഴിലാളികൾക്കും ലഭിച്ചുകൊണ്ടിരിക്കുന്നത്. ഇരുന്നൂറും ഇരുന്നൂറ്റി അൻപതും രൂപയ്ക്ക് ജോലിചെയ്യേണ്ട സാഹചര്യവുമുണ്ട്. സർക്കാർ അവരുടെ കാര്യം പരിഗണിക്കണമെന്ന് സാന്ദർഭികമായി കൂട്ടിച്ചേർക്കുകയാണ്. രാജ്യംതന്നെ വിസ്മയത്തോടെ നോക്കിനിന്ന ചില തീരുമാനങ്ങൾ ഇന്ദിര ഗാരന്റിയുടെ ഭാഗമായി നമുക്ക് നടപ്പിലാക്കാൻ സാധിക്കുകയാണ്. ഇന്ത്യയിൽ ആദ്യമായി വയോജനങ്ങളുടെ ക്ഷേമത്തിനുവേണ്ടി ഒരു പ്രത്യേക വകുപ്പ് ആവിഷ്കരിക്കുന്നു. ആർട്ടിഫിഷ്യൽ ഇന്റലിജൻസിന്റെ അനന്തസാധ്യതകളെ കേരളത്തിനുവേണ്ടിയും അടുത്ത തലമുറയ്ക്കുവേണ്ടിയും ഉപയോഗപ്പെടുത്തുന്നതിന് ഒരു പ്രത്യേക വകുപ്പ് രൂപീകരിച്ച് അതിന്റെ നടപടികളുമായി സർക്കാർ മുന്നോട്ടുപോകുകയാണ്. ഭാവി കേരളത്തിന്റെ പുതുയുഗത്തെ മുമ്പിൽ കണ്ടുകൊണ്ടുള്ള ഇത്തരം ദീർഘവീക്ഷണമുള്ള നിലപാടുകളും ഇടപെടലുകളും സർക്കാരിന്റെ ഭാഗത്തുനിന്നുണ്ടാകുന്നുണ്ടെന്ന് നമുക്ക് കാണാൻ സാധിക്കുന്നുണ്ട്. ബഹുമാനപ്പെട്ട മുഖ്യമന്ത്രി കഴിഞ്ഞ ദിവസം പറഞ്ഞതുപോലെ അടുത്ത

ദിവസങ്ങളിൽത്തന്നെ കേരളത്തിലെ ധനസ്ഥിതിയുടെ സത്യാവസ്ഥ ധവളപത്രത്തിലൂടെ ജനങ്ങൾക്ക് മനസ്സിലാക്കാൻ സാധിക്കും. പക്ഷെ ആ ധനസ്ഥിതി എത്ര പരിതാപകരമാണെങ്കിലും ജനങ്ങൾക്ക് നൽകിയ വാഗ്ദാനങ്ങൾ പാലിക്കാനുള്ള നിശ്ചയദാർഢ്യവും ആർജവവും ഈ സർക്കാരിന്റെ ഓരോ പ്രവർത്തനങ്ങളിലുമുണ്ടാകും എന്നുതന്നെയാണ് ഞാൻ പ്രതീക്ഷിക്കുന്നത്. ഇതിനെക്കുറിച്ചൊക്കെ ഏതെല്ലാം തരത്തിലുള്ള പ്രചരണങ്ങളാണ് തിരഞ്ഞെടുപ്പ് പരാജയത്തിനുശേഷവും പ്രതിപക്ഷം മുന്നോട്ടുകൊണ്ടുപോകുന്നത്; ഖജനാവിൽ ഏതാണ്ട് 4,000 കോടി രൂപ നീക്കിയിരിപ്പുണ്ടെന്നാണ് സ്ഥാനം ഒഴിഞ്ഞ ധനകാര്യ വകുപ്പുമന്ത്രി പറഞ്ഞത്. ഏതാണ്ട് രണ്ട് ലക്ഷം കോടി രൂപയുടെ ബജറ്റാണ് കേരളത്തിലുള്ളത്. ഖജനാവിലൂടെ രണ്ട് ലക്ഷം കോടി രൂപ പന്ത്രണ്ട് മാസംകൊണ്ട് ചെലവഴിക്കുന്നുണ്ട്. അതായത് ഓരോ മാസവും പതിനയ്യായിരമോ ഇരുപതിനായിരമോ കോടി രൂപ ഖജനാവിലൂടെ ചെലവഴിക്കുന്നുണ്ട്. ആ പതിനയ്യായിരം കോടി രൂപ ഒരു മാസം ഖജനാവിലൂടെ ചെലവഴിക്കുന്നതിൽ ഏതെങ്കിലും ഒന്നോ രണ്ടോ പേമെന്റുകൾ ഒരാഴ്ച നീട്ടിവച്ചാൽപ്പോലും ഈ ബാലൻസ് അവിടെ കാണിക്കാൻ സാധിക്കും. പക്ഷെ അത് ഖജനാവിൽ സ്ഥാനം ഒഴിഞ്ഞ സർക്കാരുണ്ടാക്കിവച്ച മിച്ചമല്ല. എൺപത്തിയയ്യായിരത്തിലേറെ കോടി രൂപ തനത് നികുതി വരുമാനമുണ്ട്. അതായത് ഒരു മാസം ഏഴായിരം എണ്ണായിരം കോടി രൂപ തനത് നികുതിയായി കേരളത്തിന്റെ ഖജനാവിലേയ്ക്ക് വരുന്നുണ്ട്. ആറായിരമോ നാലായിരമോ കോടി രൂപ ബാക്കിയുണ്ടെന്ന് പറഞ്ഞിട്ട് കാര്യമെന്താണ്? അത് എങ്ങനെയാണുണ്ടായത്? പഞ്ചായത്തുകൾക്ക് നൽകാനുള്ള പ്ലാൻ ഫണ്ടിന്റെ മൂന്നാം ഗഡു ഏകദേശം 3,500 കോടി രൂപ നിങ്ങൾ നൽകിയില്ല. പെൻഷനുവേണ്ടി നൽകിയ എണ്ണായിരത്തോളം കോടി രൂപ കടബാധ്യതയായി നിൽക്കുകയാണ്. സപ്ലൈകോയുടെ ബാധ്യത ഗുരുതരമായി നിൽക്കുകയാണ്. ഡി.എ. അരിയറുകളും കൊടുത്തുതീർക്കാനുണ്ട്. മേയ് മാസത്തിലെ ആദ്യ മൂന്ന് ദിവസങ്ങൾ അവധിയായിരുന്നു. സർക്കാർ ജീവനക്കാർക്ക് ഒന്നാം തീയതി നൽകാനുള്ള ശമ്പളം ആ മൂന്ന് ദിവസം നീട്ടിവച്ചാൽത്തന്നെ പതിനായിരക്കണക്കിന് കോടി

*03-06-2026*
*Discussion on the motion of thanks to the Governor's address – contn.*

രൂപ ഖജനാവിൽ കാണാൻ സാധിക്കും. പക്ഷെ അതൊന്നും നിങ്ങൾ കേരളത്തിനുണ്ടാക്കിവച്ച അപരിഹാര്യവും അതീവ ഗുരുതരവുമായ സാമ്പത്തിക പ്രതിസന്ധിയുടെ മുഖം മറയ്ക്കാൻ പര്യാപ്തമല്ല. കേരളത്തെ അതീവ ഗുരുതരമായ ഈ സ്ഥിതിവിശേഷത്തിലേയ്ക്കെത്തിച്ചതിന്റെ ഉത്തരവാദിത്വം ജനങ്ങൾക്ക് മുമ്പിൽ കൃത്യമായി അനാവൃതമാകും. അത് കഴിഞ്ഞ സർക്കാരിന്റെ പത്ത് വർഷത്തെ പിടിപ്പുകേടിന്റെ ബാക്കിപത്രമാണെന്ന് നമുക്ക് കാണാൻ സാധിക്കും. ഇവിടെ ഞങ്ങൾ ജനാഭിലാഷത്തിനൊപ്പംനിന്നുകൊണ്ട് തീരുമാനങ്ങളെടുത്ത് മുന്നോട്ടുപോകുമ്പോൾ സത്യത്തിൽ പ്രതിപക്ഷത്തിരിക്കുന്ന ആളുകളെയോർത്ത് അൽപം ദുഃഖവും ചെറിയ സഹതാപവുമുണ്ട്. മുമ്പൊന്നും നിങ്ങൾ ഇങ്ങനെയല്ലായിരുന്നു. നിങ്ങൾ പടർന്ന് പന്തലിച്ച് നിൽക്കുകയായിരുന്നു. സി.പി.ഐ.(എം.) എന്ന പാർട്ടി ഇന്ന് 26 സീറ്റിലേയ്ക്ക് ചുരുങ്ങിയിട്ടുണ്ടെങ്കിൽ നിങ്ങൾ ഇനിയെങ്കിലും ഒരു ആത്മപരിശോധന നടത്തണം. ശത്രുക്കൾക്കുപോലും ഇങ്ങനെയൊരു ഗതിയുണ്ടാകരുതെന്ന് സാധാരണഗതിയിൽ നമ്മൾ പറയാറുണ്ട്. ആ അവസ്ഥയിലേയ്ക്ക് കാര്യങ്ങൾ മാറരുത്. നിങ്ങൾ പുതിയ ഒരു പ്രതിപക്ഷനേതാവിനെ തിരഞ്ഞെടുത്തപ്പോൾ ഞങ്ങൾക്ക് സന്തോഷമാണ്. ആ തിരഞ്ഞെടുപ്പുവരെ ചെറിയൊരു ആശങ്കയുണ്ടായിരുന്നു. പക്ഷെ ഞങ്ങൾക്ക് ഇപ്പോൾ സമാധാനമാണ്. അദ്ദേഹം ഇനിയുള്ള എല്ലാക്കാലത്തും ആ കസേരയിൽ തുടരട്ടേയെന്ന് ആശംസിക്കാൻകൂടി ഞാൻ ആഗ്രഹിക്കുകയാണ്. പക്ഷെ നിങ്ങളുടെ സമീപനത്തിൽ ഒരു മാറ്റമുണ്ടായില്ലെങ്കിൽ അത് കേരളത്തിന് അപകടമാണ്. കാരണം ഈ സഭാതലത്തിലടക്കം മുമ്പില്ലാത്തതരത്തിലുള്ള ഭീഷണികൾ ഉയർന്നുവന്നിരിക്കുകയാണ്. അതിന്റെ ഗൗരവം നിങ്ങൾ മനസ്സിലാക്കണം. ഉത്തരവാദിത്വമുള്ള പ്രതിപക്ഷമായി ജനാധിപത്യത്തിൽ നിങ്ങൾക്ക് നിൽക്കാൻ സാധിക്കണം. അതിന് നഷ്ടപ്പെട്ടുപോയ നിങ്ങളുടെ ജനപിന്തുണ തിരിച്ചുപിടിക്കാനുള്ള എളിയ പരിശ്രമമെങ്കിലും നിങ്ങൾ നടത്തണം. അധികാരവും പ്രതാപവും വലിയ രീതിയിലുണ്ടായിരുന്ന സമയത്ത് നിങ്ങൾക്ക് ശബ്ദിക്കാനോ പ്രതികരിക്കാനോ തെറ്റുകൾക്ക് നേരെ വിരൽ ചൂണ്ടാനോ സാധിച്ചിട്ടില്ലായിരിക്കാം. പക്ഷേ

ഇനിയെങ്കിലും നിങ്ങൾ ആ ഉത്തരവാദിത്വം കേരളത്തിലെ ജനങ്ങൾക്കുവേണ്ടിയും നിങ്ങളെ വിശ്വസിക്കുന്ന നിങ്ങളുടെ സ്വന്തം അണികൾക്കുവേണ്ടിയും ഏറ്റെടുക്കണമെന്ന് മാത്രമാണ് എനിക്ക് അഭ്യർത്ഥിക്കാനുള്ളത്.

പാലക്കാട് ജില്ലയിലെ നെൽകർഷകരുടെ പ്രശ്നങ്ങൾ പരിഹരിക്കാൻ വേണ്ടിയുള്ള ആത്മാർത്ഥമായ പരിശ്രമം ഇന്നലെയും കഴിഞ്ഞ ദിവസങ്ങളിലുമായി സർക്കാരിന്റെ ഭാഗത്തുനിന്നുണ്ടായി. അത് വിജയത്തിലേയ്ക്കെത്തുന്നുവെന്നതിന്റെ സൂചന തീർച്ചയായും സന്തോഷകരമാണ്. പാലക്കാട് ജില്ലയിൽ 65000 നെൽകർഷകരുണ്ട്. കഴിഞ്ഞ സീസണിൽ നെല്ല് വാങ്ങിയ ആളുകളിൽ 20000-ത്തോളം ആളുകൾക്ക് മാത്രമാണ് ഇപ്പോഴും പി.ആർ.എസ്. സർട്ടിഫിക്കറ്റുകൾ നൽകിയിട്ടുള്ളത്.

<u>മി. സ്പീക്കർ</u>: ശ്രീ. വി. ടി. ബൽറാം 23 അംഗങ്ങൾ ഇനിയും സംസാരിക്കാനുണ്ട്.

<u>ശ്രീ. വി. ടി. ബൽറാം</u>: സർ, ഇത് വളരെ ഗുരുതരമായ വിഷയമാണ്. ഒരു സീസണിലെ 40000-ത്തോളം കർഷകരുടെ കഠിനാധ്വാനത്തിന്റെ ഭാഗമായി അവർ ഉൽപാദിപ്പിച്ച നെല്ല് സർക്കാരിന് നൽകിയിട്ട് അതിന്റെ പി.ആർ.എസ്. സർട്ടിഫിക്കറ്റ് (Paddy Receipt Sheet) നൽകാൻ സാധിച്ചിട്ടില്ല. ഈ പ്രശ്നം കഴിഞ്ഞ പത്തുവർഷമായിട്ടുണ്ടായിരുന്നു. എനിക്ക് ഈ സർക്കാരിൽ വിശ്വാസമുണ്ട്. അടുത്ത വർഷത്തെ നെല്ല് സംഭരണം ഏറ്റവും മാതൃകാപരമായും കുറ്റമറ്റ രീതിയിൽ നടത്താനും സമയബന്ധിതമായി കർഷകർക്ക് അവരുടെ അധ്വാനത്തിന്റെ ഫലം സമയബന്ധിതമായി ലഭ്യമാകുകയും അത് അവരുടെ ജീവിത നിലവാരവും തൊഴിൽ സുരക്ഷയും മെച്ചപ്പെടുത്തുകയും ചെയ്യുന്ന തരത്തിലുള്ള കൃത്യമായ പ്ലാനും സുവ്യക്തമായ തുടർനടപടികളും ഈ സർക്കാരിന്റെ ഭാഗത്തുനിന്നുണ്ടാകണം. ആ നിലയിൽ നമ്മുടെ നയം ജനങ്ങൾക്ക് അനുഭവവേദ്യമാകണം. ഈ സർക്കാർ ജനങ്ങൾക്ക് ഒപ്പമാണ്, ഈ സർക്കാർ വൻകിടക്കാർക്കൊപ്പമല്ല. ഈ സർക്കാർ പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗങ്ങൾക്കും അടിസ്ഥാന ജനവിഭാഗങ്ങൾക്കും കർഷകർക്കും തൊഴിലാളികൾക്കും ആശാവർക്കർമാർക്കും വിദ്യാർത്ഥികൾക്കും യുവജനങ്ങൾക്കും ഒപ്പമാണെന്ന് തങ്ങളുടെ പ്രവർത്തനങ്ങളിലൂടെ തെളിയിക്കാൻ ഇവിടത്തെ സർക്കാരിന് സാധിക്കണമെന്നുള്ള ഒരു അഭ്യർത്ഥനകൂടി

മുന്നോട്ടുവച്ചുകൊണ്ട് ഈ നയപ്രഖ്യാപനത്തെയും അതിന് പിന്തുണ അർപ്പിച്ചുകൊണ്ടുള്ള ഉപക്ഷേപത്തെയും പിന്തുണച്ചുകൊണ്ട് ഞാൻ എന്റെ വാക്കുകൾ ചുരുക്കുകയാണ്.

ശ്രീ. പി. എ. മുഹമ്മദ് റിയാസ്: സർ, ഈ നയപ്രഖ്യാപന പ്രസംഗത്തിന്റെ ഭാഗമായുള്ള ഉപക്ഷേപത്തെ ഞാൻ എതിർക്കുകയാണ്. കേരളത്തോട് കേന്ദ്ര സർക്കാർ കാണിക്കുന്ന കടുത്ത അവഗണനയെ ഒന്ന് പരാമർശിക്കാൻ പോലും തയ്യാറാകാത്ത ഈ നയപ്രഖ്യാപന പ്രസംഗത്തെ ശക്തമായി എതിർക്കുകയാണെന്ന് ഒരിക്കൽക്കൂടി പറയാൻ ഞാൻ ആഗ്രഹിക്കുകയാണ്. ജനവിധി അംഗീകരിക്കുകയാണ്. കേരളത്തിലെ ജനങ്ങൾ യു.ഡി.എഫ്. ഭരിക്കണമെന്നാണ് ആഗ്രഹിച്ചത്. ബഹുമാനപ്പെട്ട മുഖ്യമന്ത്രിക്കും മന്ത്രിമാർക്കും പ്രത്യേക ആശംസകൾ നേരുന്നു. തിരഞ്ഞെടുക്കപ്പെട്ട എല്ലാ ബഹുമാനപ്പെട്ട എം.എൽ.എ.-മാർക്കും പ്രത്യേക അഭിനന്ദനങ്ങൾ അറിയിക്കുകയാണ്. ഞങ്ങൾ ക്രിയാത്മകമായ പ്രതിപക്ഷമായി നിലകൊള്ളുമെന്ന് നേരത്തെതന്നെ ബന്ധപ്പെട്ടവർ വ്യക്തമാക്കിയതാണ്. ക്രിയാത്മക പ്രതിപക്ഷം എന്നുപറഞ്ഞാൽ സഹകരണവും വിമർശനവും ചേർന്നതായിരിക്കും. ഞാൻ അടിവരയിട്ടുപറയുന്ന സഹകരണവും അതിൽപെടുന്നതാണ്. ജനോപകാരപ്രദമായ നിലപാടുകളും രാജ്യത്തിന്റെ ഭരണഘടന മുറുകെപിടിക്കുന്ന മതനിരപേക്ഷതയ്ക്ക് ഒരു പോറലുമേൽക്കാത്ത നിലയിലും സർക്കാർ മുന്നോട്ട് പോകുകയാണെങ്കിൽ പരിപൂർണ്ണ സഹകരണമുണ്ടാകുമെന്ന് ആദ്യമേ അറിയിക്കുകയാണ്. എന്നാൽ ക്രിയാത്മക പ്രതിപക്ഷം എന്ന് പറയുമ്പോൾ വിമർശനം സ്വാഭാവികമാണ്. ഇവിടെ സഹകരണമെന്ന് പറയുമ്പോൾ, മേയ് 20, 2021-ൽ എൽ.ഡി.എഫ്. സർക്കാർ വീണ്ടും സഖാവ് പിണറായി വിജയന്റെ നേതൃത്വത്തിൽ അധികാരത്തിൽവന്ന സത്യപ്രതിജ്ഞാ ചടങ്ങ് മുതൽ തുടങ്ങണം. അന്ന് പ്രതിപക്ഷം ആ സത്യപ്രതിജ്ഞാ ചടങ്ങ് ബഹിഷ്കരിച്ചിരുന്നു. എന്തിനാണ് അന്നത്തെ പ്രതിപക്ഷം സത്യപ്രതിജ്ഞാ ചടങ്ങ് ബഹിഷ്കരിച്ചതെന്ന് ഞങ്ങൾക്ക് അറിയില്ല. എന്നാൽ ഇപ്പോൾ യു.ഡി.എഫ്.-ന്റെ സത്യപ്രതിജ്ഞാ ചടങ്ങ് ഞങ്ങൾ ബഹിഷ്കരിച്ചിട്ടില്ലെന്ന് മാത്രമല്ല ഞങ്ങളുടെ ഉത്തരവാദിത്വപ്പെട്ട നേതാക്കന്മാർ എല്ലാവരും അതിൽ പങ്കെടുക്കുന്ന സ്ഥിതിയുമുണ്ടായി. അത് എൽ.ഡി.എഫ്. പ്രതിപക്ഷം ആകുമ്പോൾ സ്വീകരിക്കുന്ന

നയത്തിന്റെ ഭാഗമാണ്. മുഖ്യമന്ത്രിയാകാൻ വേണ്ടി കേരളത്തിൽ തെരുവുയുദ്ധം നടന്നതിനെക്കുറിച്ച് നേരത്തെ ചിലർ ഇവിടെ ചൂണ്ടിക്കാണിച്ചിരുന്നു. എന്നാൽ ആ തെരുവുയുദ്ധത്തിൽ ഞങ്ങൾ കക്ഷി ചേർന്നില്ല. മാധ്യമങ്ങൾ ഞങ്ങളോട് അഭിപ്രായം ചോദിച്ചപ്പോൾ പറഞ്ഞത് അത് കോൺഗ്രസിന്റെ ആഭ്യന്തര പ്രശ്നമാണെന്നും അവർ അതിൽ സമീപനം സ്വീകരിക്കട്ടേയെന്നുമാണ്. അതാണ് ആ വിഷയത്തിലും ഞങ്ങൾ കൈക്കൊണ്ടിട്ടുള്ള സമീപനം. ഒരു കാര്യം ഉറപ്പിച്ചുപറയാൻ ഞാൻ ആഗ്രഹിക്കുന്നു. സഹകരണവും വിമർശനവും അടങ്ങിയതായിരിക്കും എൽ.ഡി.എഫ്. എന്ന പ്രതിപക്ഷത്തിന്റെ നിലപാട്. കേരളത്തിൽ യു.ഡി.എഫ്. പ്രതിപക്ഷമായിരുന്നപ്പോൾ എങ്ങനെയായിരുന്നോ അതുപോലെയായിരിക്കില്ല പ്രതിപക്ഷസ്ഥാനത്തുള്ള എൽ.ഡി.എഫ്. എന്നകാര്യം അടിവരയിട്ട് ഞാൻ പറയുന്നു. നയവുമായി ബന്ധപ്പെട്ട സഹകരണത്തെക്കുറിച്ചാണ് സംസാരിക്കുന്നത്. ഇന്ന് നയവുമായി ബന്ധപ്പെട്ട് ലോകം രണ്ട് ചേരികളിലാണ്, നവ ഉദാരവൽക്കരണ നയം. ഞങ്ങൾ നയത്തെ ചെറുക്കുന്ന ചേരിക്കൊപ്പമാണ്. ഞങ്ങൾ ഭരിച്ചപ്പോഴും ഒരു ബദൽ ഉയർത്തിപ്പിടിച്ചുകൊണ്ട്, നയത്തെ ചെറുത്തുകൊണ്ടാണ് മുന്നോട്ട് പോയിട്ടുള്ളത്. അങ്ങേയ്ക്ക് അക്കാര്യം നന്നായി അറിയാവുന്നതാണ്. 1991-ലാണ് നരസിംഹറാവുവിന്റെ നേതൃത്വത്തിലുള്ള കോൺഗ്രസ് സർക്കാർ ഈ നയം നമ്മുടെ രാജ്യത്ത് കൊണ്ടുവന്നത്. നിലവിൽ 35 വർഷമായി. ഈ 35 വർഷത്തിനിടയിൽ 20 വർഷവും കേരളം ഭരിച്ചത് എൽ.ഡി.എഫ്. സർക്കാരുകളാണ്. ഒരു ബദൽ ഉയർത്തിപ്പിടിച്ച് പരിമിതിക്കകത്ത് നിന്നുകൊണ്ട് സംസ്ഥാന സർക്കാർ നിലപാടുകൾ സ്വീകരിച്ച് മുന്നോട്ട് പോകാൻ ശ്രമിച്ചിരുന്നു. എന്നാൽ കേന്ദ്രവും കേരളവും ഈ നയത്തെ പിന്തുടർന്ന കാലമുണ്ടായിട്ടുണ്ട്. ഈ 35 വർഷത്തിൽ പതിമൂന്ന് വർഷങ്ങൾ ആ രീതിയിലുള്ളതായിരുന്നു. അതായത് 1991-96, 2001-04, 2011-16 വരെ. ഇതിൽ 2001-2006 വരെയെന്ന് പറയാത്തതിനുകാരണം ഒന്നാം യു.പി.എ. സർക്കാർ 2004-ൽ അധികാരത്തിൽ വന്നു. ഈ പതിമൂന്ന് വർഷങ്ങളിലാണ് കേന്ദ്രവും കേരളവും ഒരേ നയം അതായത് നവ ഉദാരവൽക്കരണ നയം പിന്തുടർന്നിരുന്ന കാലം. നമ്മുടെ സംസ്ഥാനം

ഏറ്റവും പ്രയാസം അനുഭവിച്ച കാലഘട്ടമാണത്. അതായത് പലപ്പോഴും കേന്ദ്രത്തിൽ ബി.ജെ.പി.-യും കേരളത്തിൽ യു.ഡി.എഫ്.-ഉം ഭരിച്ച കാലമായിരുന്നു. എന്നിട്ടും ബി.ജെ.പി.-യും യു.ഡി.എഫ്.-ഉം ഒരേ നയം പിന്തുടർന്നു. ഇപ്പോൾ അതിന് സമാനമായൊരു സാഹചര്യം വന്നോയെന്ന് സംശയിക്കേണ്ടിയിരിക്കുന്നു. അടൽ ബിഹാരി വാജ്പേയ് കേന്ദ്രം ഭരിച്ചപ്പോൾ കേരളത്തിൽ യു.ഡി.എഫ്. സർക്കാർ അധികാരത്തിലെത്തിയത് പോലെയും 2014-16-ൽ ശ്രീ. നരേന്ദ്ര മോദി ഭരിച്ചപ്പോൾ യു.ഡി.എഫ്. വന്നതുപോലെയും ഇപ്പോൾ ബി.ജെ.പി.-യും കോൺഗ്രസ്സും കേന്ദ്രവും കേരളവും ഭരിക്കുമ്പോൾ ഒരേ നയം പിന്തുടർന്ന് മുന്നോട്ട് പോകുന്ന സാഹചര്യമാണോ എന്നുള്ളതിൽ ഞങ്ങൾക്ക് ആശങ്കയുണ്ട്. കേന്ദ്രസർക്കാർ കേരളത്തോട് കാണിക്കുന്ന അവഗണനയ്ക്കെതിരെ ഈ നയപ്രഖ്യാപന പ്രസംഗത്തിൽ ഒരു പരാമർശംപോലും വരാതിരുന്നത് അതിന് ഉദാഹരണമാണ്. ഇത് ഗൗരവമേറിയ ഒരു പ്രശ്നമായി ഞങ്ങൾ കാണുകയാണ്. യഥാർഥ വിഷയങ്ങളെ വഴിമാറ്റാൻ മതവർഗീയതയെ ബോധപൂർവം ആളിക്കത്തിക്കുന്ന ഒരു കാലമാണിത്. മതനിരപേക്ഷത ശക്തമായി മുറുകെപ്പിടിച്ച് നിലപാട് സ്വീകരിച്ച് പോകാൻ സംസ്ഥാന സർക്കാർ തയ്യാറാകണമെന്ന് ഞാൻ അഭ്യർഥിക്കുന്നു. നമ്മുടെ ദേശീയ ഗീതമായ വന്ദേമാതരത്തിന്റെ ആദ്യ രണ്ട് ഈരടികൾ ആലപിക്കുന്നതിൽ ആരും എതിരല്ല. വന്ദേമാതരത്തിന്റെ ആലാപനവുമായി ബന്ധപ്പെട്ട് ഇന്നലെ സൂചിപ്പിച്ചതുപോലെ 1925-ന് ശേഷമല്ല അതിന് മുമ്പുതന്നെയാണ് ഇത് വന്നത്. വന്ദേമാതരം പൂർണ്ണമായി അവതരിപ്പിക്കുന്നതിന് മതനിരപേക്ഷ ഇന്ത്യ എതിരാണ്. ഇന്ത്യയുടെ ആദ്യ പ്രധാനമന്ത്രി പണ്ഡിറ്റ് ജവഹർലാൽ നെഹ്റു അതിൽ നിലപാട് സ്വീകരിച്ചതാണ്. ആദ്യ രണ്ട് ഈരടികൾ ഒഴികെയുള്ള ഈരടികൾ ഒരു ബഹുസ്വര സമൂഹത്തിന് ചേർന്നതല്ല. ഇക്കാര്യം എല്ലാവരും അംഗീകരിക്കുന്ന ഒന്നാണ്. വന്ദേമാതരം സംബന്ധിച്ച വിഷയം ഇപ്പോൾ ഒരു രാഷ്ട്രീയ പ്രശ്നമായിട്ടാണ് ഞങ്ങൾ കാണുന്നത്. അല്ലാതെ മത വർഗീയ പ്രശ്നമായിട്ടല്ല. എന്നാൽ അതിനെ ഒരു മത വർഗീയ പ്രശ്നമായി മാറ്റിത്തീർക്കാൻ ചിലർ വളരെ ബോധപൂർവം ശ്രമിക്കുന്നുണ്ട്. ഇത് യഥാർഥ ഹിന്ദുമത വിശ്വാസികൾപോലും അംഗീകരിക്കുന്നതല്ല.

യഥാർഥ ഹിന്ദുമത വിശ്വാസികൾ വിശാല മനസ്സുള്ളവരും നന്മ നിറഞ്ഞവരുമാണ്. മതവിശ്വാസത്തിലെ പല രീതികളെയും ബഹുസ്വര സമൂഹത്തിൽ അടിച്ചേൽപ്പിക്കുന്നതിനോട് യഥാർഥ ഹിന്ദുമത വിശ്വാസികളും മറ്റ് മത വിശ്വാസികളും യോജിക്കാത്ത ഒരു പ്രശ്നമാണ് ഇതുസംബന്ധിച്ച് ഇപ്പോൾ നിലനിൽക്കുന്നത്. സത്യപ്രതിജ്ഞാ ചടങ്ങിൽ വന്ദേമാതരം പൂർണ്ണമായി അവതരിപ്പിക്കുന്ന ഒരു സ്ഥിതിയാണുണ്ടായത്. ബഹുമാനപ്പെട്ട മുഖ്യമന്ത്രി പിന്നീട് പറഞ്ഞത്, ദേശീയഗീതം മുഴുവനായി അവതരിപ്പിക്കുന്ന കാര്യം അറിഞ്ഞിരുന്നില്ല എന്നാണ്. അക്കാര്യത്തിൽ ഞങ്ങൾക്ക് വ്യത്യസ്ത അഭിപ്രായമുണ്ട്. കാരണം ഇതിന്റെ സമയക്രമീകരണം നേരത്തെ നൽകുന്നതാണ്. അതിൽ നിന്നുതന്നെ കാര്യങ്ങൾ മനസ്സിലാക്കാം. എന്നാൽ ഒരു പുതിയ സർക്കാർ അധികാരത്തിലെത്തിയ അവസരം എന്നതുകൊണ്ടുമാത്രം അതിന്റെ കൂടുതൽ കാര്യങ്ങളിലേക്ക് ഞങ്ങൾ കടന്നില്ല. ഇത് വീണ്ടും അടിച്ചേൽപ്പിക്കാനുള്ള ശ്രമം വന്നത് എന്നാണ്? 2026 ജനുവരി 28-നാണ് കേന്ദ്രസർക്കാർ ഇതുമായി ബന്ധപ്പെട്ട ഒരു ഉത്തരവ് പുറപ്പെടുവിച്ചത്. പിന്നീട് 2026 മാർച്ച് 26-ന് വന്ദേമാതരവുമായി ബന്ധപ്പെട്ട വിഷയത്തിൽ ബഹു. സുപ്രീം കോടതി ഒരു പരാമർശം നടത്തുകയുണ്ടായി. ' It is not mandatory. It is only advisory' എന്നായിരുന്നു ജഡ്ജ്മെന്റ്. അതുകൊണ്ടുതന്നെ വന്ദേമാതരം ആലപിക്കുന്നതുമായി ബന്ധപ്പെട്ട കാര്യങ്ങൾ ശ്രദ്ധിക്കേണ്ടതായിരുന്നു. പക്ഷെ വീണ്ടും ഒരു പ്രശ്നമാക്കി കൊണ്ടുവരാനുള്ള ശ്രമങ്ങളാണ് നടക്കുന്നത്. പ്രശ്നം ഉയർത്തുമ്പോൾ അത് ഉയർത്തുന്നവരെ ഒറ്റപ്പെടുത്താനുള്ള ശ്രമം നടക്കുകയാണ്. ആ നിലയിൽ ബോധപൂർവമായൊരു പ്രശ്നമാക്കി മാറ്റാൻ ശ്രമിക്കുകയാണ്. എന്നാൽ നിയമസഭയിൽ വന്ദേമാതരത്തിലെ ആദ്യ രണ്ട് ഈരടികളാണ് അവതരിപ്പിച്ചത്. അതും ആദ്യമായാണ് കേരളത്തിന്റെ നിയമസഭയിൽ വന്ദേമാതരം അവതരിപ്പിക്കപ്പെടുന്നത് എന്നത് ശ്രദ്ധിക്കണം. ഞങ്ങൾ ഉയർത്തിയ ന്യായമായ ഒരു വിമർശനത്തെ ഉൾക്കൊള്ളാൻ സർക്കാർ തയ്യാറായി എന്നതുമാത്രമല്ല. ഞങ്ങൾ ഒരു തിരുത്തൽ ശക്തിയായി ഈ വിഷയത്തിൽ മാറി എന്നതിന് ഉദാഹരണം കൂടിയാണിത്. അതുകൊണ്ടാണ് ഇവിടെ രണ്ട് ഈരടികൾ മാത്രം ചൊല്ലുന്ന

*03-06-2026*
*Discussion on the motion of thanks to the Governor's address – contn.*

സ്ഥിതിയുണ്ടായതെന്ന് പ്രത്യേകം ചൂണ്ടിക്കാണിക്കുന്നു. ഇതുമായി ബന്ധപ്പെട്ട ചർച്ചയിൽ ബഹുമാനപ്പെട്ട കഴക്കൂട്ടം അംഗം, ഞങ്ങളുടെ പ്രസ്ഥാനം സ്വാതന്ത്ര്യ സമര പോരാട്ടത്തിൽ പങ്ക് കൊണ്ടിട്ടില്ലെന്ന പരാമർശം നടത്തുകയുണ്ടായി. ഞാൻ അതിന്റെ ചരിത്രത്തിലേക്കൊന്നും കടക്കുന്നില്ല. ഞങ്ങളുടെ പങ്കും അദ്ദേഹത്തിന്റെ പ്രസ്ഥാനത്തിന്റെ പങ്കും സംബന്ധിച്ച് നാടിന് വ്യക്തമായ ധാരണയുണ്ട്. 1913 നവംബർ 14-ന് ആൻഡമാൻ നിക്കോബാർ ദ്വീപുകളിലെ ജയിലിൽ വച്ച് കണ്ണീർ കൊണ്ട് എഴുതിയ ഒരു കത്തുണ്ട്. സ്വാതന്ത്ര്യസമര പോരാട്ടങ്ങളിൽ നിന്ന് മാറിനിന്ന് ബ്രിട്ടീഷുകാരോട് സഹകരിക്കാനാണ് അദ്ദേഹത്തിന്റെ പ്രസ്ഥാനത്തിന്റെ നേതാവ് കത്തെഴുതിയത് എന്ന കാര്യം ഓർമ്മപ്പെടുത്താൻ ഞാൻ ആഗ്രഹിക്കുന്നു. എന്നാൽ അതേ ആൻഡമാൻ നിക്കോബാർ ജയിലിൽ ഭീകര മർദ്ദനമേൽക്കുകയും പീഠനങ്ങൾ അനുഭവിക്കുകയും ചെയ്തവർ അവിടത്തെ കല്ലിൽ ജയിലിൽ കിടന്നവരുടെ പേരുകൾ കൊത്തിവച്ചിട്ടുണ്ട്. അതിൽ ഭൂരിപക്ഷവും കമ്മ്യൂണിസ്റ്റുകാരുടെ പേരുകളാണെന്ന് അഭിമാനത്തോടെ പറയാൻ ഞാൻ ഈ അവസരം വിനിയോഗിക്കുകയാണ്. സ്വാതന്ത്ര്യ സമര പോരാട്ടത്തിൽ പങ്കുകൊണ്ടതിന്റെ ഭാഗമായി ജയിലിൽവച്ച് രക്തസാക്ഷിയായ മഹാവീർ സിങ് എന്ന വ്യക്തി ഒരു കമ്മ്യൂണിസ്റ്റുകാരനാണ്. ന്യായമായി ഉയർത്തുന്ന കാര്യങ്ങളെ ബോധപൂർവം തമസ്കരിക്കാനുള്ള ശ്രമം നടക്കുന്ന ഒരു കാലം കൂടിയാണിത് എന്നുള്ള കാര്യം ചൂണ്ടിക്കാണിക്കാൻ ഞാൻ ആഗ്രഹിക്കുന്നു. ഇന്ത്യക്ക് സ്വാതന്ത്ര്യം വേണമെന്ന പ്രമേയം ആദ്യമായി അവതരിപ്പിച്ച മൗലാന ഹസ്രത്ത് മൊഹാനിയും സ്വാമി കുമാർ അൻവേയും കമ്മ്യൂണിസ്റ്റ് അനുഭാവികളാണെന്ന കാര്യം കൂടി ഓർമ്മപ്പെടുത്തുന്നു. ഇവിടെ ഇത്തരത്തിലുള്ള ഓരോ വിഷയങ്ങൾ ചൂണ്ടിക്കാണിക്കുമ്പോൾ അത്തരം വിഷയങ്ങളെ മതവർഗീയമായി ചിത്രീകരിക്കാൻ ശ്രമം നടത്തുകയും വിഷയം ഉയർത്തുന്നവരുടെ പേര് നോക്കി ഒറ്റപ്പെടുത്താനുള്ള ശ്രമവും നടത്തുകയാണ്. സെക്കുലർ ഇന്ത്യ എങ്ങോട്ടാണ് പോകുന്നത്? വിഷയത്തെ തിരഞ്ഞെടുക്കുന്നതും നിലപാട് സ്വീകരിക്കുന്നതും പേര് നോക്കിയാണോ? സഖാവ് ശ്രീ. കെ. എൻ. ബാലഗോപാൽ, ശ്രീ. സേവ്യർ ചിറ്റിലപ്പിള്ളി, പി. എ. മുഹമ്മദ് റിയാസ്, മതനിരപേക്ഷ

വിഷയത്തിൽ വിഷയം നോക്കിയാണോ നിലപാട് പറയേണ്ടത്? അത്തരത്തിൽ നിലപാട് പറയുന്നവരുടെ കോലം കത്തിക്കാൻ ചിലർ തയ്യാറാകുന്നു. കോലം അല്ല സ്വന്തം ശരീരം കത്തിച്ചാലും നിലപാട് മാറ്റാത്തവരാണ് കമ്മ്യൂണിസ്റ്റുകാർ എന്ന് ഓർമ്മപ്പെടുത്താൻ ഞാൻ ആഗ്രഹിക്കുകയാണ്. ഇക്കാര്യങ്ങളിലെല്ലാം സംസ്ഥാന സർക്കാർ ഒരു വ്യക്തമായ നിലപാട് കൈക്കൊള്ളണം. സംഘപരിവാറിന്റെ അജണ്ടയ്ക്ക് അനുസരിച്ച് തുള്ളുന്ന, അതിന്റെ പ്രധാനപ്പെട്ട പ്രവർത്തകനായ ഒരു വ്യക്തിയെ മഹാത്മാഗാന്ധി സർവകലാശാലയുടെ വൈസ് ചാൻസലറായി നിയമിച്ചപ്പോൾ ശബ്ദമുയർത്താൻപോലും കേരളത്തിലെ സർക്കാർ എന്തുകൊണ്ട് തയ്യാറായില്ലെന്ന കാര്യം ഞാനിവിടെ ചൂണ്ടിക്കാണിക്കുകയാണ്. ഇത്തരം വിഷയങ്ങളിലെല്ലാം നിലപാട് സ്വീകരിക്കാൻ യു.ഡി.എഫ്. സർക്കാർ തയ്യാറാകണം. നിങ്ങൾക്ക് ഭരണം ലഭിച്ചുകഴിഞ്ഞു. ആ ഭരണവുമായി നിങ്ങൾക്ക് മുന്നോട്ട് പോകാം. അക്കാര്യത്തിൽ ഒരു സംശയവുമില്ല. പക്ഷെ പ്രചരിപ്പിക്കപ്പെടുന്ന ആശയവും രാഷ്ട്രീയവും മതനിരപേക്ഷതയ്ക്ക് അനുകൂലമല്ലാത്തതാണെങ്കിൽ ആ ഭരണംകൊണ്ട് ഒരു കാര്യവുമില്ലെന്ന കാര്യം ഞാൻ ഓർമ്മപ്പെടുത്തുന്നു. അതുകൊണ്ട് ഇത്തരം വിഷയങ്ങളിൽ ശക്തമായ നിലപാട് സ്വീകരിച്ച് സംസ്ഥാന സർക്കാർ മുന്നോട്ട് പോകണമെന്നുകൂടി ഞാൻ അഭ്യർഥിക്കുന്നു. സംസ്ഥാന സർക്കാർ സ്വീകരിക്കുന്ന നല്ല സമീപനങ്ങളോടും ജനാനുകൂല നിലപാടുകളോടും പ്രതിപക്ഷം ആയതുകൊണ്ടുമാത്രം കണ്ണടച്ച് പ്രതിരോധിക്കുന്ന ഒരു നിലപാടായിരിക്കില്ല ഞങ്ങൾ സ്വീകരിക്കുന്നത്. ഞങ്ങൾ പ്രതിപക്ഷമാണ് അതുകൊണ്ട് ഇതിനോട് സഹകരിക്കില്ല എന്ന സമീപനമില്ല. ജനോപകാരപ്രദമായ നിലപാടിനോട് യോജിച്ച് പോകും. ക്രിയാത്മക പ്രതിപക്ഷമായി സഭയെ ഉപയോഗിക്കാനാണ് ഞങ്ങൾ ആഗ്രഹിക്കുന്നതെന്ന് ഒരിക്കൽക്കൂടി വളരെ കൃത്യവും വ്യക്തവുമായി സൂചിപ്പിക്കുകയാണ്. ചെയറിനെ ബഹുമാനിച്ചുകൊണ്ട് കൃത്യസമയത്തുതന്നെ ഞാൻ പ്രസംഗം അവസാനിപ്പിക്കുന്നു.

<u>ശ്രീ. നജീബ് കാന്തപുരം</u>: സർ, നയപ്രഖ്യാപന പ്രസംഗത്തിന് നന്ദി രേഖപ്പെടുത്തി ശ്രീ. എം. വിൻസെന്റ് അവതരിപ്പിച്ച ഉപക്ഷേപത്തെ ഞാൻ സർവാത്മനാ പിന്തുണയ്ക്കുന്നു.

2021-ലെ നിയമസഭാ തിരഞ്ഞെടുപ്പിൽ കേരളത്തിലെ ഏറ്റവും ചെറിയ ഭൂരിപക്ഷത്തിൽ തിരഞ്ഞെടുക്കപ്പെട്ട ഒരംഗമായിരുന്നു ഞാൻ. എന്നാൽ ഇന്ന് പെരിന്തൽമണ്ണയിലെ ജനങ്ങൾ ബുർജ് ഖലീഫയെക്കാൾ ഉയരമുള്ള ഭൂരിപക്ഷം നൽകിയാണ് എന്നെ പതിനാറാം കേരള നിയമസഭയിലേക്ക് എത്തിച്ചിരിക്കുന്നത്. 38 വോട്ടുകൾ എന്ന ഭൂരിപക്ഷത്തിൽ നിന്നും 32840 വോട്ടുകളുടെ ഭൂരിപക്ഷം എന്ന നിലയിലേക്ക് എന്നെ ഉയർത്തിയ പെരിന്തൽമണ്ണയിലെ ജനങ്ങൾക്ക് ആദ്യംതന്നെ ഞാൻ നന്ദി അറിയിക്കുന്നു. ഇവിടെ ഇന്ന് അവതരിപ്പിച്ച നടപടികൾ നിർത്തിവയ്ക്കാനുള്ള ഉപക്ഷേപത്തിന്റെ വിഷയം വളരെ തമാശയുള്ളതായിരുന്നു. യഥാർത്ഥത്തിൽ സ്ഥലം മാറ്റത്തെക്കുറിച്ചാണ് അവർ വ്യാകുലപ്പെടുന്നത്. അതിനുമുമ്പ് എത്രപേരെയാണ് നിങ്ങൾ പിൻവാതിലൂടെ തള്ളിക്കയറ്റിയതെന്ന് ഒരിക്കലെങ്കിലും ഓർക്കേണ്ടതായിരുന്നു. നിങ്ങൾ പിൻവാതിലിലൂടെ തള്ളിക്കയറ്റിയവരെയെല്ലാം ഞങ്ങൾ മുൻവാതിലൂടെ കൈകൊടുത്ത് തിരിച്ചയയ്ക്കുമെന്നാണ് ആദ്യമായി നിങ്ങളെ ഓർമ്മിപ്പിക്കാനുള്ളത്. 10 വർഷംകൊണ്ട് നിങ്ങൾ തകരാറിലാക്കിയ സിസ്റ്റത്തെ മുഴുവൻ നേരെയാക്കാനാണ് ജനങ്ങൾ ഞങ്ങൾക്ക് വോട്ട് നൽകിയതെന്ന് നിങ്ങൾ ഓർക്കണം. യു.ഡി.എഫ്. അധികാരത്തിൽ വന്നപ്പോൾ അധികാരത്തിൽ വന്നത് യഥാർത്ഥത്തിൽ ജനങ്ങളാണ്. നിങ്ങൾ അവരുടെ സാന്നിധ്യം കണ്ടോ? സത്യപ്രതിജ്ഞാ ചടങ്ങിലും സെക്രട്ടേറിയറ്റിലും നിയമസഭാ മന്ദിരത്തിലും മന്ത്രിമാരുടെ ഓഫീസുകളിലും എല്ലായിടത്തും അവർ വരട്ടെ. കൊടിവച്ച കാറുകളും മന്ത്രിമാരുടെ ഓഫീസുകളും മന്ത്രി മന്ദിരങ്ങളുമെല്ലാം അവരുടേതാണ്. ഇത് തെളിയാൻ പോകുന്ന ഒരു കാലത്തെയാണ് ഞങ്ങൾ കാത്തിരിക്കുന്നത്. മുമ്പ് മഹാത്മജി പറഞ്ഞൊരു കഥയുണ്ട്. ഒരിക്കൽ അന്നത്തെ ഗവർണ്ണർ ജനറൽ ആയിരുന്ന മൗണ്ട് ബാറ്റൺ സബർമതി ആശ്രമത്തിൽ വന്ന് ഒരുപാടുനേരം ഗാന്ധിജിയെ കാണുന്നതിനുവേണ്ടി കാത്തിരുന്നു. എന്നാൽ ഗാന്ധിജി പുറത്തേയ്ക്ക് വന്നില്ല. ആ സമയം ഗാന്ധിജി പാവപ്പെട്ട ഗ്രാമീണരായ ആളുകളുമായി അതിർത്തിയിൽ പശുക്കൾ അങ്ങോട്ടും ഇങ്ങോട്ടും കയറിയ പ്രശ്നം ചർച്ച ചെയ്യുകയായിരുന്നു. ഒരുപാട് മണിക്കൂറുകൾ കഴിഞ്ഞിട്ടും ഗാന്ധിജി വരാതായപ്പോൾ മൗണ്ട് ബാറ്റൺ അവിടുത്തെ ദൂതനോട് വിഷമം

അറിയിച്ച് പറഞ്ഞയച്ചു. പക്ഷേ ഗാന്ധിജി വന്നില്ല. കുറേ കഴിഞ്ഞ് ഗാന്ധിജി തിരിച്ചുവന്നപ്പോൾ മൗണ്ട് ബാറ്റൺ വളരെ രോഷാകുലനായി അദ്ദേഹത്തോടു ചോദിച്ചു, " Do you not remember me? I am the Governor General of India" ആ സമയത്ത് ഗാന്ധിജി പുഞ്ചിരിച്ചുകൊണ്ട് പറഞ്ഞൊരു മറുപടിയുണ്ട്. "ഇന്ത്യ നിങ്ങളുടേതായിരിക്കാം, പക്ഷേ ഈ രാജ്യം ഇവരുടേതാണ്, ഈ ജനങ്ങളുടേതാണ്." കേരളമെന്താണെന്ന് തെളിയിച്ച നാളുകളാണ് കടന്നുപോയത്. നമ്മുടെ നാട്ടിലെ ജനങ്ങളുടെ അവകാശങ്ങളെക്കുറിച്ച് നിങ്ങൾ മനസ്സിലാക്കിയില്ലെന്നതാണ് ഏറ്റവും പ്രധാനപ്പെട്ട കാര്യം. സി.പി.ഐ.(എം)കാരേ നിങ്ങൾ മറന്നുപോയത് ആ ജനങ്ങളെയാണ്. അധികാരത്തിന്റെ പളപളപ്പിൽ നിങ്ങൾ കാണാതെ പോയത് ആ മനുഷ്യരെയാണ്. കഴിഞ്ഞ പത്തുവർഷം സെക്രട്ടേറിയറ്റിൽ ഈച്ച പറക്കില്ലായിരുന്നു, മന്ത്രിമാരുടെ ഓഫീസുകൾ കാലിയായിരുന്നു കാരണം അവിടെ ജനങ്ങൾ ഇല്ലായിരുന്നു. എന്നാൽ ലോക്കൽ കമ്മിറ്റിയും ബ്രാഞ്ച് കമ്മിറ്റിയും ഏരിയ കമ്മിറ്റിയും ജില്ല കമ്മിറ്റിയുമായിരുന്നു അവിടെ ഉണ്ടായിരുന്നത്, മനുഷ്യന്മാരുണ്ടായിരുന്നില്ല. നിങ്ങൾ ബാരിക്കേഡ് കെട്ടിയത് ജനങ്ങൾക്ക് മുമ്പിലാണ്, ഞങ്ങൾ ഇതാ ആ ബാരിക്കേഡുകൾ പൊളിച്ചിരിക്കുന്നു. ജനങ്ങൾ കയറട്ടെ. ഇപ്പോൾ നമ്മുടെ കാന്റീനിൽപോലും വലിയ തിരക്കാണ്. മനുഷ്യന്മാർ കയറുകയാണ്. അവരുടെ നിയമസഭ അവർ കാണട്ടെ. നിങ്ങൾ മറന്നവരെ ഓർത്തുകൊണ്ടാണ് ഞങ്ങൾ ഭരണം തുടങ്ങിയത്. നിങ്ങൾ മറന്ന ആശാവർക്കർമാരെയും അങ്കണവാടി വർക്കർമാരെയും സ്ത്രീകളെയും യുവാക്കളെയും കുട്ടികളെയും പ്രായമായവരെയും ഞങ്ങൾ ഓർത്തു. പ്രായമായവർക്കുവേണ്ടി ഒരുവകുപ്പുതന്നെ ഞങ്ങൾ രൂപീകരിച്ചു. നിങ്ങൾ പത്തുകൊല്ലം ആശുപത്രികളിൽ തറയിൽ കിടത്തിയ രോഗികളെ ആരോഗ്യ വകുപ്പുമന്ത്രി ബഡ്ഡിലേയ്ക്ക് കിടത്താൻ പോകുകയാണ്. എന്തൊരു സൗന്ദര്യമാണ് ഈ നയപ്രഖ്യാപനത്തിന്. എന്റെ സുഹൃത്ത് ശ്രീ. പി. എ. മുഹമ്മദ് റിയാസ് വർഗ്ഗീയതയ്ക്കെതിരെ ഇവിടെ പറയുകയുണ്ടായി. നിങ്ങൾ ഇക്കാര്യങ്ങളെക്കുറിച്ച് ശ്രീ. കെ. കെ. രാഗേഷിന് ഒരു ക്ലാസ്സ് എടുത്തുകൊടുക്കണമെന്ന് മാത്രമേ ഞാൻ അദ്ദേഹത്തോട് ഓർമ്മിപ്പിക്കുന്നുള്ളൂ. അതിനപ്പുറത്തേയ്ക്ക് ഒന്നും പറയാനില്ല. കേരളത്തിന്റെ demography

എങ്ങനെയാണ് മാറുന്നത്. നമുക്ക് പ്രായമാകുകയാണ്. ജനങ്ങൾ ഒരിക്കലും നിങ്ങൾക്ക് മുൻഗണന നൽകിയിട്ടില്ല കാരണം നിങ്ങൾ അവർക്കും മുൻഗണന നൽകിയിരുന്നില്ല. അതാണ് ഇന്ന് നിങ്ങൾ നേരിടുന്ന ഏറ്റവും വലിയ പ്രശ്നം. ഞങ്ങളുടെ പ്രിയപ്പെട്ട മുഖ്യമന്ത്രി ശ്രീ. വി. ഡി. സതീശൻ ഇവിടെ പ്രഖ്യാപിച്ചതും ബഹുമാനപ്പെട്ട ഗവർണ്ണർ അവതരിപ്പിച്ചതുമായ നയപ്രഖ്യാപനം എന്താണ്? കേരളത്തിൽ അത്യാധുനികമായ വൈജ്ഞാനിക സമ്പദ് വ്യവസ്ഥ സൃഷ്ടിക്കാനും സാധാരണ മനുഷ്യരുടെ കൈകളിലേയ്ക്ക് പണമെത്തിക്കാനും ഗ്രാമങ്ങളിലെ സ്ത്രീകൾ ശക്തരാകണമെന്നും നമ്മുടെ നാട്ടിലെ സംരംഭകർക്കായി വികസന പരിപ്രേഷ്യത്തെ മാറ്റി എഴുതണമെന്നും ധിഷണാശാലിയായ ധനകാര്യ വകുപ്പുമന്ത്രി, മുഖ്യമന്ത്രി ആലോചിക്കുന്നു. അവർക്കുവേണ്ടി പ്രവർത്തിക്കാൻ കാര്യപ്രാപ്തിയുള്ള മന്ത്രിമാരുടെ ഒരു സംഘം ഞങ്ങളുടെ കൂടെയുണ്ട്. നാട് മാറുന്ന കാഴ്ച തീർച്ചയായും നിങ്ങളെ കാത്തിരിക്കുകയാണ്.

എ.ഐ.-യ്ക്ക് മാത്രമായി കേരളത്തിൽ ഒരു വകുപ്പുണ്ടാകുന്നു. നമ്മുടെ കേരളം മാറുന്ന ഏറ്റവും പുതിയ കാലത്ത് നല്ലൊരു കാഴ്ച ഞങ്ങൾക്ക് അഡ്രസ്സ് ചെയ്യാൻ സാധിക്കുന്നു. കേരളത്തിലെ യുവാക്കളുടെ human resource-നെക്കുറിച്ച് ഞങ്ങൾ കൃത്യമായി മനസ്സിലാക്കുന്നു. ഞങ്ങളെ പരിഹസിക്കുകയും അധിക്ഷേപിക്കുകയും ശബ്ദമുണ്ടാക്കുകയും ഒക്കെ ചെയ്ത കുറേ എം.എൽ.എ.-മാർ ഇന്ന് ഈ സഭയിലില്ല. അവരെ ജനങ്ങൾ എങ്ങോട്ടാണ് അയച്ചതെന്ന് കമ്മ്യൂണിസ്റ്റ് പാർട്ടി ആലോചിക്കണം. നിങ്ങൾ എന്തൊക്കെയാണ് പറഞ്ഞത്. നീതിമാനായ സഖാവ് ജി. സുധാകരനെക്കുറിച്ച് എന്റെ മുൻഗാമികളൊക്കെ പറഞ്ഞത്, അദ്ദേഹം മന്ത്രിയായിരുന്ന കാലത്ത് അത്ര നീതിയോടെ പ്രവർത്തിച്ച ആളാണെന്നാണ്. സഖാവ് ജി. സുധാകരനെ തോൽപ്പിക്കാൻ നിങ്ങൾ തീരുമാനിച്ചു. പക്ഷെ ജനങ്ങൾ അദ്ദേഹത്തെ തിരഞ്ഞെടുത്തു. ഈച്ചയെ വെടിവയ്ക്കാൻ തോക്ക് എടുക്കണോയെന്നാണ് നിങ്ങൾ ചോദിച്ചത്. കമ്മ്യൂണിസ്റ്റ് പാർട്ടിയുടെ ഈറ്റില്ലമായ പയ്യന്നൂരിൽ ശ്രീ. വി. കുഞ്ഞികൃഷ്ണനെ ജനങ്ങൾ തിരഞ്ഞെടുത്തു. നിങ്ങൾ നിസ്സാരനായി

കണ്ട ശ്രീ. ടി. കെ. ഗോവിന്ദൻ മാസ്റ്ററെ തളിപ്പറമ്പിൽ ജനങ്ങൾ തിരഞ്ഞെടുത്തു. XXXXX+എന്നിട്ടും നിങ്ങൾക്ക് മനസ്സിലാകുന്നില്ല എങ്ങനെയാണ് നിങ്ങൾ തോറ്റതെന്നും യു.ഡി.എഫ്. ജയിച്ചതെന്നും. ഞങ്ങൾ ശവത്തിൽ കുത്തുന്നില്ല. നിങ്ങൾ ഇത്ര മെലിഞ്ഞ് പോകുമെന്ന് ഞങ്ങളും വിചാരിച്ചില്ല. സത്യത്തിൽ ഞങ്ങൾക്ക് സങ്കടമുണ്ട്. നേരത്തെ ശ്രീ. വി. ടി. ബൽറാം ഇവിടെ പറഞ്ഞതുപോലെ മനുഷ്യരുടെ മാറ്റം നിങ്ങൾ മനസ്സിലാക്കണം. മനുഷ്യരുടെ പ്രയോരിറ്റി നിങ്ങൾ തിരിച്ചറിയണം. അവരെ കേൾക്കാനുള്ള ചെവിയും കണ്ണും നിങ്ങൾക്കുണ്ടാകണം. അവസാനത്തെ മനുഷ്യന്റെ തൊണ്ടയിൽ കുടുങ്ങിയ ഒരു ഗദ്ഗദം, പിടച്ചിൽ, കണ്ണീർ, സങ്കടം അത് കേൾക്കുന്നവരാണ് കമ്മ്യൂണിസ്റ്റുകാർ എന്നാണ് പണ്ട് ഞങ്ങൾ മനസ്സിലാക്കിയിരുന്നത്. ഇന്ന് നിങ്ങൾ അവരെ മറന്നുപോയിരിക്കുന്നു. എല്ലാം ചുട്ടുചാമ്പലാക്കുന്ന വിധത്തിലേക്ക് ഈ നാട് മാറി. നിങ്ങൾ തോറ്റിരിക്കുകയാണ്, അതെങ്കിലും മനസ്സിലാക്കാൻ നിങ്ങൾക്ക് മനസ്സ് വേണം. നിങ്ങൾ തോറ്റിടത്തുനിന്നാണ് ഞങ്ങൾ തുടങ്ങുന്നത്. ഈ സർക്കാരിന്റെ നയം 'Unto this last' ആയിരിക്കും. ഏറ്റവും പുറകിൽ നിൽക്കുന്ന മനുഷ്യന്റെ ക്ഷേമം, ജീവിതം, വീട്, ചികിത്സ, കുട്ടികളുടെ പഠനം, മക്കളുടെ ജോലി, അവരുടെ ജീവിതമുയർത്താനുള്ള നടപടി ഇതായിരിക്കും ഈ സർക്കാരിന്റെ മുൻഗണന എന്നുകൂടി ഓർമ്മിപ്പിച്ചുകൊണ്ട് ഒരിക്കൽകൂടി ഈ നയപ്രഖ്യാപനത്തിന്മേലുള്ള ഉപക്ഷേപത്തെ അനുകൂലിച്ചുകൊണ്ട് എന്റെ വാക്കുകൾ നിർത്തുന്നു.

ശ്രീ. വി. ജോയി: സർ, XXXXXX+ എന്ന ദ്വയാർത്ഥം ഈ കാര്യത്തിലുണ്ട്. അത് തെറ്റായ പ്രയോഗമാണ്, രേഖകളിലുണ്ടാകാൻ പാടില്ല.

മാഡം ഡെപ്യൂട്ടി സ്പീക്കർ: പരിശോധിക്കാം.

ശ്രീ. കെ. രാജൻ: സർ, ഞാൻ ഈ നന്ദി രേഖപ്പെടുത്തുന്ന ഉപക്ഷേപത്തെ ശക്തമായി എതിർക്കുകയാണ്. എന്തുകൊണ്ടാണ് ഞാൻ എതിർക്കുന്നത് എന്ന ചോദ്യത്തിന് ഇനി വിപുലമായ ഉത്തരം പറയേണ്ടതില്ല. എനിക്ക് മുമ്പ് സംസാരിച്ച എന്റെ പ്രിയപ്പെട്ട സുഹൃത്ത്

+ സഭാധ്യക്ഷന്റെ ഉത്തരവിൻപ്രകാരം (KLS3152/2026/ASST(EDITING) Date 10-06-2026) രേഖയിൽനിന്നും നീക്കം ചെയ്തു.

+ സഭാധ്യക്ഷന്റെ ഉത്തരവിൻപ്രകാരം (KLS3152/2026/ASST(EDITING) Date 10-06-2026) രേഖയിൽനിന്നും നീക്കം ചെയ്തു

പെരിന്തൽമണ്ണ അംഗത്തിന്റെ പ്രസംഗം പോലെയാണ് ഈ നയപ്രഖ്യാപനം. ഇതിൽ മറ്റൊന്നുമില്ല ഈ വാചാടോപം മാത്രം. ആസുരമായ വർത്തമാനകാലത്തിന്റെ പ്രതിസന്ധികളെ എങ്ങനെ അഭിസംബോധന ചെയ്യുമെന്നതിനെ സംബന്ധിച്ച് ഒരു നയവും നിലപാടും ഈ നയപ്രഖ്യാപന പ്രസംഗത്തിലില്ല. ശ്രീ. പി. എ. മുഹമ്മദ് റിയാസ് സൂചിപ്പിച്ചതുപോലെ കേന്ദ്ര ഗവൺമെന്റിനെതിരായി നേരത്തെ കൊടുത്ത മെമ്മോറാണ്ടത്തിലെ വിഷയങ്ങളുൾപ്പെടെ ഏതെങ്കിലും വിധത്തിലൊരു പ്രതിഷേധം പറയാനോ അവകാശം ചോദിക്കാനോ എന്തിനാണ് ഈ ഗവൺമെന്റിന് ഇത്ര പേടി? ജി.എസ്.ടി. വിഹിതം, കടമെടുക്കാനുള്ള അവകാശം, നെല്ല് സംഭരണത്തിൽ കേന്ദ്രം തരേണ്ട വിഹിതം നൽകാത്തതടക്കം ദുരന്ത മുഹൂർത്തത്തിൽപോലും എൽ.ഡി.എഫ്. സർക്കാരിനെയല്ല ഭൂമിമലയാളത്തെ ഏതെങ്കിലും വിധത്തിൽ സഹായിക്കാത്ത ഒരു സമീപനം കഴിഞ്ഞ പത്ത് വർഷമായി ഒരു കേന്ദ്ര ഗവൺമെന്റ് എടുക്കുകയാണ്. 2026 ജനുവരി 20-ന് ഇതേ ഗവർണ്ണർതന്നെ ഇതേ നിറമുള്ള ചട്ടയിൽ നാം പ്രസിദ്ധീകരിച്ച ഒരു നയപ്രഖ്യാപനം ഇവിടെ അവതരിപ്പിക്കുകയുണ്ടായി. ആ നയപ്രഖ്യാപനത്തിൽ ഏകകണ്ഠമായി സഭ പാസ്സാക്കിയ ബില്ലുകൾപോലും ഒപ്പിടാത്ത ഗവർണ്ണറുടെ നടപടിക്കെതിരെയുള്ള ഈ ഗവൺമെന്റിന്റെ അഭിപ്രായം ഇതേ ഗവർണ്ണറെക്കൊണ്ട് ഈ സഭയിൽ പറഞ്ഞതല്ലേ. അന്ന് ഗവർണ്ണർ വായിക്കാത്ത ഭാഗങ്ങൾ മുഴുവൻ വായിച്ച് ഈ സഭ ആ നയപ്രഖ്യാപനത്തിന്റെ ഭാഗമാക്കി മാറ്റിയത് അങ്ങ് കണ്ടു. കേരളത്തിൽ യഥാർഥത്തിൽ ലോക് ഭവൻ പത്ത് വർഷക്കാലത്തിനുശേഷം ഏറ്റവും കൂടുതൽ സന്തോഷം അനുഭവിക്കുന്ന ഒരു ഘട്ടമാണിത്. കാരണം ഗവർണ്ണർക്ക് വായിക്കാൻ പറ്റാത്ത ഒരു വരിപോലും ഗവൺമെന്റ് എഴുതിക്കൊടുത്തില്ലല്ലോ എന്ന സന്തോഷത്തിലാണ് ലോക് ഭവൻ. നിങ്ങൾ നയപ്രഖ്യാപനത്തിൽ കേന്ദ്ര ഗവൺമെന്റിന് എതിരായി ഒന്നും പറഞ്ഞില്ല എന്നുപറഞ്ഞപ്പോൾ ബഹുമാനപ്പെട്ട മുഖ്യമന്ത്രി പറഞ്ഞു, നിങ്ങളുടെ നയമല്ല ഞങ്ങളുടെ നയം എന്നാണ്. പൂർണ്ണമായും ശരിയാണ്. ഞങ്ങൾ രണ്ടുപേരും തമ്മിൽ നയത്തിന്റെ വ്യത്യാസത്തിൽ കർശനമായ എതിരഭിപ്രായമുണ്ട്. തങ്ങൾക്കെതിരായി അഭിപ്രായം

പറയുന്നവരെ കേന്ദ്ര ഗവൺമെന്റിന്റെ ഏജൻസികളെ വിട്ട് ആക്രമിക്കുന്നതുമുതൽ സാമ്പത്തിക ഉപരോധം വരെ നടത്തുന്ന കേന്ദ്ര ഗവൺമെന്റിനെതിരായി പൊരുതാനുള്ള ചങ്കുറ്റവും കരളുറപ്പും ഇടതുപക്ഷജനാധിപത്യ മുന്നണിയുടെ നയമാണ്. ആ നയമില്ലെങ്കിൽ ആ നയത്തിന്റെ കുഴപ്പം ഞങ്ങൾക്കല്ല. കേരളത്തിൽ മുഖ്യമന്ത്രിയായി സത്യപ്രതിജ്ഞ ചെയ്തശേഷം ആദ്യമായി ബഹുമാനപ്പെട്ട പ്രധാനമന്ത്രിയെ കാണാൻ നമ്മുടെ മുഖ്യമന്ത്രി പോയപ്പോൾ സൂചിപ്പിച്ച ചില പ്രശ്നങ്ങളുണ്ടായിരുന്നു. അതിൽ ഏറ്റവും പ്രധാനപ്പെട്ടത് ദേശീയപാത വികസനത്തിന്റെ പേരിൽ ഭൂമി ഏറ്റെടുക്കാൻ കേരളം കൊടുത്ത 5500-ഓളം കോടി രൂപ നമ്മുടെ കടമെടുക്കാനുള്ള പരിധിയുടെ ഭാഗത്തുനിന്നും ഒഴിവാക്കണമെന്ന ആവശ്യമാണ്. പൂർണ്ണമായും ഗവൺമെന്റിനെ പ്രതിപക്ഷം പിന്തുണയ്ക്കുകയാണ്. പക്ഷെ ഇക്കാര്യം പറയാനല്ലേ 2024 ഫെബ്രുവരി 8-ാം തീയതി ഡൽഹിയിൽ കേന്ദ്ര ഗവൺമെന്റിനെതിരായി കേരളത്തിന്റെ അവകാശങ്ങൾ ചോദിക്കാൻ നാമൊരു സമരത്തിന് നേതൃത്വം നൽകിയത്. ആ സമരത്തെക്കുറിച്ച് കേരളത്തിലെ അന്നത്തെ മുഖ്യമന്ത്രി ആദ്യം സംസാരിച്ചത് ആരോടാണ്? കേരളത്തിലെ പ്രതിപക്ഷനേതാവിനോടും പ്രതിപക്ഷ ഉപനേതാവിനോടുമല്ലേ. അരിയുടെ വിഹിതത്തിനുവേണ്ടി കേരളം നടത്തിയ സമരം പോലെ ഒറ്റമനസ്സായി നടത്തേണ്ട സമരത്തെക്കുറിച്ച് നാം ആലോചിച്ചു. എ.ഐ.സി.സി.-യുടെ പ്രസിഡന്റ് മല്ലികാർജ്ജുൻ ഖാർഗെ മുതൽ ഇന്ത്യയിലെ മതനിരപേക്ഷ രാഷ്ട്രീയ പ്രസ്ഥാനത്തിന്റെ നേതാക്കളെ ക്ഷണിക്കാൻ തീരുമാനിച്ചു. തീയതിയും സമയവും തീരുമാനിക്കാൻ പ്രതിപക്ഷത്തോട് ആവശ്യപ്പെടുകയും ആലോചിച്ചുവരാമെന്ന് പറഞ്ഞ് പോകുകയും ചെയ്തു. ഡൽഹിയിലെയും പഞ്ചാബിലെയും തമിഴ്നാട്ടിലെയും മുഖ്യമന്ത്രിമാരും കാശ്മീരിന്റെ ആദരണീയനായ നേതാവ് ഫാറൂഖ് അബ്ദുല്ല, കോൺഗ്രസിന്റെ നേതാവ് അഡ്വ. കപിൽ സിബൽ ഉൾപ്പെടെ ഇന്ത്യയുടെ മതനിരപേക്ഷ ജനാധിപത്യ പ്രസ്ഥാനത്തിന്റെ പരിച്ഛേദം വന്നപ്പോൾ ഈ പ്രതിപക്ഷം 5250 കോടി രൂപ കേരളത്തിന് വേണമെന്ന ആവശ്യം ഒരു മനസ്സായി പറയാൻ എന്താണ് മടിച്ചത്. നിങ്ങൾ കരുതി ഒരു പക്ഷെ കേരളം രക്ഷപ്പെട്ടാലോയെന്ന്. ആ പണം ലഭിച്ച് കേരളം രക്ഷപ്പെട്ടാൽ അത് ഇടതുപക്ഷ

ജനാധിപത്യ മുന്നണിക്ക് ഗുണമായി വന്നാലോയെന്ന്. ഞാൻ ഉത്തരവാദിത്വബോധത്തോടെ ഈ സഭയിൽ പറയട്ടേ ഈ കേന്ദ്ര ഗവൺമെന്റിന്റെ നയത്തിനെതിരായി ആവശ്യങ്ങൾ ഉന്നയിച്ചുകൊണ്ട് ന്യായമായ സമരത്തിന് നിങ്ങൾ ക്ഷണിച്ചാൽ ഒരു മടിയും കൂടാതെ കേരളത്തിലെ പ്രതിപക്ഷം കേരളത്തിനുവേണ്ടി ആ സമരത്തോടൊപ്പം കൂടെനിൽക്കും. ഞങ്ങളുടെ കൺസേൺ കേരളമാണ്. ഇന്ദിരാ ഗ്യാരന്റിയെക്കുറിച്ച് വാതോരാതെ സഭയിൽ പ്രസംഗിച്ചത് നല്ലതാണ്. ആവശ്യങ്ങളെല്ലാം വേണം. ഒറ്റക്കാര്യം അങ്ങ് ശ്രദ്ധിക്കണം. 25 ലക്ഷം രൂപയുടെ ഇൻഷ്വറൻസ് നല്ല കാര്യമാണ്. എന്നാൽ ഇത് സ്വകാര്യ ആശുപത്രിയിലെ ചികിത്സയ്ക്കുവേണ്ടി നൽകാമെന്നാണ് പ്രഖ്യാപിച്ചത്. അങ്ങനെ വന്നാൽ കേരളത്തിലെ സർക്കാർ ആശുപത്രികൾ തളരുമോ? കേരളത്തിലെ സർക്കാർ ആശുപത്രികളുടെ ശാക്തീകരണത്തിലൂടെയാണ് ആരോഗ്യമേഖലയിൽ വലിയ മാറ്റം നാം ഉണ്ടാക്കിയത്. എറണാകുളം ജനറൽ ആശുപത്രി, കോട്ടയം, തിരുവനന്തപുരം മെഡിക്കൽ കോളേജുകളിലായാണ് അവയവമാറ്റ ശാസ്ത്രക്രിയകൾ നടന്നത്. ചെറിയ കത്രികയുടെയോ സൂചിയുടെയോ പേരിൽ മാറ്റി നിർത്തേണ്ട ഒന്നല്ലത്. 13 ജില്ലകളിൽ ഇടുക്കി ഒഴികെ കാത്ത് ലാബുകൾ രൂപീകരിച്ച സംസ്ഥാനമാണ് കേരളം. അപൂർവ ജനിതക രോഗങ്ങൾ ബാധിച്ചവരുടെ ചികിത്സ, സൗജന്യ മരുന്നുകൾ, തിരുവനന്തപുരം എസ്.എ.റ്റി. ആശുപത്രി മോഡൽ ആശുപത്രിയായി മാറിയ ഈ ഘട്ടത്തിൽ ഇന്ന് കേരളത്തിൽ പേടിക്കേണ്ട ഒരു പ്രശ്നം ആരോഗ്യ മേഖലയിലുണ്ട്. അങ്ങയുടെയോ ഞങ്ങളുടെയോ കുഴപ്പമല്ല. കേരളത്തിലെ സ്വകാര്യ ആശുപത്രികൾ വാങ്ങാൻ ലോകത്തെ ആരോഗ്യ കുത്തകകൾ കേരളത്തിലേയ്ക്ക് പ്രവേശിക്കുന്നു. കേരളത്തിലെ സ്വകാര്യ ആശുപത്രികൾ പലതും അവർ വാങ്ങുന്നു. കേരളത്തിലെ ചെറുകിട സ്വകാര്യ ഇടത്തരം ആശുപത്രികളെപോലും ആ വലയത്തിൽപ്പെടുത്തുന്നു. ഈ ഇൻഷ്വറൻസ് ആരെ സഹായിക്കാനായിരിക്കും? നാമെല്ലാം ധർമ്മാശുപത്രികളെന്ന് വിളിച്ചിരുന്ന സർക്കാർ ആശുപത്രികൾ ഇന്ന് ലോകത്തിന്റെ നിറവിലെത്തുകയും 2016-ലെ 8 കോടി ഒ.പി.(ഔട്ട്പേഷ്യന്റ്) 13 കോടിയായി

വർധിക്കപ്പെടുകയും ചെയ്ത ഒരു കാലം നമുക്ക് കാണാതെ പോകാൻ സാധിക്കില്ല, അത് ഒഴിവാക്കരുത്.

വയോജന വകുപ്പ് സ്വാഗതാർഹമാണ്. പക്ഷെ വയോജന കമ്മീഷനും വയോജന നയവും ഇടതുപക്ഷ ജനാധിപത്യ മുന്നണിയുടെ സംഭാവനയാണ്. കേരളത്തിൽ ആദ്യമായി വയോജനങ്ങൾക്കും ശിശുക്കൾക്കും വേണ്ടി ഒരു വകുപ്പുണ്ടാക്കിയത് ഇടതുപക്ഷ ജനാധിപത്യ മുന്നണിയുടെ ഗവൺമെന്റാണ്. ഞാൻ വളരെ അഭിമാനത്തോടെ കാണുകയാണ്. മുൻ ധനകാര്യ വകുപ്പുമന്ത്രി ശ്രീ. കെ. എൻ. ബാലഗോപാൽ ഖജനാവിലേയ്ക്ക് വിട്ട പൂച്ച ഒരു ഒന്നൊന്നര പൂച്ചയാണ്. 5500 കോടി പ്രസവിക്കാൻ പറ്റിയ ഒരു പൂച്ച ഇതിന് മുമ്പ് കേരളത്തിന് ലഭിച്ചില്ല. അതിന്റെ കുഞ്ഞ് ഒന്ന് ബാക്കിയുണ്ടെങ്കിൽ ബഹുമാനപ്പെട്ട വനം വകുപ്പുമന്ത്രിയുടെ അനുവാദത്തോടെ ആ സുവോളജിക്കൽ പാർക്കിൽ കൊണ്ടുപോയാൽ നന്നായിരിക്കുമെന്ന് കരുതുകയാണ്.

കെ.-റെയിൽ എന്തെല്ലാമാണ്? കെ.-റെയിൽ പിൻവലിക്കാൻ തീരുമാനിച്ചു. ഞാൻ ആ ഘട്ടത്തിൽ മറ്റൊരു കാര്യം ചുരുക്കി പറയുന്നു. ഗവൺമെന്റ് ഇറക്കുന്ന ഉത്തരവുകൾക്ക് വിശ്വാസ്യത വേണം. കെ-റെയിലിനുവേണ്ടി ഭൂമി എവിടെയെങ്കിലും ആരെങ്കിലും ഏറ്റെടുത്തിട്ടുണ്ടോ? മഞ്ഞ കല്ല് സ്ഥാപിച്ചത് ഒരു ഭൂമിയും ഏറ്റെടുക്കാനല്ല, അത് അലൈൻമെന്റിനുവേണ്ടിയാണ്. ആ അലൈൻമെന്റിനുവേണ്ടി സ്ഥാപിച്ച മഞ്ഞ കുറ്റികൾ Land Acquisition, Rehabilitation and Resettlement Act, 2013-ലെ 4(1) അനുസരിച്ച് അവിടെ സാമൂഹികാഘാത പഠനം നടത്താൻ മാത്രമാണ്. സാമൂഹികാഘാത പഠനം നടത്തിയാൽ സെക്ഷൻ 5 അനുസരിച്ച് ഒരു പബ്ലിക് ഹിയറിങ് വേണം. സെക്ഷൻ 7 അനുസരിച്ച് എക്സ്പെർട്ട് കമ്മിറ്റിയുടെ പരിശോധന വേണം. എക്സ്പെർട്ട് കമ്മിറ്റി തള്ളിയാൽ ആ ഭൂമി ഏറ്റെടുക്കാൻ സാധിക്കില്ല. മാവേലിക്കരയിലെ മിച്ചൽ ജങ്ഷൻ 5 കൊല്ലമായി ഈ പ്രശ്നത്തിന് ഉദാഹരണമാണ്. എക്സ്പെർട്ട് കമ്മിറ്റി തള്ളിയില്ലെങ്കിൽ മാത്രം സെക്ഷൻ 8(2) പ്രകാരം ഭൂമി ഏറ്റെടുക്കാൻ സാധിക്കും. സെക്ഷൻ 4(1) അനുസരിച്ച് നാം പ്രഖ്യാപിച്ച സർക്കാർ ഉത്തരവ് ആറ് മാസം കഴിഞ്ഞാൽ തന്നെ ക്യാൻസലാകുമെന്ന് ഉത്തരവിൽ

പറയുന്നുണ്ട്. ഞാൻ അത് ശ്രദ്ധയിൽപ്പെടുത്തുന്നു. ഈ ഗവൺമെന്റ് 22-05-2026-ൽ 184/2026/RD ആയി പുറപ്പെടുവിച്ച ഉത്തരവിന്റെ മൂന്നാമത്തെ പാരാഗ്രാഫിൽ 2013-ലെ Right to Fair Compensation and Transparency in Land Acquisition, Rehabilitation and Resettlement Act, 2013 (RFCTLARR) Act section 4(2) പ്രകാരം സാമൂഹിക പ്രത്യാഘാത വിലയിരുത്തൽ ആരംഭിച്ച തീയതി മുതൽ ആറ് മാസത്തിനുള്ളിൽ പഠനം പൂർത്തീകരിക്കേണ്ടതാണ്. എന്നാൽ മേൽ പരാമർശിച്ച കാലയളവിനുള്ളിൽ സാമൂഹിക പ്രത്യാഘാത വിലയിരുത്തൽ പഠനം പൂർത്തീകരിക്കാൻ സാധിച്ചിട്ടില്ലാത്തതും പഠനം നടത്തുന്നതിനായി കാലാവധി നീട്ടിനൽകുകയോ പുതിയ വിജ്ഞാപനം പുറപ്പെടുവിക്കുകയോ ചെയ്യിട്ടില്ലാത്തതിനാൽ സാമൂഹിക പ്രത്യാഘാത വിലയിരുത്തൽ പഠനം നടത്തുന്നതിനുള്ള വിജ്ഞാപനങ്ങൾ കാലഹരണപ്പെട്ടതാണ്. അതിന്റെ തന്നെ സെക്ഷൻ 5-ൽ പറയുകയാണ് സാമൂഹിക പ്രത്യാഘാത പഠനം നടത്തുന്നതിന് അനുമതി നൽകികൊണ്ട് പുറപ്പെടുവിച്ച പരാമർശം 4 മുതൽ 14 വരെയുള്ള സർക്കാർ ഉത്തരവുകൾ ഇതോടൊപ്പം റദ്ദ് ചെയ്യുന്നു. കാലഹരണപ്പെട്ട ഗവൺമെന്റ് ഉത്തരവുകൾ റദ്ദ് ചെയ്യുകയാണ്. മരിച്ചയാളെ വീണ്ടും വെടിവയ്ക്കണമോ? വേട്ടക്കാരൻ കാട്ടിലേയ്ക്ക് പോകുമ്പോൾ മരിച്ചുകിടക്കുന്ന പന്നിയെ കൊണ്ടുപോയാൽ ഒരു വിലയുണ്ടാവില്ല നാട്ടുകാർക്ക്. അപ്പോൾ പിന്നെ ചത്തുകിടക്കുന്ന പന്നിയെ വെടിവെച്ചിട്ട് ആ തോക്കും പിടിച്ച് അതിനെയും തൂക്കി പുറത്തേയ്ക്കിറങ്ങിയാൽ വിലയുണ്ടാകുമെന്ന് പറയുന്നതുപോലെ കാലഹരണപ്പെട്ടുയെന്ന് ഇതേ ഉത്തരവിൽ എഴുതിവെച്ചിട്ടുള്ള ഉത്തരവുകൾ പിന്നെ എങ്ങനെയാണ് ക്യാൻസൽ ചെയ്യുന്നത്. എന്നിട്ട് എവിടെയ്ക്കാണ് പോയത്? ഞങ്ങളുടെ ഗവൺമെന്റ് കഴിഞ്ഞ കാലത്ത് കൊണ്ടുവന്ന റീജനൽ റാപ്പിഡ് ട്രാൻസിറ്റ് സിസ്റ്റം അതായിരുന്നു അവസാനം. കെ.-റെയിലിന് റെയിൽവേ മന്ത്രാലയം സഹകരിക്കാത്തതുകൊണ്ട് നഗരവികസന കാര്യാലയവുമായി ആർ.ആർ.റ്റി.എസ്.-നെക്കുറിച്ച് ആലോചിച്ചു. ഡൽഹിക്കും മീററ്റിനും ഇടയിൽ 85 കിലോമീറ്ററിൽ 55 കിലോമീറ്റർ പ്രവൃത്തി കണ്ട് ബോധ്യപ്പെട്ടിട്ടാണ്. ഒരു കാര്യം ഞാൻ പറയാം. ആകാശത്തുകൂടി കടന്നുപോകുന്ന ട്രെയിൻ ആണെങ്കിൽപോലും അതിന് കാൽ

താഴത്ത് കുത്തണമെങ്കിൽ ഭൂമി ഏറ്റെടുക്കണം. അതിന് LARR Act of 2013 അല്ലാതെ മറ്റ് വകുപ്പുകളില്ല. അങ്ങനെ വന്നാൽ 4(1), 5, 7, 8(2) എന്നീ വകുപ്പുകൾ വേണ്ടി വരും. അത് LARR Act of 2013-യുമായി ബന്ധപ്പെട്ട ഭൂമി ഏറ്റെടുക്കൽ നടപടിക്രമങ്ങളുടെ ഭാഗമായിപ്പോകും. ഈ കബളിപ്പിക്കൽ പോലെയാണ് മുനമ്പം വിഷയത്തിലും. പത്ത് മിനിട്ട് കൊണ്ട് പ്രശ്നം പരിഹരിക്കാൻ സാധിക്കില്ലെന്ന് ഞങ്ങൾക്ക് എല്ലാവർക്കും അറിയാം. അതിൽ കുറ്റം പറയുന്നില്ല. വഖഫ് ബോർഡ് പോർട്ടലിൽ രജിസ്റ്റർ ചെയ്തത് കാരണം പ്രശ്നം പരിഹരിക്കാൻ സാധിക്കില്ലെന്നാണ് ഇപ്പോൾ പറയുന്നത്. അതാണോ കാരണം നിസാർ കമ്മിഷൻ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ മുനമ്പം ഭൂമി വഖഫ് ഭൂമിയാണെന്ന് വഖഫ് ബോർഡ് നോട്ടിഫൈ ചെയ്തത് അല്ലേ യഥാർത്ഥത്തിൽ ഈ പ്രശ്നം ഗൗരവമാക്കിയത്. എന്തുകൊണ്ടാണ് ഇതു കാണാതെ പത്ത് മിനിട്ട് കൊണ്ട് ആ പ്രശ്നം പരിഹരിക്കാമെന്ന് പ്രഖ്യാപിക്കുന്നത്. ഈ നിയമപരമായ പ്രശ്നം നിലനിൽക്കുമ്പോഴും വഖഫ് ആണെന്ന് പറഞ്ഞ ഭൂമിക്ക് നികുതി അടയ്ക്കാനും പോക്കുവരവ് നടത്താനും അവസരം നൽകുകയും നടപടി ആരംഭിക്കുകയും ചെയ്തതാണ്. റവന്യു വകുപ്പ് കോടതിയിൽപ്പോയി വാങ്ങിയതാണ്. യഥാർത്ഥത്തിൽ അതിന്റെ പ്രശ്നം പരിഹരിക്കാൻ .....

<u>മാഡം ഡെപ്യൂട്ടി സ്പീക്കർ</u>: ബഹുമാനപ്പെട്ട അംഗം ചുരുക്കണം.

<u>ശ്രീ. കെ. രാജൻ</u>: ഞാൻ ഈ വരിയിൽ അവസാനിപ്പിക്കാം. ആ കാരണം പറഞ്ഞുകൊണ്ട് പോസ്റ്റ് ചെയ്യുമ്പോൾ അതിന്റെ വിഷയം കാണിച്ച് മുനമ്പത്തെ സാധാരണ ജനങ്ങളെ ആ ഭൂമിയിൽനിന്ന് ഇറക്കിവിടാതിരിക്കാൻ നിയമപരമായ പരിരക്ഷയെക്കുറിച്ച് പഠിക്കാനാണ് പ്രിയപ്പെട്ട മുൻ ഹൈക്കോടതി ജഡ്ജിയായിട്ടുള്ള ജസ്റ്റിസ് ശ്രീ. സി. എൻ. രാമചന്ദ്രൻ നായർ-നെ കമ്മീഷണർ ഓഫ് എൻക്വയറി ആക്റ്റ് പ്രകാരം ഒരു കമ്മീഷണറായി നിയമിച്ചത്. അദ്ദേഹത്തന്റെ റിപ്പോർട്ട് ഈ ഗവൺമെന്റിന്റെ മുന്നിലുണ്ട്. ആ റിപ്പോർട്ട് പരിശോധിച്ചാൽ മുനമ്പത്തെ പ്രശ്നം പരിഹരിക്കാൻ സാധിക്കും. യഥാർത്ഥത്തിൽ നമുക്ക് ഒരു നയമാണ് വേണ്ടത്. കേരളത്തിലെ നെൽ സംഭരണത്തിൽ കേരള ഗവൺമെന്റ്

ഇച്ഛാശക്തിയോടെ നൽകുന്ന ഇൻസെന്റീവ് പോലും വേണ്ടെന്ന് പറയുന്ന കേന്ദ്ര ഗവൺമെന്റിനോടുള്ള നയം എന്താണ്?

മാഡം ഡെപ്യൂട്ടി സ്പീക്കർ: Please conclude.

ശ്രീ. കെ. രാജൻ: കേരളത്തിൽ നാലര ലക്ഷം പട്ടയമാണ് നൽകിയത്. എസ്.ഐ.ആർ. ഉണ്ടായിരുന്നില്ലെങ്കിൽ 50000 പട്ടയം കൂടി നൽകുമായിരുന്നു. പട്ടയം മിഷനിലൂടെയും പട്ടയം അസംബ്ലികളിലൂടെയും ഓരോ മണ്ഡലത്തിലെയും ജനങ്ങളുടെ പ്രശ്നത്തിൽ ആഴത്തിൽ ഇറങ്ങിച്ചെന്നു. ആ പ്രശ്നങ്ങൾ തുടരാൻ സാധിക്കുമോ. ഗവർണ്ണറിനോട് വന്ദേമാതരത്തിൽ തുടങ്ങിയ സമീപനമായിരിക്കുമോ ഇനി തുടർന്നു ലഭ്യമാകാൻ പോകുന്നത്? ആ വിവരം കേരളത്തിലെ ജനങ്ങളെ അറിയിക്കാതെ അടച്ചുകെട്ടിയ കവല പ്രസംഗമായി ഈ നയപ്രഖ്യാപനം മാറിയെന്നതുകൊണ്ട് ശക്തമായി ഈ നയപ്രഖ്യാപനത്തിന്റെ നന്ദിപ്രമേയത്തെ ഞാൻ എതിർക്കുകയാണ്.

ശ്രീ. ഷിബു തെക്കുംപുറം: സർ, കേരള നിയമസഭയിൽ അംഗമാകാൻ അവസരം നൽകി എന്നെ കൈ പിടിച്ചുയർത്തിയ എന്റെ രാഷ്ട്രീയ ഗുരുനാഥൻ കേരള കോൺഗ്രസ് ചെയർമാൻ ശ്രീ. പി. ജെ. ജോസഫ് സാറിനോടുള്ള നന്ദി ഞാൻ രേഖപ്പെടുത്തുകയാണ്. ചരിത്ര ഭൂരിപക്ഷത്തിനാണ് കോതമംഗലം നിയോജകമണ്ഡലത്തിൽ ഞാൻ വിജയിച്ചത്. നല്ലവരായ ജനങ്ങളോട് ഹൃദയത്തിൽ തൊട്ട് കടപ്പാട് അറിയിക്കുകയാണ്. ഈ നന്ദിപ്രമേയത്തെ ഞാൻ പിന്താങ്ങുകയാണ്. വികസന മുരടിപ്പിന് സാക്ഷ്യം വഹിച്ച പത്ത് വർഷങ്ങളാണ് നമ്മൾ കണ്ടത്. ജനദ്രോഹ നയങ്ങളുമായി മുന്നോട്ടുപോയ ഒരു സർക്കാരിന്റെ ദുർഭരണത്തിൽനിന്നും കേരളത്തെ വീണ്ടെടുക്കുന്നതിനുവേണ്ടി ശ്രീ. വി. ഡി. സതീശന്റെ നേതൃത്വത്തിൽ ഐക്യജനാധിപത്യമുന്നണി നടത്തിയ ജനകീയ ഇടപെടലുകളും വലിയ പോരാട്ടങ്ങളും സമരങ്ങളുമാണ് യു.ഡി.എഫ്.-ന് ഉജ്ജ്വല വിജയം നേടിക്കൊടുത്തത്. കേരളം കണ്ടതിൽവെച്ച് സമാനതകളില്ലാത്ത ഏറ്റവും വലിയ വിജയമാണ് ഈ തിരഞ്ഞെടുപ്പിൽ ഉണ്ടായത്. ഒരു പുതിയ കേരളം സൃഷ്ടിക്കാൻ സർക്കാർ പ്രതിജ്ഞാബദ്ധമാണ് എന്നതാണ് നയപ്രഖ്യാപന പ്രസംഗത്തിന്റെ കാതൽ. എല്ലാ വിഭാഗം ജനങ്ങളെയും എല്ലാ മേഖലയെയും

ഇത് സ്പർശിക്കുന്നു, വയോജനങ്ങളെയും സ്ത്രീകളെയും വിദ്യാർഥികളെയും ചേർത്തുവയ്ക്കുന്നു. യു.ഡി.എഫ്.-ന്റെ മാനിഫെസ്റ്റോയിൽ നൽകിയിട്ടുള്ള മുഴുവൻ വാഗ്ദാനങ്ങളും ഈ സർക്കാർ നടപ്പിലാക്കാൻ പോകുകയാണ്. കേരളത്തിന്റെ ചരിത്രത്തിന്റെ ഭാഗമാകാൻ പോകുന്ന 'ഇന്ദിരാ ഗ്യാരന്റി' ഈ നാട്ടിലെ ജനങ്ങൾക്ക് സമർപ്പിക്കുകയാണ്. ഇന്ന് നമ്മൾ ഏറ്റവും കൂടുതൽ അനുഭവിക്കുന്ന ബുദ്ധിമുട്ട് ചികിത്സാചെലവാണെന്ന് നമുക്കറിയാം. ഒരു അസുഖം വന്ന് ചികിത്സിക്കേണ്ടിവരുമ്പോൾ വലിയ തുകയാണ് ചെലവാകുന്നത്. അതിനുവേണ്ടി മറ്റുള്ളവരുടെ മുമ്പിൽ കൈകൂപ്പി നിൽക്കേണ്ട ഒരു ഗതികേട് നമ്മുടെ സംസ്ഥാനത്തെ ജനങ്ങൾക്കുണ്ട്. ചികിത്സാ ചെലവ് പരിഹരിക്കാനായി തീർച്ചയായും വലിയ തീരുമാനമാണ് ഈ സർക്കാർ എടുത്തിട്ടുള്ളത്. 'ഉമ്മൻ ചാണ്ടി ആരോഗ്യ ഇൻഷ്വറൻസ് പദ്ധതി' നമ്മുടെ രാജ്യത്തിന് മാതൃകയായി മാറുമെന്നുള്ള കാര്യത്തിൽ യാതൊരു സംശയവുമില്ല. നമ്മുടെ കുടുംബത്തിന്റെ എല്ലാ കാര്യങ്ങളിലും നേതൃത്വം കൊടുത്ത് മുന്നോട്ടുപോകുന്നത് സഹോദരിമാരാണ്. കുട്ടികളുടെ വിദ്യാഭ്യാസം, ആരോഗ്യം, സാമ്പത്തികമായ വെല്ലുവിളികൾ ഇവയെല്ലാം നേരിടുന്നത് സ്ത്രീകളാണെന്ന് നമുക്കറിയാം. ദിവസക്കൂലിക്കും കടകളിൽ ജോലിയെടുക്കാനും വീടുകളിൽ ജോലിയെടുക്കാൻ പോകുന്നതുമായ ധാരാളം സഹോദരിമാരുണ്ട്. അവർക്കൊക്കെ സൗജന്യ ബസ്സ് യാത്ര വലിയ കൈത്താങ്ങായിരിക്കും. തീർച്ചയായും ജനങ്ങളോടൊപ്പം നിന്നുകൊണ്ട് ജനങ്ങൾക്ക് അഭിമാനകരമായ നിലയിൽ ഐക്യജനാധിപത്യമുന്നണി സർക്കാർ ശക്തമായി മുന്നോട്ടുപോകുമ്പോൾ എല്ലാ പിന്തുണയും നൽകുകയാണ്.

കോതമംഗലം നിയോജകമണ്ഡലത്തിലെ അഞ്ച് പഞ്ചായത്തുകൾ വനാതിർത്തിയോട് ചേർന്നുകിടക്കുകയാണ്. വന്യമൃഗ ശല്യം ഏറ്റവും രൂക്ഷമായ പ്രദേശമാണ് കോതമംഗലം. സംസ്ഥാനത്തുതന്നെ എട്ട് ഹോട്ട്സ്പോട്ടുകൾ ഉണ്ടെങ്കിൽ അതിൽ ഒരു പഞ്ചായത്ത് കോതമംഗലമാണ്. അത്രമാത്രം ദുരിതപൂർണ്ണമായ ഒരു അവസ്ഥയാണ് കോതമംഗലത്തുള്ളത്. കഴിഞ്ഞ പത്ത് വർഷക്കാലംകൊണ്ട് എട്ട് പേരാണ് കാട്ടാനയുടെ ചവിട്ടേറ്റ് മരണപ്പെട്ടത്. കഴിഞ്ഞ പത്ത് വർഷമായി ഒന്നുംചെയ്യാതെ കൈയുംകെട്ടി നോക്കിനിന്ന ഒരു സർക്കാർ,

കുടിയേറ്റ ജനത ഇന്ന് കുടിയിറക്ക് ഭീഷണിയിലൂടെ മുന്നോട്ടുപോകുമ്പോൾ തീർച്ചയായും അവർക്ക് എല്ലാ സഹായവും നൽകിക്കൊണ്ട് മുന്നോട്ടുപോകാൻ യു.ഡി.എഫ്. സർക്കാർ പ്രതിജ്ഞാബദ്ധമാണ്.

ടൂറിസത്തിന് അനന്ത സാധ്യതകളുള്ള നാടാണ് കോതമംഗലം. ഭൂതത്താൻകെട്ട് ഡാം, തട്ടേക്കാട് പക്ഷിസങ്കേതം, മാമലക്കണ്ടം എന്നീ വിനോദസഞ്ചാര കേന്ദ്രങ്ങൾക്കെല്ലാം ഒരു മാസ്റ്റർ പ്ലാൻ തയ്യാറാക്കിക്കൊണ്ട് നമ്മുടെ നാട്ടിൽ വലിയ വികസനം നടത്തേണ്ടതായുണ്ട്. അതോടൊപ്പം ടൂറിസം വികസനത്തിനും നാടിന്റെ പുരോഗതിക്കുംവേണ്ടി ആലുവ-മൂന്നാർ രാജപാത തുറന്നുകൊടുക്കണമെന്നുള്ളത് കോതമംഗലത്തിന്റെ പതിറ്റാണ്ടുകളായുള്ള ആവശ്യമാണ്. ഈ രാജപാത തുറന്നുകൊടുക്കാനുള്ള നടപടി സ്വീകരിക്കണമെന്നുള്ളതാണ് ജനങ്ങളുടെ ആവശ്യം. എല്ലാവർക്കും അഭിമാനത്തോടും അന്തസ്സോടുംകൂടി ജീവിക്കാൻ കഴിയുന്ന നാടാക്കി നമുക്ക് കേരളത്തെ മാറ്റണം. ദുഃഖങ്ങളും കഷ്ടപ്പാടുകളുമില്ലാത്ത ഒരു നാട്, ഈ നാടിനുവേണ്ടിയുള്ള വലിയ മുന്നേറ്റമാണ് യു.ഡി.എഫ്. സർക്കാർ മുന്നോട്ടുകൊണ്ടുപോകുന്നത്. ഈ ലക്ഷ്യം കൈവരിക്കാൻ ഐക്യജനാധിപത്യമുന്നണി സർക്കാരിന് കഴിയട്ടെ. വികസനത്തിന്റെ പാതയിൽ, എല്ലാതരത്തിലുമുള്ള സ്വയംപര്യാപ്തതയുടെ കാര്യത്തിൽ കേരളത്തെ രാജ്യത്തിന്റെ നെറുകയിലെത്തിക്കാൻ കഴിയട്ടെയെന്നും ആശംസിക്കുന്നു. ഈ നന്ദിപ്രമേയത്തെ പിന്താങ്ങിക്കൊണ്ട് നിർത്തുന്നു.

<u>ശ്രീ. ബി. ബി. ഗോപകുമാർ:</u> സർ, ഞാൻ ഈ നന്ദിപ്രമേയത്തെ എതിർക്കുകയാണ്. ഒരു പുതുയുഗ കേരളത്തെക്കുറിച്ചാണ് വാചാലമായി പറഞ്ഞിട്ടുള്ളത്. പക്ഷേ, ആ പുതുയുഗ കേരളം കെട്ടിപ്പടുക്കാൻ എന്തുചെയ്യും എന്നതിനെ സംബന്ധിച്ച വ്യക്തമായ ഒരു ധാരണയും ഈ നയപ്രഖ്യാപന പ്രസംഗത്തിലില്ല. കഴിഞ്ഞ ഗവൺമെന്റിന്റെ കാലഘട്ടത്തിൽ, ഇപ്പോൾ ഭരണകക്ഷിയായിരിക്കുന്നവർ ഈ നിയമസഭയ്ക്കകത്തും ലോകസഭയ്ക്ക് മുമ്പിലും സ്വർണം കട്ടവനാരപ്പാ, സഖാക്കളാണേ അയ്യപ്പാ എന്നുപാടിയ ഒരു പാട്ടുണ്ട്. ഇവിടെ ഇരിക്കുന്ന നിയമസഭാ സാമാജികരടക്കം വളരെ വ്യാപകമായി ഈ പാട്ട് പാടിയിട്ടുള്ളതാണ്. പക്ഷേ, ഒരു നയപ്രഖ്യാപന പ്രസംഗം അവതരിപ്പിക്കപ്പെട്ടപ്പോൾ എന്താണോ

പ്രതിപക്ഷത്തിരുന്നപ്പോൾ ഇവർ ഉന്നയിച്ചത് ഭരണകക്ഷിയായി മാറിയപ്പോൾ അതിനെ സംബന്ധിച്ച ഒരു നിലപാടും കേരളം കണ്ട ഏറ്റവും വലിയ കൊള്ളയും കേരളത്തിലെ ഭക്തജനങ്ങളുടെ മനസ്സിനെ വേദനിപ്പിച്ചതുമായ സംഭവത്തെ സംബന്ധിച്ച ഒരു വാചകം നയപ്രഖ്യാപന പ്രസംഗത്തിൽ ഇല്ലെന്നുള്ളത് ഏറെ ശ്രദ്ധിക്കപ്പെടേണ്ടതാണ്. കാലാകാലങ്ങളായി രണ്ടുപേരും ഒരേ മനസ്സോടുകൂടി പ്രവർത്തിക്കുന്നവരാണ്, ആരോപണ-പ്രത്യാരോപണങ്ങൾ നടത്തും. പക്ഷേ തെളിയിക്കാനുള്ള ഭരണപരമായ ഉത്തരവാദിത്വം ഇവിടെയും കാണിക്കുന്നില്ലെന്നാണ് ഇത് സൂചിപ്പിക്കുന്നത്. അഴിമതിയെ സംബന്ധിച്ച് വളരെ വാചാലമായി ഈ നയപ്രഖ്യാപന പ്രസംഗത്തിൽ പറയുന്നുണ്ട്. ഒരേ ഒരു കാര്യം, CMRL(Cochin Minerals and Rutile Limited)-മായി ബന്ധപ്പെട്ട് ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ നിലപാട് എന്താണ്? 'നിലപാടുകളുടെ രാജകുമാരൻ' എന്ന് അദ്ദേഹത്തെക്കുറിച്ച് ഒരു പരസ്യവാചകമുണ്ട്, ധാരാളം ഫ്ലക്സുകളും സ്ഥാപിച്ചിട്ടുണ്ട്. ഞങ്ങളെ സംബന്ധിച്ചിടത്തോളം കേരളത്തിന്റെ മുഖ്യമന്ത്രി അങ്ങനെതന്നെയാകണം. ശബരിമല വിഷയത്തിലും CMRL വിഷയത്തിലും അദ്ദേഹം നിലപാടുകളുടെ രാജകുമാരനാകണം. ഈ വിവാദ വിഷയത്തിൽ ഇ.ഡി. റെയ്ഡുമായി ബന്ധപ്പെട്ട് കേരളത്തിലെ ഒരു രാജ്യസഭാംഗം പറഞ്ഞത് പതിനഞ്ച് വർഷക്കാലമായി CMRL 182 കോടി രൂപയുടെ ഇടപാടുകൾ നടത്തിയിട്ടുണ്ടെന്നും ആ ഡയറിയിൽ ആരുടെയൊക്കെ പേരുണ്ടോ ആ പേരുകളൊക്കെ അന്വേഷിക്കണമെന്നുമാണ്. നിലപാടുകളുടെ രാജകുമാരൻ ഇതുസംബന്ധിച്ച് അദ്ദേഹത്തിന്റെ നിലപാട് വ്യക്തമാക്കുന്നത് വളരെ നല്ലതായിരിക്കും. അങ്ങനെയാണെങ്കിൽ ഈ കേരളത്തിലെ അഴിമതിയെ സംബന്ധിച്ച് നടത്തിയ പ്രസ്താവന വളരെ നല്ല പ്രസ്താവനയായി മാറും. മറ്റൊന്ന്, "ഒറ്റയ്ക്ക് പ്രവർത്തിക്കുന്നതിനേക്കാൾ ഒരുമിച്ച് പ്രവർത്തിക്കുന്നതാണ് നല്ലത് " എന്ന് ഭാരതത്തിന്റെ പ്രഥമ പ്രധാനമന്ത്രി പറഞ്ഞ ഒരു വാചകം അദ്ദേഹം നയപ്രഖ്യാപന പ്രസംഗത്തിന്റെ തുടക്കത്തിൽ ഉദ്ധരിച്ചിട്ടുണ്ട്. എന്നാൽ, കേരളത്തിൽ മൂന്ന് പേർ മുഖ്യമന്ത്രിയാകണമെന്ന രീതിയിൽ ചില വാശികളൊക്കെ നടന്നിട്ടുണ്ട്, അതുകൊണ്ട് മറ്റ് രണ്ടുപേരും അദ്ദേഹത്തോടൊപ്പം ഒരുമിച്ച് നിൽക്കണമെന്നാണോ ഇതുകൊണ്ട്

ഉദ്ദേശിക്കുന്നതെന്ന ഒരു സംശയംകൂടി കേരളത്തിലെ ജനങ്ങൾക്കുണ്ട്. ഒരു തട്ടിക്കൂട്ട് നയപ്രഖ്യാപനം എന്നതിനപ്പുറം ഇതിന് യാതൊരു വിധമായ പ്രാധാന്യവുമില്ല. ദേവസ്വം ബോർഡിനെക്കുറിച്ച്, ഭാരതത്തിന്റെ ആധ്യാത്മികതയ്ക്ക് വലിയ ഒരു അടിത്തറയുണ്ട്. ദേവസ്വം നയം ഒരു തീർഥാടന സർക്യൂട്ട് എന്നതാണോ ഭാരതത്തിന്റെ ആധ്യാത്മിക അടിത്തറയെ സംബന്ധിച്ചുള്ളത്? വന്ദേമാതരത്തെ സംബന്ധിച്ച് ഇവിടെ സൂചിപ്പിക്കുകയുണ്ടായി. വരികളുടെ അർഥം എന്താണ്; രണ്ടുവരികൾ എന്തുകൊണ്ടാണ് ചൊല്ലാൻ സാധിക്കാത്തത്? പത്ത് കൈകളിൽ ആയുധമേന്തിയ ദുർഗ നീയാണ്, താമരപ്പൂവിൽ വിഹരിക്കുന്ന ലക്ഷ്മി നീയാണ്, വിദ്യ നൽകുന്ന സരസ്വതിയും നീയാണ്, നിന്നെ ഞാൻ വന്ദിക്കുന്നു. ഇത് ഭാരതത്തിന്റെ ആധ്യാത്മിക അടിത്തറയിൽനിന്നുകൊണ്ട് എഴുതിയതാണ്. ഇതിൽ എവിടെയാണ് വർഗീയതയുള്ളത്? ഭാരതത്തിന്റെ ആധ്യാത്മിക അടിത്തറയ്ക്ക് അതിന്റേതായ പ്രത്യേകതകളുണ്ട്. സാമൂഹ്യനീതിയോടുകൂടിയ സാമ്പത്തിക വളർച്ച, നീതിപൂർവമല്ലാത്ത വികസനം അസമത്വം സൃഷ്ടിക്കും എന്നൊക്കെ നയപ്രഖ്യാപന പ്രസംഗത്തിൽ പറയുന്നുണ്ട്. സ്കൂൾ പ്രവേശനോത്സവം കഴിഞ്ഞ് ഒരു എട്ടാം ക്ലാസ് വിദ്യാർഥി വീട്ടിൽ പോയി അമ്മയോട് ചോദിക്കുകയാണ് 'അമ്മേ 63 ആണോ വലുത് 22 ആണോ വലുത് ' എന്ന്, ഒരു സംശയമാണ്. നിലപാടുകളുടെ രാജകുമാരനായ ബഹുമാന്യനായ മുഖ്യമന്ത്രി കേരളത്തിന്റെ പൊതുസമൂഹത്തിനുമുന്നിൽ ഇതിൽ ഏതാണ് വലുതെന്ന് തെളിയിക്കപ്പെടേണ്ട ദിവസങ്ങളാണ് നമ്മുടെ മുന്നിലുള്ളത്. ആരാധ്യനായ ഭാരതത്തിന്റെ പ്രധാനമന്ത്രി ചില പദ്ധതികൾ പ്രഖ്യാപിച്ചപ്പോൾ പറഞ്ഞത് ഇത് മോദിയുടെ ഗാരന്റിയാണെന്നാണ്. ഇപ്പോൾ കേരളത്തിലെ നയപ്രഖ്യാപന പ്രസംഗത്തിൽ ചില ഗാരന്റികൾ പറയുന്നതും കേന്ദ്രാവിഷ്കൃത പദ്ധതികൾ സമയബന്ധിതമായി നടപ്പാക്കുന്നതും നല്ലതുതന്നെയാണ്.

<u>മാഡം ഡെപ്യൂട്ടി സ്പീക്കർ</u>: പ്ലീസ്...അങ്ങ് ദയവായി ചുരുക്കിപ്പറയണം..

<u>ശ്രീ. ബി. ബി. ഗോപകുമാർ</u>: പാവപ്പെട്ട ജനങ്ങൾക്ക് പ്രതിവർഷം അഞ്ച് ലക്ഷം രൂപ വരെ ആരോഗ്യപരിരക്ഷ നൽകുന്ന ദേശീയ ആരോഗ്യ പദ്ധതിയാണ് "ആയുഷ്മാൻ ഭാരത്.”

ഇപ്പോൾ അത് മുൻ മുഖ്യമന്ത്രിയുടെ പേരുപറഞ്ഞ് (ഉമ്മൻ ചാണ്ടി ആരോഗ്യ ഇൻഷ്വറൻസ് പദ്ധതി) തുക ഉയർത്തിക്കൊണ്ട് പറയുന്നു. യുവാക്കൾക്ക് മുദ്ര ലോൺ പ്രകാരം ആറ് ലക്ഷം രൂപ വരെ ഈടില്ലാതെ വായ്പ നൽകുന്നുണ്ട്. അപ്പോഴാണ് യുവാക്കളെ വഞ്ചിക്കാൻ അഞ്ച് ലക്ഷം രൂപ വായ്പ നൽകുമെന്നതുൾപ്പെടെയുള്ള കാര്യങ്ങൾ പറയുന്നത്. ഏതു കാര്യം നോക്കിയാലും ഇവർക്ക് ഒറ്റ അജണ്ട മാത്രമേയുള്ളൂ.

<u>മാഡം ഡെപ്യൂട്ടി സ്പീക്കർ</u>: ബഹുമാനപ്പെട്ട അംഗം.... സമയം പാലിക്കണം....പ്ലീസ് കൺക്ലൂഡ്..

<u>ശ്രീ. ബി. ബി. ഗോപകുമാർ</u>: അതുകൊണ്ടുതന്നെ പ്രായോഗിക തലത്തിൽ യാതൊരു ബന്ധവുമില്ലാത്ത ഈ നയപ്രഖ്യാപനത്തെ ഞാൻ എതിർക്കുന്നു.

<u>ശ്രീ. വിഷ്ണു മോഹൻ</u>: സർ, ബഹുമാനപ്പെട്ട ഗവർണ്ണറുടെ നയപ്രഖ്യാപന പ്രസംഗത്തിന് നന്ദി രേഖപ്പെടുത്തിക്കൊണ്ട് ശ്രീ. എം. വിൻസെന്റ് അവതരിപ്പിച്ച ഉപക്ഷേപത്തെ ഞാൻ അനുകൂലിക്കുകയാണ്. യു.ഡി.എഫ്. മുന്നണിയുടെ ഭാഗമായി നിന്നുകൊണ്ട്, ഞാനും എന്റെ പ്രസ്ഥാനവും ഈ സർക്കാരിന്റെ പ്രാതിനിധ്യം വഹിക്കുന്നതുകൊണ്ടുമാത്രമല്ല ഈ നയപ്രഖ്യാപനത്തെ ഞങ്ങൾ അനുകൂലിക്കുന്നത്. എന്റെ പാർട്ടിയുടെ, ആർ.എസ്.പി. എന്ന രാഷ്ട്രീയ പ്രസ്ഥാനത്തിന്റെ ഉത്ഭവവും പാരമ്പര്യവും സ്റ്റാലിനിസ്റ്റ് ഏകാധിപത്യ ഭരണകൂട ദുഷ്ചെയ്തികൾക്കെതിരായി നിലപാടുകൾ സ്വീകരിച്ചതായിരുന്നു. അതുകൊണ്ടുതന്നെയാണ് ചെറിയ പ്രസ്ഥാനമായിരുന്നിട്ടും ഞങ്ങൾക്ക് ബ്രിട്ടീഷ് സാമ്രാജ്യത്വത്തിനെതിരെ ഇന്ത്യൻ നാഷണൽ കോൺഗ്രസ് നയിച്ച ക്വിറ്റ് ഇന്ത്യ സമരത്തെ പിന്തുണയ്ക്കാൻ സാധിച്ചത്. ആ സമരത്തിൽ പങ്കാളിയായി ചെങ്കൊടി പിടിക്കുന്ന ഏക പ്രസ്ഥാനമാകുവാൻ ഞങ്ങളുടെ പ്രസ്ഥാനത്തിന് സാധിച്ചിട്ടുണ്ട്. 1957-ലെ ഒന്നാം ഇ.എം.എസ്. സർക്കാരിന്റെ തൊഴിലാളിവിരുദ്ധ നയങ്ങൾക്കെതിരെ പ്രതികരിച്ചതിന് ഞങ്ങളുടെ പ്രസ്ഥാനത്തിന്റെ രണ്ട് തൊഴിലാളി നേതാക്കളെയായിരുന്നു ചന്ദനത്തോപ്പിൽ വെടിവച്ചുകൊന്നത്. ആ രക്തസാക്ഷികളുടെ ശവകുടീരത്തിൽ പുഷ്പങ്ങളർപ്പിച്ചുകൊണ്ടാണ് ഞങ്ങൾ ഈ നിയമസഭയുടെ കവാടം കടന്നുവന്നത്. എപ്പോഴൊക്കെ മാർക്സിസ്റ്റ് പാർട്ടിക്ക്

സ്റ്റാലിനിസ്റ്റ് ഏകാധിപത്യത്തിന്റെ അധികാരപ്രഭുത്വം ബാധിച്ചിട്ടുണ്ടോ അവിടെയൊക്കെ ആ പാർട്ടിതന്നെ ഇല്ലാതായിപ്പോയിട്ടുണ്ട്. അതുകൊണ്ട് ആ മാർക്സിസ്റ്റ് പാർട്ടിയെ തിരുത്താനുള്ള ചാലകശക്തിയായി, യഥാർഥ ഇടതുപക്ഷ നിലപാടുകളെടുക്കാനുള്ള ഉത്തരവാദിത്വം ഞങ്ങളെപ്പോലുള്ള പ്രസ്ഥാനങ്ങൾക്കുണ്ട്. ഞങ്ങളെല്ലാം അംഗങ്ങളായി തിരഞ്ഞെടുക്കപ്പെട്ട ഈ നിയമസഭാ തിരഞ്ഞെടുപ്പ് കേവലം ഭരണമാറ്റം മാത്രം സംഭവിച്ച ഒരു തിരഞ്ഞെടുപ്പായിരുന്നോ; അല്ല. പുതുയുഗ സൃഷ്ടിക്കായി ചെങ്കൊടി പിടിക്കുന്നവർക്കുൾപ്പെടെ അഭിമാനത്തോടുകൂടി നൽകിയ ഒരു മാൻഡേറ്റ് ആയിരുന്നു ഈ തിരഞ്ഞെടുപ്പ് ഫലം. അതുകൊണ്ടാണ് തകരില്ലെന്ന് എക്കാലവും ഉറച്ചുവിശ്വസിച്ചിരുന്ന കോട്ടകൊത്തളങ്ങളെ തകർത്തുകൊണ്ട് പലർക്കും ഇന്ന് ഈ നിയമസഭയിൽ അംഗങ്ങളായി ഇരിക്കാൻ സാധിക്കുന്നത്. അന്ന് ഭരണപക്ഷമായിരുന്ന ഇന്നത്തെ പ്രതിപക്ഷം ഒരു കാര്യം ഓർക്കേണ്ടതുണ്ട്. ജനങ്ങൾ വിചാരിച്ചാൽ തകരാത്ത ഒരു കോട്ടകൊത്തളങ്ങളും പ്രബുദ്ധ മലയാളികൾ കേരള ചരിത്രത്തിൽ സൃഷ്ടിച്ചിട്ടില്ലെന്ന് ഓർമ്മപ്പെടുത്താൻ ഞങ്ങൾ ഈ അവസരം വിനിയോഗിക്കുകയാണ്. യു.ഡി.എഫ്.-ന്റെ നയം തിരഞ്ഞെടുപ്പിനുമുമ്പുതന്നെ ഞങ്ങൾ ജനങ്ങളുടെ മുന്നിൽ അവതരിപ്പിച്ചതാണ്. ആ നയം തന്നെയാണ് ടീം യു.ഡി.എഫ്. സർക്കാരിന്റെ സത്യപ്രതിജ്ഞാ ചടങ്ങ് മുതൽ, ആദ്യ മന്ത്രിസഭാ യോഗ തീരുമാനം മുതൽ ഈ നിയമസഭയിൽ 29-ാം തീയതി ബഹുമാനപ്പെട്ട ഗവർണ്ണർ പ്രഖ്യാപിച്ച നയപ്രഖ്യാപനത്തിൽ വരെ നമുക്ക് കാണാൻ സാധിക്കുന്നത്. ടീം യു.ഡി.എഫ്. സർക്കാരിന്റെ ഈ നയപ്രഖ്യാപനത്തിൽ സാമൂഹികനീതിയും സാമ്പത്തിക വളർച്ചയും പാരിസ്ഥിതിക ഉത്തരവാദിത്വവും ആധുനിക അടിസ്ഥാനസൗകര്യങ്ങളുടെ ഉറപ്പാക്കലും മാനുഷിക സഹാനുഭൂതിയും സാങ്കേതിക പുരോഗതിയും അവസര സമത്വവുമുണ്ട്. അതിലെല്ലാമുപരി മനുഷ്യസ്നേഹത്തിന്റെ പുഞ്ചിരി കൂടിയുണ്ട്. അതുകൊണ്ടാണ് ജെൻ-സി (Gen-Z) തലമുറയുടെ പൂക്കി സർക്കാരായി ടീം യു.ഡി.എഫ്. സർക്കാർ മാറിയത്. അതുകൊണ്ടുതന്നെയാണ് ഒരു പുതുയുഗ കേരളം ഇനി പിറവിയെടുക്കാൻ പോകുന്നുവെന്ന് ഞങ്ങൾ പറയുന്നത്. ഒരു ഇടതുപക്ഷ സർക്കാർ എങ്ങനെ നാട് ഭരിച്ചുകൂടാ എന്നതിന്റെ

ഉദാഹരണമായിരുന്ന ഒന്നാം പിണറായി വിജയൻ സർക്കാരെങ്കിൽ അതിന്റെ ഉത്തമ ഉദാഹരണമായിരുന്ന അവസാന പിണറായി വിജയൻ സർക്കാർ എന്ന് ഞങ്ങൾ ഇവിടെ പറയുകയാണ്. കേരളത്തിൽ കഴിഞ്ഞുപോയ രണ്ട് സർക്കാരുകളിൽ എങ്ങനെയാണ് ഇടതുപക്ഷ നയവ്യതിയാനം സംഭവിച്ച് അവർ തീവ്ര വലതുപക്ഷത്തേയ്ക്ക് പോയതെന്ന് ചൂണ്ടിക്കാണിക്കേണ്ടതിന്റെ ഉത്തരവാദിത്വം ചെങ്കൊടി പിടിക്കുന്ന ഞങ്ങളെപ്പോലുള്ളവർക്കുണ്ട്. ഇല്ലെങ്കിൽ ഞങ്ങൾ ഇടതുപക്ഷ ആശയങ്ങളോട് ചെയ്യുന്ന ഒരു തെറ്റായിപ്പോകും. കേരളത്തിലെ ചെറുപ്പക്കാർ പി.എസ്.സി. റാങ്ക് ലിസ്റ്റിൽനിന്നും നിയമനം ആവശ്യപ്പെട്ട് സെക്രട്ടേറിയറ്റ് നടയിൽ തല മുണ്ഡനം ചെയ്തും മുട്ടിലിഴഞ്ഞും ശയനപ്രദക്ഷിണം നടത്തിയും പരലുപ്പിൽ മുട്ടുകാൽ വച്ചും പ്രതിഷേധിച്ചപ്പോൾ ആ സമരത്തെ കേൾക്കാതിരുന്നതാണ് കഴിഞ്ഞ സർക്കാരിന്റെ ഇടതുപക്ഷ നയവ്യതിയാനമെങ്കിൽ അവരെ ചോരയിൽ മുക്കി കൊല്ലാൻ ശ്രമിച്ചതും അവരുടെ സമരങ്ങളെ അവഗണിച്ചതുമാണ് കഴിഞ്ഞ സർക്കാരിന്റെ തീവ്ര വലതുപക്ഷനയം. ബഹുമാനപ്പെട്ട അംഗങ്ങൾ കെ-റെയിൽ മഞ്ഞക്കുറ്റിയെക്കുറിച്ച് ഇവിടെ സംസാരിച്ചു. നേരത്തെ ബഹുമാനപ്പെട്ട ഒരംഗം ഈ ഉപക്ഷേപത്തെ എതിർത്തുകൊണ്ട് സംസാരിച്ചപ്പോൾ സാമൂഹ്യാഘാത പഠനത്തെക്കുറിച്ച് പറഞ്ഞു. ആ സാമൂഹ്യാഘാത പഠനം നടത്താതെ കെ-റെയിൽ വരും എന്ന് പ്രസംഗിച്ചവർ അധികാരത്തിന്റെ മഞ്ഞപ്പിത്തം ബാധിച്ച മഞ്ഞക്കുറ്റി സ്ഥാപിച്ചത് ഇടതുപക്ഷ നയവ്യതിയാനമാണെങ്കിൽ ആ മഞ്ഞക്കുറ്റി സ്ഥാപിച്ചതിനെതിരെ പ്രതിഷേധിച്ചവരെ, അമ്മമാരെ, കുഞ്ഞുങ്ങളെ വഴിയിൽ വലിച്ചിഴച്ചതാണ് തീവ്ര വലതുപക്ഷനയം. ആശാ സമരങ്ങളുടെ ആവശ്യങ്ങളെ പരിഗണിക്കാതിരുന്നതാണ് കഴിഞ്ഞ സർക്കാരിന്റെ ഇടതുപക്ഷ നയവ്യതിയാനമെങ്കിൽ ആശാ സമരങ്ങളിൽ പങ്കെടുത്ത പ്രിയപ്പെട്ട അമ്മമാരെയും സഹോദരിമാരെയും അവഹേളിച്ചതും പുച്ഛിച്ചതും അവരുടെ സ്ത്രീത്വത്തെപ്പോലും അപമാനിച്ച് പ്രസംഗിച്ചതുമാണ് തീവ്ര വലതുപക്ഷനയം. നവകേരള സഭയിൽ പൗരപ്രമുഖരെ മാത്രം വിളിച്ചിരുത്തി സൽക്കരിച്ചത് ഇടതുപക്ഷ നയവ്യതിയാനമെങ്കിൽ അതിനെതിരെ കറുത്ത തുണിക്കഷ്ണം കൊണ്ട് പ്രതികരിച്ച ചെറുപ്പക്കാരെപ്പോലും തെരുവിലിട്ട് അവരുടെ തല

തല്ലിപ്പൊളിച്ച് ജയിലിലടച്ചതിനെ ന്യായീകരിച്ചതാണ് തീവ്ര വലതുപക്ഷനയം. ഈ ഉപക്ഷേപത്തെ എതിർത്ത് സംസാരിച്ചവർ ഒരു ചെറിയ കത്രികയെന്നോ ചെറിയ സൂചി എന്നോ ഇവിടെ സൂചിപ്പിച്ചു. ആ കത്രിക രോഗികളുടെ വയറിൽവച്ച് തുന്നിക്കെട്ടുന്നത് ഇടതുപക്ഷ നയവ്യതിയാനമെങ്കിൽ അതിനെ ന്യായീകരിക്കുന്നതും അതിൽ പ്രതിഷേധിക്കുന്നവരെ കളിയാക്കുന്നതും അധിക്ഷേപിക്കുന്നതുമാണ് തീവ്ര വലതുപക്ഷനയം. അവിശ്വാസികളായ ആക്റ്റിവിസ്റ്റുകളെ ശർക്കര ചാക്കുകളിൽ പൊതിഞ്ഞുകെട്ടി ട്രാക്ടറിൽ മലകയറ്റി യാത്ര ചെയ്യിപ്പിക്കുന്നതല്ല നവോത്ഥാനം. മറിച്ച് സർക്കാർ ഉടമസ്ഥതയിലുള്ള കെ.എസ്.ആർ.ടി.സി. ബസ്സുകളിൽ അവരെ സൗജന്യമായി യാത്ര ചെയ്യിക്കുന്നതാണ് യഥാർഥ നവോത്ഥാനമെന്ന് കഴിഞ്ഞ ഭരണപക്ഷത്തെ ബോധ്യപ്പെടുത്താൻ ഞങ്ങൾക്ക് ബാധ്യതയുണ്ട്.

ആർത്തവമുള്ള നമ്മുടെ പെൺമക്കൾക്ക് കലാലയങ്ങളിൽ ആർത്തവാവധി നൽകുന്നതാണ് യഥാർഥ സ്ത്രീപക്ഷ നവോത്ഥാനമെന്ന് ഓർമ്മപ്പെടുത്തുന്നതുകൂടിയാണ് ഞങ്ങളുടെ ഉത്തരവാദിത്വം.

വന്യജീവികൾ മനുഷ്യനെ ആക്രമിക്കുമ്പോൾ ഉറക്കം നടിക്കുന്നതല്ല, മറിച്ച് അവരെ ചേർത്തുനിർത്തി ജീവനും സ്വത്തിനും സംരക്ഷണം നൽകുന്നതാകണം മനുഷ്യപക്ഷ സർക്കാർ എന്നും ഇപ്പോൾ പ്രതിപക്ഷത്തിന് മനസ്സിലാകുന്നുണ്ടാകും. ഉപരിപഠനത്തിനും തൊഴിലിനുമായി ചെറുപ്പക്കാരെ വിദേശത്തേയ്ക്ക് പറഞ്ഞയയ്ക്കുന്നതല്ല വികസനത്തിന്റെ അളവുകോൽ എന്നും മറിച്ച് ജനിച്ച നാട്ടിൽ തൊഴിലെടുക്കാൻ, അന്തസ്സോടെ ജീവിക്കാൻ, അവർ ആഗ്രഹിക്കുന്ന കോഴ്സ് പഠിക്കാൻ അവസരമൊരുക്കിക്കൊടുക്കലാണ് യഥാർഥ വികസനമെന്ന് ഇപ്പോൾ പ്രതിപക്ഷത്തിന് മനസ്സിലാകുന്നുണ്ടാകും. ഈ സർക്കാർ എങ്ങനെയായിരിക്കും കേരളം ഭരിക്കാൻ പോകുന്നതെന്നതിന്റെ ദിശാസൂചിക അഥവാ ഇൻഡിക്കേറ്ററാണ് ഈ നയപ്രഖ്യാന പ്രസംഗമെന്ന് അഭിമാനത്തോടുകൂടി പറയുകയാണ്. ഈ സർക്കാർ ഒരു വിദ്യാർഥിപക്ഷ, യുവജനപക്ഷ, സ്ത്രീപക്ഷ, തൊഴിലാളിപക്ഷ സർക്കാരായിരിക്കുമെന്നത് വ്യക്തമാക്കുന്നതാണ് ബഹുമാനപ്പെട്ട ഗവർണ്ണർ ഇവിടെ

അവതരിപ്പിച്ച നയപ്രഖ്യാപന പ്രസംഗം. തെറ്റുകൾ തിരുത്താനുള്ളതുകൂടിയാണ്. ആ തെറ്റുകളെ അംഗീകരിക്കാത്ത, തിരുത്താൻ ഇനിയും തയ്യാറാകാത്ത മുൻ ഭരണപക്ഷമേ നിങ്ങളോട് ഞങ്ങൾക്ക് പറയാനുള്ളത്, നിങ്ങളോർക്കുക നിങ്ങളെങ്ങനെ ഇപ്പോൾ നിങ്ങളായി എന്ന്. നിങ്ങൾ എത്രത്തോളം ഇങ്ങനെ ചെറുതായി എന്ന് ഓർക്കുന്നത് നന്നായിരിക്കുമെന്നുമാത്രമാണ് ഞങ്ങൾക്ക് ഓർമ്മിപ്പിക്കാനുള്ളത്. ഈ സർക്കാരിന്റെ നയം ഇതിനകം കേരളത്തിന് വ്യക്തമാണ്. കേരളത്തിന്റെ ഭാവിതലമുറ എത്ര പ്രതീക്ഷയോടുകൂടിയാണ് ഈ സർക്കാരിനെ നോക്കിക്കാണുന്നതെന്ന് കേരള സർക്കാരിന്റെ പുതിയ നയങ്ങളും നിലപാടുകളും തീരുമാനങ്ങളും ഉത്തരവുകളുംകൊണ്ട് ജനങ്ങൾക്ക് ബോധ്യപ്പെട്ടുകഴിഞ്ഞു. ഒരു യഥാർഥ ഇടതുപക്ഷ സോഷ്യലിസ്റ്റ് പുതുയുഗ കേരളത്തിന്റെ സർക്കാരിനൊത്ത ഒരു ജനകീയ പ്രതിപക്ഷമാകാൻ, ഒരു നല്ല ഇടതുപക്ഷമാകാൻകൂടി ഈ സർക്കാരിന്റെ നയംമൂലം പ്രതിപക്ഷത്തിന് സാധിക്കട്ടെ, അല്ലെങ്കിൽ ഈ സർക്കാരിന്റെ നയം ഇവരെ നല്ല പ്രതിപക്ഷമാക്കാനുള്ളതുകൂടി ആകട്ടെയെന്ന് ആഗ്രഹിച്ചുകൊണ്ട് ഈ നയപ്രഖ്യാപനത്തിന് നന്ദി രേഖപ്പെടുത്തിക്കൊണ്ട് അവതരിപ്പിച്ച ഉപക്ഷേപത്തെ ഒരിക്കൽക്കൂടി അഭിമാനപൂർവം അംഗീകരിച്ചുകൊണ്ട് നിർത്തുന്നു. നന്ദി നമസ്കാരം.

<u>ശ്രീ. പി. കെ. പ്രവീൺ</u>: സർ, ഈ നയപ്രഖ്യപന പ്രസംഗത്തെ ഞാൻ എതിർക്കുകയാണ്. ലക്ഷക്കണക്കിന് രൂപ ചെലവഴിച്ച് പഠിച്ചിറങ്ങുന്ന വിദ്യാർഥികൾ തൊഴിൽ തേടി വിദേശ രാജ്യങ്ങളിലേക്ക് പോകുകയാണ്. ഇത് പരിഹരിക്കാനുള്ള ഒരു നയവും ഈ നയപ്രഖ്യാപനത്തിലില്ല. കേരളത്തിൽ നിലവിലുള്ള സാഹചര്യത്തിൽ, നിർമ്മാണ മേഖലയിലും വ്യവസായിക മേഖലയിലും തൊഴിൽ സൃഷ്ടിക്കാൻ സാധിക്കും. എന്നാൽ ഒരു പദ്ധതിയും ഈ നയപ്രഖ്യാപനത്തിൽ കാണാൻ കഴിഞ്ഞിട്ടില്ല. കേരളത്തിൽ സാമ്പത്തിക ഭദ്രത നിലനിർത്തുന്നത് പ്രവാസികളാണ്. പശ്ചിമേഷ്യൻ യുദ്ധം ആരംഭിച്ചതോടെ പ്രവാസികൾ ആശങ്കയിലാണ്. എന്നാൽ, പ്രവാസികൾക്ക് പ്രയോജനം നൽകുന്ന ഒരു നയവും ഈ നയപ്രഖ്യാപനത്തിൽ കാണാൻ സാധിച്ചിട്ടില്ല. കേരളം കടുത്ത സാമ്പത്തിക പ്രതിസന്ധിയിലാണെന്നാണ് ബഹുമാനപ്പെട്ട മുഖ്യമന്ത്രി പറയുന്നത്. എന്നാൽ,

സമ്പത്ത് വർധിപ്പിക്കാൻ എന്ത് പദ്ധതിയാണ് നടപ്പാക്കുക എന്ന് വ്യക്തമാക്കണം. കഴിഞ്ഞ സർക്കാർ ഖജനാവിൽ 5429 കോടി രൂപയാണ് നീക്കിയിരിപ്പുവച്ചത്. ഇടതുപക്ഷ ജനാധിപത്യ മുന്നണി സർക്കാരിന്റെ പത്തുവർഷത്തെ ഭരണനേട്ടം പുതിയ സർക്കാരിന്റെ വികസന കാഴ്ചപ്പാടിനുള്ള അടിത്തറയാണെന്ന് അവർ മനസ്സിലാക്കേണ്ടതുണ്ട്. കേന്ദ്രസർക്കാർ കേരളത്തിനാവശ്യമായ വിഹിതം നൽകാതെ കേരളത്തെ ഞെരിച്ചുകൊണ്ടിരിക്കുമ്പോൾ, അതിനെ പ്രതിരോധിക്കാനോ, പ്രതികരിക്കാനോ സാധിക്കാത്ത നയപ്രഖ്യാപനം കേന്ദ്രസർക്കാരിനോട് മൗനം പാലിക്കുകയാണ് ചെയ്യുന്നത്. സഹകരണമേഖലയിൽ ജനവിശ്വാസം വീണ്ടെടുക്കണമെന്നാണ് ഈ സർക്കാർ പ്രഖ്യാപിക്കുന്നത്. എന്നാൽ, ടി മേഖലയെ തകർക്കുന്ന കേന്ദ്ര അന്വേഷണ ഏജൻസിയുടെ ശ്രമങ്ങൾക്ക് സർക്കാർ മൗനം പാലിക്കുകയാണ്. സ്ത്രീ സമൂഹത്തോടുള്ള കരുതലിന്റെ ഇടമാണ് കേരളത്തിലെ കുടുംബശ്രീ. ലോകത്തിന് മാതൃകയാണ് കുടുംബശ്രീ പ്രസ്ഥാനം. ചട്ടുലവും ജനാത്മകവുമായ ഈ സംവിധാനത്തോടുള്ള മൗനം ഉപേക്ഷിക്കണം. തങ്ങൾക്ക് അധികാരം ലഭിച്ചാൽ ലൈഫ് മിഷൻ പദ്ധതി പിരിച്ചുവിടുമെന്ന് നേരത്തെ ഇവിടെ സൂചിപ്പിക്കുകയുണ്ടായി. കേരളത്തിലെ ഭവനരഹിതരായ പാവപ്പെട്ട മനുഷ്യർക്ക് സ്വന്തമായൊരു വീട് എന്ന സ്വപ്നം സാക്ഷാത്കരിക്കുന്നതിന് ചരിത്രപരമായ മുന്നേറ്റം നടത്തിയ പദ്ധതിയാണ് ലൈഫ് മിഷൻ. കേരളത്തിന് എക്കാലത്തും അഭിമാനപൂർവം ഉയർത്തിപ്പിടിക്കാൻ കഴിയുന്നൊരു പദ്ധതിയാണിത്. ഇടതുപക്ഷവും വലതുപക്ഷവും തമ്മിലുള്ള വ്യത്യാസം എന്താണെന്ന ചോദ്യത്തിനുള്ള മറുപടികളിലൊന്നുകൂടിയാണ് ഈ പദ്ധതി. ലോകത്താകെയുള്ള കണക്കെടുത്താൽ ഏകദേശം 160 കോടിയോളം മനുഷ്യർ മതിയായ പാർപ്പിട സൗകര്യമില്ലാത്തവരാണ്. അതായത് ലോകത്തിന്റെ അഞ്ചിലൊന്ന് മനുഷ്യർ പാർപ്പിടമില്ലാതെ കഷ്ടപ്പെടുകയാണ്. അതിശൈത്യം സഹിക്കാനാകാതെ ഓരോ വർഷവും ഇന്ത്യയുടെ തലസ്ഥാനത്ത് മാത്രം നൂറുകണക്കിന് മനുഷ്യരാണ് തെരുവിൽ കിടന്നുമരിക്കുന്നത്. സ്വന്തമായി ഒരു വീടുണ്ടാകുക എന്നത് മനുഷ്യർക്ക് വളരെ വലിയ ആത്മവിശ്വാസമാണ് നൽകുന്നത്. കേരളത്തിലെ ലൈഫ് മിഷൻ പദ്ധതിവഴി പാർപ്പിട

സൗകര്യത്തെക്കുറിച്ചുള്ള നിരന്തരമായ അരക്ഷിതബോധത്തിൽനിന്നും ലക്ഷക്കണക്കിന് മനുഷ്യർ മോചിതരായിരിക്കുകയാണ്. അഗതികൾ, മാനസിക വെല്ലുവിളികൾ നേരിടുന്നവർ, ട്രാൻസ്ജെൻഡർ, വിധവകൾ, ദളിത് ആദിവാസി വിഭാഗങ്ങൾ എന്നിവർക്ക് മുൻഗണന നൽകി അവരെ സാമൂഹികമായി മുഖ്യധാരയിലേക്ക് കൊണ്ടുവരാൻ കഴിഞ്ഞ സർക്കാർ കാണിച്ച ഇച്ഛാശക്തി ചരിത്രപരമാണ്. 'മനസ്സോടിത്തിരി മണ്ണ്' എന്ന ക്യാമ്പയിനിലൂടെ ഭൂരഹിതർക്ക് ഭൂമി കണ്ടെത്താനും ജനങ്ങളെയൊന്നാകെ അണിനിരത്താനും കോടിക്കണക്കിന് രൂപയുടെ സ്പോൺസർഷിപ്പുകൾ കണ്ടെത്താനും മുൻസർക്കാരിന് സാധിച്ചിട്ടുണ്ട്. ഇതിനകം 500962 കുടുംബങ്ങൾക്ക് സുരക്ഷിതമായ ഭവനം നൽകാൻ കഴിഞ്ഞിട്ടുണ്ട്. 20,20,831 കോടി രൂപ ചെലവഴിച്ച ഈ പദ്ധതിക്ക് 88 ശതമാനത്തിലധികം തുകയും സംസ്ഥാന സർക്കാരും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുമാണ് വഹിച്ചത്. എന്നാൽ, കേരളത്തിലെ പാവങ്ങളുടെ അത്താണിയായ ഈ പദ്ധതിയെ രാഷ്ട്രീയ തിമിരം ബാധിച്ച ഇന്നത്തെ സർക്കാർ കഴുത്ത് ഞെരിച്ചുകൊല്ലുകയാണ്. കഴിഞ്ഞ സർക്കാരിന്റെ പേരിൽ അറിയപ്പെടുന്ന ഒരു പദ്ധതിയും ഇവിടെ തുടരേണ്ടതില്ലെന്നാണോ ഈ രാഷ്ട്രീയ ലക്ഷ്യത്തിന്റെ പിന്നിലുള്ളത്. വികേന്ദ്രീകൃതമായ ആസൂത്രണത്തെ അട്ടിമറിക്കുന്ന അടിസ്ഥാനരഹിതമായ പുകമറ സൃഷ്ടിച്ച് പദ്ധതിയുടെ സാമ്പത്തിക ബാധ്യത മുഴുവൻ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ തലയിൽ കെട്ടിവച്ച് ഈ സർക്കാർ ഒളിച്ചോടുകയാണ്. സാമ്പത്തികമായി ശ്വാസംമുട്ടുന്ന തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് കോടിക്കണക്കിന് രൂപയുടെ ഈ ബാധ്യത എങ്ങനെ മുന്നോട്ടുകൊണ്ടുപോകാൻ സാധിക്കും. അതുപോലെ വികസനത്തിലൂടെ ഇരട്ടത്താപ്പ് നയമാണ് കാണിക്കുന്നത്. കഴിഞ്ഞ പത്തുവർഷം ഇടതുപക്ഷ സർക്കാർ കൊണ്ടുവന്ന എല്ലാ വികസനങ്ങളെയും അന്ധമായി എതിർത്തവരാണ് ഇപ്പോൾ പുതുയുഗകേരളം സൃഷ്ടിക്കുമെന്ന് അവകാശപ്പെടുന്നത്. ദേശീയ നിർമ്മാണത്തിന് എൽ.ഡി.എഫ്. ഭരണം തുടക്കംകുറിച്ചപ്പോൾ കീഴാറ്റൂർ സമരം നടത്തിയവരാണ് ഇന്നത്തെ ഭരണപക്ഷം. അതുപോലെ കെ-ഫോൺ പദ്ധതി മുടക്കാൻ ഹൈക്കോടതിയിൽ പോയവരും വയനാട് തുരങ്കപാത എതിർക്കുമെന്ന് പരസ്യമായി പ്രഖ്യാപിച്ചതും ഇന്നത്തെ

ഭരണകക്ഷിക്കാരാണ്. ഇവരെങ്ങനെയാണ് നാടിന്റെ വികസനം എക്കാലത്തും മുന്നോട്ടുകൊണ്ടുപോകാനുള്ള നയപ്രഖ്യാപനം നടത്തുന്നത്. എക്കാലത്തും വികസനം തടസപ്പെടുത്തിയ ഇവർക്ക് അത്തരത്തിലൊരു നയപ്രഖ്യാപനം നടത്താനുള്ള ധാർമ്മിക അവകാശമുണ്ടോയെന്ന് ചിന്തിക്കേണ്ടതുണ്ട്. ഈ നയപ്രഖ്യാപനത്തെ ഞാൻ പൂർണ്ണമായും എതിർത്തുകൊണ്ട് നിർത്തുകയാണ്.

ശ്രീ. ടി. കെ. ഗോവിന്ദൻ മാസ്റ്റർ: സർ, ഈ നന്ദിപ്രമേയത്തെ ഞാൻ പൂർണ്ണമായും പിന്തുണയ്ക്കുകയാണ്. കേരളത്തിന്റെ സമഗ്ര വികസനത്തിനും ജനക്ഷേമത്തിനുമുതകുന്ന ധാരാളം പദ്ധതികൾ ഇതിലുണ്ടെന്ന കാരണത്താലാണ് ഞാൻ ഈ നന്ദിപ്രമേയത്തെ പിന്തുണയ്ക്കുന്നത്. ചെറിയ കുട്ടികൾ മുതൽ വയോജനങ്ങൾ വരെയുള്ളവരുടെ ക്ഷേമത്തെ ഈ നയപ്രഖ്യാപനം അഡ്രസ്സ് ചെയ്യുന്നുണ്ട്. വയോജന വകുപ്പ് രൂപീകരിക്കാൻ ഒരു മന്ത്രിയെത്തന്നെ ചുമതലപ്പെടുത്താൻ ഈ ഗവൺമെന്റ് തീരുമാനിച്ചത് തികച്ചും അഭിനന്ദനാർഹമാണ്. അതുപോലെ ഇരുപത്തിയഞ്ച് ലക്ഷം രൂപയുടെ ആരോഗ്യ ഇൻഷ്വറൻസ് പദ്ധതി പാവപ്പെട്ടവർക്ക് ഏറെ പ്രയോജനം ചെയ്യുന്നതാണ്. ഇത്തരത്തിൽ ധാരാളം കാര്യങ്ങൾ ഈ നയപ്രഖ്യാപനത്തിലുള്ളതുകൊണ്ടാണ് ഈ നന്ദിപ്രമേയത്തെ പിന്തുണയ്ക്കുന്നത്. രാഷ്ട്രീയമായ ചില പ്രശ്നങ്ങൾ ഇവിടെ ചർച്ച ചെയ്യപ്പെട്ടിട്ടുണ്ട്. പ്രത്യേകിച്ച്, ഒരു തിരഞ്ഞെടുപ്പ് കഴിഞ്ഞയുടനെയാണ് ഈ സഭാ സമ്മേളനം ചേരുന്നത്. തിരഞ്ഞെടുപ്പിന്റെ ജയാപജയത്തെക്കുറിച്ച് ഇടതുപക്ഷവും വലതുപക്ഷവും ചർച്ച ചെയ്യുന്നുണ്ട്. സി.പി.ഐ.(എം.)-നുണ്ടായ വലിയ പരാജയത്തെക്കുറിച്ച് പാർട്ടി ചർച്ച ചെയ്യുകയാണ്. പക്ഷേ യഥാർത്ഥ പരാജയകാരണം കണ്ടെത്തുന്ന ചർച്ചയാണോ അവിടെ നടക്കുന്നതെന്ന് എനിക്ക് സംശയമുണ്ട്. കാരണം, പലപ്പോഴും തിരഞ്ഞെടുപ്പിൽ സി.പി.ഐ.(എം.) പരാജയപ്പെടുമ്പോൾ ഇത്തരം അഭ്യാസങ്ങൾ നടത്താറുണ്ട്. അതിലൊന്നായാണ് ഞാനിതിനെ കാണുന്നത്. എവിടെയാണ് പാർട്ടി പരാജയപ്പെട്ടത്; അതിനുള്ള യഥാർത്ഥ കാരണമെന്താണ്; പാർട്ടിയുടെ അണികൾ പാർട്ടിക്കെതിരെ വോട്ട് ചെയ്തത് എന്തുകൊണ്ടാണ് എന്നത് പരിശോധിക്കാൻ പാർട്ടി തയ്യാറാകുന്നുണ്ടോ? ഈ

തിരഞ്ഞെടുപ്പിൽ പരാജയപ്പെട്ടത് പയ്യന്നൂർ, തളിപ്പറമ്പ് നിയോജകമണ്ഡലങ്ങളിലാണ്. സി.പി.ഐ.(എം.)-ന്റെ ഇന്ത്യയിലെത്തന്നെ ഏറ്റവും വലിയ ശക്തികേന്ദ്രമാണ് പയ്യന്നൂർ. തളിപ്പറമ്പാണെങ്കിൽ മൊറാഴയും ബക്കളവും അറാക്കലിന്റെ നാടായ കയരളവും കുഞ്ഞാക്കമ്മയുടെ നാടായ കണ്ടക്കൈയും പാടിക്കുന്ന് രക്തസാക്ഷികളും കാവുമ്പായി സമരസേനാനിയായ എ. കുഞ്ഞിക്കണ്ണന്റെ നാടായ മലപ്പട്ടവും എല്ലാം ഉൾപ്പെടുന്ന പ്രദേശമാണ് തളിപ്പറമ്പ്. ആ തളിപ്പറമ്പിൽ ഇടതുപക്ഷം പരാജയപ്പെട്ടു. എന്തുകൊണ്ടാണ് പരാജയപ്പെട്ടത്; എവിടെയാണ് വോട്ട് ചോർച്ചയുണ്ടായത്; പള്ളിയിൽനിന്നുള്ള നിർദേശംകൊണ്ടാണ് അവിടെ പരാജയപ്പെട്ടതാണെന്നാണ് ചില വിദഗ്ധന്മാർ പറയുന്നത്. അവിടെ ന്യൂനപക്ഷ വർഗീയതയുടെ ഉറഞ്ഞുതുള്ളലാണുണ്ടായതെന്നാണ് കണ്ണൂർ ജില്ല സെക്രട്ടറി പറയുന്നത്. യഥാർഥത്തിൽ വസ്തുത അതാണോ; എവിടെയാണ് പരാജയപ്പെട്ടത്; കമ്മ്യൂണിസ്റ്റുകാർതന്നെയാണ് സി.പി.ഐ.(എം.)-ന് എതിരെ വോട്ട് ചെയ്തിട്ടുള്ളത്. വോട്ട് ചെയ്തത് എന്തുകൊണ്ടാണ്; അത് നിങ്ങളുടെ സമീപനം കാരണമാണ്. അത് തിരുത്തണം. കഴിഞ്ഞ സർക്കാർ യാതൊന്നും ചെയ്തിട്ടില്ലെന്ന് ഞാൻ പറയില്ല, പല നല്ലകാര്യങ്ങളും ചെയ്തിട്ടുണ്ട്. എന്നിട്ടും എന്തുകൊണ്ടാണ് ഇടതുപക്ഷം മുപ്പത്തിയഞ്ച് സീറ്റിലേക്ക് ഒതുങ്ങിയത്; എന്തുകൊണ്ടാണ് യു.ഡി.എഫ്. 102 സീറ്റിലേക്ക് ഉയർന്നത്? അവിടെയാണ് പരിശോധിക്കേണ്ടത്. ജനാധിപത്യം സി.പി.ഐ.(എം.)അംഗീകരിച്ചില്ല. പാർട്ടിയിൽ ചർച്ച ചെയ്ത് പാർട്ടിയിൽ പറയുന്ന കാര്യങ്ങൾക്ക് പരിഗണന നൽകിയില്ല. അധികാരത്തിന്റെ അന്ധത ബാധിച്ചൊരു നേതൃത്വമാണ് നിങ്ങൾക്കുണ്ടായിരുന്നത്. അതുകൊണ്ടുതന്നെ താഴെക്കിടയിലുള്ള ചർച്ചകൾ കേൾക്കാനും പരിഗണിക്കാനും നിങ്ങൾ തയ്യാറായില്ല. അതിന്റെ ഫലമായാണ് നിങ്ങൾ പരാജയപ്പെട്ടത്. അതുപോലെ തൃക്കരിപ്പൂർ, പേരാമ്പ്ര നിയോജകമണ്ഡലങ്ങളിൽനിന്ന് എൽ.ഡി.എഫ്.-കൺവീനറെ പരാജയപ്പെടുത്തിയാണ് നമ്മുടെ കൊച്ചുസഹോദരി ഇവിടെ വന്നിട്ടുള്ളത്. ഇക്കാര്യങ്ങൾ കാണണ്ടേ; ഈ പാഠം പഠിക്കണ്ടേ; അത് പഠിക്കാൻ സി.പി.ഐ(എം) തയ്യാറാകുന്നില്ലെന്നതാണ് ഇവരുടെ അനുഭവത്തിൽനിന്ന് മനസ്സിലാക്കാൻ കഴിഞ്ഞത്.

കഴിഞ്ഞ സർക്കാർ ധാരാളം വികസനം നടത്തിയെന്ന് പറഞ്ഞു. അവർ അടിസ്ഥാന വർഗത്തെ മറന്നുപോയില്ലേ; കർഷികത്തൊഴിലാളികൾക്ക് അധിവർഷ ആനുകൂല്യം നൽകിയോ; നിർമ്മാണ തൊഴിലാളികളുടെ പെൻഷൻ കൊടുത്തുതീർത്തോ? കൈത്തറിത്തൊഴിലാളികൾക്ക് ആറുമാസത്തെ കൂലിയാണ് നൽകാൻ ബാക്കിയുള്ളത്, അത് ഇതുവരെ കൊടുത്തുതീർക്കാൻ കഴിഞ്ഞോ? ഞാൻ ഹാൻവീവിന്റെ ചെയർമാനായിരുന്ന സമയത്ത് ഇതിനുവേണ്ടി എത്ര തവണയാണ് ഓഫീസുകൾ കയറിയിറങ്ങിയിട്ടുള്ളത്. ഇടതുപക്ഷത്തിന് പ്രത്യേകിച്ച് സി.പി.ഐ.(എം.)-ന് വോട്ട് ചെയ്യേണ്ടവർ ആരാണ്? വലിയ നാഷണൽ ഹൈവേ വന്ന്, കോടികളുള്ള വാതിലുകൾ കൊട്ടുന്നവരല്ല, അതൊക്കെ വേണം പക്ഷേ നമ്മൾ അടിസ്ഥാന വർഗത്തെ മറന്നുപോകരുത്. അങ്ങനെ മറന്നുപോയതിന്റെ ഫലമാണ് ഇടതുപക്ഷം ഇന്ന് അനുഭവിച്ചത്. അവരാണ് വോട്ട് മാറി ചെയ്തത്. അതുകൊണ്ടാണ് സി.പി.ഐ.(എം.) പരാജയപ്പെട്ടത്. ഇനിയും പാഠം പഠിക്കാൻ നിങ്ങൾ തയ്യാറാകണം എന്നാണ് എനിക്ക് പറയാനുള്ളത്. ബി.ജെ.പി.-യുടെ ബഹുമാന്യരായ മൂന്ന് എം.എൽ.എ.-മാർ കേരള നിയമസഭയിൽ വന്നിരിക്കുന്നത് ആദ്യമായാണ്. മുമ്പ് അബദ്ധത്തിൽ ഒരാൾ വന്നെങ്കിലും ഇന്നത് മൂന്ന് പേർ ആയിട്ടുണ്ട്. നാളെയത് എത്ര പേരാകും എന്ന് നമുക്ക് പറയാൻ കഴിയില്ല. കേരള രാഷ്ട്രീയം അതീവ ഗുരുതരമായ അവസ്ഥയിലേക്കാണ് നീങ്ങിക്കൊണ്ടിരിക്കുന്നതെന്നത് ഇടതുപക്ഷവും വലതുപക്ഷവും വിലയിരുത്തി പോകണമെന്നുള്ള അഭിപ്രായമാണുള്ളത്. കാരണം ബി.ജെ.പി.-യുടെ വളർച്ച, ബംഗാളിന്റെ അനുഭവം നമ്മുടെ മുമ്പിലുണ്ട്. ബംഗാളിൽ കോൺഗ്രസും സി.പി.ഐ.(എം.)-ഉം തമ്മിൽ തല്ലിയവരാണ്, അത് വലിയ സംഘർഷമായിരുന്നു. അവസാനം കോൺഗ്രസും സി.പി.ഐ.(എം.)-ഉം യോജിച്ചിട്ടും അവിടെ അക്രമികളായുള്ള തൃണമൂൽ കോൺഗ്രസിനെയോ ബി.ജെ.പി.-യെയോ ചെറുക്കാൻ കഴിഞ്ഞില്ല. കാരണം അപ്പോഴേയ്ക്കും സി.പി.ഐ.(എം.) തകർന്നു, കോൺഗ്രസും തകർന്നു. യഥാർഥത്തിൽ കേരള രാഷ്ട്രീയം അതിലേക്കാണ് പോകുന്നത്. അന്ധമായ കോൺഗ്രസ് വിരോധം വച്ചുകൊണ്ട് എത്രകാലം സി.പി.ഐ.(എം.)-ന് മുമ്പോട്ടുപോകാൻ കഴിയും;

അന്ധമായ മാർക്സിസ്റ്റ് വിരോധം വച്ചുകൊണ്ട് കോൺഗ്രസിന് മുന്നോട്ടുപോകാൻ കഴിയുമോ; ആ നിലയിലേക്ക് ഇവിടെ വർഗീയശക്തികൾ ശക്തിപ്പെടുകയാണ്. ഈ രാഷ്ട്രീയത്തിന്റെ ആപത്ത് കാണാൻ, അത് തിരിച്ചറിയാൻ കേരളത്തിലെ ഇടതുപക്ഷത്തിനും വലതുപക്ഷത്തിനും സാധിക്കണം. അത് കേരളം നേരിടുന്ന ഏറ്റവും വലിയൊരു പ്രതിസന്ധിയായിട്ടാണ് ഞാൻ കാണുന്നത്.

<u>മാഡം ഡെപ്യൂട്ടി സ്പീക്കർ</u>: അങ്ങ് പ്രസംഗം ചുരുക്കണം....

<u>ശ്രീ. ടി. കെ. ഗോവിന്ദൻ മാസ്റ്റർ</u>: സർ, ഞാൻ അവസാനിപ്പിക്കുകയാണ്. അതുപോലെ സർക്കാരിന്റെ പുതിയ ചില നിർദേശങ്ങൾ വന്നിട്ടുണ്ട്. അതിലൊന്ന് റെയിലിനെപ്പറ്റിയുള്ള നിർദേശമാണ്. അത് കണ്ണൂർ വരെയല്ല, കാസർഗോഡ് വരെ നീട്ടണം. കാസർഗോഡ് ഈ സംസ്ഥാനത്തിന്റെ ഭാഗമാണെന്നുള്ളത് മറന്നുപോകരുത്. മറ്റൊരു കാര്യം പറയാനുള്ളത്, അസഹിഷ്ണുത നിങ്ങൾ അവസാനിപ്പിക്കണമെന്നാണ് സി.പി.ഐ.(എം) സഖാക്കളോട് എനിക്ക് അഭ്യർഥിക്കാനുള്ളത്. ഇപ്പോൾ നാട്ടിൽ കാണുന്നത് അസഹിഷ്ണുതയാണ്. എന്റെ നാട്ടിൽ എനിക്കെതിരെ കൂവാൻ ഇവർ ആളെ ഏർപ്പാടാക്കിയിരുന്നു. പക്ഷേ ആ ബൂത്തിൽ എനിക്ക് ലഭിച്ച വോട്ട് കാണണം. അവിടെയാണ് പാഠം പഠിക്കേണ്ടത്. വലിയ വോട്ടിന്റെ ഭൂപരിക്ഷമാണ് ആ ബൂത്തിൽ എനിക്ക് ലഭിച്ചത്. മലപ്പട്ടം എന്നത് കേരളമാകെ അറിയപ്പെടുന്ന നാടാണ്. പാർട്ടിയുടെ കേന്ദ്രമാണ്, അവിടെ ഞാനും എതിർ സ്ഥാനാർഥികളും തമ്മിലുള്ള വോട്ടിന്റെ വ്യത്യാസം കേവലം 600 വോട്ടിൽ ഒതുങ്ങിയെന്നത് നിങ്ങൾ മറന്നുപോകരുത്. അതുപോലെ തന്നെ ആന്തൂരിലും മൊറാഴയിലുമുണ്ട്. സംസ്ഥാന സെക്രട്ടറിയുടെയും സ്ഥാനാർഥിയുടെയും നാടായ മൊറാഴയിൽ 4000-5000 വോട്ടിന്റെ കുറവാണ് സി.പി.ഐ.(എം.)-ന് വന്നുചേർന്നത്. ഇതെല്ലാം നിങ്ങളുടെ അസഹിഷ്ണുതയുടെ പേരിലാണ്, ആ അസഹിഷ്ണുത അവസാനിപ്പിക്കണം. എന്റെ സത്യപ്രതിജ്ഞ കാണാൻ വന്നവർ എന്റെ ഫോട്ടോയും ബാനറും വച്ച് വരുന്ന ഒരു വാഹനത്തെ കല്ലെറിയുന്നു; എന്തിനാണ് ഈ അസഹിഷ്ണുത? ഞാൻ ചോദിക്കട്ടെ, സി.പി.ഐ.(എം.)-ലേക്ക് ആളുകൾ വന്നിട്ടില്ലേ; പഞ്ചായത്ത്

പ്രസിഡന്റ് മുതൽ കേന്ദ്ര മന്ത്രി വരെയുള്ള ആളുകൾ സി.പി.ഐ.(എം.)-ൽ വന്നപ്പോൾ കോൺഗ്രസ് അസഹിഷ്ണുത കാണിച്ചോ? ബി.ജെ.പി.-യിലെ അംഗമായിരുന്ന ശ്രീ. ഒ. കെ. വാസു മാഷ് ഉൾപ്പെടെയുള്ളവർ സി.പി.ഐ.(എം.) അംഗത്വം സ്വീകരിച്ചല്ലോ; ആർ.എസ്.എസ്. അസഹിഷ്ണുത കാണിച്ചോ?

മാഡം ഡെപ്യൂട്ടി സ്പീക്കർ: പ്ലീസ് കൺക്ലൂഡ്.. പ്ലീസ് കൺക്ലൂഡ്.

ശ്രീ. ടി. കെ. ഗോവിന്ദൻ മാസ്റ്റർ: സർ, അപ്പോൾ സി.പി.ഐ.(എം.)-ൽ നിന്നും ഒരാൾ എങ്ങോട്ടെങ്കിലും സ്വതന്ത്ര നിലപാട് എടുത്തുപോയാൽ അതിനോട് എന്തിനാണ് അസഹിഷ്ണുത? ഞാൻ ഒറ്റ കാര്യമേ പറയുന്നുള്ളൂ, 'ആയിരം പുഷ്പങ്ങൾ വിരിയട്ടെ' എന്ന് എന്നുപറയുന്ന ജനാധിപത്യത്തെക്കുറിച്ചുള്ള ബോധം സി.പി.ഐ.(എം.) സഖാക്കൾക്കുണ്ടാകണം. നിങ്ങൾ അസഹിഷ്ണുത അവസാനിപ്പിക്കണം. ജനങ്ങളോട് പെറുമാറേണ്ട രീതി, പാവങ്ങളോട് പെറുമാറേണ്ട രീതി, എന്ത് തെറ്റ് തിരുത്തൽ നടത്തിയാലും ഈയൊരു തെറ്റ് നിങ്ങൾ തിരുത്തില്ല.

മാഡം ഡെപ്യൂട്ടി സ്പീക്കർ: പ്ലീസ്.. പ്ലീസ്.. പ്ലീസ് കൺക്ലൂഡ്. അങ്ങേയ്ക്ക് അനുവദിച്ച സമയം കഴിഞ്ഞു.

ശ്രീ. ടി. കെ. ഗോവിന്ദൻ മാസ്റ്റർ: സർ, ആത്മാർഥമായി തെറ്റ് തിരുത്താൻ സി.പി.ഐ.(എം.) തയ്യാറാകണമെന്ന് അഭ്യർഥിക്കുകയാണ്. ഗവർണ്ണറുടെ പ്രസംഗത്തിന് നന്ദി രേഖപ്പെടുത്തുന്ന ഈ ഉപക്ഷേപത്തിനെ ഒന്നുകൂടി പിന്തുണച്ചുകൊണ്ട് ഞാൻ അവസാനിപ്പിക്കുന്നു.

ശ്രീമതി ഉമ തോമസ്: സർ, പി. ടി. തോമസിനെ എന്നപോലെ എന്നെയും ചേർത്തുപിടിച്ച് രണ്ടാമതും മിന്നുന്ന വിജയം നേടിത്തന്ന എന്റെ തൃക്കാക്കര ജനതയോട് ഹൃദയം നിറഞ്ഞ നന്ദി ചൊല്ലി ഞാൻ ആരംഭിക്കട്ടെ. ഗവർണ്ണർ അവതരിപ്പിച്ച നയപ്രഖ്യാപന പ്രസംഗത്തെയും നന്ദി രേഖപ്പെടുത്തിക്കൊണ്ട് ശ്രീ. എം. വിൻസെന്റ്, എം.എൽ.എ. നടത്തിയ ഉപക്ഷേപത്തെയും ഞാൻ അനുകൂലിക്കുന്നു. പുതുയുഗ കേരളം ലക്ഷ്യമാക്കിക്കൊണ്ടുള്ള സർക്കാരിന്റെ കാഴ്ചപ്പാടുകളാണ് ബഹുമാനപ്പെട്ട ഗവർണ്ണർ ശ്രീ.

രാജേന്ദ്ര വിശ്വനാഥ് ആർലേകർ ഒന്നേകാൽ മണിക്കൂർ സമയമെടുത്ത് സഭയിൽ അവതരിപ്പിച്ചത്. സാമ്പത്തിക വെല്ലുവിളികളെ സത്യസന്ധതയോടെ നേരിട്ട് സാമൂഹ്യനീതിയിൽ അധിഷ്ഠിതമായ സ്വപ്നപദ്ധതിയിലേയ്ക്കുള്ള ചുവടുവയ്പ്പിലൂടെ വികസനം നടപ്പാക്കുന്ന പുതുയുഗ കേരളം സൃഷ്ടിക്കുകയാണ് ഈ സർക്കാരിന്റെ ലക്ഷ്യം. തൃക്കാക്കര ഉപതിരഞ്ഞെടുപ്പിന്റെകാലത്ത് മുഖ്യമന്ത്രിയും 20 മന്ത്രിമാരും എന്റെ മണ്ഡലമായ തൃക്കാക്കരയിൽ വന്ന് തമ്പടിച്ച് ഇലക്ഷൻ പ്രവർത്തനം നടത്തി നേരിട്ട് കണ്ടറിഞ്ഞ പ്രശ്നമാണ് എന്റെ ജനതയുടെ കുടിവെള്ള പ്രശ്നം. 190 എം.എൽ.ഡി.-യുടെ ഒരു പുതിയ പ്ലാന്റ് നിർമ്മിച്ചാൽ മാത്രമേ 24x7 കുടിവെള്ള ലഭ്യത തൃക്കാക്കരയിലും സമീപപ്രദേശങ്ങളായ എറണാകുളത്തും കൊച്ചിയിലും ആലുവയിലുമൊക്കെയുണ്ടാകൂവെന്ന് തിരിച്ചറിഞ്ഞ്, അന്ന് എൽ.ഡി.എഫ്. സർക്കാരിന്റെ പ്രകടന പത്രികയിൽ എല്ലാ വീടുകളിലും കുടിവെള്ളം എത്തിക്കുമെന്ന വാഗ്ദാനമുണ്ടായിരുന്നു. 'ഏട്ടിലെ പശു പുല്ല് തിന്നുകയില്ലല്ലോ;' സാധാരണ ജനത്തിന്റെ അടിസ്ഥാനവികസനം നിങ്ങൾക്കെന്നും വിദൂരമായിരുന്നല്ലോ; വാഗ്ദാനങ്ങളിൽമാത്രമൊതുക്കി, ഒരു ജനതയുടെ പ്രാഥമിക പ്രശ്നം പരിഹരിക്കാൻ കഴിയാത്തതാണ് ഇവിടെയിരുന്ന നിങ്ങൾ ഇന്ന് അവിടെയിരിക്കുന്നതിന് കാരണം. പിച്ച വച്ച് തുടങ്ങുമ്പോൾ തന്നെ ഈ ഗവൺമെന്റ് പ്രകടനപത്രികയിൽ പറഞ്ഞിട്ടുള്ള ഇന്ദിരാ ഗാരന്റികൾ ഒന്നൊന്നായി നടപ്പാക്കാൻ പോകുകയാണ്. കുടുംബ പ്രാരാബ്ധം തലയിലേറ്റുന്ന, വീട്ടുജോലിക്ക് പോകുന്ന, മത്സ്യവില്പനയ്ക്ക് പോകുന്ന ഒട്ടനവധി സ്ത്രീകൾക്ക് സമാശ്വാസം പകരുന്ന ഒന്നാണ് കെ.എസ്.ആർ.ടി.സി.-യിൽ സ്ത്രീകൾക്ക് സൗജന്യയാത്ര എന്നത്. ഇതിലൂടെ ചെറിയ തുക മിച്ചം വയ്ക്കാനും കുടുംബ ബജറ്റിൽ ഈ തുക വിനിയോഗിക്കാനും സ്ത്രീകൾക്ക് സാധിക്കും. ക്ഷേമ പെൻഷൻ വർധിപ്പിച്ചത്, ആശാ വർക്കർമാരുടെ വേതനം വർധിപ്പിച്ചത്, ഉമ്മൻ ചാണ്ടിയുടെ നാമധേയത്തിൽ 25 ലക്ഷം രൂപയുടെ ആരോഗ്യ സുരക്ഷാ പദ്ധതി തുടങ്ങിയ ജനങ്ങൾക്ക് ഉപകാരപ്രദമായ അനവധി പദ്ധതികളാണ് പ്രഖ്യാപിച്ചിട്ടുള്ളത്. കോളേജ് വിദ്യാർഥിനികൾക്ക് അവരുടെ വിദ്യാഭ്യാസ സഹായമായി പ്രതിമാസം 1000 രൂപ വീതം എന്ന തീരുമാനം, സംരംഭകരാകാൻ ആഗ്രഹിക്കുന്ന

യുവജനങ്ങൾക്ക് അഞ്ച് ലക്ഷം രൂപ പലിശരഹിത വായ്പ, വയോജനങ്ങളുടെ ക്ഷേമത്തിനായി ഒരു പ്രത്യേക വകുപ്പ് രൂപീകരിക്കാനുള്ള തീരുമാനം ഇതെല്ലാം ഈ സർക്കാരിന് ജനങ്ങളോടുള്ള പ്രതിബദ്ധതയാണ് കാണിക്കുന്നത്. കഴിഞ്ഞ പത്ത് വർഷത്തെ എൽ.ഡി.എഫ്. ഭരണംകൊണ്ട് താറുമാറായ കേരളത്തിന്റെ സമ്പദ്‌വ്യവസ്ഥയുടെ നേർചിത്രം ഒരു ധവളപത്രത്തിലൂടെ ജനങ്ങൾക്ക് വ്യക്തമാക്കിക്കൊണ്ടാകും ഈ സർക്കാർ പുനരുജ്ജീവന പ്രക്രിയ ആരംഭിക്കുക എന്നത് സത്യസന്ധതയുള്ള ഭരണകൂടത്തിന്റെ പര്യായമായി മാറും. ഒറ്റയ്ക്ക് പ്രവർത്തിക്കുന്നതിനെക്കാൾ ഒരുമിച്ച് പ്രവൃത്തിക്കുകയാണ് നല്ലതെന്ന ജവഹർലാൽ നെഹ്റുവിന്റെ വാക്കുകൾ ഉദ്ധരിച്ചുകൊണ്ടാണ് നയപ്രഖ്യാപനത്തിന്റെ ആരംഭം. ക്രമസമാധാനം ഉറപ്പാക്കുക, സ്ത്രീ സുരക്ഷ ഉറപ്പാക്കുക, മയക്കുമരുന്ന് വ്യാപനം തടയുക തുടങ്ങിയ പദ്ധതികളിലൂടെ ജനങ്ങളെ ചേർത്തുപിടിച്ചുകൊണ്ടാണ് ഈ ഭരണകൂടം മുന്നോട്ടുപോകാൻ ഉദ്ദേശിക്കുന്നത്. സംസ്ഥാനത്തെ ഒരു സംയോജിത തുറമുഖ കേന്ദ്രമാക്കി മാറ്റാനുള്ള തീരുമാനം, ഓരോ പഞ്ചായത്തിലും നിലവിലുള്ളതും സാധ്യതയുള്ളതുമായ വനിതാ കർഷകരെ കണ്ടെത്തി കേരളത്തിലെ കാർഷിക മേഖലയിലെ സുപ്രധാന ശക്തിയായി വനിതാ കർഷകരെ മാറ്റുന്നതിനുള്ള പദ്ധതിക്ക് രൂപം നൽകുമെന്നുള്ള തീരുമാനം, നിക്ഷേപങ്ങൾ കൃത്യസമയത്ത് തിരിച്ചുനൽകാൻ സഹകരണ സംഘങ്ങളെ പ്രാപ്തമാക്കുന്നതിനും നിക്ഷേപക പദ്ധതിയിൽ മാറ്റങ്ങൾ വരുത്തുന്നതിനും നിക്ഷേപ സംരക്ഷണം ശക്തിപ്പെടുത്തുന്നതിനുമുള്ള തീരുമാനം, 60 വയസ്സിന് മുകളിലുള്ള സാംസ്കാരിക പ്രവർത്തകർക്ക് പെൻഷനും ആരോഗ്യ ഇൻഷ്വറൻസ് ഏർപ്പെടുത്താനുമുള്ള തീരുമാനം ഇവയെല്ലാം സർക്കാരിന്റെ നിശ്ചയദാർഢ്യത്തേയും ജനങ്ങളോടുള്ള പ്രതിബന്ധതയുമാണ് വ്യക്തമാക്കുന്നത്. എല്ലാ കുട്ടികൾക്കും അവർ ആഗ്രഹിക്കുന്ന വിഷയത്തിൽ പഠനം നടത്തുന്നതിനുവേണ്ടി പ്ലസ്ടു സീറ്റുകളുടെ എണ്ണം ആവശ്യകതയുടെ അടിസ്ഥാനത്തിൽ വർധിപ്പിക്കാനുള്ള തീരുമാനവും അക്കാദമിക് പലായനം കുറയ്ക്കുന്നതിനും പ്രഗല്ഭരായ വിദ്യാർഥികളെ കേരളത്തിൽ നിലനിർത്തുന്നതിനും സംസ്ഥാനത്ത് ആഗോളതലത്തിൽ മത്സരാധിഷ്ഠിതമായ ഉന്നത വിദ്യാഭ്യാസ സ്ഥാപനങ്ങൾ

വികസിപ്പിക്കുന്ന തീരുമാനവും വിദ്യാർഥികൾക്കിടയിൽ ശാസ്ത്ര അവബോധം വളർത്തുന്നതിന് ജവഹർലാൽ നെഹ്റു സയന്റിഫിക് സെന്ററുകൾ സ്ഥാപിക്കുന്ന തീരുമാനവും യുവതലമുറയുടെ കരുതലുള്ള സർക്കാരിന്റെ ആത്മാർഥതയാണ് ചൂണ്ടിക്കാണിക്കുന്നത്. സാമ്പത്തികവളർച്ചയും പാരിസ്ഥിതിക സംരക്ഷണവും ദിശയിലല്ലാതെ ഒരുമിച്ച് മുന്നേറുമെന്ന് ഉറപ്പാക്കികൊണ്ട്, Clean Energy Initiative Electric Mobility, പാരിസ്ഥിതിക ഉത്തരവാദിത്വമുള്ള വ്യവസായ വികസനം എന്നിവ പ്രോത്സഹിപ്പിക്കും എന്ന തീരുമാനം, അക്കാദമിക് പാഠ്യപദ്ധതിയിൽ പരിസ്ഥിതിക്കും കൂടുതൽ ഊന്നൽ നൽകുമെന്നുള്ള തീരുമാനം എന്നിവ സർക്കാരിന് പരിസ്ഥിതി സംരക്ഷണത്തിനോടുള്ള താൽപര്യമാണ് കാണിക്കുന്നത്. ലഹരി വസ്തുക്കളുടെ വർധിച്ചുവരുന്ന ദുരുപയോഗ ഭീഷണിയിൽനിന്നും കുട്ടികളെയും യുവജനങ്ങളെയും സംരക്ഷിക്കുന്നതിന് പ്രത്യേക ശ്രദ്ധ നൽകിക്കൊണ്ട് ആരോഗ്യം, വിദ്യാഭ്യാസം എന്നീ വകുപ്പുകളുടെ ഏകോപനത്തോടെയുള്ള 'സംസ്ഥാന വ്യാപക ലഹരി വിരുദ്ധ ദൗത്യം' എന്ന സർക്കാർ തീരുമാനം എടുത്തുപറയേണ്ടതാണ്. കേരളത്തിന്റെ ഐ.ടി. ഹബ്ബായ ഇൻഫോപാർക്കും സ്മാർട്ട്സിറ്റിയും സ്ഥിതി ചെയ്യുന്ന തൃക്കാക്കര മണ്ഡലത്തിൽ ആരോഗ്യ മേഖലയ്ക്ക് യാതൊരു പ്രാധാന്യവും നൽകാത്ത ഗവൺമെന്റായിരുന്നു ഇതിന് മുമ്പുണ്ടായിരുന്നത്. താലൂക്കാശുപത്രി ചികിത്സക്കായി ആലുവയിലും ജനറൽ ആശുപത്രി ചികിത്സക്കായി എറണാകുളത്തും മെഡിക്കൽ കേളേജ് ആശുപത്രി ചികിത്സക്കായി കളമശ്ശേരിയിലും പോകേണ്ടിവരുന്നതുമൂലം അവിടത്തെ ജനത അത്രയേറെ ബുദ്ധിമുട്ട് അനുഭവിച്ചിരുന്നു. ഏറ്റവുമധികം ആളുകൾ തിങ്ങിപ്പാർക്കുന്ന തൃക്കാക്കര നിയോജകമണ്ഡലത്തിൽ രോഗികളെ കിടത്തി ചികിത്സിക്കാനുള്ള ഒരാശുപത്രി അനുവദിക്കാൻപോലും കഴിഞ്ഞ സർക്കാരിന് സാധിച്ചിട്ടില്ല. പി. ടി. തോമസ് എം.എൽ.എ. ആയിരുന്നപ്പോൾ എം. എൽ. എ. ക്കുള്ള പ്രത്യേക വികസനഫണ്ടിൽനിന്നും ഒരുകോടി ഇരുപതുലക്ഷം രൂപ നൽകി പബ്ലിക് ഹെൽത്ത് സെന്റർ അപ്ഗ്രേഡ് ചെയ്യാമെന്ന് അന്നത്തെ ആരോഗ്യ വകുപ്പുമന്ത്രിയായിരുന്ന ശ്രീമതി. കെ. കെ. ശൈലജ ടീച്ചർ ഉറപ്പ്

നൽകിയതിനെത്തുടർന്ന് ഡയാലിസിസ് യൂണിറ്റിനായി ഫണ്ട് മാറ്റി വച്ചിട്ടും നിലവിൽ അത് സാധ്യമാകാത്ത അവസ്ഥയാണുള്ളത്. ടി പദ്ധതി അധിക സാമ്പത്തിക ബാധ്യതയുണ്ടാക്കുമെന്ന് പറഞ്ഞ് അതിനുശേഷം അധികാരത്തിൽവന്ന ആരോഗ്യ വകുപ്പുമന്ത്രി ശ്രീമതി വീണാ ജോർജ്ജ് അത് തിരസ്കരിക്കുകയാണ് ചെയ്തത്. കിടത്തി ചികിത്സിക്കാനുള്ള ഒരു ആശുപത്രിയും തൃക്കാക്കര നിയോജകമണ്ഡലത്തിൽ ഇല്ലെന്നുമാത്രമല്ല, പബ്ലിക് ഹെൽത്ത് സെന്റർ അപ്ഗ്രേഡ് ചെയ്യാനായി ടെക്നീഷ്യനെയും ഡോക്ടറെയും നിയമിക്കുമ്പോഴുണ്ടാകുന്ന അധിക സാമ്പത്തിക ബാധ്യത മുനിസിപ്പാലിറ്റി ഏറ്റെടുക്കാമെന്ന് പറഞ്ഞിട്ടുപോലും അത് സാധിച്ചുതരാത്ത ഒരു ഗവൺമെന്റാണ് മുമ്പുണ്ടായിരുന്നത്. കപ്പലുണ്ട്, കപ്പിത്താനുണ്ട് എന്നൊക്കെ പലപ്പോഴും പറയുമെങ്കിലും ആരോഗ്യമേഖലയിൽ ശ്രദ്ധിക്കാൻ മാഡത്തിന് നേരമുണ്ടായിരുന്നില്ലെന്ന കാര്യം പ്രത്യേകമായി എടുത്തുപറയാൻ ഞാൻ ആഗ്രഹിക്കുകയാണ്. കേരള ജനതയുടെ ശക്തിയിലും ബുദ്ധിയിലും ഉൾക്കരുത്തിലും ആഴത്തിൽ വിശ്വസിച്ച് കൂട്ടായ പ്രയത്നത്തിലൂടെ മുന്നിലുള്ള വെല്ലുവിളികളെ അതിജീവിക്കാമെന്ന ബോധ്യവും വരുംതലമുറയ്ക്ക് ആത്മവിശ്വാസത്തോടെ പിന്തുടർച്ചയാക്കാവുന്ന പുതുയുഗ കേരള സൃഷ്ടിയെന്ന സ്വപ്നം സാക്ഷാത്ക്കരിക്കാൻ സാധിക്കുമെന്ന ദൃഢനിശ്ചയവുമാണ് ഈ സർക്കാരിന്റെ കരുത്ത്. കേരള ജനതയുടെ സർവോന്മുഖമായ വികസനത്തിന് ഊന്നൽ നൽകുന്ന ഈ നയപ്രഖ്യാപനത്തെ ഒരിക്കൽക്കൂടി അനുകൂലിച്ചുകൊണ്ട് എന്റെ വാക്കുകൾ അവസാനിപ്പിക്കുന്നു.

ശ്രീ. ആര്യാടൻ ഷൗക്കത്ത്: സർ, കഴിഞ്ഞ പത്ത് മാസം മുമ്പ് നടന്ന നിലമ്പൂർ ഉപതിരഞ്ഞെടുപ്പിൽ ആദ്യമായി മത്സരിച്ച് പതിനൊന്നായിരം വോട്ടിന്റെ ഭൂരിപക്ഷത്തോടെ ഈ നിയമസഭയിലേയ്ക്ക് കടന്നുവരാൻ എനിക്ക് അവസരമുണ്ടായി. അതുകഴിഞ്ഞ് വീണ്ടും ആ പതിനൊന്നായിരത്തിന്റെ അഞ്ചിരട്ടിയായ അമ്പത്തയ്യായിരത്തോളം വോട്ടിന്റെ ഭൂരിപക്ഷത്തോടെ എന്നെ വിജയിപ്പിച്ച് ഈ നിയമസഭയിലേക്ക് അയച്ച നിലമ്പൂരിലെ ജനങ്ങളോട് ആദ്യമായി ഞാൻ നന്ദി പറയുകയാണ്. ഗവർണറുടെ നയപ്രഖ്യാപനത്തെ അനുകൂലിച്ചുകൊണ്ട് ശ്രീ. എം. വിൻസെന്റ് അവതരിപ്പിച്ച ഉപക്ഷേപത്തെ ഞാൻ

അനുകൂലിക്കുകയാണ്. കാരണം നമ്മുടെ നാട്ടിലെ ഏറ്റവും പ്രധാന പ്രശ്നം വിദ്യയും വൈദ്യവുമാണ്; ഏറ്റവും ചെലവേറിയതും അതുതന്നെയാണ്. ഇന്ന് ഒരു വീട്ടിൽ മൂന്നും നാലും മക്കളുണ്ടെങ്കിൽ അല്ലെങ്കിൽ രണ്ടോ മൂന്നോ പേരുണ്ടെങ്കിൽകൂടി അവർ എല്ലാവരും വിദ്യാർഥികളുമാണെങ്കിൽ കുടുംബ ബജറ്റ് തകരാറിലാകുന്നത് പലപ്പോഴും നാം കാണുന്നതാണ്. ഈ രംഗത്ത് കോളേജിൽ പഠിക്കുന്ന പെൺകുട്ടികൾക്ക് പ്രതിമാസം 1000/- രൂപ അനുവദിച്ച് നൽകുന്നതിന് ഒരു വലിയ തീരുമാനമെടുത്ത ഈ നയപ്രഖ്യാപന പ്രസംഗത്തെ ആർക്കാണ് അനുകൂലിക്കാതിരിക്കാൻ കഴിയുന്നത്? വൈദ്യരംഗത്തെ കാര്യമെടുത്താൽ, കഴിഞ്ഞ പത്തുവർഷക്കാലമായി കേരളത്തിൽ ദുരിതപൂർണ്ണമായ അവസ്ഥയാണ് സംജാതമായിരിക്കുന്നത്. എന്റെ നാട്ടിൽ മാത്രമല്ല, കേരളത്തിലുടനീളം പരിശോധിച്ചാൽ നമുക്ക് കാണാൻ സാധിക്കുന്നത് ഒരു കിഡ്നി മാറ്റൽ ശസ്ത്രക്രിയ, ലിവർ മാറ്റൽ ശസ്ത്രക്രിയ, പക്ഷാഘാതം-കാൻസർ-ഹൃദ്രോഗം എന്നിവ ബാധിച്ചാൽ സോഷ്യൽ മീഡിയ ഇൻഫ്ലുവൻസർമാരെക്കൊണ്ടുവന്ന് വീഡിയോ ഇട്ടിട്ടില്ലെങ്കിൽ നാട്ടിലെ സാധാരണക്കാരന് ചികിത്സ ലഭിക്കാത്ത അവസ്ഥയാണ് കാണുന്നത്. ഫിറോസ് കുന്നംപറമ്പിലോ, അഡ്വ. ഷമീറോ ഒക്കെവന്ന് വീഡിയോ പോസ്റ്റ് ചെയ്യുകയോ അല്ലെങ്കിൽ ബിരിയാണി ചലഞ്ച് നടത്തുകയോ ചെയ്തില്ലെങ്കിൽ നാട്ടിലെ സാധാരണക്കാരന് ചികിത്സ ലഭിക്കാത്ത ഒരവസ്ഥാവിശേഷമാണ് കഴിഞ്ഞ പത്തുവർഷക്കാലം കേരളത്തിലുണ്ടായിട്ടുള്ളത്. അതിനുമുമ്പ് അങ്ങനെയായിരുന്നില്ല. കേരളത്തിന് മുമ്പ് ഒരു മുഖ്യമന്ത്രിയുണ്ടായിരുന്നു; അത് ഉമ്മൻ ചാണ്ടിയായിരുന്നു. ഉമ്മൻചാണ്ടി മുഖ്യമന്ത്രിയായി ഭരിക്കുന്ന കേരളത്തിൽ കാരുണ്യ ബനവലന്റ് ഫണ്ടും എസ്.സി.-യ്ക്ക് പ്രത്യേക പദ്ധതിയും മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയും എസ്.ടി.-ക്ക് പ്രത്യേക പദ്ധതിയുമുണ്ടായിരുന്നു. അതൊന്നുമില്ലാതിരുന്ന കഴിഞ്ഞ പത്തുവർഷക്കാലം കേരളത്തിലെ ജനങ്ങൾ ഏറ്റവും ദുരിതപൂർണ്ണമായ അവസ്ഥയാണ് നേരിട്ടിരുന്നത്. അതിന് പരിഹാരമെന്നോണം അതേ ഉമ്മൻചാണ്ടി സാറിന്റെ പേരിൽ 25 ലക്ഷം രൂപയുടെ ഇൻഷ്വറൻസ് പദ്ധതി നടപ്പാക്കാനുള്ള ഈ മുന്നണിയുടെ നയപ്രഖ്യാപനത്തിലെ തീരുമാനത്തെ എങ്ങനെയാണ് അനുകൂലിക്കാതിരിക്കാൻ

സാധിക്കുക; ഇതൊക്കെ നാം പരിശോധിക്കുമ്പോഴും ഈ കഴിഞ്ഞ തിരഞ്ഞെടുപ്പിൽ കേരളത്തിൽ ഇടതുപക്ഷ ജനാധിപത്യ മുന്നണിക്കുണ്ടായത് വെറും പരാജയം മാത്രമല്ല, കേരളത്തിന്റെ നിയമസഭാ തിരഞ്ഞെടുപ്പ് ചരിത്രത്തിൽ ഇന്നേവരെയുണ്ടാവാത്ത തരത്തിലുള്ള തോൽവിയാണ് സംഭവിച്ചിരിക്കുന്നത്. കണക്കുകൾ പരിശോധിച്ചാൽ അത് മനസ്സിലാകും. ഞങ്ങൾ തോറ്റു. പക്ഷേ ഞങ്ങൾ ഫീനിക്സ് പക്ഷിയെപ്പോലെ ഉയിർത്തെഴുന്നേൽക്കുമെന്ന് നേതാക്കന്മാർ പറയുന്നുണ്ടെങ്കിലും കൃത്യമായ കണക്ക് പരിശോധിക്കുമ്പോൾ ഇടതുപക്ഷ ജനാധിപത്യ മുന്നണിക്കും കേരളത്തിലെ കമ്മ്യൂണിസ്റ്റ് പാർട്ടിക്കും ഇതേവരെയുണ്ടാകാത്ത ഒരു തോൽവിയാണ് സംഭവിച്ചിരിക്കുന്നത്. 1980-ൽ നടന്ന തിരഞ്ഞെടുപ്പിൽ 50.5 ശതമാനം വോട്ട് നേടിയാണ് ഇടതുപക്ഷ ജനാധിപത്യ മുന്നണി ഗവൺമെന്റ് അധികാരത്തിലേറിയത്. 1982-ൽ ഇടതുപക്ഷത്തിന് ഭരണം നഷ്ടപ്പെട്ടുവെങ്കിലും 47.26 ശതമാനത്തിന്റെ വോട്ടും 1987-ൽ 44.9 ശതമാനം വോട്ട് നേടി അധികാരം ലഭിക്കുകയും 1991-ൽ 48.6 ശതമാനം വോട്ടും 1996-ൽ 45.88 ശതമാനവും 2001-ൽ 43.7 ശതമാനവും 2006-ൽ 48.63 ശതമാനവും 2011-ൽ 44.94 ശതമാനവും 2016-ൽ 43.14 ശതമാനവും 2021-ൽ 45.28 ശതമാനവും വോട്ട് ഷെയർ ഉണ്ടായിരുന്നു. എന്നാൽ, 2026-ലെ തിരഞ്ഞെടുപ്പ് പരിശോധിക്കുമ്പോൾ 37.86 ശതമാനം വോട്ട് മാത്രമെ ഇടതുപക്ഷ ജനാധിപത്യ മുന്നണിക്ക് നേടാൻ സാധിച്ചുള്ളൂ. കേരളത്തിന്റെ നിയമസഭാ തിരഞ്ഞെടുപ്പ് ചരിത്രത്തിൽ ഇത്ര മോശമായൊരു പെർഫോമൻസ് എന്തുകൊണ്ട് ഇടതുപക്ഷ ജനാധിപത്യ മുന്നണിക്കുണ്ടായെന്ന് പരിശോധിക്കാൻ ഇപ്പോഴും അവർ തയ്യാറാകുന്നില്ലെന്നതാണ് യാഥാർഥ്യം. ഇടതുപക്ഷ ജനാധിപത്യ മുന്നണിയും കമ്മ്യൂണിസ്റ്റ് പ്രസ്ഥാനങ്ങളും പൂർണ്ണമായും ഇല്ലാതാകുന്നതിനോട് ഞങ്ങൾ ഒരിക്കലും യോജിക്കുന്നില്ല. ടി പ്രസ്ഥാനം ഇവിടെ നിലനിൽക്കണം. കാരണം കേരളം ഒരിക്കലും ബംഗാളും ത്രിപുരയും പോലെ ആകരുത്. അതുകൊണ്ടുതന്നെ കമ്മ്യൂണിസ്റ്റ് പാർട്ടി ഈ കാര്യം കൃത്യമായി പരിശോധിച്ചുകൊണ്ടുവേണം ഞങ്ങളെ കുറിച്ച് പറയാൻ എന്നുമാത്രമാണ് ഞാൻ സൂചിപ്പിക്കുന്നത്. മാത്രമല്ല, എന്തുകൊണ്ട് ഇങ്ങനെ സംഭവിക്കുന്നുവെന്ന് പരിശോധിച്ചാൽ, കമ്മ്യൂണിസ്റ്റ് പാർട്ടിക്ക് ആകെയുള്ള നയം എന്താണ്?

കോൺഗ്രസിനെ എതിർക്കുകയെന്നതാണ്. അത് ഇന്നും ഇന്നലെയും തുടങ്ങിയതല്ല. ക്വിറ്റ് ഇന്ത്യ സമരകാലഘട്ടമായ 1939-ൽ രണ്ടാം ലോക മഹായുദ്ധം തുടങ്ങുന്ന സമയത്ത് അത് സാമ്രാജ്യത്വ ശക്തികൾ തമ്മിലുള്ള പോരാട്ടമാണ് എന്നുമാത്രം പറഞ്ഞിരുന്ന കമ്മ്യൂണിസ്റ്റ് പാർട്ടി നാസി ജർമ്മനി 1941-ൽ സോവിയറ്റ് യൂണിയനെ അക്രമിച്ചപ്പോഴാണ് ഇത് 'ജനങ്ങളുടെ യുദ്ധമാണ്,' ഇത് 'പീപ്പിൾസ് വാർ' എന്ന് പറഞ്ഞുകൊണ്ട് രംഗത്തിറങ്ങിയെന്ന് മാത്രമല്ല, കൃത്യമായി പറഞ്ഞാൽ 1943 മാർച്ച് 15-ാം തീയതി അന്നത്തെ കമ്മ്യൂണിസ്റ്റ് പാർട്ടിയുടെ ജനറൽ സെക്രട്ടറി കൂടിയായ പി.സി. ജോഷി ബ്രിട്ടീഷ് ആഭ്യന്തര വകുപ്പ് മേധാവിയായ സർ റെജിനോൾഡ് മെയ്റ്റ്ലാൻഡ് മാക്സ്വെല്ലിന് (Sir Reginald Maitland Maxwell) കൃത്യമായൊരു കത്ത് എഴുതിയിരുന്നു. ആ കത്തിന്റെ കോപ്പി എന്റെ കയ്യിലുണ്ട്. കമ്മ്യൂണിസ്റ്റ് പാർട്ടിയുടെ ലെറ്റർ ഹെഡിൽ എഴുതി കൊടുത്ത കത്താണത്. മതനിരപേക്ഷത ജനാധിപത്യത്തെ ഊട്ടിയുറപ്പിക്കാൻ കമ്മ്യൂണിസ്റ്റുകാർ വഹിച്ച പങ്കിനെ കുറിച്ച് വളരെ കൃത്യമായി അതിൽ പറയുന്നുണ്ട്. പക്ഷേ കമ്മ്യൂണിസ്റ്റുകാരനായ പി.സി. ജോഷി അന്ന് ബ്രിട്ടീഷുകാരോടൊപ്പംനിന്ന് സ്വാതന്ത്ര്യ സമരത്തെ ഒറ്റിക്കൊടുക്കുക മാത്രമല്ല ചെയ്തത്, ഇന്ത്യൻ നാഷണൽ കോൺഗ്രസിന്റെ ഒളിത്താവളങ്ങളിൽ താമസിച്ചിരുന്ന കോൺഗ്രസ് നേതാക്കന്മാരെ കാട്ടിക്കൊടുക്കുന്ന ഉത്തരവാദിത്വം കൂടയാണ് ഏറ്റെടുത്തത്. എന്റെ കയ്യിലിരിക്കുന്ന ഈ കത്തിൽ വളരെ വ്യക്തമായി അത് പറയുന്നുണ്ട്. അതിലെ ചെറിയൊരു പാരഗ്രാഫ് ഞാനിവിടെ മലയാളത്തിൽ വായിക്കാം. 'ഉപകാരപ്രദമായ ലക്ഷ്യത്തിന് നിങ്ങളെ കണ്ടുമുട്ടുകയും കാര്യങ്ങൾ വിശദീകരിക്കുകയും ചെയ്യുന്നത് നിങ്ങൾക്ക് സഹായകരമാകുമെന്ന് ഞാൻ കരുതുന്നു. അതിന് ഞാൻ സദാ സന്നദ്ധമാണ്. മാത്രമല്ല, ഞങ്ങളുടെ സമൂഹങ്ങളിൽ കോൺഗ്രസിനെക്കുറിച്ചുള്ള സമീപനം നിങ്ങൾക്ക് സംശയാസ്പദമാണെന്ന് മെക്കൻസി എന്നോട് പറഞ്ഞിട്ടുണ്ട്. അങ്ങനെയാണെങ്കിൽ അത് ഞാനൊരു മെമ്മോയിലൂടെ കൃത്യമായി നിങ്ങൾക്ക് വിശദീകരിച്ചു തരാം.' ആരാണ് ഇത് പറഞ്ഞത്? കമ്മ്യൂണിസ്റ്റ് പാർട്ടിയുടെ ഓൾ ഇന്ത്യ സെക്രട്ടറിയായ പി.സി. ജോഷിയാണ് ഇത് പറഞ്ഞത്. കമ്മ്യൂണിസ്റ്റ് പാർട്ടി ഓഫ് ഇന്ത്യ എന്ന ലെറ്റർ ഹെഡിൽ എഴുതി കൊടുത്ത കത്താണിത്. ഞാൻ രേഖകൾ വച്ചുകൊണ്ടാണ് സംസാരിക്കുന്നത്.

*03-06-2026*
*Discussion on the motion of thanks to the Governor's address – contn.*

(ബഹളം... ) ഇന്ത്യയുടെ ആർക്കൈവ്സിൽ നിങ്ങൾക്ക് പരിശോധിക്കാൻ കഴിയുന്നതാണിത്. (.....ബഹളം....) അതുകഴിഞ്ഞ് കമ്മ്യൂണിസ്റ്റ് പാർട്ടി കാണുന്നതെന്താണ്? നമുക്ക് കൃത്യമായി അറിയാം. ഇവിടെ മതേതര ജനാധിപത്യത്തെക്കുറിച്ചാണ് ഇവർ പറയുന്നത്. ആരാണ് ഇന്ത്യയുടെ മതേതര ജനാധിപത്യത്തെ തകർത്തതെന്ന് കൃത്യമായ ബോധ്യം നമുക്കുണ്ട്. 1958-ലെ ഡൽഹിയിലെ മേയർ തിരഞ്ഞെടുപ്പിൽ കമ്മ്യൂണിസ്റ്റ് പാർട്ടി ജനസംഘവുമായി കൂട്ടുകൂടിയതിന്റെ ചരിത്രം രേഖകളിലുണ്ട്. ഇന്നും ഇന്നലെയും തുടങ്ങിയ ബാന്ധവമല്ലിത്. 1967-ൽ സംയുക്ത വിധായക് ദൾ എന്നൊരു മുന്നണിയുണ്ടാക്കി ഉത്തർപ്രദേശിൽ ചരൺസിങിനെ മുഖ്യമന്ത്രിയാക്കിയത് ആരാണ്? നിങ്ങളും ജനസംഘവും ചേർന്നാണ്; മാത്രമല്ല, നിങ്ങളുടെ മന്ത്രിയും ഉണ്ടായിരുന്നു. നിങ്ങളുടെ ജാർഖണ്ഡേ (Jharkhande) എന്നുപറയുന്ന കാബിനറ്റ് മിനിസ്റ്റർ ചരൺസിങിന്റെ മന്ത്രിസഭയിൽ അന്നത്തെ ജനസംഘവുമായി കൂട്ടുകൂടിക്കൊണ്ട് മന്ത്രിസഭ ഉണ്ടാക്കി. നിങ്ങളുടെ ആവശ്യമെന്തായിരുന്നു; കോൺഗ്രസിനെ ഇല്ലാതാക്കുക, അതുമാത്രമാണോ? 1967-ൽ പഞ്ചാബിൽ നടന്ന നിയമസഭാ തിരഞ്ഞെടുപ്പിൽ സത്യപാൽ ഡാങ് എന്ന കമ്മ്യൂണിസ്റ്റ് മന്ത്രിയുണ്ടായിരുന്നു. മറ്റു മന്ത്രിമാർ ആരൊക്കെയാണ്? അകാലി ദൾ-ന്റെ മന്ത്രി... ജനസംഘത്തിന്റെ മന്ത്രി... നിങ്ങൾ കുറുമുന്നണിയുണ്ടാക്കി; കൂട്ടുമുന്നണിയുണ്ടാക്കി; ജനസംഘവുമായി കഴിഞ്ഞ കാലത്ത് എത്രയോ ഭരണം പങ്കിട്ടവരാണ് കമ്മ്യൂണിസ്റ്റുകാർ, ഇടതുപക്ഷം. എന്നിട്ടാണ് 'ഞങ്ങൾ ജനാധിപത്യ മതേതരത്വത്തിന്റെ കാവൽക്കാരെന്നും അതിന്റെ അപ്പോസ്തലന്മാരാണെന്നും' നിങ്ങൾ പ്രഖ്യാപിക്കുന്നത്. 1977-നെക്കുറിച്ച് ഞാൻ നിങ്ങളോട് പറയേണ്ട കാര്യമില്ല. ഏതു ചെകുത്താനുമായി കൂട്ടുകൂടി കോൺഗ്രസിനെ പുറത്താക്കുമെന്ന് ആദ്യം പറഞ്ഞത് ആരാണ്? ഇ.എം.എസ്. നമ്പൂതിരിപ്പാടാണ്. നിങ്ങൾ കൂടിയില്ലേ; നിങ്ങൾ കൂട്ടുകൂടുക മാത്രമല്ല ചെയ്തത്. ഞാനിപ്പോഴും ഓർക്കുകയാണ്. ഞാൻ അന്ന് സ്കൂളിൽ പഠിക്കുന്ന ഒരു വിദ്യാർഥിയാണ്. അന്ന് നിങ്ങൾ വിളിച്ച ഒരു മുദ്രാവാക്യമുണ്ട്. കമ്മ്യൂണിസ്റ്റ് പാർട്ടിയുടെ നേതാവ് മുന്നിൽ നിൽക്കുന്നു. വലതുഭാഗത്ത് ജനസംഘത്തിന്റെ നേതാവ് നിൽക്കുന്നു. അന്ന് നിങ്ങൾ വിളിച്ച മുദ്രാവാക്യം എന്താണ്? 'ബഹുഗുണ പോയി ഗുണവും പോയി, നന്ദിനി പോയി നാറി പോയി,

കോൺഗ്രസ്സാകെ പാറി പോയി, ജഗജീവൻ പോയ് ജീവൻ പോയി, നാട് ഭരിക്കാൻ മൊറാർജി ദേശായ്, നാട് ഭരിക്കാൻ അടൽ ബിഹാരി, നാട് ഭരിക്കാൻ അദ്വാനി' എന്ന മുദ്രാവാക്യം വിളിച്ച് കൊടുത്ത കമ്മ്യൂണിസ്റ്റുകാർ, നിങ്ങളാണോ ഇന്ത്യയിലെ മതേതരത്വത്തെ കാത്തുസൂക്ഷിക്കാൻ മുന്നിട്ടിറങ്ങിയത്; നിങ്ങളാണ് അപ്പോസ്തലന്മാർ എന്ന് നിങ്ങൾക്കെങ്ങനെയാണ് പറയാൻ സാധിക്കുന്നത്? സമയക്കുറവുകൊണ്ട് ഞാൻ അതിന്റെ വിശദാംശങ്ങളിലേയ്ക്ക് പോകുന്നില്ല. എന്തിന് ഏറെപറയുന്നു, ആണവക്കരാറിന്റെ പേരിൽ നിങ്ങൾ കോൺഗ്രസ് ഗവൺമെന്റിന്റെ പിന്തുണ പിൻവലിച്ചു. പിന്തുണ പിൻവലിച്ച് അവിശ്വാസപ്രമേയം ഇന്ത്യൻ പാർലമെന്റിൽ പാസ്സായിരുന്നുവെങ്കിൽ ആരാണ് അധികാരത്തിൽ വരാൻ പോകുന്നത്; ബി.ജെ.പി. ആയിരുന്നുവെന്ന കൃത്യമായ ബോധ്യം നിങ്ങൾക്കില്ലേ; എങ്ങനെയാണ് അണ്ണാ ഹസാരെയെ കൊണ്ടുവന്നത്? നിങ്ങൾ ഒരുമിച്ച് നിന്നത് എങ്ങനെയാണെന്ന് കഴിഞ്ഞ കാലഘട്ടങ്ങളിൽനിന്ന് പറയേണ്ട കാര്യമില്ല. വി. പി. സിങ്ങിനെ പ്രധാനമന്ത്രിയാക്കിയ കാര്യം പറയേണ്ടതില്ല. കമ്മ്യൂണിസ്റ്റ് പാർട്ടിയുടെ ഇന്ത്യയിലെ ക്വിറ്റ് ഇന്ത്യ സമരം മുതൽ 2026 വരെയുള്ള ചരിത്രം പരിശോധിച്ചാൽ എന്നും ജനസംഘത്തെ അല്ലെങ്കിൽ ബി.ജെ.പി.-യുടെ ആദിമരൂപത്തെ അല്ലെങ്കിൽ ബി.ജെ.പി.-യെ കൂട്ടുപിടിച്ച ചരിത്രം മാത്രമാണ് കമ്മ്യൂണിസ്റ്റുകാർക്കുള്ളതെന്ന കൃത്യമായ രേഖകളാണുള്ളത്. ഇന്ത്യൻ ആർക്കൈവ്സിലെ രേഖകളാണ് അത് പറയുന്നത്. പ്രതിപക്ഷത്തിരുന്ന് ശബ്ദം വയ്ക്കുന്ന ആർക്കുവേണമെങ്കിലും ആ ലെറ്ററിന്റെ കോപ്പി ഞാൻ നൽകാം. ആർക്കൈവ്സിന്റെ എന്നമാത്രമാണ് പറയുന്നത്. ഞാൻ കൺക്ലൂഡ് ചെയ്യുന്നു.

<u>മാഡം ഡെപ്യൂട്ടി സ്പീക്കർ</u>: ബഹുമാനപ്പെട്ട അംഗം അങ്ങ് പറഞ്ഞ് കഴിഞ്ഞല്ലോ. പ്രസംഗം ചുരുക്കണം....

<u>ശ്രീ. ആര്യാടൻ ഷൗക്കത്ത്</u>: സർ, ജനങ്ങൾക്ക് ഇത്രമാത്രം സ്വതന്ത്രമായി ചിന്തിക്കാൻ കഴിയുന്നതും തല ഉയർത്തി പിടിച്ച് നിൽക്കാൻ കഴിയുന്നതും സ്വതന്ത്ര മനസ്സോടുകൂടി സംസാരിക്കാൻ കഴിയുന്നതുമായ കേരളത്തെ ഞാൻ ഉപമിക്കുന്നത് നേരത്തെ ശ്രീ. ജി. സുധാകരൻ എം.എൽ.എ. ഇവിടെ സൂചിപ്പിച്ചതിനോടുകൂടിയാണ്.

' Where the mind is without fear and the head is held high;
Where knowledge is free;
Where the world has not been broken up into fragments by narrow domestic walls;
............................... my Father, let my country awake' എന്നാണ് രബീന്ദ്രനാഥ് ടാഗോർ നമുക്ക് പറഞ്ഞുതന്നത്. ഈ ഗവൺമെന്റ് വന്നതിനുശേഷം Let awake my Kerala എന്നുകൂടി നമുക്ക് കൂട്ടിച്ചേർക്കാവുന്നതാണ്. ഉയർന്ന ശിരസ്സും നിർഭയമായ മനസ്സും കൊണ്ട് കേരളത്തിൽ പ്രവർത്തിക്കാൻ കഴിയുന്ന ഒരു അന്തരീക്ഷം ഉണ്ടാകട്ടെ. (.....ബഹളം....) (മൈക്ക് ഓഫ്)

<u>ശ്രീ. കെ. വി. സുമേഷ്</u>: സർ, പോയിന്റ് ഓഫ് ഓർഡർ..... ബഹുമാനപ്പെട്ട നിലമ്പൂർ അംഗത്തിന്റെ സംസാരത്തിനിടയിൽ തീർത്തും അസത്യമായ കാര്യങ്ങളാണ് ഇവിടെ അവതരിപ്പിച്ചത്. കമ്മ്യൂണിസ്റ്റുകാരായ ഞങ്ങൾ ഇന്ത്യൻ സ്വാതന്ത്ര്യസമരത്തെ ഒറ്റുകൊടുത്തു..... അയാളേതോ ശങ്കരാടിയുടെ രേഖ പോലെയുള്ള രേഖയും കൊണ്ടുവന്ന് ഇന്ത്യൻ സ്വാതന്ത്ര്യസമരത്തെ ഒറ്റിക്കൊടുത്തെന്നു പറഞ്ഞാൽ അത് സഭാരേഖകളിൽ ഉണ്ടാകാൻ പാടില്ല. ......... (.....ബഹളം....) സഭാരേഖകളിൽ ഉണ്ടാകാൻ പാടില്ല.

<u>മാഡം ഡെപ്യൂട്ടി സ്പീക്കർ</u>: ബഹുമാനപ്പെട്ട അംഗങ്ങൾ സീറ്റിലിരിക്കണം. ഇവിടെ ഉന്നയിച്ച കാര്യത്തിൽ ഒരു പോയിന്റുമില്ല. ബഹുമാനപ്പെട്ട അംഗം ആ രേഖകൾ ഇവിടെ വായിച്ചതാണ്. എല്ലാവരും സമയ ക്ലിപ്തത പാലിക്കണം. (.....ബഹളം....)

<u>ശ്രീ. കെ. എൻ. ബാലഗോപാൽ</u>: ചെയറിനെ ഭീഷണിപ്പെടുത്താൻ പാടില്ല. (.....ബഹളം....)

കൃഷി വകുപ്പുമന്ത്രി (<u>ശ്രീ. ടി. സിദ്ദിഖ്</u>): സർ, ഏതെങ്കിലുമൊരു രേഖയല്ല പറഞ്ഞത്. ബ്രിട്ടീഷ് ഹോം കൗൺസിൽ മെമ്പറായ സർ റെജിനോൾഡ് മെയ്റ്റ്ലാൻഡ് മാക്സ് വെല്ലിന് (Sir Reginald Maitland Maxwell) സഖാവ് ഡോ. സി. പി. ജോഷി എഴുതിയ ഇന്ത്യൻ ചരിത്രത്തിലെ രേഖയായ വസ്തുതയാണ് ശ്രീ. ആര്യാടൻ ഷൗക്കത്ത് പറഞ്ഞത്. അത് ഇല്ലാത്ത രേഖയല്ല. വ്യക്തമായ രേഖയാണ്; അതിനെ ഖണ്ഡിക്കാൻ കഴിയില്ല.

<u>മാഡം ഡെപ്യൂട്ടി സ്പീക്കർ</u>: മിനിസ്റ്റർ പറയട്ടെ..... ബഹുമാനപ്പെട്ട അംഗങ്ങൾ സീറ്റിലിരിക്കൂ. എല്ലാവരും സമയകൃത്യത പാലിച്ചേ മതിയാകൂ. പറഞ്ഞ കാര്യങ്ങളൊക്കെ എല്ലാവരും ശ്രദ്ധിച്ചു.

<u>ശ്രീ. പി. മമ്മിക്കുട്ടി</u>: സർ, എനിക്ക് മുമ്പ് സംസാരിച്ച് അംഗത്തിന് അഞ്ച് മിനിറ്റ് അധികമായി കൊടുത്തിട്ടുണ്ട്. അതുകൊണ്ട് എനിക്കും അധികസമയം അനുവദിക്കണം. നയപ്രഖ്യാപനത്തെ അനുകൂലിച്ചുകൊണ്ടാണ് ബഹുമാന്യനായ നിലമ്പൂർ എം.എൽ.എ. സംസാരം ആരംഭിച്ചതെങ്കിലും പിന്നീട് അതിൽ നയവുമില്ല പ്രസംഗവുമില്ല. അദ്ദേഹം കമ്മ്യൂണിസ്റ്റ് പാർട്ടിയെ ആക്ഷേപിക്കാൻവേണ്ടിയാണ് സമയം മുഴുവൻ ചെലവാക്കിയത്. സമയം അതിക്രമിച്ചത് പറയുകയും ചെയ്തു. അദ്ദേഹത്തിന്റെ വന്ദ്യപിതാവായ ആര്യാടൻ മുഹമ്മദ് ഉൾപ്പെടെ ഈ പ്രസ്ഥാനവുമായും ഇടതുപക്ഷ പ്രസ്ഥാനവുമായും യോജിച്ച് മത്സരിക്കുകയും മന്ത്രിയാവുകയുമൊക്കെ ചെയ്തിട്ടുണ്ട്. ആ കഥയൊക്കെ അയാൾ മറന്നിരിക്കുന്നു; മനസ്സിലായില്ലേ? അത് മകന് അറിയില്ലെന്നാണർത്ഥം. 1980-കളിൽ ലീഗിനെ സംബന്ധിച്ച് ആര്യാടൻ മുഹമ്മദ് പറഞ്ഞ കാര്യങ്ങൾ ഇപ്പോഴും രേഖകളിലുണ്ട്. സമയക്കുറവ് കാരണം ഞാൻ അതിലേക്ക് കടക്കുന്നില്ല. മറ്റൊന്ന്, കോൺഗ്രസിനെ സംബന്ധിച്ച് കോൺഗ്രസിൽതന്നെ നേതാക്കന്മാരായിരുന്ന മണിശങ്കർ അയ്യർ, കപിൽ സിബൽ എന്നിവർ പറയുന്നതുകൂടി നിങ്ങൾ കേൾക്കണം. പഴയ കോൺഗ്രസല്ല; ആ കോൺഗ്രസിന്റെ കാലം കഴിഞ്ഞിരിക്കുന്നു. പൊന്നാനിക്കാർ പുതിയാപ്ല കുടയെ കുറിച്ച് പറയുന്നതുപോലെയാണ് അദ്ദേഹം ഇവിടെ സംസാരിച്ചത്. പൊന്നാനിക്കാർ 25 വയസ്സിൽ കല്യാണം കഴിക്കുമ്പോൾ വാങ്ങിയ കുട അത് പുതിയാപ്ല കുട തന്നെയാണ്. 80 വയസ്സായ കാരണവരും ഇപ്പോൾ പുറത്തേക്ക് ഇറങ്ങുമ്പോൾ ഭാര്യയോട് പറയും ആ പുതിയാപ്ല കുട ഇങ്ങ് എടുക്കെന്ന്. 60 വർഷം കഴിഞ്ഞിരിക്കുന്നു; ആ കുടയുടെ കമ്പിയും കാലും ശീലയുമൊക്കെ മാറ്റിയിട്ടുണ്ട്, അതൊക്കെ പറഞ്ഞിട്ട് ആ കോൺഗ്രസല്ല ഈ കോൺഗ്രസ്. കുടയുടെ പിടിയും മാറ്റി. പക്ഷെ, മൂപ്പരുടെ സങ്കൽപ്പം പുതിയാപ്ല കുടയെന്നാണ്. അതുപോലെയാണ് ശ്രീ. ആര്യാടൻ ഷൗക്കത്ത്. ആ പഴയ കോൺഗ്രസിന്റെ മഹത്വം

പറഞ്ഞ് കമ്മ്യൂണിസ്റ്റുകാരെയൊന്നും ചോദ്യം ചെയ്യാനായിട്ടില്ല. ബാബറി മസ്ജിദ് തകർത്ത സംഭവം ഉണ്ടല്ലോ; അതുമായി ബന്ധപ്പെട്ട പ്രശ്നമില്ലേ; നിങ്ങളുടെ വന്ദ്യപിതാവ് മുസ്ലീം ലീഗിനെ സംബന്ധിച്ച് പറഞ്ഞ കാര്യങ്ങളില്ലേ; നിങ്ങൾക്കറിയില്ലേ; അത് ചർച്ച ചെയ്യപ്പെടണോ; എന്നിട്ട് കമ്മ്യൂണിസ്റ്റ് പാർട്ടി മോശമാണെന്നല്ലേ? ഇടതുപക്ഷ പ്രസ്ഥാനത്തിന്റെ നയസമീപനങ്ങളിൽ പോരായ്മകൾ എന്തെങ്കിലും ഉണ്ടെങ്കിൽ പരിശോധിച്ച് അതൊക്കെ തിരുത്തുകയും പരിഹരിക്കുകയും ചെയ്യും. അതിനൊക്കെയുള്ള ശേഷി ഞങ്ങൾക്കുണ്ട് എന്നർത്ഥം. മനസ്സിലായില്ലേ? അതുകൊണ്ട് ഞാൻ ആ കാര്യങ്ങളിലേക്ക് കടക്കുന്നില്ല. ഇവിടെ നയപ്രഖ്യാപനത്തെ സംബന്ധിച്ച് ഒരു പുതുയുഗം ആരംഭിക്കാൻ പോവുകയാണെന്നാണ് പറഞ്ഞിരിക്കുന്നത്. ആ പുതുയുഗം ആരംഭിക്കുന്നതിന്റെ ലക്ഷണമാണല്ലോ എറണാകുളത്ത് പാരിയത്തുകാവിൽ കണ്ടത്. അതേ രൂപത്തിലുള്ള യുഗം ആരംഭിക്കാനാണോ നിങ്ങൾ തീരുമാനിക്കുന്നത്. പട്ടികജാതി കോളനിയിലെ പാവപ്പെട്ട മനുഷ്യരെ അടിച്ചുതകർത്ത് തലപൊട്ടിച്ച് ഒരു നിലപാട് സ്വീകരിച്ച ആ പുതുയുഗ പരിപാടി അല്ലേ നിങ്ങളുടെ പദ്ധതി. വീടില്ലാത്ത പാവപ്പെട്ട ആളുകൾക്ക് വീട് കൊടുക്കാൻ ഇടതുപക്ഷ ജനാധിപത്യ മുന്നണി ഗവൺമെന്റ് കൊണ്ടുവന്ന പദ്ധതിയാണ് ലൈഫ് പദ്ധതി. ആ പദ്ധതിയെ സംബന്ധിച്ച് ഇതിൽ എന്തെങ്കിലും പറഞ്ഞിട്ടുണ്ടോ. വികസനവുമായി ബന്ധപ്പെട്ട് കിഫ്ബിയെ സംബന്ധിച്ച് സൂചിപ്പിച്ചിട്ടുണ്ടോ. അതുപോലെതന്നെ നെല്ലുല്പാദകർക്ക് ബോണസ് ഉൾപ്പെടെയുള്ള ആനുകൂല്യങ്ങളും നെല്ലിന് മെച്ചപ്പെട്ട വിലയും കേരളത്തിൽ കൊടുക്കുന്നില്ലേ. കേന്ദ്ര ഗവൺമെന്റിന്റെ സർക്കുലറിൽ ഇത്രയധികം വില നൽകാൻ പാടില്ലെന്ന് പറയുന്നുണ്ട്. ടി സർക്കുലറിന്റെ അടിസ്ഥാനത്തിൽ വില കൊടുക്കണമെന്നോ വില കൊടുക്കരുതെന്നോ കൂടുതൽ കൊടുക്കുമെന്നോ നയപ്രഖ്യാപനത്തിൽ നിങ്ങൾ പറഞ്ഞിട്ടുണ്ടോ. അത് നയപ്രഖ്യാപനത്തിൽ പറയണ്ടേ. അതുപോലെയുള്ള ഒട്ടേറെ കാര്യങ്ങളുണ്ട്. ഞാൻ അതൊന്നും വിശദീകരിക്കുന്നില്ല. തൊഴിലുറപ്പ് പദ്ധതിയെ സംബന്ധിച്ച് കേന്ദ്ര ഗവൺമെന്റ് സ്വീകരിച്ച നിലപാട് എന്താണ്. ടി പദ്ധതിക്ക് 40% വിഹിതം സംസ്ഥാന

ഗവൺമെന്റിന്റെയും 60% കേന്ദ്ര ഗവൺമെന്റിന്റേതുമായിരുന്നു. നിലവിൽ അത് 60% കേന്ദ്രവിഹിതവും 40% സംസ്ഥാന വിഹിതവുമായി കുറച്ചിട്ടുണ്ട്. പദ്ധതിയുടെ പേരും ഇപ്പോൾ മാറ്റിയിട്ടുണ്ട്. പേര് പറയാൻ തന്നെ ഒരു ദിവസം വേണമെന്നായി. ലക്ഷക്കണക്കിന് ആളുകൾക്ക് തൊഴിൽ ലഭിച്ചിരുന്ന തൊഴിലുറപ്പ് പദ്ധതിയെ സംബന്ധിച്ചുള്ള നിങ്ങളുടെ നിലപാട് വ്യക്തമാക്കേണ്ടേ. അതുപോലെയുള്ള ഒട്ടേറെ വിഷയങ്ങൾ സമയക്കുറവ് കാരണം ഞാൻ വിശദീകരിക്കുന്നില്ല. നയപ്രഖ്യാപനത്തെ സംബന്ധിച്ച് പറയുമ്പോൾ നയവും പ്രഖ്യാപനവും വേണം. റബ്ബർ കൃഷിക്കാർക്ക് റബ്ബറിന് എത്ര രൂപ നൽകുമെന്നോ താങ്ങുവില വർധിപ്പിക്കുമേന്നോ പറഞ്ഞിട്ടുണ്ടോ. നേരത്തെ നമ്മൾ 200 രൂപ നൽകിക്കൊണ്ട് റബ്ബർ ഏറ്റെടുക്കുന്നുണ്ടായിരുന്നു. റബ്ബർ കൃഷി സംബന്ധിച്ച് എതിരായ ഒരു നിലപാടല്ലേ കേന്ദ്ര ഗവൺമെന്റ് സ്വീകരിക്കുന്നത്. അവർക്ക് ഇത്രയും സംഖ്യ കൊടുക്കാൻ പാടില്ലെന്നല്ലേ പറയുന്നത്. ഇതൊക്കെ എം.ആർ.എഫ്. കമ്പനിക്ക് വേണ്ടിയല്ലേ. നെൽകൃഷിക്കാരുടെയും റബ്ബർ കർഷകരുടെയും കാര്യങ്ങളെ സംബന്ധിച്ച നിങ്ങളുടെ നിലപാട് വ്യക്തമാക്കിയിട്ടില്ല. തിരുവനന്തപുരം പട്ടണത്തെ സംബന്ധിച്ച് മാറാത്തത് മുഴുവൻ മാറും എന്നാണ് ബി.ജെ.പി.ക്കാർ പറയുന്നത്. മാറാത്തത് മുഴുവൻ മാറി മാറി നാറാത്തത് മുഴുവൻ നാറിക്കൊണ്ടിരിക്കുന്നൊരു സ്ഥിതിയാണിവിടെ. കേന്ദ്ര സംസ്ഥാന ഗവൺമെന്റുകളുടെ നിലപാട്, അവഗണന തുടങ്ങിയ കാര്യങ്ങളെ സംബന്ധിച്ച് ഒരക്ഷരം മിണ്ടാതെ കേരളത്തെ മുഴുവൻ സ്വർഗ്ഗമാക്കി മാറ്റുമെന്നാണ് നിങ്ങൾ പറയുന്നത്. പഴയ കാലത്തെ കാര്യമൊന്നും പറയുന്നില്ല. ബഹുമാന്യനായ ശ്രീ. എ. കെ. ആന്റണി ഒരു പദ്ധതി കൊണ്ടുവന്നല്ലോ. മുണ്ട് മുറുക്കിയുടുക്കുക എന്നാണദ്ദേഹം പറഞ്ഞിരുന്നത്. പിന്നീട് അധികാരത്തിലെത്തിയ ഉമ്മൻചാണ്ടി സർക്കാർ നടപ്പിലാക്കിയ 'അതിവേഗം ബഹുദൂരം' സംബന്ധിച്ച് ഒന്നും പറയുന്നില്ല. ബഹുമാന്യനായ സുഹൃത്ത് ശ്രീ. വി. ടി. ബൽറാം പറഞ്ഞത് നവയുഗപ്പിറവിയുമായി ബന്ധപ്പെട്ടുള്ള പദ്ധതികൾ നടപ്പിലാക്കും, അതിനായി ആദ്യത്തെ ക്യാബിനറ്റ് യോഗത്തിൽതന്നെ ക്ഷേമ പെൻഷനുകൾ കൂട്ടി നൽകുന്നത് സംബന്ധിച്ച തീരുമാനങ്ങൾ എടുത്തുവെന്നാണ്. 2016-ൽ ഇടതുപക്ഷ

ഗവൺമെന്റ് അധികാരത്തിൽ വന്നപ്പോൾ ഉമ്മൻചാണ്ടി ഗവൺമെന്റ് കുടിശ്ശിക വരുത്തിയ പതിനെട്ട് മാസത്തെ പെൻഷൻ കുടിശ്ശിക തീർത്ത് ആയിരം രൂപ വർധിപ്പിച്ചുകൊടുക്കുമെന്നായിരുന്നു ആദ്യത്തെ ക്യാബിനറ്റ് യോഗത്തിലെടുത്ത തീരുമാനം. അപ്പോൾ ഈ പദ്ധതിയിൽ പ്രഖ്യാപനങ്ങൾ മാത്രം പോരാ പ്രഖ്യാപനങ്ങൾ നടപ്പാക്കണം. ഒരുപാട് കാര്യങ്ങൾ ഇവിടെ പറഞ്ഞു. അതിനൊക്കെ എവിടുന്ന് പണം സമാഹരിക്കും. അതിനെ സംബന്ധിച്ച് എന്തെങ്കിലും പ്രൊപ്പോസൽ ഇതിൽ പറഞ്ഞിട്ടുണ്ടോ. ഇപ്പോൾ പൂച്ച പെറ്റുകിടക്കുന്ന ഖജനാവാണെന്നാണ് പറഞ്ഞത്. അത്രത്തോളം പറയേണ്ടിയിരുന്നില്ല എന്നർത്ഥം. പുതിയ ഗവൺമെന്റ് അധികാരത്തിൽ വന്നപ്പോൾ അതുമായി ബന്ധപ്പെട്ടുള്ള കാര്യങ്ങളൊക്കെ നിങ്ങൾ ചെയ്യുന്നുണ്ട്, കൊടുക്കുന്നുണ്ട്. ഖജനാവിൽ പണമുണ്ടായതുകൊണ്ടല്ലേ നിങ്ങൾ കൊടുക്കുന്നത്. ആ പണമില്ലെങ്കിൽ നിങ്ങൾക്ക് കൊടുക്കാൻ കഴിയുമോ. അതുമാത്രമല്ല പുതിയ പദ്ധതികൾ ആവിഷ്കരിക്കുമ്പോൾ അത് കൊടുക്കാനുള്ള സ്രോതസ്സ് എന്താണെന്ന് സൂചിപ്പിക്കേണ്ടതല്ലേ. പെട്രോളിയം ഉൽപന്നങ്ങളുടെ വില വർധനയുമായി ബന്ധപ്പെട്ട് ഇന്നലെ നമ്മൾ നടപടികൾ നിർത്തിവയ്ക്കാനുള്ള ഉപക്ഷേപം കൊണ്ടുവന്നു. മാർക്കറ്റിൽ ഇടപെട്ട് വിലക്കയറ്റം പിടിച്ചു നിർത്തുന്നതുമായി ബന്ധപ്പെട്ടുകൊണ്ടും സബ്സിഡികളും മറ്റ് ആനുകൂല്യങ്ങളും വർധിപ്പിക്കുന്നതുമായി ബന്ധപ്പെട്ടുകൊണ്ടും കെ.എസ്.ആർ.ടി.സി. ബസുകളിൽ സ്ത്രീകൾക്ക് സൗജന്യയാത്ര നടപ്പാക്കാനുദ്ദേശിക്കുന്നതുമൊക്കെ നല്ല കാര്യങ്ങൾ തന്നെയാണ്. കാര്യങ്ങൾ പറഞ്ഞുപോകാൻ എളുപ്പമാണ്. നടപ്പാക്കണ്ടേ. നടപ്പാക്കാൻ കഴിഞ്ഞ കാലത്തെ അനുഭവങ്ങൾ നമ്മുടെ മുമ്പിലില്ലേ. നിങ്ങൾ ഇപ്പോൾ ഇന്ദിരാ ഗ്യാരന്റിയെപ്പറ്റി പറയുന്നുണ്ട്. 'ഗരീബി ഹഠാവോ', 'ബെക്കാരി ഹഠാവോ', 'ഓരോ വീട്ടിലും ഒരാൾക്ക് ജോലി' എന്നിങ്ങനെയുള്ള ഒരുപാട് കാര്യങ്ങൾ കേരളത്തിൽ ചർച്ച ചെയ്യപ്പെട്ടതാണ്. അപ്പോഴാണ് പറയുന്നത് ഈ പ്രഖ്യാപനങ്ങളൊന്നും നടപ്പാക്കാനുള്ളതല്ലെന്നാണ് കഴിഞ്ഞ പ്രാവശ്യം അങ്ങനെയാണ് പറഞ്ഞത്. പ്രഖ്യാപനം എന്ന നിലയിൽ ഇലക്ഷൻ കാലത്ത് വല്ലതുമൊക്കെ പറയും അത് നടപ്പാക്കാനുള്ളതല്ല. പക്ഷേ ഇടതുപക്ഷ ജനാധിപത്യ മുന്നണി

ഗവൺമെന്റ് പ്രഖ്യാപിച്ച കാര്യങ്ങൾ നടപ്പാക്കാനുള്ളതായിരുന്നു. അത് നടപ്പാക്കാനുള്ള മാർഗങ്ങൾ കണ്ടെത്തി ഞങ്ങൾ നടപ്പാക്കിയിരുന്നു. പത്ത് വർഷത്തിനിടയിൽ ഇപ്പോൾ പെരുന്നാൾ വന്നപ്പോൾ ആളുകൾക്ക് പെൻഷൻ കിട്ടാത്ത സ്ഥിതിയുണ്ടായി. അതൊക്കെ വാർത്താ മാധ്യമങ്ങളായ മനോരമയും മാതൃഭൂമിയുമൊന്നും ചർച്ച ചെയ്യുന്നില്ല. മുഖ്യമന്ത്രി ചിരിക്കുന്ന ആളായതുകൊണ്ട് കുഴപ്പമൊന്നുമില്ല. 'പത്തിരിചുട്ട് അട്ടത്തുവച്ചാൽ പൈപ്പ് മാറുമോ പടച്ചോനെ' എന്ന് പണ്ടാരോ പറഞ്ഞതുപോലെ നന്നായി ചിരിച്ച് ഷെയ്ൻ ചെയ്തു പോയാലൊന്നും ആളുകളുടെ പ്രശ്നം പരിഹരിക്കപ്പെടാൻ കഴിയില്ല. അതൊക്കെ നല്ല കാര്യം തന്നെയാണ്. ബഹുമാന്യനായ നമ്മുടെ മുഖ്യമന്ത്രി പത്രക്കാരുടെ യോഗത്തിൽ 'മര്യാദക്കിരുന്നോണം അല്ലെങ്കിൽ പിടിച്ച് ഞാൻ പുറത്താക്കും' എന്ന് പറഞ്ഞത് എവിടെയെങ്കിലും ചർച്ച ചെയ്തോ. എന്നാൽ ബഹുമാന്യനായ മുൻ മുഖ്യമന്ത്രി 'നിങ്ങൾ മര്യാദക്ക് ഇരിക്കണം' എന്നല്ല 'നിങ്ങൾ അടങ്ങിയൊതുങ്ങിയിരിക്കണം അല്ലെങ്കിൽ നിങ്ങളെ പുറത്താക്കും' എന്നാണ് പത്ര റിപ്പോർട്ടർമാരോട് പറഞ്ഞത്. ബഹുമാനപ്പെട്ട മുഖ്യമന്ത്രി ശ്രീ. വി. ഡി. സതീശൻ ഇത് പറഞ്ഞാൽ അതിൽ യാതൊരു ആക്ഷേപവുമില്ല. ശ്രീ. പിണറായി വിജയൻ 'കടക്കു പുറത്ത്' എന്ന് പറഞ്ഞത് നിങ്ങൾ ഇവിടെ ചർച്ച ചെയ്തില്ലേ. അത് തന്നെയല്ലേ ശ്രീ. വി. ഡി. സതീശനും പറഞ്ഞത്. അതിന്റെ വീഡിയോ ഇല്ലേ. ഞാൻ പറഞ്ഞത് വാക്കുകളെ സംബന്ധിച്ചാണ്. ഇടതുപക്ഷക്കാർ പറഞ്ഞാൽ ഇതൊക്കെ മോശമാണ്. പറയാൻ പാടില്ല. വലതുപക്ഷക്കാർ പറഞ്ഞാൽ ഇതൊക്കെ കേമമാണ്. ആ നിലയിലുള്ള സമീപനമാണ് സ്വീകരിക്കുന്നത്. ഇടതുപക്ഷ ജനാധിപത്യ മുന്നണിക്ക് കഴിഞ്ഞ തെരഞ്ഞെടുപ്പിൽ വോട്ട് കുറഞ്ഞുവെന്നത് ശരിയാണ് .... (മൈക്ക് ഓഫ്)

<u>ശ്രീ. ടി. പി. അഷ്റഫ് അലി</u>: സർ, ബഹുമാനപ്പെട്ട കേരള ഗവർണർ അവതരിപ്പിച്ച നയപ്രഖ്യാപന പ്രസംഗത്തിന് നന്ദി രേഖപ്പെടുത്തിക്കൊണ്ട് ശ്രീ. എം. വിൻസെന്റ് അവതരിപ്പിച്ച നന്ദിപ്രമേയത്തെ ഞാൻ പൂർണമായും പിന്തുണക്കുന്നു. ജനാധിപത്യത്തിന്റെ ശ്രീകോവിലായ കേരള നിയമസഭയുടെ പതിനാറാം സഭയിൽ അംഗമാകാനും ഇവിടെ വന്ന് സംസാരിക്കാനും അവസരം ലഭിച്ചതിൽ ജഗന്നിയന്താവായ

അല്ലാഹുവിനെ ഞാൻ സ്തുതിക്കുന്നു. ഇങ്ങനെയൊരു അവസരം എനിക്ക് നൽകിയ എന്റെ പാർട്ടിയുടെ സംസ്ഥാന പ്രസിഡന്റ് ശ്രീ. പാണക്കാട് സയ്യിദ് സാദിഖലി ശിഹാബ് തങ്ങളോടും പാണക്കാട് കുടുംബത്തോടുമുള്ള നന്ദിയും കടപ്പാടും അറിയിക്കുകയാണ്. തന്റെ ഇരുപതാം വയസ്സിൽ അനശ്വര പ്രണയകാവ്യമായ ബദറുൽ മുനീറും ഹുസ്നുൽ ജമാലും രചിച്ച മോയിൻകുട്ടി വൈദ്യരുടെയും കൊണ്ടോട്ടി തങ്ങൾമാരുടെയും കൊണ്ടോട്ടി നേർച്ചയുടെയും കൊണ്ടോട്ടി തക്കിയയുടെയും ഖുബ്ബയുടെയും സാമൂതിരിയുടെ നെടിയിരുപ്പ് സ്വരൂപത്തിന്റെയും ഓമന്നൂർ ശുഹദാക്കളുടെയും കൊന്നാര് മഖാം ഉൾപ്പെടുന്ന സംസ്കാര സമ്പന്നമായ കൊണ്ടോട്ടിയിൽനിന്നും എം. പി. എം. അഹമ്മദ് കുരിക്കൾക്കും സി.എച്ച്. മുഹമ്മദ് കോയയ്ക്കും സയ്യിദ് അബ്ദുറഹിമാർ ബാഫക്കി തങ്ങൾക്കും പി. സീതി ഹാജിക്കും കെ. കെ. അബു സാഹിബിനും പി. കെ. കെ. ബാവ സാഹിബിനും കെ. എൻ. എ. ഖാദർ സാഹിബിനും കെ. കെ. മുഹമ്മദുണ്ണി ഹാജിക്കും ടി. വി. ഇബ്രാഹിമിനും ശേഷം കേരള സംസ്ഥാനത്തെ തിരഞ്ഞെടുപ്പുകളിലെ ഭൂരിപക്ഷങ്ങളുടെ കാര്യത്തിൽ അഞ്ചാമത്തെ ഏറ്റവും വലിയ ഭൂരിപക്ഷം നൽകി എന്നെ വിജയിപ്പിച്ച കൊണ്ടോട്ടിയിലെ സ്നേഹജനങ്ങൾക്ക് ഞാൻ എന്റെ അഭിവാദ്യങ്ങളും നന്ദിയും നേരുകയാണ്. വിദ്യാർഥി യുവജന കാലത്ത് പിന്തുണയായി നിന്ന സഹപ്രവർത്തകരോടും പ്രിയങ്കരനായ ലീഡർ ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി സാഹിബ് ഉൾപ്പെടെയുള്ള നേതാക്കന്മാരോടുമുള്ള നന്ദികൂടി അറിയിക്കാനും ഞാൻ ഈ അവസരം ഉപയോഗിക്കുകയാണ്.

മതേതരത്വവും ജനാധിപത്യവും നമ്മുടെ നാടിന്റെ ജീവവായുവാണ്. അതിനെ നാം മലിനപ്പെടുത്താതെ സംരക്ഷിക്കേണ്ടതുണ്ട്. വർഗ്ഗീയതയും വിദ്വേഷവും നാൾക്കുനാൾ പടർന്നുപന്തലിക്കുന്ന ഒരു കാലത്താണ് നമ്മളിവിടെ കൂടിയിരിക്കുന്നത്. കഴിഞ്ഞ രണ്ട് പതിറ്റാണ്ടുകാലത്തെ കേരളചരിത്രം പരിശോധിക്കുമ്പോൾ വർഗ്ഗീയതയ്ക്കും വിദ്വേഷത്തിനും ഇടം ലഭിക്കുന്നൊരു രീതി കണ്ടുവരുന്നുണ്ട്. ശക്തമായ നടപടി സ്വീകരിക്കേണ്ടൊരു സർക്കാർ കഴിഞ്ഞ പത്ത് വർഷമായി നിസ്സംഗത സ്വീകരിച്ചപ്പോൾ ചിലപ്പോൾ പ്രോത്സാഹിപ്പിച്ചപ്പോൾ കേരളത്തിൽ വർഗ്ഗീയതയും വിദ്വേഷവും വളർന്നുവലുതായതായി

കാണാൻ സാധിക്കും. വിദ്വേഷത്തെ ഏറ്റവുമധികം പ്രോത്സാഹിപ്പിക്കുന്ന ആളുകളുടെ ശൈലികളെ പട്ടും വളയും നൽകി സ്വീകരിക്കുന്ന നിലപാടുകൊണ്ട് ഇന്ന് വിദ്വേഷത്തിന് കേരളത്തിൽ വലിയ മാർക്കറ്റാണ്. കഴിഞ്ഞ പത്തുവർഷം പരിശോധിച്ചാൽ ഇസ്ലാമോഫോബിയ ആളിക്കത്തിക്കുന്നതിന് ഇടതുസർക്കാർ ഇന്ധനമൊഴിച്ചതായി കാണാൻ സാധിക്കും. ഇസ്ലാമോഫോബിയ തടയുമെന്ന് കരുതിയ ഇടതുസർക്കാർ അതിനെ ആളിക്കത്തിച്ചപ്പോൾ കേരളം ഭരിക്കുന്നത് മുസ്ലീം തീവ്രവാദികളായിരിക്കും, കേരളത്തിൽ മാറാട് ആവർത്തിക്കും, ആഭ്യന്തര വകുപ്പ് ലീഗിന് കൈമാറും തുടങ്ങിയ പല പ്രസ്താവനകളും ഈ തിരഞ്ഞെടുപ്പ് കാലത്തുകൂടി നമ്മൾ കേൾക്കേണ്ടി വന്നുവെന്നുള്ളത് കേരളത്തിന് അപമാനമാണ്. കേരളത്തിലെ മതേതര ജനവിഭാഗത്തെ അളക്കുന്നതിൽ ഇടതുപക്ഷത്തിന് പരാജയം സംഭവിച്ചുവെന്നുള്ളതിന്റെ ഉത്തമ ഉദാഹരണമാണ് ഈ തിരഞ്ഞെടുപ്പ് ഫലം. കേരളത്തിലെ ഇടതുപക്ഷത്തിന്റെ കൺവീനറെപ്പോലും പരാജയപ്പെടുത്തി മുസ്ലീംലീഗിന്റെ പുതിയ തലമുറയിലെ പെൺകുട്ടിയായി ശ്രീമതി ഫാത്തിമ തഹിലിയ ഈ സഭയിലെത്തിയത് കഴിഞ്ഞ കാലങ്ങളിൽ ഇടതുപക്ഷം സ്വീകരിച്ച ഈ ഇസ്ലാമോഫോബിയ നിലപാടുകൾക്കെതിരെയുള്ള ശക്തമായ ജനങ്ങളുടെ തിരുത്താണ്. ഈ ഗവൺമെന്റ് മുഖ്യമന്ത്രിയെ തീരുമാനിച്ചതിനുശേഷം കേരളത്തിന്റെ പ്രിയങ്കരനായ മുഖ്യമന്ത്രി ശ്രീ. വി. ഡി. സതീശൻ പറഞ്ഞത്; വർഗീയത പറയരുത്, മതേതര കേരളത്തിന് ഒരു പോറലും ഏല്പിക്കരുത്, വിദ്വേഷത്തോടും വർഗീയതയോടും യാതൊരു വിട്ടുവീഴ്ചയുമില്ലെന്നാണ്. ആ നയവും നിലപാടും ഈ സർക്കാർ ശക്തമായി തുടർന്നുപോയാൽ കേരളത്തെ ആ ഭ്രാന്താലയത്തിൽനിന്നും രക്ഷിക്കാൻ സാധിക്കുമെന്നുകൂടി സൂചിപ്പിക്കുകയാണ്. കുട്ടികളുടെ ഇഷ്ടതോഴനായ പൂക്കി മുഖ്യമന്ത്രിയുടെ അത്തരത്തിലുള്ള ശക്തമായ നിലപാട് കേരളത്തിന് നൽകിയിട്ടുള്ള പ്രതീക്ഷ ചെറുതല്ലെന്നുകൂടി ഞാൻ സൂചിപ്പിക്കുകയാണ്. ഈ കേരളത്തെക്കുറിച്ച് ഏതൊരു മലയാളിയും മനസ്സിൽ താലോലിക്കുന്ന ഒരു സ്വപ്നമുണ്ട്. പ്രശസ്ത ഗാനരചയിതാവ് പി. ഭാസ്കരൻ മാഷ് രചിച്ച കവിതയിലെ ഏതാനും വരികൾ ഇവിടെ ഉദ്ധരിക്കട്ടെ; "നാളികേരത്തിന്റെ നാട്ടിലെനിക്കൊരു നാഴിയിടങ്ങഴി മണ്ണുണ്ട് -

അതിൽ നാരായണക്കിളിക്കൂട്ട പോലുള്ളൊരു നാലു കാലോലപ്പുരയുണ്ട്". ലോകത്തിൽ എവിടെയുമുള്ള മലയാളിയും കേരളത്തിൽ വന്ന് സമാധാനത്തോടും സന്തോഷത്തോടുംകൂടി ജീവിക്കണമെന്ന് ആഗ്രഹിക്കുന്നവരാണ്. എന്നാൽ ഇതുപോലെയുള്ള ബഹളങ്ങൾ നടക്കുമ്പോൾ സ്കാൻഡിനേവിയൻ രാജ്യങ്ങളിലേക്ക് ഇവിടെനിന്ന് പലായനങ്ങളുണ്ടെന്നുള്ള കാര്യം ഈ വിദ്വേഷം പറയുന്ന രാഷ്ട്രീയ-സാമുദായിക നേതാക്കന്മാർ മറന്നുപോകരുതെന്നാണ് എനിക്ക് സൂചിപ്പിക്കാനുള്ളത്. വർഗീയത, വിദ്വേഷം എന്നിവ അളക്കുന്നതിനുള്ള മാനദണ്ഡമായ World Happiness Index-ൽ നമ്മുടെ രാജ്യം ഏതൊക്കെ നിലയിൽ നിൽക്കുന്നുവെന്നുള്ളത് പരിശോധിച്ചാൽ അതേക്കുറിച്ചൊക്കെ നമുക്ക് വ്യക്തമായി മനസ്സിലാക്കാൻ സാധിക്കുന്നതാണ്. അതിനാൽ ഒരു സഹിഷ്ണുത മന്ത്രാലയംകൂടി സ്ഥാപിച്ച് കേരളത്തിൽ ഇന്ന് പിടിമുറുക്കിയിട്ടുള്ള വർഗീയതക്കെതിരെയും വിദ്വേഷത്തിനെതിരെയും എല്ലാ വിഭാഗം ജനങ്ങളെയും ചേർത്തുനിർത്തി ശക്തമായ പ്രതിരോധം തീർക്കണമെന്നതാണ് സർക്കാരിന്റെ ശ്രദ്ധയിൽ കൊണ്ടുവരാനുള്ളത്. കേരളത്തിന്റെ പുറത്ത് സഞ്ചരിക്കുന്നവരോട് ആളുകൾ ചോദിക്കുന്നത് "ദ കേരള സ്റ്റോറി" എന്ന സിനിമയിൽ കാണുന്ന കാര്യങ്ങൾ സത്യമാണോയെന്നാണ്. അത്തരത്തിൽ കേരളത്തിന്റെ മുഖത്തെ വിവർണ്ണമാക്കുന്ന രീതിയിലുള്ള പ്രചരണങ്ങൾ സംഘ് പരിവാർ ഉൾപ്പെടെയുള്ള ആളുകൾ നടത്തിക്കൊണ്ടിരിക്കുന്ന ഒരു കാലത്ത് അങ്ങനെയല്ല ഈ നാട് എന്ന് പറയേണ്ട ഉത്തരവാദിത്വം നമുക്കുണ്ട്. ഫിഫ ലോകകപ്പിലേക്ക് കളിക്കാൻ അമേരിക്കൻ ഫുട്ബോൾ ടീമിനെ സെലക്ട് ചെയ്തപ്പോൾ ആ ടീമിൽ പതിനൊന്ന് കറുത്ത വർഗക്കാരുണ്ടെന്നുള്ളത് വർണ്ണവെറിയുടെ അപ്പോസ്തലനായ ഡോണൾഡ് ട്രംപ് ഭരിക്കുമ്പോൾപോലും ആ നാടിന് അങ്ങനെ ആകാനേ കഴിയുകയുള്ളൂ എന്നുള്ളതുകൊണ്ട് നമ്മുടെ നാട്ടിലും ഇതുപോലെയുള്ള വർഗീയ വിദ്വേഷ പരാമർശങ്ങളോ പ്രസംഗങ്ങളോ ആര് നടത്തിയാലും അതിനെ മറികടക്കാനുള്ള ശക്തി നമുക്കുണ്ടെന്നുള്ളതുകൂടി തെളിയിക്കേണ്ടതുണ്ട്. മുസ്ലീംലീഗ് കേരളം ഭരിച്ച കാലത്തെല്ലാം സമഭാവനയോടെയാണ് ഈ നാടിനെ കണ്ടിട്ടുള്ളത്. കേരളത്തിന്റെ പൊതുവിദ്യാഭ്യാസം സൗജന്യവും സാർവത്രികവുമാക്കിയ മന്ത്രിമാരെല്ലാം മുസ്ലീംലീഗിന്റെ

വിദ്യാഭ്യാസ മന്ത്രിമാരായിരുന്ന എന്നുള്ളത് എടുത്ത് പറയേണ്ടതാണ്. ആരാന്റെ വെള്ളം കോരികളും വിറകുവെട്ടികളുമായ ഒരു സമുദായത്തെ കേരളത്തിൽ ഏറ്റവും കൂടുതൽ എ-പ്ലസ് നേടുന്ന ജില്ലകളിലെ കുട്ടികളാക്കി മാറ്റിയതിനു പിന്നിൽ ആ രാഷ്ട്രീയ സൗന്ദര്യമാണെന്നുള്ള കാര്യം മറക്കരുത്. കഴിഞ്ഞ ഇടതുപക്ഷ സർക്കാർ മലപ്പുറത്തെ അപകീർത്തിപ്പെടുത്താനും വികസനങ്ങൾ നൽകാതെ ആ പ്രദേശത്തെ അവഗണിക്കാനും കിണഞ്ഞു പരിശ്രമിച്ചിട്ടുണ്ട്. വിദ്യാഭ്യാസ രംഗത്ത്, കഴിഞ്ഞ പത്തുവർഷമായി പ്ലസ് വൺ സീറ്റുകൾ നൽകാതെ പത്ത് തലമുറയെയാണ് വലിയ രീതിയിൽ ഇവർ കഷ്ടപ്പെടുത്തിയതെന്നുള്ള കാര്യം മറന്നുപോകരുത്. പ്രതിപക്ഷ എം.എൽ.എ.-യാണെന്ന ഒറ്റ കാരണത്താൽ മലപ്പുറത്തെ പ്രധാന നഗരങ്ങളിലേക്ക് റോഡുവികസനങ്ങൾ നൽകാതെ പ്രയാസപ്പെടുത്തിയിട്ടുണ്ട്. എന്റെ നിയോജകമണ്ഡലമായ കൊണ്ടോട്ടിയിലെ ഏറ്റവും പ്രധാനപ്പെട്ട റോഡുകളിലേയ്ക്കുള്ള പ്രൊപ്പോസൽ സമർപ്പിച്ചപ്പോൾ പ്രതിപക്ഷ എം.എൽ.എ. എന്നുള്ള ഒറ്റ കാരണത്താൽ മാത്രം അതിലേയ്ക്കുള്ള ഫണ്ട് അനുവദിക്കാതെ വളരെയധികം പ്രയാസപ്പെടുത്തിയിട്ടുണ്ട്. ജനങ്ങൾ മുഴുവനും റോഡിൽ അവരുടെ സമയം കളയുന്ന സാഹചര്യമാണ് ഇന്ന് അത്തരം പ്രദേശങ്ങളിൽ കാണാൻ സാധിക്കുന്നത്. കോഴിക്കോട് വിമാനത്താവളത്തിൽ നിലനിൽക്കുന്ന, ഒരു നിയോജകമണ്ഡലത്തെ പ്രതിനിധീകരിക്കുന്ന ഒരു വ്യക്തിയെന്ന നിലയിൽ വളരെ വേഗതയിൽ ഫ്ലൈറ്റ് പിടിക്കാൻ ഓടുന്ന മനുഷ്യർ ഈ വിധത്തിൽ ട്രാഫിക്കിൽപ്പെട്ട് ഫ്ലൈറ്റ് നഷ്ടമായ എത്രയോ ദുരനുഭവങ്ങളുണ്ടെന്ന കാര്യം നാം മറക്കരുത്. അതുകൊണ്ട് അത്തരം പ്രദേശങ്ങളിലൊക്കെ സന്തുലിതമായ വികസനങ്ങൾ നടത്തി ഏറ്റവും നല്ല രൂപത്തിൽ വിഭവവിതരണം നടത്തി മുന്നോട്ടുപോകാൻ ഈ സർക്കാർ ഉണ്ടാകുമെന്നുള്ള പ്രതീക്ഷയിലാണ് ജനങ്ങൾ. കാലിക്കറ്റ് എയർപോർട്ടിനെ ഏറ്റവും മികച്ച രീതിയിൽ ഒരു 'എയറോട്രോപോളിസ് സോൺ' എന്ന രൂപത്തിലേക്ക് അതിന്റെ പരിസരവും റോഡുകളും നന്നാക്കുന്ന വിധത്തിലേക്ക് ഉയർത്തികൊണ്ടുവരേണ്ടത് അത്യാവശ്യമാണ്. രാമനാട്ടുകരയിൽനിന്ന് എയർപോർട്ടിലേക്കുള്ള നാലുവരിപാതയുടെ പ്രൊപ്പോസൽ അടിയന്തരമായി പരിഗണിക്കേണ്ടതുണ്ട്. അതുപോലെതന്നെ എയർപോർട്ടിനുവേണ്ടി സ്ഥലം

നൽകിയവർ പലവിധ പ്രശ്നങ്ങൾ അഭിമുഖീകരിക്കുകയാണ്. എൻ.ഒ.സി. ലഭിക്കാത്തതുകൊണ്ടും വീട് നിർമ്മിക്കാൻ സാധിക്കാത്തതുകൊണ്ടും റോഡുനിർമ്മാണം വൈകുന്നതുമൂലമുള്ള പ്രശ്നങ്ങളാലുമൊക്കെ അവിടത്തെ ജനങ്ങൾ വളരെയധികം ബുദ്ധിമുട്ടുന്നുണ്ട്. അത്തരം പ്രശ്നങ്ങളിൽ ഈ സർക്കാരിന്റെ ഏറ്റവും മികച്ച ഇടപെടലുണ്ടാകുമെന്നാണ് പ്രതീക്ഷിക്കുന്നത്. സന്തുലിതവും സമഗ്രവുമായ ഒരു വികസന കാഴ്ചപ്പാടോടുകൂടി ഈ സർക്കാർ മുന്നോട്ടുപോകുമെന്നുള്ള പ്രതീക്ഷയാണ് ഈ നാട്ടിലെ ജനങ്ങൾക്കുള്ളത്. ഈ സർക്കാരിന്റെ പ്രവർത്തനങ്ങളെയും ബഹുമാനപ്പെട്ട ഗവർണ്ണർ അവതരിപ്പിച്ച നയപ്രഖ്യാപനത്തിന് നന്ദി രേഖപ്പെടുത്തിക്കൊണ്ടുള്ള ശ്രീ. എം. വിൻസെന്റിന്റെ ഉപക്ഷേപത്തെയും പിന്തുണച്ചുകൊണ്ട് ഞാൻ എന്റെ പ്രസംഗം അവസാനിപ്പിക്കുന്നു.

<u>ശ്രീ. പഴകുളം മധു</u>: സർ, ഗവർണ്ണർ നടത്തിയ നയപ്രഖ്യാപന പ്രസംഗത്തെയും നന്ദി രേഖപ്പെടുത്തിക്കൊണ്ടുള്ള ഉപക്ഷേപത്തെയും ഞാൻ ശക്തമായി പിന്തുണക്കുന്നു. കഴിഞ്ഞ മുപ്പതുവർഷക്കാലത്തെ ചരിത്രം തിരുത്തി റാന്നിയിൽ ഒരു പുതിയ ചരിത്രമെഴുതി എന്നെ നിയമസഭാംഗമായി തിരഞ്ഞെടുത്ത പ്രിയപ്പെട്ട സഹോദരീ-സഹോദരന്മാരോടുള്ള നന്ദിയും കടപ്പാടും ഞാൻ ആദ്യംതന്നെ രേഖപ്പെടുത്തുകയാണ്. കേരളത്തിൽ കഴിഞ്ഞ പത്തുവർഷക്കാലമായി നടക്കുന്ന ഇരുണ്ട യുഗത്തിന് അന്ത്യം കുറിച്ചുകൊണ്ട് ഒരു പുതിയ കേരളത്തെ സൃഷ്ടിക്കാനുള്ള എല്ലാ ലക്ഷ്യവും മുന്നോട്ടുവയ്ക്കുന്നതാണ് നന്ദി രേഖപ്പെടുത്തിക്കൊണ്ടുള്ള ഈ ഉപക്ഷേപം. അതുകൊണ്ടുതന്നെ ഇതിനെ ആരും എതിർക്കേണ്ടതായിട്ടില്ല. പക്ഷെ, പ്രതിപക്ഷത്തിന്റെ സമീപനം നിരാശാജനകമാണ്. ആദ്യ ദിവസം തന്നെ നമ്മുടെ ക്രിയാത്മക സഹകരണം എസ്.എഫ്.ഐ.-ക്കാരെക്കൊണ്ട് കാണിച്ചു. അവർ എന്തിനാണ് ഈ സമരം ചെയ്തതെന്ന് അവർക്കുപോലും അറിയില്ല. കേരളത്തിലെ വിദ്യാഭ്യാസരംഗത്തെ ഏതെങ്കിലും ആവശ്യമാണ് അവർ ഉന്നയിച്ചതെങ്കിൽ നമുക്കതിനെ അംഗീകരിക്കാമായിരുന്നു. സ്വന്തം നേതാക്കന്മാരുടെ കസേര സംരക്ഷിക്കാനുള്ള നെട്ടോട്ടത്തിലാണ് കേരളത്തിലെ വിപ്ലവ-ഇടത്- യുവജനവിദ്യാർഥി

സംഘടനകളെന്ന് കാണുമ്പോൾ ദയനീയത തോന്നുകയാണ്. ഒരു ധവള പത്രം വരുന്നുണ്ട്. ധവളപത്രമെന്ന് പറഞ്ഞ് ഞങ്ങളെ ഭയപ്പെടുത്തേണ്ടെന്ന് ആരും പറയണ്ട. പത്തുവർഷക്കാലത്തെ കെടുതികളുടെ ഞെട്ടിക്കുന്ന യാഥാർഥ്യങ്ങളായിരിക്കും ആ ധവളപത്രത്തിലൂടെ പുറത്തുവരാൻ പോകുന്നത്. മുണ്ട് മടക്കിക്കുത്തി കാണിച്ച ശ്രീ. വി. ശിവൻകുട്ടിയെപ്പോലെയുള്ള കഴിഞ്ഞകാല മന്ത്രിമാരുടെ സ്ഥാനത്ത് കേരളത്തിലെ ജനങ്ങളുടെ പൊതുവികാരത്തെ ഉയർത്തിക്കാണിക്കാൻ കഴിയുന്ന നല്ലൊരു ഗവൺമെന്റ് അധികാരത്തിൽ വന്നത് നമുക്ക് വളരെ ആവേശം പകരുന്ന കാര്യങ്ങളാണ്. ഇവിടെ പ്രസംഗിച്ചവർ പറഞ്ഞതുപോലെ പക്ഷാഘാതമല്ല എണ്ണത്തോണിയിലെ വാതരോഗിയുടെ അവസ്ഥയാണ് പത്തുവർഷം ഭരിച്ച ഒരു മുന്നണിക്ക് ഇവിടെയുണ്ടായിട്ടുള്ളത്. സർക്കാർ വരുന്നതിന് മുമ്പുതന്നെ സൗജന്യ ബസ്സ് യാത്ര നൽകണമെന്ന് പറഞ്ഞ് അംഗസംഖ്യ കുറവാണെങ്കിലും ബി.ജെ.പി.-യും ബഹളമുണ്ടാക്കി. രണ്ട് കൂട്ടരുടെയും സമീപനം വളരെ മോശമായിരിക്കുമെന്ന് പറയാം. രണ്ട് കൂട്ടരും, പ്രത്യേകിച്ച് സി.പി.ഐ.(എം) പാസ്റ്റ് ഗ്ലോറിയിലാണ്. ക്ലീഷേ വാക്കുകളുടെ പ്രസംഗം മാത്രമാണ് ഇവിടെ നടക്കുന്നത്. നയപ്രഖ്യാപന പ്രസംഗത്തെക്കുറിച്ച് ഇവർ ഒരു പരിശോധനപോലും നടത്തിയിട്ടില്ലെന്ന് മനസ്സിലാക്കാൻ കഴിയും. ബി.ജെ.പി. നേതാക്കന്മാർ അവരുടെ പാർലമെന്ററി പാർട്ടി നേതാവിനെ തിരഞ്ഞെടുക്കാൻപോലും കഴിയാതെ അവസാനം ഏറ്റവും ജൂനിയറായ ആളെ എടുക്കേണ്ട സ്ഥിതിയിലായി. എന്തുകൊണ്ടാണ് നിങ്ങൾ മുൻ മുഖ്യമന്ത്രിയുടെ സഹായം തേടി ഒരു സമവായ ഇടപെടൽ നടത്താത്തത്. നിങ്ങൾ എന്തുമാത്രം അദ്ദേഹത്തെ കഴിഞ്ഞ കാലങ്ങളിൽ സഹായിച്ചിട്ടുള്ളതാണ്. ഒരു പാലമിട്ടാൽ അങ്ങോട്ടുമിങ്ങോട്ടും കടക്കാൻ കഴിയണം. കേരളത്തിലെ ഇടതുപക്ഷത്തിന്റെ അവസ്ഥ വളരെ ദയനീയമാണ്. വീണപൂവിൽ കുമാരനാശാൻ പാടിയതുപോലെ

"ഹാ! പുഷ്പമേ, അധികതുംഗപദത്തിലെത്ര

ശോഭിച്ചിരുന്നിതൊരു രാജ്ഞികണക്കയേ നീ

ശ്രീ ഭ്രവിലസ്ഥിര-അസംശയ-മിന്നു നിന്റെ

യാഭ്രതിയെങ്ങു പുനരെങ്ങു കിടപ്പിതോർത്താൽ?" എന്ന അവസ്ഥയിലാണ് കേരളത്തിലെ കമ്മ്യൂണിസ്റ്റ് പാർട്ടി. ഇത് യാചിച്ചു വാങ്ങിയതാണ്. ലോകത്തിൽ കമ്മ്യൂണിസ്റ്റ് പാർട്ടിയുടെ ചരിത്രത്തിൽ ഒരു കാലത്തുമുണ്ടാകാത്ത ദയനീയതയാണ് ഇന്ന് നമ്മൾ കാണുന്നത്. പാർട്ടി മീറ്റിങ്ങുകളിൽ സി.പി.ഐ.(എം)-ന്റെ താഴെത്തട്ടിലുള്ള കമ്മിറ്റി മുതൽ മുകളിലോട്ട് ഉയരുന്ന വിമർശനമെന്താണ്? എന്തിനാണ് നിങ്ങൾ വീണ്ടും തുടരുന്നതെന്ന് ഉന്നതനായ നേതാവിനോട് ചോദിക്കുകയാണ്. പാർട്ടി സെക്രട്ടറിയെക്കുറിച്ച് അവിടെ പറയുന്ന ആക്ഷേപം കേട്ടാൽ ഞങ്ങൾ പോലും നാണിച്ചുപോകുകയാണ്. ഇതുപോലെ ഗതികെട്ടൊരു അവസ്ഥയിൽ സ്ഥാപിതതാൽപര്യക്കാരെ അഴിഞ്ഞാടാൻ വിട്ടാൽ ജനതാൽപര്യം സംരക്ഷിക്കാൻ കഴിയില്ലെന്ന നിലപാടാണ് ജനങ്ങൾ സ്വീകരിച്ചതെന്ന് മനസ്സിലാക്കാൻ നിങ്ങൾ തയ്യാറാകണം. രണ്ടാം കമ്മ്യൂണിസ്റ്റ് ഇന്റർനാഷണൽ മോസ്കോയിൽ നടന്നപ്പോൾ ഇന്ത്യയിൽ നിന്നുള്ള ഒരു പ്രതിനിധി സംഘം അവിടേയ്ക്ക് പോയിരുന്നു. 'എന്തിനാണ് ഇന്ത്യയിൽ കമ്മ്യൂണിസ്റ്റ് പാർട്ടിയെന്നും അവിടെ മഹാത്മാഗാന്ധി ഉണ്ടല്ലോ' എന്നുമാണ് ലെനിൻ എം. എൻ. റോയിയോട് ചോദിച്ചത്. ആ ഗാന്ധിയൊരു ബൂർഷ്വ ആണെന്നും അദ്ദേഹത്തെ ഞങ്ങൾ അംഗീകരിക്കില്ലെന്നുമാണ് എം. എൻ. റോയി മറുപടിയായി പറഞ്ഞത്. ഈ മണ്ടത്തരം ഇന്നോഇന്നലെയോ പറ്റിയതല്ല, പതിറ്റാണ്ടുകളായി പറ്റുന്നതാണ്. പ്രസ്തുത മണ്ടത്തരം തിരുത്താനുള്ള ആർജവം ഇനിയെങ്കിലും നിങ്ങൾ കാണിക്കണം. എന്താണ് ബംഗാളിൽ സംഭവിച്ചത്; ബംഗാളിലെ നിങ്ങളുടെ പാർട്ടി അംഗമായ ജേണലിസ്റ്റ് സൗർജ്യ ഭൗമിക് (Sourjya Bhowmick) 'ഗ്യാങ്സ്റ്റർ സ്റ്റേറ്റ്: പശ്ചിമ ബംഗാളിൽ സി.പി.ഐ.(എം.)-ന്റെ ഉദയവും തകർച്ചയും' (Gangster State: The Rise and Fall of the CPI(M) in West Bengal) എന്ന ഒരു പുസ്തകം എഴുതിയിട്ടുണ്ട്. ഈ പുസ്തകം കെ.പി.സി.സി. (കേരള പ്രദേശ് കോൺഗ്രസ് കമ്മിറ്റി) പ്രസിദ്ധീകരണ വിഭാഗമായ പ്രിയദർശിനി പബ്ലിക്കേഷൻസ് പുറത്തിറക്കിയിട്ടുണ്ട്. ബഹുമാന്യനായ എം.എൽ.എ. ശ്രീ. ജി. സുധാകരൻ ഇവിടെയുണ്ട്. കേരളത്തിലെ കഴിഞ്ഞ നാലഞ്ച് പതിറ്റാണ്ടുകാലത്തെ

കമ്മ്യൂണിസ്റ്റ് പാർട്ടിയുടെ കിരാതവാഴ്ചകളെക്കുറിച്ച് അങ്ങ് 'ഗ്യാങ്സ്റ്റർ സ്റ്റേറ്റ്' എന്ന പേരിൽ ഒരു പുസ്തകം എഴുതി അതിലൂടെ പുറം ലോകത്തെ അറിയിക്കണമെന്ന് ഞാൻ അഭ്യർഥിക്കുകയാണ്. ഇന്ന് ജീവിച്ചിരിക്കുന്ന കമ്മ്യൂണിസ്റ്റുകാരിൽ അങ്ങേയ്ക്ക് മാത്രമാണ് അതിനുള്ള അധികാരവും ധാർമ്മികബോധവുമുള്ളത്. അതിനുകാരണം അങ്ങ് ഒരു രക്തസാക്ഷി കുടുംബത്തിൽ നിന്നാണ് വരുന്നതെന്നതാണ്. രക്തസാക്ഷികളുടെ ഫണ്ട് മോഷ്ടിച്ചുകൊണ്ടുപോയ ആൾക്കാരെ കണ്ണൂരിലെ ശ്രീ. ടി. കെ. ഗോവിന്ദൻ മാസ്റ്ററെപ്പോലുള്ളവരെ ജയിപ്പിച്ചുവിട്ട് ജനങ്ങൾ പകരം ചോദിച്ചത് നമ്മൾ കാണാതിരുന്നുകൂടാ. അതുകൊണ്ട് ബഹുമാന്യനായ ശ്രീ. ജി. സുധാകരൻ 'ഗ്യാങ്സ്റ്റർ സ്റ്റേറ്റ്' പോലുള്ള പുസ്തകം എഴുതണമെന്നാണ് എനിക്ക് അഭ്യർഥിക്കാനുള്ളത്. എങ്ങനെയാണ് ക്യാമ്പസുകൾ പിടിച്ചടക്കിയതെന്നും എങ്ങനെയാണ് പാർട്ടിഗ്രാമങ്ങൾ സൃഷ്ടിച്ചതെന്നും എങ്ങനെയാണ് വോട്ടിങ് മെഷീനുകളിൽ കൃത്രിമം കാണിക്കുന്നതെന്നും 'ഗ്യാങ്സ്റ്റർ സ്റ്റേറ്റ്' എന്ന പുസ്തകത്തിൽ പറയുന്നുണ്ട്. കേരളത്തിൽ ഇതുതന്നെയാണ് കഴിഞ്ഞ പതിറ്റാണ്ടുകളായി സംഭവിച്ചുകൊണ്ടിരിക്കുന്നത്. അതുകൊണ്ട് ഇനിയെങ്കിലും കേരളത്തിലെ കമ്മ്യൂണിസ്റ്റുകാർ പാഠം പഠിക്കണം. ഒരു മുൻമന്ത്രി സഹകരണ മേഖലയെക്കുറിച്ച് വാചാലമായി പറയുന്നത് കേട്ടു. തൃശ്ശൂരിലെ ഒരു സഹകരണ ബാങ്കിനെക്കുറിച്ചാണ് എനിക്ക് അദ്ദേഹത്തെ ഓർമ്മിപ്പിക്കാനുള്ളത്. എന്താണ് അദ്ദേഹത്തിന്റെ നേതൃത്വത്തിൽ കേരളത്തിലെ സഹകരണ മേഖലയിൽ നടന്നത്; എന്താണ് ഇവിടെ അഴിഞ്ഞാടിയത്; സഹകരണ ബാങ്കിൽ പണം നിക്ഷേപിച്ച ആർക്കെങ്കിലും ആ പണം തിരികെ കിട്ടിയോ?

വിശ്വാസികളായ ഹിന്ദു എം.എൽ.എ.-മാർ തിരഞ്ഞെടുക്കുന്ന ദേവസ്വം ബോർഡുകൾ ഉണ്ടായില്ലെങ്കിൽ ദൈവത്തെ ഭയമില്ലാത്തവർ ദേവസ്വം ബോർഡുകളെയും ക്ഷേത്രത്തെയും കൊള്ളയടിക്കും എന്നതിന്റെ ഏറ്റവും വലിയ ദൃഷ്ടാന്തമാണ് ശബരിമല സംഭവം. എന്റെ നിയോജകമണ്ഡലമായ റാന്നിയിലാണ് ശബരിമല ക്ഷേത്രം നിലനിൽക്കുന്നത്. ശബരിമല ക്ഷേത്രത്തിൽ നടത്തിയ കൊള്ളകളിൽ പ്രതികളായവരെല്ലാം ഗ്രീൻ ചാനലിലൂടെ പുറത്തുപോയി. അവരെയെല്ലാം തിരികെ

ജയിലിൽ അടക്കാനുള്ള ശക്തമായ തീരുമാനം ഈ സർക്കാർ സ്വീകരിക്കണമെന്നും തുടരന്വേഷണം നടത്തണമെന്നുമാണ് എനിക്ക് അഭ്യർഥിക്കാനുള്ളത്. ഇപ്പോഴും വഴിപാട് ഇനത്തിൽ കൈയിട്ടുവാരുന്ന ആളുകൾ ശബരിമല ക്ഷേത്രത്തിൽ ഉണ്ടെന്നാണ് ദിവസവും വാർത്തകൾ വരുന്നത്. ആ ദേവസ്വം ബോർഡിലെ വെള്ളാനകളെ പിടിച്ചുകെട്ടാൻ കഴിയില്ലെങ്കിൽ ആ ദേവസ്വം ബോർഡിനെ പിരിച്ചുവിടാൻ ഈ സർക്കാർ തയ്യാറാകണം. എന്റെ നിയോജകമണ്ഡലത്തിലെ ഒരു തീരാദു:ഖമാണ് നവീൻ ബാബു. അദ്ദേഹം ഒരു ഇടതുപക്ഷ സഹയാത്രികനും കമ്മ്യൂണിസ്റ്റുകാരനുമായിരുന്നു. ഒരു കമ്മ്യൂണിസ്റ്റുകാരനുപോലും കഴിഞ്ഞ പത്തുവർഷക്കാലം കേരളത്തിൽ സർക്കാർ ജീവനക്കാരനായി കഴിയാൻ സാധിച്ചിട്ടില്ല. അദ്ദേഹത്തെ വേട്ടയാടിയെന്ന് മാത്രമല്ല, അതിരാവിലെ അദ്ദേഹത്തെ സ്വീകരിക്കാൻ റെയിൽവേ സ്റ്റേഷനിലേക്ക് പോയ അദ്ദേഹത്തിന്റെ ഭാര്യക്കും മകൾക്കും അദ്ദേഹത്തിന്റെ ശവശരീരം ഏറ്റുവാങ്ങേണ്ടിവന്ന ഒരു ദുരന്തം കേരളത്തിലുണ്ടായിട്ടുണ്ട്. കമ്മ്യൂണിസ്റ്റ് പാർട്ടി പതിറ്റാണ്ടുകളായി കേരളത്തിൽ കൊണ്ടാടുന്ന അക്രമ രാഷ്ട്രീയത്തിന്റെ അവസാനത്തെ ഇരയായ അദ്ദേഹത്തിന്റെ മരണം സി.ബി.ഐ. അന്വേഷിക്കുമെന്ന് കേരള മുഖ്യമന്ത്രിയും ആഭ്യന്തര വകുപ്പുമന്ത്രിയും പറഞ്ഞത് ഹർഷാരവത്തോടെയാണ് കേരളം ഏറ്റെടുത്തത്. ഇനിയൊരിക്കലും ഒരു മനുഷ്യനും കേരളത്തിൽ ഇത്തരത്തിൽ ഒരു ഗതിയുണ്ടാകാൻ പാടില്ലെന്നാണ് ജനങ്ങൾ അതിലൂടെ പറഞ്ഞു വയ്ക്കുന്നത്. അതുകൊണ്ട് കേരളത്തിന് ഒരു മാറ്റം ഉണ്ടാകണം. എന്റെ നിയോജകമണ്ഡലമായ റാന്നിയിൽ ഒരു മൂത്രപ്പുരയോ ബസ്സ് സ്റ്റാന്റോ ഇല്ല. മുപ്പത് വർഷക്കാലം ഇടതുപക്ഷ ജനാധിപത്യമുന്നണി ഭരിച്ച ഒരു നിയമസഭാമണ്ഡലമാണ് റാന്നി. അവിടെ ഒരു മൂത്രപ്പുര വേണം എന്നതാണ് നാട്ടുകാരുടെ ഒന്നാമത്തെ ആവശ്യം. എന്താണ് കഴിഞ്ഞ പത്ത് വർഷക്കാലം നിങ്ങൾ കേരളത്തിൽ ചെയ്തത്; വിദ്യാഭ്യാസ മേഖലയിൽ, തൊഴിൽ മേഖലയിൽ, തൊഴിലില്ലാത്ത ചെറുപ്പക്കാരുടെ കാര്യത്തിൽ, ഏതെങ്കിലും ഒരു കാര്യത്തിൽ അനുഭാവപൂർവമായ സമീപനം സ്വീകരിക്കാൻ നിങ്ങൾക്ക് സാധിച്ചിട്ടുണ്ടോ? 2018-ലെ പ്രളയത്തിൽ മുങ്ങിപ്പോയൊരു പട്ടണമാണ് റാന്നി. ആ റാന്നിക്കുവേണ്ടി നിങ്ങൾ

ഒന്നും ചെയ്യില്ല. കേരളത്തിലെ നാനാവിഭാഗം ജനങ്ങളും ആഗ്രഹിച്ച ഒരു ഭരണമാറ്റമാണിത്. ഈ ഭരണമാറ്റത്തിലൂടെ സ്വസ്ഥമായി മുന്നോട്ടുപോകാൻ നിങ്ങൾ അനുവദിക്കണമെന്നും ജനവിധി നിങ്ങൾ മാനിക്കണമെന്നുമാണ് കേരളത്തിലെ പ്രതിപക്ഷത്തോട് എനിക്ക് അഭ്യർഥിക്കാനുള്ളത്. നിങ്ങളുടെ ഒന്നോരണ്ടോ മന്ത്രിമാർ ഒഴിച്ച് ബാക്കിയുള്ളവർ വീട്ടിൽ ഇരിക്കുകയല്ലേ; അത് തിരിച്ചറിയാനുള്ള വിവേകം നിങ്ങൾ കാണിക്കണം. എനിക്ക് മുമ്പ് പ്രസംഗിച്ച അംഗങ്ങളെല്ലാം നാല് മിനിറ്റിൽ കൂടുതൽ പ്രസംഗിച്ചു. അങ്ങയുടെ ശിഷ്യനായ എനിക്ക് ഒരു മിനിറ്റ് എങ്കിലും കൂടുതൽ തരണം.

<u>മി. സ്പീക്കർ</u>: താങ്കൾക്ക് ഒരു മിനിറ്റ് കൂടി സംസാരിക്കാം.

<u>ശ്രീ. പഴകുളം മധു</u>: ഞാൻ അങ്ങയുടെ ശിഷ്യനായതിനാൽ സ്വജനപക്ഷപാതമെന്ന് ആരും പറയില്ല. വിദ്യാഭ്യാസ മേഖലയിൽ വലിയ പരിഷ്കാരമാണ് ഈ സർക്കാർ ആഗ്രഹിക്കുന്നത്. അക്കാദമിക് സിൻഡിക്കേറ്റ് ഉൾപ്പെടെയുള്ള വിവിധ കാര്യങ്ങൾ വരുന്നു. അതുകൊണ്ട് അത്തരം കാര്യങ്ങളിൽ ശക്തമായ തീരുമാനങ്ങൾ എടുക്കണം. ടൂറിസം, ആരോഗ്യം, വിദ്യാഭ്യാസം എന്നീ മേഖലകളിൽ മാത്രമാണ് കേരളത്തിന് പ്രതീക്ഷയുള്ളത്. കഴിഞ്ഞ സർക്കാരിന്റെ പത്തുവർഷക്കാലം ഈ മൂന്ന് മേഖലയെയും തകർത്തെറിഞ്ഞിരിക്കുകയാണ്. ഇവയെല്ലാം കെട്ടിപ്പെടുക്കാനുള്ള സമയമാണ് വരുന്ന അഞ്ചുവർഷക്കാലം. അതിനുവേണ്ടി ശക്തമായി മുന്നോട്ടുപോകാൻ ഈ സർക്കാരിനെ ശക്തമായി പിന്തുണച്ചുകൊണ്ടും ഈ ഉപക്ഷേപത്തെ അനുകൂലിച്ചുകൊണ്ടും എന്റെ പ്രസംഗം നിർത്തുന്നു.

<u>ശ്രീ. അബിൻ വർക്കി കോടിയാട്ട്</u>: സർ, രാഷ്ട്രീയ വ്യവസ്ഥയെന്ന ശരീരത്തിന്റെ മരുന്നാണ് നിയമവും ക്രമവുമൊക്കെ. "ആ ശരീരം എപ്പോഴൊക്കെ രോഗബാധിതമാകുന്നോ അപ്പോഴൊക്കെ മരുന്ന് നൽകണം." ഇത് ഡോ. ബി. ആർ. അംബേദ്കറുടെ വചനമാണ്. ആ മരുന്ന് നൽകാൻ വേണ്ടി, ആരോഗ്യമുള്ള ആറന്മുളയ്ക്കും കേരളത്തിനുമായി ജനങ്ങൾ നൽകിയ അവസരത്തിന് നന്ദി പറയുന്നതോടൊപ്പം അഭിമാനകരമായ ഈ നിയമനിർമ്മാണസഭയിൽ ഇങ്ങനെയൊരു പ്രസംഗം നടത്താൻ അവസരം നൽകിയ

ജനങ്ങളോടും നന്ദി പറയുകയാണ്. ഒരു പുതുയുഗ കേരളത്തിനായാണ് നയപ്രഖ്യാപനം നടത്തിയിരിക്കുന്നത്. പൂക്കി സർക്കാർ എന്നും പൂക്കി മുഖ്യമന്ത്രിയെന്നുമാണ് ഇപ്പോഴത്തെ സർക്കാരിനെയും മുഖ്യമന്ത്രിയെയും ചെറുപ്പക്കാർ വിളിക്കുന്നത്. 'സ്നേഹനിധിയായ കൂട്ടുകാരൻ' എന്നാണ് പൂക്കി എന്ന പദത്തിന്റെ അർഥം. പൂക്കി സർക്കാരെന്നും പൂക്കി മുഖ്യമന്ത്രിയെന്നും ഈ സർക്കാരിനെ എന്തുകൊണ്ടാണ് ചെറുപ്പക്കാർ വിളിക്കുന്നത്; നയ പ്രഖ്യാപനത്തിൽ ചെറുപ്പക്കാർക്ക് ഇഷ്ടമുള്ള ഒട്ടേറെ പദ്ധതികൾ പ്രഖ്യാപിച്ചതുകൊണ്ടാണ് അങ്ങനെ വിളിക്കുന്നത്. വിദ്യാർഥിനികൾക്ക് പ്രതിമാസം ആയിരം രൂപ കൊടുക്കുന്നതിലൂടെ ആ വിദ്യാർഥിനി സമൂഹത്തെ ചേർത്തുപിടിക്കുകയെന്ന ഒരു നയമാണ് സർക്കാരിനുള്ളത്. ചരിത്രപരമായ ഒരു പ്രഖ്യാപനമായിരുന്നു ആർത്തവ അവധി. ഈ നാട്ടിലെ യുവതികളായ സ്ത്രീകളും വിദ്യാർഥിനികളും അനുഭവിക്കുന്ന പ്രശ്നത്തിന് വലിയ രീതിയിലുള്ളൊരു വിപ്ലവം തീർക്കലാണ് ആർത്തവ അവധിയിലൂടെ ഈ സർക്കാർ ചെയ്തിരിക്കുന്നത്. മനുഷ്യച്ചങ്ങല തീർത്ത് നടത്തിയ വ്യാജ നവോത്ഥാനമല്ല ഞങ്ങളുടെ നവോത്ഥാനമെന്ന് ഇതുപോലുള്ള പ്രഖ്യാപനങ്ങളിലൂടെ സർക്കാർ അടിവരയിടുകയാണ്. പി.എസ്.സി. റാങ്ക് ലിസ്റ്റിൽ നിന്നും നിയമനത്തിനുവേണ്ടി മുട്ടിലിഴയുന്ന ചെറുപ്പക്കാരെ കേരളം ധാരാളം കണ്ടതാണ്. ആ ചെറുപ്പക്കാർ അടക്കം ഈ സർക്കാരിൽ വിശ്വാസം അർപ്പിക്കുകയാണ്. യുവാക്കളാണ് രാജ്യത്തിന്റെ ഭാവി രൂപപ്പെടുത്തുന്നതെന്ന് സ്വാമി വിവേകാനന്ദൻ പറഞ്ഞിട്ടുണ്ട്. അഞ്ചുലക്ഷം രൂപ പലിശരഹിത വായ്പ നൽകുന്നതിലൂടെ ഈ നാട് ഇന്ന് നേരിട്ടുകൊണ്ടിരിക്കുന്ന ഏറ്റവും വലിയ പ്രശ്നമായ കുടിയേറ്റം നിർത്തലാക്കാൻ സാധിക്കും. പ്ലസ് ടു കഴിയുമ്പോൾത്തന്നെ ചെറുപ്പക്കാർ നാട്ടുവിട്ട് പുറത്തേക്ക് പോകാൻ ആഗ്രഹിക്കുകയാണ്. എന്തുകൊണ്ടാണ് അവർ അങ്ങനെ ആഗ്രഹിക്കുന്നത്? അവർക്ക് ഈ നാട്ടിൽ നിൽക്കാനുള്ള സൗകര്യങ്ങളും സംവിധാനങ്ങളും ഇല്ലാത്തതുകൊണ്ടാണ് നാട് വിട്ടുപോകാൻ ആഗ്രഹിക്കുന്നത്. അതുകൊണ്ട് ഇവിടെ ഇത്തരം സംവിധാനങ്ങൾ ഒരുക്കുകയെന്നുള്ളതാണ് ഈ സർക്കാരിന്റെ ഏറ്റവും വലിയ നയം. എന്റെ നിയോജകമണ്ഡലമായ ആറന്മുളയിലടക്കം

വളരെ ഉപകാരപ്രദമാകുന്ന ഒന്നാണ് വയോജന വകുപ്പിന്റെ രൂപീകരണം. ഇത് ഒരു വിപ്ലവംതന്നെ സൃഷ്ടിച്ചിരിക്കുകയാണ്. ഈ വകുപ്പിന്റെ രൂപീകരണം തീർച്ചയായും കെയർ ഇക്കോണമിയുടെ ഭാഗംകൂടിയാണ്. 'ഓപ്പറേഷൻ ത്രൂഫാൻ' അടക്കമുള്ള പദ്ധതികളിലൂടെ മയക്കമരുന്നിനെതിരെ വലിയൊരു യുദ്ധംതന്നെ പ്രഖ്യാപിച്ചിരിക്കുകയാണ്. ഇതിലൂടെ മയക്കമരുന്ന് മാഫിയയെ അമർച്ച ചെയ്യുകയെന്നുള്ളതാണ് ഈ സർക്കാരിന്റെ നയമെന്ന കാര്യം നയപ്രഖ്യാപനത്തിൽ സൂചിപ്പിച്ചിട്ടുണ്ട്. ഇവിടെ എ.ഐ. (ആർട്ടിഫിഷ്യൽ ഇന്റലിജൻസ്)-യ്ക്കുവേണ്ടി പ്രത്യേക വകുപ്പ് രൂപീകരിച്ചു. ബി.പി.-യും ഷുഗറും ചെക്ക് ചെയ്യുന്നതിനായി ക്ലിനിക്കിലേക്ക് പോകേണ്ട ആവശ്യമില്ലെന്നും കൈയിലൊരു സ്മാർട്ട് വാച്ച് കെട്ടിയാൽ മതിയെന്നുമുള്ള കാര്യം നമുക്കറിയാം. നമ്മുടെ നാട്ടിലെ ചെറുപ്പക്കാർക്ക് ആർട്ടിഫിഷ്യൽ ഇന്റലിജൻസിന്റെ പുതിയ വാതായനങ്ങൾ തുറക്കാനാണ് എ.ഐ. വകുപ്പ് രൂപീകരിച്ചിരിക്കുന്നത്. മാനസികാരോഗ്യത്തെക്കുറിച്ച് പരാമർശിക്കുന്ന ആദ്യത്തെ നയപ്രഖ്യാപനമായിരിക്കുമിത്. മെന്റൽ സ്ട്രെസ്സ് അനുഭവിക്കുന്ന ചെറുപ്പക്കാർ "It's ok" എന്നുപറഞ്ഞാൽ അവരോട് "It's ok is not ok" എന്നുപറയുന്ന ഒരു സർക്കാരാണിത്. അത്തരക്കാർക്കുവേണ്ടിയുള്ള പദ്ധതികളും നയപ്രഖ്യാപനത്തിൽ പറയുന്നുണ്ട്. ആറന്മുളപോലുള്ള ഒരു നാട്ടിൻപുറത്തിരുന്നുകൊണ്ടുതന്നെ സിലിക്കൺവാലിയെ നിയന്ത്രിക്കാൻ കഴിയുന്ന തരത്തിലുള്ള കോ-വർക്കിങ് ഹബ്ബുകൾ നാട്ടിൻപുറങ്ങളിൽ വരാൻ പോകുകയാണ്. യൂട്യൂബ് റീലുകൾ പോസ്റ്റ് ചെയ്യുന്നവരെയൊക്കെ ഫ്രീക്കന്മാരായ ചെറുപ്പക്കാരെന്നാണ് പലരും പറയുന്നത്. പക്ഷെ വിദേശനാണ്യം ഇവിടേക്ക് കൊണ്ടുവരുന്നവരാണ് അവരെന്നുള്ളതിനാൽ അവരെയും ചേർത്തുപിടിക്കാൻ ഈ സർക്കാർ ആഗ്രഹിക്കുകയാണ്. ഇത്തരത്തിൽ ചെറുപ്പക്കാർക്കുവേണ്ടിയുള്ള പദ്ധതികൾ ആവിഷ്കരിച്ചതുകൊണ്ടാണ് ഈ മുഖ്യമന്ത്രിയെ 'പൂക്കി മുഖ്യമന്ത്രി'യെന്നും ഈ സർക്കാരിനെ 'പൂക്കി സർക്കാർ' എന്നും വിളിക്കുന്നത്. "Power is a means of people's liberation, but if it becomes a means of exploitation, then it must be changed." - എന്തുകൊണ്ടാണ് എൽ.ഡി.എഫ്. സർക്കാർ താഴെവീണത് എന്നുള്ളതിന്റെ ഉത്തരമാണ്

ഈ വചനം. കാരണം അധികാരം ജനങ്ങൾക്കുവേണ്ടിയുള്ളതാണ്. പക്ഷെ ആ അധികാരം ചൂഷണം ചെയ്യാനുപയോഗിച്ചാൽ അധികാരം നൽകിയ ജനങ്ങൾതന്നെ അത് ഇളത്തെറിയുമെന്നതിന്റെ ഉദാഹരണമാണ് എൽ.ഡി.എഫ്.-ന്റെ തോൽവി. അങ്ങ് ഓർക്കുന്നില്ലേ? അവകാശ സമര പോരാട്ടങ്ങളെ ഈ നാടിന്റെ തെരുവുവീഥികളിൽ ധിക്കാരമെന്നും അഹങ്കാരമെന്നും പറഞ്ഞ് അടിച്ചമർത്തിയ ഒരു ആഭ്യന്തര വകുപ്പിന്റെ കാലഘട്ടം ഞങ്ങൾ ഓർക്കുകയാണ്. യു.ഡി.വൈ.എഫ്.-ന്റെയും (യുണൈറ്റഡ് ഡെമോക്രാറ്റിക് യൂത്ത് ഫ്രണ്ട്) യു.ഡി.എസ്.എഫ്.-ന്റെയും (യുണൈറ്റഡ് ഡെമോക്രാറ്റിക് സ്റ്റുഡന്റ്സ് ഫ്രണ്ട്) ഞാനടക്കമുള്ള നേതാക്കളുടെ പേരുകൾ ഈ നിയമസഭയിൽ പറഞ്ഞിട്ടുണ്ട്. നിയമസഭാംഗങ്ങളായതുകൊണ്ടല്ല അന്ന് ഞങ്ങളുടെ പേരുകൾ ഇവിടെ പറഞ്ഞത്. നിയമസഭയ്ക്കും സെക്രട്ടേറിയറ്റിനും മുമ്പിൽ ഞങ്ങൾ നടത്തിയ അവകാശ സമര പോരാട്ടങ്ങളെ അടിച്ചമർത്തിയ ആഭ്യന്തര വകുപ്പിന്റെ കിരാത നടപടികൾക്കെതിരെ ഈ സഭയിൽ നടത്തിയ പ്രസംഗങ്ങളിലാണ് ഞങ്ങളുടെ പേരുകൾ ക്വാട്ട് ചെയ്യിരിക്കുന്നത്. സിസ്റ്റം എറർ ആയിരുന്നുവെന്നാണ് ഇവിടെ പറഞ്ഞത്. ആ സിസ്റ്റം കറക്ട് ചെയ്യുന്നതിനുള്ള സർക്കാരായിരിക്കുമിത്. ഇവിടെ വൺമാൻ ഷോ ഉണ്ടാകില്ല, അതിന് അനുവദിക്കില്ലെന്ന കാര്യം ഉറപ്പിച്ച് പറയാൻ ഞങ്ങൾ ആഗ്രഹിക്കുകയാണ്. ഒന്ന് ചിരിച്ചാൽ ഒരു ദന്തഗോപുരവും ഇവിടെ താഴെ വീഴാൻ പോകുന്നില്ല. ജനാധിപത്യ പ്രതിഷേധങ്ങളെ അടിച്ചമർത്തില്ല. 'കറുത്ത തുണി ഉയർത്തിക്കാണിച്ചാൽ എന്താണ് കുഴപ്പം; രണ്ട് കറുത്ത തുണിയിങ്ങനെ വീശുന്നതല്ലേ; അതിലെന്താണ് ജനാധിപത്യ വിരുദ്ധത'യെന്ന് ചോദിച്ച ഒരു പാർട്ടി സെക്രട്ടറിയുണ്ടായിരുന്നു. പക്ഷെ അദ്ദേഹം മുഖ്യമന്ത്രിയായിക്കഴിഞ്ഞപ്പോൾ കറുത്ത തുണി ഉയർത്തിക്കാണിച്ചവരെ പൊലീസ് മർദിച്ചുവെന്ന് മാത്രമല്ല, ഗൺമാൻമാരെക്കൊണ്ട് അടിപ്പിച്ച് അവരെ അടിച്ചമർത്തുന്നതും അതിനെ രക്ഷാപ്രവർത്തനമെന്ന ഓമനപ്പേരിട്ട് വിളിച്ചതും നാം കണ്ടതാണ്. രക്ഷാപ്രവർത്തനമെന്ന് നിങ്ങൾ ഓമനപ്പേരിട്ട് വിളിച്ച അതേ രക്ഷാപ്രവർത്തനത്തിന്റെ ഇര, ശ്രീ. എ. ഡി. തോമസ് ഈ പതിനാറാം കേരള നിയമസഭയിലുണ്ട്. അന്ന് അവരെ

തല്ലിയ ഗൺമാൻമാർ ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ഒളിവിലാണ്, അവരെ കാണാൻ പോലുമില്ല. അതുകൊണ്ട് ഇവിടെ അടിച്ചമർത്തലുകൾ ഞങ്ങൾ അനുവദിക്കില്ല. അങ്ങനെ വളഞ്ഞിട്ട് തല്ലുന്ന ഹിഡുംബന്മാരുടെ ഭരണമായിരിക്കില്ല ഇവിടെയുണ്ടാകുക. കെ. കരുണാകരൻ, ഉമ്മൻ ചാണ്ടി തുടങ്ങിയവരെപ്പോലുള്ള ധിഷണാശാലികൾ കാണിച്ചുതന്ന പാതയിലൂടെയായിരിക്കും ഞങ്ങൾ മുന്നോട്ടുപോകുന്നത്.

ഇവിടെ ബേപ്പൂർ അംഗം ബി.ജെ.പി.-യുമായി ബന്ധപ്പെട്ട കുറെ കാര്യങ്ങൾ പറഞ്ഞു. ബഹുമാനപ്പെട്ട ബേപ്പൂർ അംഗം, ആഗോള അയ്യപ്പ സംഗമത്തിൽ ശ്രീ. യോഗി ആദിത്യനാഥിന്റെ കത്ത് വായിച്ചപ്പോൾ താങ്കൾ ഉൾപ്പെടെയുള്ളവർ എവിടെപ്പോയിരുന്നു? വിഴിഞ്ഞം അന്താരാഷ്ട്ര തുറമുഖത്തിന്റെ ഉദ്ഘാടന വേദിയിൽ കെ.പി.സി.സി. അധ്യക്ഷനെ ക്ഷണിക്കാതെ, ഒരു എം.എൽ.എ.പോലും അല്ലാതിരുന്ന ബി.ജെ.പി. സംസ്ഥാന അധ്യക്ഷനെ വിളിച്ചിരുത്തിയപ്പോഴും താങ്കൾ അടക്കമുള്ളവർ എവിടെപ്പോയിരുന്നു? ഇവിടെ ഉമ്മൻ ചാണ്ടിയുടെ പേരുപോലും പറഞ്ഞില്ല. കണ്ണൂർ സർവകലാശാലയിലെ വി.സി. നിയമനത്തെക്കുറിച്ച് ഇവിടെ പറഞ്ഞു. ആദ്യം അവിടെ ഒരു വി.സി. നിയമനം നടത്തിയപ്പോൾ നിങ്ങൾ എവിടെയായിരുന്നു; കണ്ണൂർ അന്താരാഷ്ട്ര വിമാനത്താവളം ഉദ്ഘാടനത്തിന് ബി.ജെ.പി.-യുടെ ദേശീയ പ്രസിഡന്റായിരുന്ന ശ്രീ. അമിത് ഷായെയും വിളിച്ചുവരുത്തിയപ്പോൾ താങ്കൾ എവിടെയായിരുന്നു? ഇവിടെ ബി.ജെ.പി. അംഗം CMRL (Cochin Minerals and Rutile Limited)-ന്റെ എം.ഡി. ആരാണെന്ന് അറിയാമോയെന്നൊക്കെ ചോദിക്കുന്നത് കേട്ടു. ബഹുമാനപ്പെട്ട ബി.ജെ.പി. അംഗം, CMRL-ന്റെ എം.ഡി.-യുടെ അനുജന്റെ പേരെന്താണ്? CMRL-ന്റെ എം.ഡി.-യുടെ അനുജന്റെ പേര് ശ്രീ. അജിത് കർത്ത എന്നാണ്. ആർ.എസ്.എസ്.-ന്റെ വ്യാപാരി സംഘത്തിന്റെ ചെയർമാനായ അദ്ദേഹത്തെ ആർ.എസ്.എസ്.-ന്റെ കാര്യാലയമായ മാരാർജി ഭവനിൽ ഒളിപ്പിച്ചുവച്ചിട്ടാണ് താങ്കൾ അടക്കമുള്ളവർ CMRL-ന്റെ പേരുപറയുന്നത്. CMRL-ന്റെ അളിയൻ ഇവിടെയുണ്ടല്ലോ? അളിയനും മച്ചമ്പിയും ചേർന്ന കച്ചവടമൊക്കെ പൂട്ടിക്കുമെന്ന് പറയാൻ ഞങ്ങൾ ആഗ്രഹിക്കുകയാണ്. നിങ്ങൾ തമ്മിലുള്ള അന്തർധാര

കേരളം തിരിച്ചറിഞ്ഞതാണ്. ഞാൻ ഈ നന്ദിപ്രമേയത്തെ അനുകൂലിക്കുകയാണ്. അധികാരത്തെ വിചാരണ ചെയ്യാനും അമിതാധികാരത്തെ പരാജയപ്പെടുത്താനും ജനങ്ങൾക്ക് സാധിക്കുമെന്നുള്ളതിന്റെ ഉത്തരമാണ് ഞാൻ എം.എൽ.എ. ആയി ഇന്നിവിടെ നിൽക്കുന്നത്. അതുകൊണ്ടുതന്നെ ആറന്മുളക്കണ്ണാടിയോളം തെളിച്ചവും തിളക്കവുമുള്ള ആ രാഷ്ട്രീയ ബോധ്യത്തെ ഹൃദയംകൊണ്ട് അഭിവാദ്യം ചെയ്തുകൊണ്ട് ഇവിടെ എനിക്ക് അവസരം നൽകിയ ആറന്മുളക്കാർക്ക് നന്ദി പറഞ്ഞുകൊണ്ട് ഈ ഉപക്ഷേപത്തെ ഞാൻ അനുകൂലിക്കുന്നു.

<u>ശ്രീ. എം. റഹ്മത്തുള്ള</u>: സർ, ഞാൻ ഈ ഉപക്ഷേപത്തെ പിന്തുണയ്ക്കുകയാണ്. ഈ സഭയിലേക്ക് ആദ്യമായി കടന്നുവരുന്ന ഒരംഗമാണ് ഞാൻ. ആദ്യമായി പ്രപഞ്ചനാഥന് സ്തുതി പറയുന്നു. ഈയവസരം എനിക്ക് പ്രദാനം ചെയ്ത മുസ്ലീം ലീഗിന്റെ അധ്യക്ഷൻ ശ്രീ. പാണക്കാട് സയ്യിദ് സാദിഖലി ശിഹാബ് തങ്ങൾ, ബഹുമാന്യനായ ലീഡർ ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി, യു.ഡി.എഫ്. നേതൃത്വം എന്നിവരോടുള്ള കടപ്പാട് ഞാൻ രേഖപ്പെടുത്തുകയാണ്. ഞാൻ മഞ്ചേരി നിയോജകമണ്ഡലത്തിൽനിന്നുള്ള പ്രതിനിധിയാണ്. ഈ തിരഞ്ഞെടുപ്പിൽ കേരള സംസ്ഥാനത്തെ നാലാമത്തെ വലിയ ഭൂരിപക്ഷത്തോടുകൂടിയാണ് മഞ്ചേരിയിലെ ജനങ്ങൾ എന്നെ തിരഞ്ഞെടുത്തത്. ഖാഇദെ മില്ലത്ത് മുഹമ്മദ് ഇസ്മായിൽ സാഹിബ് മുതൽ ഏറ്റവും അവസാനം ശ്രീ. യു. എ. ലത്തീഫ് വരെ പ്രതിനിധാനം ചെയ്ത മണ്ഡലത്തിൽ 57887 വോട്ടുകൾക്കാണ് ജനങ്ങൾ എന്നെ തിരഞ്ഞെടുത്തത്. അവരോടുള്ള നന്ദിയും കടപ്പാടും രേഖപ്പെടുത്താൻ ഞാൻ ഈ സന്ദർഭം വിനിയോഗിക്കുകയാണ്. ഈ തിരഞ്ഞെടുപ്പിൽ യു.ഡി.എഫ്. നേടിയത് കണ്ണഞ്ചിപ്പിക്കുന്ന വിജയമാണ്. ഇവിടെ ബഹുമാന്യരായ പല അംഗങ്ങളും സൂചിപ്പിച്ചതുപോലെ, ചരിത്രത്തിൽ സമാനതകളില്ലാത്ത വിജയമാണ് ശ്രീ. വി. ഡി. സതീശന്റെ നേതൃത്വത്തിലുള്ള ടീം യു.ഡി.എഫ്.-ന് നേടാൻ സാധിച്ചതെന്നത് ലോകം അംഗീകരിക്കുന്ന വസ്തുതയാണ്. അക്കാര്യം അംഗീകരിക്കാത്ത ഒരു കൂട്ടർ മാത്രമേ ലോകത്തുണ്ടാകുകയുള്ളൂ, അത് ബഹുമാനപ്പെട്ട ഇടതുപക്ഷ അംഗങ്ങളാണെന്ന് വളരെ ഖേദപൂർവം

പറയാനാഗ്രഹിക്കുകയാണ്. ഈ തിരഞ്ഞെടുപ്പിന്റെ വിജയത്തെ എന്ത് ആഘോഷത്തോടെയാണ് ജനങ്ങൾ നോക്കിക്കണ്ടത്! ഈ നിയമസഭാ മന്ദിരത്തിലേക്ക് കടന്നുവരാൻ പോലും തങ്ങൾക്ക് സാധിക്കുന്നില്ലെന്ന് ഇവിടെ ബഹുമാനപ്പെട്ട പല അംഗങ്ങളും പറഞ്ഞു. പലർക്കും ബഹുമാനപ്പെട്ട മുഖ്യമന്ത്രിയെപ്പോലും കാണാൻ സാധിക്കുന്നില്ല. നിയമസഭയിലേക്കും സെക്രട്ടേറിയറ്റിലേക്കും ജനങ്ങളുടെ അത്രയും വലിയ ഒഴുക്കാണ് ഉണ്ടായിക്കൊണ്ടിരിക്കുന്നത്. ഏകദേശം കഴിഞ്ഞ പത്ത് വർഷക്കാലമായി കെട്ടിക്കിടക്കുന്ന ജനങ്ങളുടെ വികാരവും പ്രയാസങ്ങളും പ്രശ്നങ്ങളുമെല്ലാം പരിഹരിക്കാൻ കേരളത്തിൽ ഒരു മുഖ്യമന്ത്രിയും ഭരണകൂടവുമുണ്ടായിരിക്കുന്നുവെന്നാണ് കേരളത്തിലെ ജനങ്ങൾ ഇപ്പോൾ നോക്കിക്കാണുന്നത്. ചിരിച്ചാൽ പോരെന്ന് ബഹുമാനപ്പെട്ട മുഖ്യമന്ത്രിയോട് പല പ്രതിപക്ഷാംഗങ്ങളും ഇവിടെ പറയുന്നത് കേട്ടു. ഞാൻ വളരെ വിനയത്തോടുകൂടി പറയട്ടെ, കേരളത്തിൽ ഒരു ചിരിക്കുന്ന മുഖ്യമന്ത്രിയുണ്ടാകട്ടെയെന്ന് നമുക്ക് ആഗ്രഹിച്ചുകൂടേ? ഈ മുഖ്യമന്ത്രി ചിരിക്കുക മാത്രമല്ലല്ലോ, ഈ സർക്കാരിന്റെ നയപരിപാടികളെക്കുറിച്ചെല്ലാം വളരെ കൃത്യമായി നയപ്രഖ്യാപന പ്രസംഗത്തിൽ ബഹുമാനപ്പെട്ട ഗവർണ്ണർ സൂചിപ്പിച്ചു. ബഹുമാനപ്പെട്ട മുഖ്യമന്ത്രി ആ കാര്യങ്ങൾ ഇവിടെ ആവർത്തിച്ച് സൂചിപ്പിക്കുകയുണ്ടായി. ഈ സർക്കാരിന് ഒരു നയമില്ലെന്നുള്ളതാണ് ഇടതുപക്ഷം പറയുന്നത്. ആ നയം തീർച്ചയായും നിങ്ങൾ ഉയർത്തിപ്പിടിച്ച നയമല്ലെന്നുള്ളത് ഇവിടെ സൂചിപ്പിക്കാൻ ഞങ്ങൾ ആഗ്രഹിക്കുകയാണ്. ഞങ്ങൾക്ക് ഒരു നയമുണ്ടെന്നും അത് പുതിയൊരു കേരളത്തെ സൃഷ്ടിക്കാനും കേരളത്തെ പുതുയുഗത്തിലേക്ക് നയിക്കാനുമുള്ള നയമാണെന്ന് ബഹുമാനപ്പെട്ട മുഖ്യമന്ത്രിതന്നെ കൃത്യമായി പറഞ്ഞിട്ടുണ്ട്. ഇതൊന്ന് വായിച്ചുനോക്കാനുള്ള സന്മനസ്സുപോലും എന്റെ ബഹുമാന്യ സുഹൃത്തുകൾ കാണിച്ചില്ല എന്നെനിക്ക് പലപ്പോഴും തോന്നിയിട്ടുണ്ട്. ഇതിൽ എന്താണ് പറഞ്ഞത് എന്ന് പലരും ചോദിക്കുന്നു. ഇതിൽ എന്താണ് പറയാത്തത്? ഒരു പുതിയ കേരളത്തെ കെട്ടിപ്പടുക്കാനാവശ്യമായ എല്ലാ കാര്യങ്ങളെക്കുറിച്ചും ഇതിൽ സൂചിപ്പിച്ചുവെന്നുള്ളത് വളരെ വ്യക്തമല്ലേ? എല്ലാ വിഭാഗം ജനങ്ങളെയും സാരമായി ബാധിക്കുന്ന ധാരാളം കാര്യങ്ങൾ ഈ

നയപ്രഖ്യാപനത്തിൽ സൂചിപ്പിച്ചുവെന്നുള്ളത് സുവ്യക്തമാണ്. തങ്ങൾ ഈ വിജയം അംഗീകരിക്കുന്നുവെന്നും ഈ പരാജയത്തിൽനിന്ന് ഫീനിക്സ് പക്ഷിയെപ്പോലെ തങ്ങൾ ഉയിർത്തെഴുന്നേൽക്കുമെന്നുമാണ് എന്റെ ചില ബഹുമാന്യ സ്നേഹിതർ ഇവിടെ പറഞ്ഞത്. ഞാനെന്റെ ഒരു ദുഃഖം പറയട്ടെ, ഞാൻ ഈ സഭയിൽ ആദ്യമായി വരുന്നതാണ്. അപ്പോൾ എന്റെ പഴയകാല സുഹൃത്തുക്കളും ഇവിടെ കാണുമെന്ന് പ്രതീക്ഷിച്ചാണ് ഞാൻ വന്നത്. പക്ഷെ നിർഭാഗ്യവശാൽ പലരെയും ഇവിടെ കാണാനില്ല എന്നൊരു സ്ഥിതികൂടിയുണ്ട്. അവർ പറയുന്നത് ഫീനിക്സ് പക്ഷിയെക്കുറിച്ചാണ്. ഗ്രീക്ക് ഇതിഹാസത്തിൽ ഫീനിക്സ് പക്ഷിയെക്കുറിച്ച് മാത്രമല്ലല്ലോ നാം പഠിച്ചത്? അതിൽ ഇക്കാറസ് എന്നൊരു കഥാപാത്രത്തെക്കുറിച്ചുകൂടി പറയുന്നുണ്ട്. ഇക്കാറസിന്റെ ചരിത്രമൊക്കെ നമുക്കറിയാം. പിതാവും മകനുംകൂടി പറക്കാൻ ചിറകുവച്ചപ്പോൾ, പറക്കുമ്പോൾ കരുതി പറക്കണമെന്നും വലിയ ഉയരത്തിലോ അധികം താഴ്ന്നോ പറക്കരുതെന്നും പിതാവ് മകന് ഉപദേശം കൊടുത്തത്രേ. കാരണം ചിറക് വളരെയധികം തൂവലുകൾ മെഴുകിൽ ഒട്ടിച്ചുചേർത്ത് കൃത്രിമമായി ഉണ്ടാക്കിയതാണ്. പക്ഷെ ഇക്കാറസിന് കുറച്ച് ഉയരത്തിൽ പറന്നപ്പോൾ ഇനിയും കൂടുതൽ പറക്കാമെന്ന് തോന്നി. അങ്ങനെ ഇക്കാറസ് പറന്നുപറന്ന് സൂര്യന് അടുത്തെത്തിയപ്പോൾ സൂര്യതാപമേറ്റ് താഴേക്ക് പതിച്ചുവെന്ന് പറഞ്ഞതുപോലുള്ള ഒരു പതനമാണ് നിങ്ങൾക്ക് സംഭവിച്ചിരിക്കുന്നത് എന്ന് നിങ്ങൾ മനസ്സിലാക്കണം. ഞാൻ വളരെ വിനയത്തോടുകൂടി ചോദിക്കട്ടെ, ഇത് എത്രാമത്തെ പതനമാണ്? ഇത് മൂന്നാമത്തെ പതനമല്ലേ; ഏതെങ്കിലുമൊരു പതനത്തിൽനിന്ന് പാഠം പഠിക്കാൻ നിങ്ങൾ തയ്യാറായിട്ടുണ്ടോ? പാർലമെന്റ് തിരഞ്ഞെടുപ്പിൽ നിങ്ങൾ പരാജയപ്പെട്ടു. അപ്പോൾ പറഞ്ഞു, അത് പാർലമെന്റിലേക്കല്ലേ എന്ന്. പിന്നീട് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലേക്കുള്ള തിരഞ്ഞെടുപ്പ് നടന്നു, അപ്പോൾ പറഞ്ഞു, ഞങ്ങൾ ജനങ്ങളെ കാണാൻ പോകുകയാണ് എന്ന്. പാർട്ടിയുടെ ദേശീയ സെക്രട്ടറിയടക്കം ഒരാഴ്ചക്കാലം ജനങ്ങളെ പോയിക്കണ്ടു. എന്നിട്ട് പറഞ്ഞു, അത് ജനങ്ങൾക്ക് ഒരു ചെറിയ തെറ്റിദ്ധാരണ സംഭവിച്ചതാണെന്ന്. ആ തിരഞ്ഞെടുപ്പും കഴിഞ്ഞു, ഇപ്പോൾ നിയമസഭാ തിരഞ്ഞെടുപ്പ് വന്നു. അതിൽ ചരിത്രത്തിൽ

ഇന്നുവരെ നേരിട്ടിട്ടില്ലാത്ത പതനമല്ലേ ഇടതുപക്ഷം നേരിട്ടത്. അതിന്റെ കാരണമെന്താണ്? നിങ്ങൾ അതെന്താണെന്ന് ജനങ്ങളോട് പറയാൻ തയ്യാറാകുന്നില്ല. അതുകൊണ്ട് ആ കാരണങ്ങളെക്കുറിച്ച് ആത്മാർത്ഥമായി പഠിച്ച്..., ഇവിടെ ബഹുമാനപ്പെട്ട ചില സ്നേഹിതന്മാർ പറഞ്ഞു, ഒരു ഇടതുപക്ഷം രാജ്യത്ത് ആവശ്യമില്ല എന്നൊന്നും ചിന്തിക്കുന്നവരല്ല ഞങ്ങൾ എന്ന്. നമുക്കതെല്ലാം ആവശ്യമാണ്. അതുകൊണ്ട് ബഹുമാന്യരായ ഇടതുപക്ഷ സുഹൃത്തുക്കളോട് പറയാനുള്ളത് ഈ പാഠം ഉൾക്കൊണ്ടുകൊണ്ട് നിങ്ങൾ രംഗത്ത് വരണം. ഈ സർക്കാരിന്റെ നയപ്രഖ്യാപനത്തെക്കുറിച്ച് ഒരു കാര്യംകൂടി പറയട്ടെ, സ്ത്രീകൾ, വിദ്യാർത്ഥികൾ, കുട്ടികൾ, വയോജനങ്ങൾ തുടങ്ങി എല്ലാ വിഭാഗം ആളുകളെക്കുറിച്ചും ഇതിൽ പറഞ്ഞിട്ടുണ്ട്, ഞങ്ങളതിനെ സ്വാഗതം ചെയ്യുന്നു. അതിൽ എന്നെ ഏറെ അഭിമാനംകൊള്ളിക്കുന്നത് ഈ ഗവൺമെന്റ് ഒരു തൊഴിലാളിപക്ഷ ഗവൺമെന്റുകൂടിയാണ് എന്നുള്ള വസ്തുതയാണ്. ഞാനൊരു തൊഴിലാളി പ്രവർത്തകനാണ്, സ്വതന്ത്ര തൊഴിലാളി യൂണിയൻ (STU)-ന്റെ സംസ്ഥാന പ്രസിഡന്റാണ്. പത്ത് കൊല്ലം ഭരിച്ച ഒരു ഗവൺമെന്റ് ഈ കേരളത്തിലുണ്ടായിരുന്നു. നിർഭാഗ്യകരമായ വസ്തുതയെന്താണ്? ആ ഇടതുപക്ഷ സർക്കാരിന്റെ അവസാനത്തെ കാലഘട്ടത്തിൽ സെക്രട്ടേറിയറ്റിനുമുമ്പിൽ INTUC (Indian National Trade Union Congress)-യും ഞങ്ങളുമൊക്കെ സമരത്തിന് വന്നതാണ്. AITUC (All India Trade Union Congress) നടത്തിയ സമരത്തിന് കയ്യുംകണക്കുമില്ലായിരുന്നു. എന്നാൽ ഏറ്റവും അവസാനം ഞങ്ങൾ കണ്ടത് CITU (Centre of Indian Trade Unions)-ക്കാരടക്കം കഴിഞ്ഞ സർക്കാരിന്റെ തെറ്റായ നയങ്ങൾക്കെതിരെ സമരം ചെയ്യുന്ന കാഴ്ചയാണ്. എന്നാൽ ഈ സർക്കാരിന്റെ ആദ്യത്തെ നടപടിയെന്താണ്? ആശ വർക്കർമാർ, അങ്കണവാടി ജീവനക്കാർ, പ്രീപ്രൈമറി ടീച്ചർമാർ, പാചക തൊഴിലാളികൾ തുടങ്ങിയവരെയും സാധാരണ ജീവനക്കാരെയും തൊഴിലാളികളായിപ്പോലും അംഗീകരിക്കാത്തവരെയും സ്വീകരിച്ച്, ചേർത്തുപിടിച്ച് അവർക്ക് എന്തെങ്കിലുമൊക്കെ സഹായം ചെയ്യുന്ന ഗവൺമെന്റായി ഈ ഗവൺമെന്റ് മാറി. ഇതൊരു നല്ല സൂചനയാണ്. തൊഴിൽ മേഖലയിൽ ധാരാളം പ്രശ്നങ്ങളുണ്ട്. എല്ലാ ക്ഷേമനിധി ബോർഡുകളും പൊതുമേഖലാ സ്ഥാപനങ്ങളും തകർന്നുകൊണ്ടിരിക്കുകയാണ്.

അതിനോടൊക്കെതന്നെ ഈ ഗവൺമെന്റ് സ്വീകരിക്കുന്ന നയങ്ങളെ ഞാൻ പിന്തുണയ്ക്കുകയാണ്. ഒറ്റകാര്യംകൂടി പറഞ്ഞ് അവസാനിപ്പിക്കട്ടെ. ഒരു പുതിയ സമീപനത്തെക്കുറിച്ച് ഈ നയപ്രഖ്യാപനത്തിൽ പറഞ്ഞിട്ടുണ്ട്. അത് ആർട്ടിഫിഷ്യൽ ഇന്റലിജൻസിനെക്കുറിച്ചാണ്. ആ സാധ്യതകളെ നല്ലരീതിയിൽ വിനിയോഗിക്കണമെന്ന കാര്യത്തിൽ ഞങ്ങൾക്ക് സംശയമില്ല. അത് നമ്മുടെ രാജ്യത്തിനും ലോകത്തിനും ആവശ്യമാണ്. പക്ഷെ ഒരു കരുതൽ വേണം എന്നുമാത്രം പറഞ്ഞുകൊണ്ടും ഈ അവസരം നൽകിയതിൽ നന്ദി രേഖപ്പെടുത്തിക്കൊണ്ടും ഈ നന്ദി രേഖപ്പെടുത്തുന്ന ഉപക്ഷേപത്തെ അനുകൂലിച്ചുകൊണ്ടും ഞാൻ എന്റെ വാക്കുകൾ അവസാനിപ്പിക്കുന്നു.

<u>ശ്രീ. എം. എസ്. അരുൺ കുമാർ</u>: സർ, ഈ നയപ്രഖ്യാപനത്തോടും നന്ദി രേഖപ്പെടുത്തുന്ന ഉപക്ഷേപത്തിനോടുമുള്ള വിയോജിപ്പ് ഞാൻ രേഖപ്പെടുത്തുകയാണ്.

നയരാഹിത്യമുള്ള നയപ്രഖ്യാപനമാണിവിടെ നടത്തിയിട്ടുള്ളത്. പുതുയുഗ കേരളം സൃഷ്ടിക്കാൻ കഴിയുന്ന ഒന്നുംതന്നെ ഈ പ്രഖ്യാപനത്തിൽ കാണാൻ കഴിയുന്നില്ല എന്നുള്ളതാണ് സൂചിപ്പിക്കാനുള്ളത്. പത്ത് വർഷത്തിനുശേഷം ഭരണപക്ഷത്തിലേക്ക് വരുന്നവരുടെ ആവേശം കാണുന്നുണ്ട്. 'പൂക്കി സർക്കാർ' പുകഞ്ഞുപോകാതിരിക്കട്ടെയെന്ന് പ്രത്യേകമായി ആശംസിക്കുകയാണ്. കേരളത്തിൽ ഇടതുപക്ഷത്തിന് തിരിച്ചടിയുണ്ടായി, വലിയ പരാജയവുമുണ്ടായി; ഞങ്ങളത് അംഗീകരിക്കുന്നു. മുമ്പും പരാജയങ്ങളുണ്ടായിട്ടുണ്ട്. ആ പരാജയങ്ങളിൽനിന്നെല്ലാം ജനങ്ങളുടെ വിശ്വാസമാർജ്ജിച്ച് കരുത്തോടെ ഇടതുപക്ഷം ഈ കേരളത്തിൽ തിരിച്ചുവന്നിട്ടുണ്ട് എന്നുള്ളതാണ് ചരിത്രം. മറ്റൊന്ന്, ഞങ്ങളുടെ സമീപനവുമായി ബന്ധപ്പെട്ടാണ് ഇവിടെ സൂചിപ്പിക്കുന്നത്. 'ഒറ്റയ്ക്ക് പ്രവർത്തിക്കുന്നതിനേക്കാൾ ഒരുമിച്ച് പ്രവർത്തിക്കുന്നതാണ് നല്ലത്. പൊതുനന്മയ്ക്കായി ഒരുമിച്ച് പ്രവർത്തിക്കുന്നതാണ് ഏറ്റവും നല്ലത്.' ഇങ്ങനെ ഒരുമിച്ച് പ്രവർത്തിക്കാൻ കഴിഞ്ഞ പത്ത് വർഷക്കാലം നിങ്ങൾ ഉണ്ടായിരുന്നോ എന്നുള്ളതാണ് ചിന്തിക്കേണ്ടത്. ഞങ്ങളുടെ സമീപനം എന്താണ്? തിരിച്ചടി നേരിട്ടപ്പോഴും ഈ ഗവൺമെന്റിന്റെ സത്യപ്രതിജ്ഞാ ചടങ്ങ് നടക്കുമ്പോൾ ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവുൾപ്പെടെ

അവിടേക്ക് വന്നതും ആ ചടങ്ങിൽ പങ്കെടുത്തതും കണ്ടതല്ലേ. എന്നാൽ കഴിഞ്ഞ ഗവൺമെന്റിന്റെ സമയത്ത് അങ്ങനെയൊരു സമീപനം സ്വീകരിക്കാൻ നിങ്ങൾ തയ്യാറായിട്ടുണ്ടോ? ആ സത്യപ്രതിജ്ഞാ ചടങ്ങും അതുമായി ബന്ധപ്പെട്ടുള്ള മറ്റ് കാര്യങ്ങളുമെല്ലാം ബഹിഷ്കരിക്കാനല്ലേ നിങ്ങൾ തീരുമാനിച്ചിരുന്നത്. സത്യപ്രതിജ്ഞാ ചടങ്ങ് മാത്രമായിരുന്നോ, തുടർന്ന് ഈ നാടിനുവേണ്ടി ഒരു ഗവൺമെന്റ് ചെയ്തിരുന്ന എല്ലാ വികസന പ്രവർത്തനങ്ങളെയും എതിർക്കാൻവേണ്ടിയുള്ള പ്രവർത്തനങ്ങളല്ലേ നിങ്ങളുടെ ഭാഗത്തുനിന്നുണ്ടായത്. ദേശീയപാതാ വികസനത്തിന് തുടക്കം കുറിച്ചപ്പോൾ കീഴാറ്റൂരിൽ സമരം നടത്തിയത് ആരാണ്? ഇന്നിവിടെ ഇരിക്കുന്ന ഭരണപക്ഷമല്ലേ; കെ-ഫോൺ എന്ന ഈ നാടിന്റെ ഏറ്റവും പ്രധാനപ്പെട്ട ഒരു പദ്ധതി മുടക്കാൻ നേതൃത്വം കൊടുത്ത് ഹൈക്കോടതിയിൽപ്പോയത് ഇന്നത്തെ ഭരണപക്ഷമല്ലേ; ഒരുപാട് മനുഷ്യർക്ക് പ്രയോജനമുള്ള വയനാട് തുരങ്കപാതയെ എതിർക്കുമെന്ന് പരസ്യമായി പ്രഖ്യാപിച്ചതും അങ്ങനെ ചെയ്തതും ഇന്നത്തെ ഭരണപക്ഷമല്ലേ; മലയോരപാത, തീരദേശപാത, വിഴിഞ്ഞം പദ്ധതി തുടങ്ങി നാടിന്റെ സമഗ്രമായ അടിസ്ഥാന സൗകര്യ വികസനങ്ങൾക്കകത്ത് കഴിഞ്ഞ ഗവൺമെന്റെടുത്ത എല്ലാ ശരിയായ നിലപാടുകളെയും ബഹിഷ്കരിക്കുന്ന, എതിർക്കുന്ന സമീപനം സ്വീകരിച്ചിരുന്നവർക്ക് എങ്ങനെയാണ് ഇക്കാലത്ത് പുതുയുഗകേരളം സൃഷ്ടിക്കുമെന്ന് അവകാശപ്പെടാൻ കഴിയുന്നത്; എതിർപ്പ് പ്രകടിപ്പിച്ചിരുന്നവർക്ക് എങ്ങനെ ഇതിനെല്ലാം കഴിയും? ഇപ്പോൾ ഏറ്റവും പ്രധാനപ്പെട്ടതായ സ്കൂൾ തുറക്കലുമായി ബന്ധപ്പെട്ടുള്ള കാര്യങ്ങൾ നോക്കാം. അങ്കണവാടികൾ, സ്കൂളുകൾ എന്നിവ തുറന്നു. എന്നാൽ നമ്മുടെ പ്രിയപ്പെട്ട കുഞ്ഞുങ്ങൾ പോകുന്ന സ്കൂളുകളുടെ ഫിറ്റ്നെസ്സുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾ ഏകോപിപ്പിക്കാൻ ഈ കാലഘട്ടത്തിൽ കഴിഞ്ഞിട്ടില്ലല്ലോ? ഇന്നലെ ഇവിടെ പെട്രോൾ, ഡീസൽ, പാചകവാതകം, ടാർ വിലയുൾപ്പെടെയുള്ള പ്രശ്നങ്ങളെക്കുറിച്ച് സൂചിപ്പിച്ചു. ബിറ്റുമിന് വല്ലാതെ വില വർധിച്ചിട്ടുണ്ട്. നാട്ടിലെ മിക്കവാറും റോഡുകളും ടാർ ചെയ്യാൻ കഴിയാത്ത അവസ്ഥയിലേക്ക് കാര്യങ്ങൾ മാറിയിട്ടുണ്ട്. ഈ ഇന്ധന വിലവർധനയുമായി ബന്ധപ്പെട്ട് പ്രതിപക്ഷത്തിരുന്നപ്പോൾ ഇന്നത്തെ ഭരണപക്ഷം പറഞ്ഞത് എന്തായിരുന്നു; അതിൽനിന്ന്

U-turn അടിക്കുന്ന സമീപനമല്ലേ ഇന്നലെ ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ ഭാഗത്തുനിന്നുണ്ടായത്? മുമ്പ് കയ്യടി നേടാൻ യു.ഡി.എഫ്. കുറേ കാര്യങ്ങൾ പറഞ്ഞിരുന്നു. ഇന്ന് അവിടേയ്ക്ക് വരുമ്പോൾ ഇതെല്ലാം നടപ്പാക്കാൻ കഴിയാത്ത നിലയിലേക്ക് കാര്യങ്ങൾ പോകുകയാണ്. കുറച്ചുമുമ്പ് ഇവിടെ വികാരപരമായി ഭരണപക്ഷത്തെ ചില അംഗങ്ങൾ സംസാരിച്ചപ്പോൾ സ്ത്രീ സുരക്ഷയെയും ആർത്തവ അവധിയെയുംകുറിച്ചൊക്കെ സൂചിപ്പിച്ചു. കഴിഞ്ഞ ഗവൺമെന്റ് സ്ത്രീ സുരക്ഷാ പദ്ധതിയിൽ വീട്ടമ്മമാർക്ക് 1000 രൂപ കൊടുക്കുന്നതിനുവേണ്ടിയിട്ടുള്ള പ്രവർത്തനം ഏറ്റെടുക്കുകയും കൊടുക്കുകയും ചെയ്തു. എന്നാൽ നിങ്ങളത് നിർത്തലാക്കി. അതിനെക്കുറിച്ച് എന്താണ് അഭിപ്രായം? ഇങ്ങനെ വികസന-ക്ഷേമപ്രവർത്തനങ്ങൾ പത്ത് വർഷക്കാലം മുമ്പ് ഇല്ലാതാക്കിക്കളഞ്ഞിരുന്ന ഒരു സമീപനം യു.ഡി.എഫ്.-ന്റെ ഭാഗത്തുനിന്നും ഉണ്ടായിരുന്നില്ലേ; ഇന്ധനനികുതിയുൾപ്പെടെ വല്ലാത്ത നിലയിൽ വർധിപ്പിക്കുമ്പോൾ കേന്ദ്ര ഗവൺമെന്റ് കേരളത്തോട് കാണിക്കുന്ന സാമ്പത്തിക സമീപനത്തെ ഉൾപ്പെടെ വിമർശിക്കാൻ ആ നയപ്രഖ്യാപനത്തിന്റെ ഭാഗമായി കഴിയുന്നില്ലല്ലോ; എന്തുകൊണ്ട് കഴിയുന്നില്ല? ഈ രാജ്യത്തിനകത്ത് ഈ നിലയിൽ ബി.ജെ.പി.-യെ വളർത്തുന്നതിന് എല്ലാവിധമായ ഇന്ധനവും ഒഴിച്ചുകൊടുക്കുന്നത് കോൺഗ്രസ്സായിരുന്നില്ലേ? ഇപ്പോൾ ഇവിടെ വിസ്മയത്തെക്കുറിച്ച് സൂചിപ്പിക്കുന്നുണ്ട്, ആ വിസ്മയത്തെക്കുറിച്ച് സൂചിപ്പിക്കുമ്പോൾ ഇന്ത്യാ മഹാരാജ്യത്ത് ഇന്ന് ബി.ജെ.പി.-ക്ക് വളരാൻ, നേരത്തെ നിലമ്പൂർ അംഗം സൂചിപ്പിച്ചതുപോലെ ആ വിസ്മയം എന്താണെന്ന് ഞങ്ങൾ മനസ്സിലാക്കുന്നു. എത്രമാത്രം വരുന്ന കോൺഗ്രസ്സിന്റെ നേതാക്കളാണ് എത്രയോ സംസ്ഥാനങ്ങളിൽ ബി.ജെ.പി.-യായി മാറിയിരിക്കുന്നതെന്ന് സമീപകാല അനുഭവങ്ങൾ തീർച്ചപ്പെടുത്തുകയല്ലേ. കേന്ദ്ര അന്വേഷണ ഏജൻസികൾ വരുന്നു. ആ കേന്ദ്ര അന്വേഷണ ഏജൻസികൾ കോൺഗ്രസ്സിന്റെ വീടുകളിലേക്ക് വന്നാൽ ഉടൻതന്നെ അവർ ബി.ജെ.പി.യാകുന്നതും അങ്ങനെ ബി.ജെ.പി.യെ വളർത്തുന്നവരായി ഈ രാജ്യത്തെ കോൺഗ്രസ് മാറിയിരിക്കുന്നതും നമുക്ക് കാണാൻ സാധിക്കുന്നുണ്ട്. അങ്ങനെ എത്രപേരാണ് ഇപ്പോൾ ബി.ജെ.പി.യായിട്ടുള്ളത്. ശ്രീ. എ. കെ. ആന്റണിയുടെ മകൻ, ബഹുമാനപ്പെട്ട

ആരോഗ്യ-ദേവസ്വം വകുപ്പുമന്ത്രിയുടെ സഹോദരി, അങ്ങനെ എത്രപേരുണ്ട്. നിങ്ങളൊന്ന് പരിശോധിക്കണം. രാജ്യത്തിനകത്ത് ഒരുപാട് പേരെ അങ്ങനെ കാണാൻ കഴിയും.

ക്ഷേമപ്രവർത്തനങ്ങളുമായി ബന്ധപ്പെട്ട് പറഞ്ഞാൽ, കഴിഞ്ഞ യു.ഡി.എഫ്. സർക്കാരിന്റെ കാലത്തുണ്ടായിരുന്ന ക്ഷേമപ്രവർത്തനങ്ങളെല്ലാം ഇല്ലാതായിപ്പോകുന്ന സാഹചര്യമല്ലേ ഉണ്ടായത്; ഞങ്ങളതെല്ലാം കഴിഞ്ഞ പത്ത് വർഷക്കാലം കൂടുതൽ മെച്ചപ്പെട്ട നിലയിലേക്ക് കൊടുത്തിരുന്നില്ലേ; ലൈഫ് മിഷനുമായി ബന്ധപ്പെട്ട് നിങ്ങളിപ്പോൾ സ്വീകരിക്കുന്ന സമീപനമെന്താണ്? ആ ലൈഫ് മിഷനുമായി ബന്ധപ്പെട്ട അഞ്ച് ലക്ഷത്തിലധികം വരുന്ന വീടുകൾ സാധാരണക്കാരായ മനുഷ്യർക്ക് കൊടുക്കാൻ കഴിയുന്ന സമീപനമുണ്ടായി. നിങ്ങൾ പുനർജനി വീടുകൾ, വയനാട്ടിലെ വീടുകൾ, കെ.പി.സി.സി. പ്രഖ്യാപിച്ച വീടുകൾ എന്നിവ കൊടുക്കണം. ഞങ്ങളിതൊക്കെ കൊടുത്തിട്ടുള്ളവരാണ്. ഞങ്ങൾ പ്രഖ്യാപിച്ച കാര്യങ്ങൾ കൃത്യമായി നടപ്പാക്കാൻ കഴിഞ്ഞിട്ടുള്ളവരാണ്.

<u>മി. സ്പീക്കർ</u>: ബഹുമാനപ്പെട്ട അംഗം, ദയവായി അവസാനിപ്പിക്കണം.

<u>ശ്രീ. എം. എസ്. അരുൺ കുമാർ</u>: സർ, സാധാരണ മനുഷ്യരോടൊപ്പം ജീവിക്കാൻ കഴിഞ്ഞിരുന്ന, അവരുടെ ആവശ്യങ്ങൾക്കൊപ്പം നിലനിൽക്കാൻ കഴിഞ്ഞിരുന്ന ഒരു ഭരണസംവിധാനമായിരുന്നു കഴിഞ്ഞ പത്ത് വർഷമുണ്ടായിരുന്നത്. ലൈഫ് മിഷനുൾപ്പെടെയുള്ള പ്രവർത്തനങ്ങളിൽനിന്ന് പുറകോട്ട് പോകുന്നത് ശരിയല്ല. ഇതുവരെ 107513 പേർ ലൈഫ് മിഷന്റെ ഭാഗമായിട്ടുണ്ട്. ഇനിയും വീടുകളുടെ പണി പൂർത്തിയാകുന്ന നിലയിലേക്ക് നിൽക്കുകയാണ്. അതിനെ തകർക്കാനുള്ള ശ്രമത്തിൽനിന്ന് പിൻവാങ്ങണമെന്നുകൂടി സൂചിപ്പിച്ചുകൊണ്ട് നന്ദി രേഖപ്പെടുത്തുന്ന ഈ ഉപക്ഷേപത്തെ എതിർത്തുകൊണ്ട് ഞാൻ എന്റെ വാക്കുകൾ ചുരുക്കുന്നു.

<u>ശ്രീ. കെ. ജയന്ത്</u>: സർ, വാഗ്ദാനങ്ങൾ പാലിച്ചുകൊണ്ടും ജനക്ഷേമകരമായ ഒട്ടനവധി പദ്ധതികളും പുതിയ വികസന കാഴ്ചപ്പാടുകളും പങ്കുവച്ചുകൊണ്ടും ബഹുമാന്യനായ ഗവർണ്ണർ നടത്തിയ നയപ്രഖ്യാപന പ്രസംഗത്തിന് പൂർണ്ണമായ പിന്തുണ അർപ്പിച്ചുകൊണ്ട് ശ്രീ. എം. വിൻസെന്റ് അവതരിപ്പിച്ച ഉപക്ഷേപത്തെ പരിപൂർണ്ണമായും പിന്തുണയ്ക്കുന്നു.

ജനാധിപത്യത്തിന്റെ ശ്രീകോവിലായ നിയമസഭയിലേക്ക് ഒരു അംഗമായി കടന്നുവരാൻ അവസരം നൽകിയ കോഴിക്കോട് നോർത്തിലെ ജനാധിപത്യ വിശ്വാസികളോടും എന്റെ പ്രസ്ഥാനത്തോടുമുള്ള നന്ദിയും കടപ്പാടും രേഖപ്പെടുത്താൻ ഞാൻ ഈയവസരം ഉപയോഗിക്കുന്നു. ഈ നാടിന്റെ പുതുയുഗപിറവിക്കായി ചരിത്രത്തിൽ സമാനതകളില്ലാത്ത പിന്തുണയാണ് കേരളത്തിലെ ജനം യു.ഡി.എഫ്.-ന് നൽകിയിരിക്കുന്നതെന്നതിൽ ഏറെ അഭിമാനമുണ്ട്. കേരളത്തിലെ ജനങ്ങളൊന്നാകെ യു.ഡി.എഫ്.-ന് അനുകൂലമായി നൽകിയ ഈ പിന്തുണ ഞങ്ങളെ കൂടുതൽ ഉത്തരവാദിത്വമുള്ളവരാക്കുമെന്ന് എനിക്ക് ഉറപ്പുണ്ട്. ഒരു ഭരണകൂടം എങ്ങനെയാകാൻ പാടില്ല എന്നതിന്റെ നേർസാക്ഷ്യമായിരുന്നു കഴിഞ്ഞ പത്ത് വർഷക്കാലം കേരളം കണ്ടത്. ഏകാധിപത്യപരവും ജനദ്രോഹ തീരുമാനങ്ങളുമായി മുന്നോട്ടുപോയ ഇടതുപക്ഷ സർക്കാരിനെ ജനം വിവിധ തിരഞ്ഞെടുപ്പുകളിലൂടെ പലതവണ തിരുത്തിയത് നിങ്ങൾക്ക് കാണാൻ സാധിച്ചില്ല എന്നത് ഖേദകരമാണ്. എനിക്കുമുമ്പ് സംസാരിച്ച ശ്രീ. വി. ടി. ബൽറാം പറഞ്ഞ ഒരു കാര്യം ആവർത്തിക്കാൻ ഞാൻ ആഗ്രഹിക്കുകയാണ്. കേരളത്തിന്റെ തിരഞ്ഞെടുപ്പുകളുടെ ചരിത്രത്തിൽ ആദ്യമായിട്ടാണ് ഒരു കോടിയിലധികം വോട്ടർമാർ ഒരു മുന്നണിക്ക് വോട്ട് നൽകിയത്. എന്തുകൊണ്ടാണ് അങ്ങനെ സംഭവിച്ചത്? സഖാവ് പിണറായി വിജയന്റെ നേതൃത്വത്തിലുള്ള ഇടതുമുന്നണി സർക്കാരിന്റെ പത്ത് വർഷത്തെ ഭരണത്തിനെതിരായ ജനത്തിന്റെ രോഷപ്രകടനമായിരുന്നു അത്. ഈ രോഷപ്രകടനത്തെ തിരിച്ചറിയാനുള്ള നിരവധി അവസരങ്ങൾ ജനങ്ങൾ അവർക്ക് നൽകിയിരുന്നു. ആ പത്ത് വർഷക്കാലത്തെ തിരഞ്ഞെടുപ്പ് എങ്ങനെയായിരുന്നുവെന്ന് നമുക്കെല്ലാവർക്കുമറിയാം. നേരത്തെ ശ്രീ. വി. ടി. ബൽറാം പറഞ്ഞതുപോലെ, വി. എസ്. അച്ചുതാനന്ദനെ മുൻനിർത്തിയാണ് നിങ്ങൾ തിരഞ്ഞെടുപ്പ് നടത്തിയത്. തുടർന്ന് പിണറായി വിജയൻ സർക്കാരിന്റെ നേതൃത്വത്തിൽ നടന്ന ആദ്യത്തെ തിരഞ്ഞെടുപ്പ് 2019-ലെ പാർലമെന്റ് തിരഞ്ഞെടുപ്പായിരുന്നു. കേരളത്തിന്റെ ചരിത്രത്തിൽ ആദ്യമായി ഒരു മുന്നണിക്ക് മുപ്പത് ലക്ഷത്തിലധികം വോട്ടിന്റെ ഭൂരിപക്ഷം ലഭിച്ചത് ആ തിരഞ്ഞെടുപ്പിലായിരുന്നു. അതിനുശേഷം അദ്ദേഹം ക്യാപ്റ്റനായും കാരണഭൂതനായും മാറിയ

തിരഞ്ഞെടുപ്പുകൾ ഏതൊക്കെയായിരുന്നുവെന്ന് നമുക്കറിയാം. അവ 2020 ഡിസംബർ മാസത്തിൽ നടന്ന പഞ്ചായത്ത് തിരഞ്ഞെടുപ്പും 2021 ഏപ്രിൽ മാസത്തിൽ നടന്ന അസംബ്ലി തിരഞ്ഞെടുപ്പുമായിരുന്നു. കോവിഡ് മഹാമാരിയുടെ പശ്ചാത്തലത്തിൽ മനുഷ്യരൊന്നാകെ വിറങ്ങലിച്ച് നിൽക്കുന്ന ഒരു കാലഘട്ടത്തിൽ ഭരണകൂടത്തിന്റെ എല്ലാ സൗകര്യങ്ങളും ഉപയോഗിച്ചുകൊണ്ട് ജനാധിപത്യത്തിൽ വൺ സൈഡഡായി നടന്ന ഒരു തിരഞ്ഞെടുപ്പിന്റെ വിജയത്തിലാണ് ശ്രീ. പിണറായി വിജയൻ ക്യാപ്റ്റനും കാരണഭൂതനുമായി മാറിയത്. എന്നാൽ അവ യഥാർഥ ജനവിധികളായിരുന്നില്ല. മറിച്ച് ഏകപക്ഷീയമായി ഭരണകൂടത്തിന്റെ എല്ലാ പിന്തുണയും ഉപയോഗിച്ചുകൊണ്ട് നടത്തിയ തിരഞ്ഞെടുപ്പുകളായിരുന്നു.

പി. ടി. തോമസ് മരണപ്പെട്ടതിനെത്തുടർന്ന് തൃക്കാക്കരയിൽ നടന്ന ഉപതിരഞ്ഞെടുപ്പിൽ ശ്രീമതി ഉമ തോമസ് മത്സരിച്ചു. കേരളത്തിന്റെ മുഖ്യമന്ത്രിയായിരുന്ന ശ്രീ. പിണറായി വിജയനുൾപ്പെടെ കേരളത്തിലെ മുഴുവൻ മന്ത്രിമാരും അണിനിരന്ന തിരഞ്ഞെടുപ്പായിരുന്നു അത്. പന്ത്രണ്ടായിരം വോട്ടിന് പി. ടി. തോമസ് വിജയിച്ചിടത്ത് ശ്രീമതി ഉമ തോമസ് ഇരുപത്തിയയ്യായിരത്തിലധികം വോട്ടിനാണ് വിജയിച്ചത്. ജനം നിങ്ങൾക്ക് സൂചന നൽകിയിരുന്നു. അതിനുശേഷം പുതുപ്പള്ളിയിൽ ഉപതിരഞ്ഞെടുപ്പ് നടന്നു. അന്ന് പുതുപ്പള്ളിയിലെ ഭൂരിഭാഗം പഞ്ചായത്തുകളും ഇടതുപക്ഷ മുന്നണിയുടെ കൈകളിലായിരുന്നു. പ്രിയങ്കരനായിരുന്ന ഉമ്മൻ ചാണ്ടി ഒൻപതിനായിരം വോട്ടിന് വിജയിച്ചിടത്ത് അദ്ദേഹത്തിന്റെ മരണത്തെ തുടർന്നുനടന്ന തിരഞ്ഞെടുപ്പിൽ ശ്രീ. ചാണ്ടി ഉമ്മൻ വിജയിച്ചത് മുപ്പത്തിയെണ്ണായിരത്തിലധികം വോട്ടിനായിരുന്നു. 2024-ലെ പാർലമെന്റ് തിരഞ്ഞെടുപ്പിൽ മലബാറടക്കമുള്ള മേഖലകളിൽ ലക്ഷക്കണക്കിന് വോട്ടിന്റെ ഭൂരിപക്ഷത്തോടെ വിജയിക്കാൻ സാധിക്കുമെന്ന് ഞങ്ങൾക്ക് ബോധ്യമുണ്ടായിരുന്നു. എല്ലാ അസ്ത്രങ്ങളും നിങ്ങൾ പ്രയോഗിച്ചില്ലേ; വഴിവിട്ട രീതിയിൽ കള്ളപ്രചരണങ്ങൾ നടത്തിയില്ലേ? 'കാഫിർ' സ്ക്രീൻഷോട്ട് ഉൾപ്പെടെയുള്ള പ്രചരണങ്ങൾ നടത്തിയിട്ടും അതിനെയെല്ലാം അതിജീവിച്ച് ജനം ഞങ്ങൾക്ക് വോട്ട് ചെയ്തപ്പോഴെങ്കിലും ചുവരെഴുത്ത് നിങ്ങൾ

വായിക്കേണ്ടതായിരുന്നു. അതിനുശേഷം വീണ്ടും ഉപതിരഞ്ഞെടുപ്പുകൾ നടന്നു. പാലക്കാട് ഉപതിരഞ്ഞെടുപ്പിൽ മൂവായിരത്തി അഞ്ഞൂറ് വോട്ടിന് ശ്രീ. ഷാഫി പറമ്പിൽ വിജയിച്ചിടത്ത് ഇരുപതിനായിരത്തിലധികം വോട്ടിന് കോൺഗ്രസ് അംഗം വിജയിച്ചു. ശ്രീ. രാഹുൽ ഗാന്ധിക്ക് ലഭിച്ചതിനെക്കാൾ അറുപതിനായിരം വോട്ട് അധികമാണ് വയനാട് ഉപതിരഞ്ഞെടുപ്പിൽ ശ്രീമതി പ്രിയങ്ക ഗാന്ധിക്ക് ലഭിച്ചത്. ചേലക്കരയിൽ നാൽപതിനായിരത്തിലധികം വോട്ടിന് ശ്രീ. കെ. രാധാകൃഷ്ണൻ വിജയിച്ചിടത്ത് ഇത്തവണ കഷ്ടിച്ചാണ് ഇടതുപക്ഷം വിജയിച്ചത്. കഴിഞ്ഞ രണ്ട് തവണയും പിണറായി സർക്കാരിന് പിന്തുണ നൽകിയ നിലമ്പൂർ അംഗം രാജിവച്ചതിനെത്തുടർന്ന് അവിടെ ഉപതിരഞ്ഞെടുപ്പ് നടന്നു. ആ തിരഞ്ഞെടുപ്പിൽ ശ്രീ. പി. വി. അൻവർ സ്വതന്ത്രനായി മത്സരിച്ചപ്പോൾ യു.ഡി.എഫ്. സ്ഥാനാർഥിയായ ശ്രീ. ആര്യാടൻ ഷൗക്കത്ത് പന്ത്രണ്ടായിരം വോട്ടിന്റെ ഭൂരിപക്ഷത്തിൽ വിജയിച്ചത് ജനം നൽകിയ ചുവരെഴുത്തായിരുന്നു. തുടർന്ന് പഞ്ചായത്ത് തിരഞ്ഞെടുപ്പ് നടന്നു. ആ തിരഞ്ഞെടുപ്പിൽ കേരളത്തിന്റെ രാഷ്ട്രീയ ചരിത്രത്തിൽ സമാനതകളില്ലാത്ത തോൽവിയാണ് ഇടതുമുന്നണിക്ക് ഏറ്റുവാങ്ങേണ്ടതായി വന്നത്. കണക്കുകളുമായി നിങ്ങൾ വീണ്ടും വന്നു. എന്നിട്ടും നിങ്ങൾ തിരിച്ചറിഞ്ഞില്ല. അതിനുശേഷം നടന്ന നിയമസഭാ തിരഞ്ഞെടുപ്പിൽ കേരളത്തിന്റെ ചരിത്രത്തിൽ സമാനതകളില്ലാത്തൊരു വിജയമാണ് ജനം യു.ഡി.എഫ്.-ന് സമ്മാനിച്ചത്. അതിന്റെ ഫലമായാണ് ഇന്ന് 102 അംഗങ്ങൾ ഭരണപക്ഷത്തിരിക്കുന്നത്. കഴിഞ്ഞ പത്ത് വർഷവും നിങ്ങളുടെ നേതൃത്വത്തിൽ നടന്ന ഉപതിരഞ്ഞെടുപ്പുകളുടെ ഫലങ്ങൾ പരിശോധിച്ചാൽ ചേലക്കരയിലെ ഒഴികെ മറ്റൊരു ഉപതിരഞ്ഞെടുപ്പിലും നിങ്ങൾക്ക് വിജയിക്കാൻ സാധിച്ചിട്ടില്ലെന്ന ചരിത്രസത്യം നിൽക്കുകയാണ്. സഖാവ് പിണറായി വിജയന്റെ നേതൃത്വത്തിൽ കഴിഞ്ഞ പത്ത് വർഷത്തിനിടെ നടന്ന തിരഞ്ഞെടുപ്പുകളുടെ കണക്കുകളാണ് ഞാൻ പറയുന്നത്. നിറംകെട്ട ചേലക്കരയിലെ ഭൂരിപക്ഷം നഷ്ടപ്പെട്ട ഒരു തിരഞ്ഞെടുപ്പിലപ്പുറമായി ഈ പത്ത് വർഷത്തിനിടയിൽ ഒരു ഉപതിരഞ്ഞെടുപ്പിൽ പോലും നിങ്ങൾക്ക് വിജയിക്കാൻ സാധിച്ചിട്ടില്ല. എന്തുകൊണ്ടാണ് ഇങ്ങനെ സംഭവിച്ചത്? ഇതിനുമുമ്പ് ഉമ്മൻ ചാണ്ടിയും ശ്രീ.

എ. കെ. ആന്റണിയും മുഖ്യമന്ത്രിയായിരുന്ന കാലഘട്ടത്തിലോ ഇടതുപക്ഷ ജനാധിപത്യ മുന്നണിയുടെ മുഖ്യമന്ത്രിമാർ അധികാരത്തിലിരുന്ന കാലഘട്ടത്തിലോ നടന്ന ഉപതിരഞ്ഞെടുപ്പുകളിൽ ഇതുപോലെ തോറ്റമ്പിയ കാലം ഉണ്ടായിട്ടുണ്ടോ? ഓരോ ഘട്ടത്തിലും നിങ്ങളുടെ പോക്ക് ശരിയല്ലെന്ന് ജനം കൃത്യമായി ചൂണ്ടിക്കാണിച്ചെങ്കിലും തിരുത്താൻ തയ്യാറാകാത്തതുകൊണ്ടാണ് ഇത്രയും വലിയ പരാജയം നിങ്ങൾക്ക് നേരിടേണ്ടിവന്നത്. നിങ്ങൾ ഈ തിരഞ്ഞെടുപ്പുകളിലെല്ലാം, വിവിധ ഘട്ടങ്ങളിലായി 'കാഫിർ' സ്ക്രീൻഷോട്ട് ഉൾപ്പെടെയുള്ള പ്രചരണങ്ങൾ നടത്തി. പാർലമെന്റ് തിരഞ്ഞെടുപ്പിൽ പരാജയപ്പെട്ടപ്പോൾ ഡൽഹിയിലെ പി.ആർ. ഏജൻസികളുടെ സഹായത്തോടെ ദി ഹിന്ദു പത്രത്തിൽ ലേഖനം എഴുതി. മലപ്പുറത്തെ മതന്യൂനപക്ഷങ്ങളെ ശത്രുപക്ഷത്ത് നിർത്തിക്കൊണ്ട് സംഘപരിവാർ ശക്തികളുടെ കൈയടി നേടുന്നതിനുവേണ്ടിയാണ് നിങ്ങൾ ആ ലേഖനം എഴുതിയത്. അവിടെനിന്ന് ഈ നിയമസഭാ തിരഞ്ഞെടുപ്പുവരെയുള്ള വിവിധ ഘട്ടങ്ങളിൽ നിങ്ങളുടെ ചില നേതാക്കൾ മതന്യൂനപക്ഷങ്ങൾക്കെതിരെ നടത്തിയ വിദ്വേഷ പ്രസംഗങ്ങളെല്ലാം ജനങ്ങൾ കാണുന്നുണ്ട്. മതത്തിന്റെ പേരിൽ മനുഷ്യരെ കള്ളികളാക്കി നിർത്താൻ ശ്രമിച്ചപ്പോൾ മലപ്പുറത്തിന്റെ മണ്ണിൽനിന്ന് ഞങ്ങൾ വിജയിപ്പിച്ച ശ്രീ. വി. എസ്. ജോയി ഇന്ന് ഈ സഭയിൽ നിൽക്കുകയാണ്. അഞ്ഞൂറ് ക്രിസ്ത്യൻ വോട്ടർമാർപോലും തികച്ചില്ലാത്ത ആ നിയോജകമണ്ഡലത്തിൽ അദ്ദേഹം പതിനായിരക്കണക്കിന് വോട്ടിന്റെ ഭൂരിപക്ഷത്തിൽ നിങ്ങളുടെ ഡോ. കെ. ടി. ജലീലിനെ തോൽപ്പിച്ചു. എനിക്ക് പുറകിൽ കൊച്ചി നിയോജകമണ്ഡലത്തിൽനിന്നും വിജയിച്ച ശ്രീ. മുഹമ്മദ് ഷിയാസ് ഇരിക്കുന്നുണ്ട്. ഒരുപക്ഷെ കേരളത്തിൽ ഏറ്റവും കൂടുതൽ ലാറ്റിൻ കത്തോലിക്ക വോട്ടർമാരുള്ള കൊച്ചിയിൽ ശ്രീ. മുഹമ്മദ് ഷിയാസ് വിജയിച്ചു. തിരുവനന്തപുരം ജില്ലയിൽ മഹാഭൂരിപക്ഷം ഹിന്ദുവോട്ടർമാരുള്ള വാമനപുരത്ത് ശ്രീ. സുധീർഷാ പാലോട് വിജയിച്ചു. ഇതൊക്കെയാണ് കേരളത്തിന്റെ മതേതരത്വം. നിങ്ങളത് കാണാതെ പോയി. നിങ്ങൾക്കിത് പുതുമയുള്ള അനുഭവമായിരിക്കാം. എന്നാൽ ഞങ്ങളെ സംബന്ധിച്ചിടത്തോളം ഇത് ചരിത്രത്തിന്റെ ആവർത്തനമാണ്. ഇന്ത്യൻ നാഷണൽ കോൺഗ്രസ് എന്ന പ്രത്യയശാസ്ത്രം അതിന്റെ

ചരിത്രത്തിലുടനീളം ഇത്തരത്തിൽ ഒട്ടനവധി കാര്യങ്ങൾ ചെയ്തിട്ടുണ്ട്. അതിൽ കുറച്ചുപേരുടെ പേരുകൾ ഞാൻ പറയാം. സയ്യിദ അൻവാറ തൈമൂർ ആസാമിലെയും ബർകത്തുള്ള ഖാൻ രാജസ്ഥാനിലെയും അബ്ദുൾ ഗഫൂർ ബീഹാറിലെയും അബ്ദുൾ റഹ്മാൻ ആന്തുലെ മഹാരാഷ്ട്രയിലെയും മുഖ്യമന്ത്രിമാരായിരുന്നു. 93 ശതമാനം ഹിന്ദുമത വിശ്വാസികൾ ജീവിക്കുന്ന പോണ്ടിച്ചേരിയിൽ എം. ഒ. എച്ച്. ഫറൂഖിനെ മൂന്നുതവണ മുഖ്യമന്ത്രിയാക്കിയ പ്രത്യയശാസ്ത്രത്തിന്റെ പേര് ഇന്ത്യൻ നാഷണൽ കോൺഗ്രസ് എന്നാണ്. വെറും രണ്ട് ശതമാനം മാത്രം സിഖ് മത വിശ്വാസികളുള്ള ഈ രാജ്യത്ത്, പത്ത് വർഷക്കാലം ഇന്ത്യയുടെ പ്രധാനമന്ത്രിയായി സിഖ് മത വിശ്വാസിയായ മൻമോഹൻ സിങ്ങിനെ തിരഞ്ഞെടുത്ത പാർട്ടിയാണ് ഞങ്ങളുടേത്. ഇരുന്നൂറ്റിയൻപത് വർഷത്തെ ജനാധിപത്യ ചരിത്രമുള്ള അമേരിക്കയിൽ ഒരു കറുത്ത വർഗ്ഗക്കാരൻ പ്രസിഡന്റാകാൻ എത്ര നൂറ്റാണ്ടുകൾ വേണ്ടിവന്നുവെന്ന് ആലോചിക്കുമ്പോഴാണ് ഇന്ത്യൻ നാഷണൽ കോൺഗ്രസ് എന്ന പ്രത്യയശാസ്ത്രത്തിന്റെ ബ്യൂട്ടി നിങ്ങൾക്ക് മനസ്സിലാകുന്നത്. നിങ്ങളത് തിരിച്ചറിയാതെ, ദൗർഭാഗ്യവശാൽ മതത്തിന്റെ കള്ളിയിൽ ഈ നാട്ടിലെ ജനങ്ങളെ തളച്ചിട്ടതുകൊണ്ടാണ് തോറ്റ് അമ്പി പോയത്. നിങ്ങൾ അതിന് കൊള്ളില്ലെന്ന് തിരിച്ചറിഞ്ഞതുകൊണ്ടാണ് കേരളത്തിന്റെ അങ്ങോളമിങ്ങോളമുള്ള മനുഷ്യരൊന്നാകെ നിങ്ങളെ തള്ളിക്കളഞ്ഞത്. നിങ്ങളിങ്ങനെ അടപടലം ഒലിച്ചുപോകുന്നതിൽ ഞങ്ങൾക്ക് സങ്കടമുണ്ട്. കാരണം കേരളത്തിന്റെ പ്രതിപക്ഷമായി ഞങ്ങൾക്കപ്പുറത്ത് നാളെയും നിങ്ങൾ വേണമെന്ന് ഞങ്ങൾ ആഗ്രഹിക്കുന്നു. ഈ സംസ്ഥാനം മതേതരത്വത്തിന്റെ ചേരിയിൽ എന്നും ഉറച്ചുനിൽക്കണമെന്നും ആഗ്രഹിക്കുന്നു. പക്ഷെ ജനവിധി കാണാൻ നിങ്ങൾ തയ്യാറായില്ല. വി. എസ്. അച്ചുതാനന്ദനെ മുൻനിർത്തി അധികാരത്തിൽ വന്ന മുഖ്യമന്ത്രി, പത്ത് വർഷത്തെ തിരഞ്ഞെടുപ്പുകളുടെ റിക്കോർഡ് പരിശോധിക്കുമ്പോൾ എല്ലായിടങ്ങളിലും തോറ്റ മുഖ്യമന്ത്രിയെ നിങ്ങൾ വീണ്ടും ജനഹിതത്തിനെതിരായി നയിക്കുന്നതിൽ ഞങ്ങൾക്ക് വിരോധമില്ല. കാരണം പത്ത് വർഷംകൂടി അദ്ദേഹം പ്രതിപക്ഷനേതാവായിരിക്കട്ടെയെന്ന് ആശംസിക്കാനാണ് ഞങ്ങൾ ആഗ്രഹിക്കുന്നത്. പക്ഷെ നിങ്ങൾ മനസ്സിലാക്കേണ്ട ചില

കാര്യങ്ങളുണ്ട്. കമ്മ്യൂണിസ്റ്റ് പ്രത്യയശാസ്ത്രങ്ങളിൽ പ്രതീക്ഷ നഷ്ടപ്പെട്ട, തൊണ്ട പൊട്ടുമാറുച്ചത്തിൽ നിങ്ങൾക്കുവേണ്ടി മുദ്രാവാക്യം വിളിക്കുന്ന സഖാക്കൾ മെല്ലെമെല്ലെ നിങ്ങളുടെ പ്രത്യയശാസ്ത്രത്തെയും പതാകയെയും വലിച്ചെറിഞ്ഞ് പോകുകയാണ്. അവർ പോകുന്നത് പലപ്പോഴും സംഘപരിവാറിന്റെ പാളയങ്ങളിലേക്കാണ്. അതിനെ തിരുത്താനും ഇന്നലെകളിൽ നഷ്ടപ്പെട്ട നിങ്ങളുടെ കമ്മ്യൂണിസ്റ്റ് മൂല്യങ്ങളെ തിരിച്ചുപിടിക്കാനും നിങ്ങൾക്ക് സാധ്യമാകുന്നില്ലെങ്കിൽ നിങ്ങൾ കേരളത്തോട് ചെയ്യുന്ന അനീതിയായിരിക്കും. ഭരണപക്ഷത്തുനിന്നുകൊണ്ട് നിങ്ങൾ തകർന്നുപോകരുതെന്ന് പറയേണ്ടിവരുന്ന ഗതികേടിലാണ് ഞങ്ങൾ. കാരണം നിങ്ങൾ തകരുമ്പോൾ അവിടെ റീപ്ലേസ് ചെയ്യപ്പെടുന്നത് ബംഗാളിലെപ്പോലെയുള്ള സാഹചര്യമായിരിക്കും. ഞങ്ങൾ ബംഗാളിൽ എവിടെയും പോയിട്ടില്ല. ജനാധിപത്യവിശ്വാസികളായ ബംഗാളിലെ കോൺഗ്രസുകാർ തൃണമൂൽ കോൺഗ്രസിലുണ്ട്. എന്നാൽ ബംഗാളിൽ 48 ശതമാനം വോട്ടുണ്ടായിരുന്ന നിങ്ങൾ നാല് ശതമാനത്തിലേക്ക് താഴ്ന്നുപോയത് നിങ്ങളൊന്നാകെ അടപടലം ബി.ജെ.പി.-യിലേക്ക് പോയതാണെന്ന സത്യം നമ്മുടെ മുമ്പിലുണ്ടെന്ന് ഓർമ്മപ്പെടുത്തുകയാണ്. കേരളത്തിലെങ്കിലും ജനങ്ങളോടൊപ്പം ജനപക്ഷത്തുനിന്ന്, മതത്തിനുവേണ്ടി പ്രവർത്തിക്കാതെ, മതത്തിന്റെ കള്ളിയിൽ പല ഘട്ടങ്ങളിലായി അവസരവാദപരമായി ഉപയോഗിക്കാതെ നിങ്ങൾ നിങ്ങളുടെ പ്രത്യയശാസ്ത്രത്തോടൊപ്പം സഞ്ചരിച്ചാൽ നിങ്ങളുടെ പാർട്ടിയെയെങ്കിലും രക്ഷിക്കാൻ സാധിക്കും. അത് കേരളത്തിന് ഉപകാരപ്രദമാകുമെന്ന് പറഞ്ഞുകൊണ്ടും ആരാധ്യനായ ഗവർണ്ണറുടെ നയപ്രഖ്യാപനത്തിന് എല്ലാ പിന്തുണയും നേർന്നുകൊണ്ടും എന്റെ വാക്കുകൾ നിർത്തുന്നു.

ശ്രീ. നാട്ടകം സുരേഷ്: സർ, ബഹുമാനപ്പെട്ട ഗവർണ്ണർ നടത്തിയ നയപ്രഖ്യാപന പ്രസംഗത്തിന് നന്ദി രേഖപ്പെടുത്തിക്കൊണ്ട് ശ്രീ. എം. വിൻസെന്റ് അവതരിപ്പിച്ച ഉപക്ഷേപത്തെ ഞാൻ അനുകൂലിക്കുന്നു. നവാഗതനായ എനിക്ക് ഈ സഭയിൽ വരാനും സംസാരിക്കാനും അവസരം നൽകിയ അങ്ങയോടും എന്റെ പാർട്ടിയോടും ഏറ്റുമാനൂരിലെ എന്നെ ചേർത്തുപിടിച്ച എന്റെ പ്രിയപ്പെട്ട വോട്ടർമാരോടും ഞാൻ ഹൃദയപൂർവം നന്ദി

രേഖപ്പെടുത്തുകയാണ്. നന്ദി രേഖപ്പെടുത്തുന്ന ഉപക്ഷേപം ഞാൻ വായിച്ചു. എത്ര മനോഹരമാണ് ഈ ഉപക്ഷേപം. കേരളത്തിലെ എല്ലാവിഭാഗം ജനങ്ങളെയും തൊട്ടും തലോടിയും ആശ്വസിപ്പിച്ചുംകൊണ്ടാണ് ഉപക്ഷേപം ഇവിടെ അവതരിപ്പിച്ചിട്ടുള്ളത്. എല്ലാ ജനവിഭാഗങ്ങളെയും നയപ്രഖ്യാപന പ്രസംഗത്തിൽ കാണുന്നുണ്ട്. അതിന്റെ ഒട്ടേറെ ഉദാഹരണങ്ങൾ ഇവിടെ സൂചിപ്പിക്കുകയും ചെയ്തു. ഇനി ഇപ്പോൾ പ്രതിപക്ഷത്തെയൊന്നും പറഞ്ഞ് വിഷമിപ്പിക്കേണ്ടെന്ന് യു.ഡി.എഫ്. എം.എൽ.എ.-മാരോട് എനിക്ക് ഒരഭ്യർഥനയുണ്ട്. കാരണം പച്ച മലയാളത്തിൽപ്പറഞ്ഞാൽ ജനങ്ങൾ അവരെ ഒരുതരത്തിൽ തല്ലി നടുവൊട്ടിച്ചിട്ടിരിക്കുകയാണ്. കേരളത്തിലെ ആരാധനാലയങ്ങൾ വരെ കൊള്ളയടിച്ച കൊള്ളക്കാരുടെ സർക്കാരിനെതിരെ ജനങ്ങളുടെ പ്രതിഷേധം കൊടുങ്കാറ്റുപോലെ ആഞ്ഞടിക്കുകയായിരുന്നു. ആ കൊടുങ്കാറ്റിൽ എൽ.ഡി.എഫ്. ആടിയുലയുക മാത്രമായിരുന്നില്ല, ഇനിയൊരിക്കലും ഉയർന്നുവരാനാകാത്ത രീതിയിൽ തകർന്നടിയുകയായിരുന്നു. കഴിഞ്ഞ പത്തുവർഷമായി കേരളം അന്ധകാരത്തിലായിരുന്നു. പക്ഷേ ഭയപ്പെടേണ്ട; കിഴക്കിന്റെ കോലായിൽ ഇരുളിനെ വകഞ്ഞുമാറ്റി പുതുയുഗത്തിന്റെ അരുണോദയം വന്നിരിക്കുന്നു. അതാണ് ഈ സർക്കാരിന്റെ നയപ്രഖ്യാപനത്തിലൂടെ തെളിഞ്ഞുവന്നത്. ജനങ്ങളുടെ പ്രതീക്ഷകൾ നിറവേറ്റാനും പ്രശ്നങ്ങൾ പരിഹരിക്കാനും സദ്ഭരണം കാഴ്ചവയ്ക്കാനും യു.ഡി.എഫ്. സർക്കാരിന്റെ ഇച്ഛാശക്തിയുടെ പ്രതിഫലനമാണ് ബഹുമാനപ്പെട്ട ഗവർണ്ണറുടെ നയപ്രഖ്യാപന പ്രസംഗത്തിൽ നിഴലിച്ചുകാണുന്നത്. എൽ.ഡി.എഫ്. സർക്കാർ എല്ലാ മേഖലകളെയും തകർത്തു. അവിടെയെല്ലാം ഈ നയപ്രഖ്യാപന പ്രസംഗത്തിലൂടെ പുനരുജ്ജീവനത്തിന്റെ വിത്തുപാകുന്നത് കാണാം. കേന്ദ്ര-സംസ്ഥാന സർക്കാരുകൾ അടിച്ചേൽപ്പിച്ച തെറ്റായ നയങ്ങൾ മൂലമുണ്ടായ സാമ്പത്തിക പ്രതിസന്ധി ഈ സർക്കാരിനുമുമ്പിൽ വലിയ വെല്ലുവിളിയാണ് ഉയർത്തിയിട്ടുള്ളത്. പെട്രോളിന്റെയും ഡീസലിന്റെയും പാചകവാതകത്തിന്റെയും അമിതമായ വിലവർധനവ് സാധാരണക്കാരുടെയും നിശ്ചിത വരുമാനക്കാരുടെയും കുടുംബ ബജറ്റ് ആകെ തകർത്തുകളഞ്ഞിരിക്കുകയാണ്. അതിരൂക്ഷമായ വിലക്കയറ്റംമൂലം ജീവിതത്തിന്റെ രണ്ടറ്റവും

കൂട്ടിമുട്ടിക്കാൻ കഴിയാതെ ജനങ്ങളാകെ കഷ്ടപ്പെടുകയാണ്. ഇന്ന് കേരളസമൂഹം നിരവധി പ്രശ്നങ്ങൾ നേരിടുന്നുണ്ട്. മികച്ച വിദ്യാഭ്യാസത്തിനും ജോലിക്കുംവേണ്ടി നമ്മുടെ സമ്പത്തായിമാറേണ്ട ലക്ഷക്കണക്കിന് വിദ്യാർഥികളാണ് കേരളം വിട്ടുപോകുന്നത്. കാര്യക്ഷമതയുള്ള വിദ്യാഭ്യാസം നൽകാൻ കഴിയാത്തതുകൊണ്ടാണ് കുട്ടികൾ വിദേശത്തേക്കുപോകുന്നത്. ഇന്ന് വിവര സാങ്കേതികവിദ്യയുടെയും ആർട്ടിഫിഷ്യൽ ഇന്റലിജൻസിന്റെയും അത്ഭുതകരമായ ശാസ്ത്ര പുരോഗതിയുടെയും കാലമാണ്. എന്നാൽ ഇക്കാലത്തെ പരാജയപ്പെടുത്തുന്ന തരത്തിലേക്ക് വിദ്യാഭ്യാസമേഖലയിൽ ഒരു പുരോഗതിയും കൊണ്ടുവരാൻ കേരളത്തിലെ ഇടതുമുന്നണി സർക്കാരിന് കഴിഞ്ഞിട്ടില്ല. കേരളത്തിലെ 12 യൂണിവേഴ്സിറ്റികളിൽ സ്ഥിരമായി വൈസ് ചാൻസലർമാർ ഇല്ലാതായിട്ട് വർഷങ്ങളായി. എന്ത് പരിഷ്കാരവും പുരോഗതിയുമാണ് കേരളത്തിലെ സർവകലാശാലകളിൽ എൽ.ഡി.എഫ്. സർക്കാരിന് കൊണ്ടുവരാൻ കഴിഞ്ഞത്? സർവകലാശാലകൾ സമ്പൂർണ്ണമായും രാഷ്ട്രീയവൽക്കരിച്ചു. യൂണിവേഴ്സിറ്റി ക്യാമ്പസുകൾ എസ്.എഫ്.ഐ.-യുടെ ആയുധപ്പുരകളാക്കി മാറ്റി. മഹാത്മാഗാന്ധി സർവകലാശാല എന്റെ നിയോജകമണ്ഡലത്തിലാണ് സ്ഥിതിചെയ്യുന്നത്. ആ സർവകലാശാലയിൽ നടക്കുന്ന കാര്യങ്ങൾ ഞങ്ങൾക്കെല്ലാം വളരെ കൃത്യമായി ബോധ്യമുള്ളതാണ്. സിൻഡിക്കേറ്റ് സമ്പൂർണ്ണമായി രാഷ്ട്രീയവൽക്കരിച്ചിരിക്കുന്നു. അവിടെ എല്ലാത്തരത്തിലുമുള്ള സമ്പൂർണ്ണമായ രാഷ്ട്രീയവൽക്കരണമാണ് നടക്കുന്നത്. എസ്.എഫ്.ഐ. -യുടെ ആയുധപ്പുരയായി മഹാത്മാഗാന്ധി സർവകലാശാല മാറിയിരിക്കുന്നു. അവിടെ സി.പി.ഐ.(എം.)-ന്റെ നിയന്ത്രണത്തിലാണ് കാര്യങ്ങളെല്ലാം നടക്കുന്നത്.

ശ്രീ. എം. എസ്. അരുൺ കുമാർ: സർ... (..മൈക്ക് ഓഫ്...)..

മി. സ്പീക്കർ: ഇതൊരു മെയ്ഡൻ സ്പീച്ച് ആണ്.

ശ്രീ. നാട്ടകം സുരേഷ്: സർ, യൂണിവേഴ്സിറ്റിയെന്നുള്ള നിലയിൽ സ്വതന്ത്രമായി ഒന്നുംതന്നെ ചെയ്യാൻ അവിടെ ആരെയും അനുവദിക്കുന്നില്ല. നൂറുകണക്കിന് ഡിവൈ.എഫ്.ഐ.-ക്കാരെ പിൻവാതിലിലൂടെ നിയമിച്ച് സർവകലാശാലയുടെ

അന്തസ്സതന്നെ ഇല്ലാതാക്കിയിരിക്കുകയാണ്. അടുത്ത കാലത്ത് പുറത്തുവന്ന പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ ഫോൺ സന്ദേശത്തിൽനിന്ന് കാര്യക്ഷമതയുള്ള വിദ്യാഭ്യാസം ലഭിക്കുന്നില്ലെന്ന് മനസ്സിലാക്കാൻ സാധിക്കും. പത്താംക്ലാസ് കഴിഞ്ഞ വിദ്യാർഥികൾക്ക് തെറ്റുകൂടാതെ മലയാളം എഴുതാനും വായിക്കാനും അറിയില്ലെന്ന് അദ്ദേഹം പരസ്യമായി പറയുകയുണ്ടായി. അത് നമ്മുടെ വിദ്യാഭ്യാസത്തിന്റെ കാര്യക്ഷമത വിളിച്ചോതുന്നതാണെന്നുള്ളതിൽ തർക്കമില്ല. വ്യവസായികൾ ആത്മഹത്യ ചെയ്യുന്ന നാടായി കേരളം മാറിയില്ലേ; ഒരു വ്യവസായിയെങ്കിലും കേരളത്തിലേക്ക് വരുന്നുണ്ടോ; നിങ്ങൾ കൊടികുത്തിയും തല്ലിയോടിച്ചും നിയമ തടസ്സങ്ങളുണ്ടാക്കിയും അവരെയെല്ലാം ആട്ടിയോടിച്ച് വിട്ടില്ലേ; പി.എസ്.സി. എന്നൊരു സ്ഥാപനമുള്ള കാര്യംപോലും നിങ്ങൾ മറന്നുപോയില്ലേ; അഭ്യസ്തവിദ്യരായ ചെറുപ്പക്കാർക്ക് നേരിയ ഒരു പ്രതീക്ഷയെങ്കിലും നൽകാൻ ഇടതുപക്ഷ ജനാധിപത്യ മുന്നണിയുടെ ഭരണത്തിന് കഴിഞ്ഞോ; കേരളത്തിലെ കാർഷികമേഖലയുടെ ഇന്നത്തെ അവസ്ഥയെന്താണ്; ഞാൻ ഒരു നെൽക്കർഷകനാണ്. കഴിഞ്ഞ രണ്ടുവർഷമായി ഞാൻ കൃഷി ചെയ്യുന്നില്ല. കഴിഞ്ഞ പത്തുകൊല്ലംകൊണ്ട് കേരളത്തിൽ കൃഷിയുമായി ബന്ധപ്പെട്ടിട്ടുള്ള എല്ലാ മേഖലകളും തകർന്നടിഞ്ഞു. ഞാൻ അപ്പർ കുട്ടനാട്ടിൽനിന്ന് വരുന്നയാളാണ്. കുട്ടനാടിനോട് ചേർന്നുകിടക്കുന്ന പ്രദേശങ്ങളെല്ലാം എനിക്ക് പരിചിതമായിട്ടുള്ള സ്ഥലങ്ങളാണ്. ഞാനൊരു കർഷകനായതുകൊണ്ട് നെൽക്കർഷകരെക്കുറിച്ച് കൂടുതലായി പറയാൻ ആഗ്രഹിക്കുകയാണ്. അവിടത്തെ കർഷകർ നിരവധിയായ പ്രയാസങ്ങൾ അനുഭവിക്കുന്നവരാണ്. യഥാർഥത്തിൽ നിലമൊരുക്കുന്നതുമുതൽ ആറുമാസം കർഷകൻ ആ പാടശേഖരത്തിൽത്തന്നെയാണ്. രാവിലെ അവിടെയെത്തിയാൽ വൈകുന്നേരമാണ് തിരികെ പോകുന്നത്. വിത്തിന് സമരം ചെയ്യേണ്ട ഗതികേടിലാണ് അവർ. നെല്ല് വിളയിച്ചെടുത്താൽ അത് കൊയ്തെടുക്കാനായിട്ടുള്ള യന്ത്രം കിട്ടുന്നില്ല. നെൽ കൊയ്തെടുത്ത് കളത്തിൽ കൂട്ടിയിട്ടാൽ അത് എടുത്തുകൊണ്ടുപോകാനായി സംഘങ്ങൾ വരുന്നില്ല. സിവിൽ സപ്ലൈസ് ഡിപ്പാർട്ടുമെന്റ് അക്കാര്യത്തിൽ പൂർണ്ണമായി പരാജയപ്പെട്ടിരിക്കുന്നു. അതിനുവേണ്ടി

നെല്ലെടുപ്പിക്കുന്നതിന് സമരം ചെയ്യേണ്ട ഗതികേടിലാണ് അവിടെയുള്ള കർഷകർ. നെൽ എടുത്തുകൊണ്ടുപോയാൽ കൃത്യമായി പണവും ലഭിക്കുന്നില്ല. പത്തുവർഷമായി ഒരു വർഷംപോലും കൃഷികഴിഞ്ഞ് നെല്ലെടുത്തിട്ട് കൃത്യമായി പണം തരാൻ എൽ.ഡി.എഫ്. സർക്കാരിന് കഴിഞ്ഞിട്ടില്ല. കഴിഞ്ഞ ദിവസം കർഷകരുമായി ഞങ്ങൾ ബഹുമാനപ്പെട്ട കൃഷി വകുപ്പുമന്ത്രി ശ്രീ. ടി. സിദ്ദിഖിനെയും ഭക്ഷ്യ-പൊതുവിതരണ വകുപ്പുമന്ത്രി ശ്രീ. അനൂപ് ജേക്കബിനെയും കണ്ടു. കർഷകർക്ക് കൃത്യമായി പണം നൽകാൻ ദിവസങ്ങൾകൊണ്ടുതന്നെ ഈ സർക്കാർ തയ്യാറായിരിക്കുന്നു. ഇക്കാര്യം വളരെ അഭിമാനത്തോടുകൂടി ഞാൻ പറയാനാഗ്രഹിക്കുന്ന ഒന്നാണ്. സർക്കാരിന്റെ ഈ തീരുമാനത്തെ ഞങ്ങൾ അഭിനന്ദിക്കുകയാണ്. കേരളത്തിൽ നിങ്ങൾ ഭരിച്ചപ്പോഴാണ് കർഷകാത്മഹത്യകളുണ്ടായത്. ഉടുമ്പൻചോല നിയോജകമണ്ഡലത്തിൽനിന്നുള്ള ബഹുമാനപ്പെട്ട അംഗം ശ്രീ. സേനാപതി വേണു ഇവിടെ ഇരിക്കുന്നുണ്ട്. ഇടുക്കി വെള്ളത്തൂവൽ ഗ്രാമപഞ്ചായത്തിൽ ഒരു കർഷകൻ തന്റെ വീടിന്റെ ചുമരിൽ എനിക്ക് കിഡ്നി വിൽക്കാനുണ്ടെന്ന് എഴുതിവച്ച കാഴ്ച നമ്മളെല്ലാം കാണുകയുണ്ടായി. മങ്കൊമ്പിൽ ശശികുമാർ എന്ന കർഷകൻ, ഞാൻ പരാജയപ്പെട്ട കർഷകൻ എന്നുപറഞ്ഞ് ആത്മഹത്യാക്കുറിപ്പ് എഴുതിവച്ച് ആത്മഹത്യ ചെയ്യുന്നത് നമ്മൾ കാണുകയുണ്ടായി. കേരളത്തിലെ കർഷകർ ആത്മഹത്യ ചെയ്യുന്ന അവസ്ഥയിൽനിന്ന് കേരളത്തെ മോചിപ്പിക്കാൻ ഐക്യ ജനാധിപത്യമുന്നണി സർക്കാർ പ്രതിജ്ഞാബദ്ധമായി മുന്നോട്ടുവരികയാണ്. നമ്മുടെ ആരോഗ്യമേഖലയുടെ സ്ഥിതി, കോട്ടയം മെഡിക്കൽ കോളേജ് എന്റെ നിയോജകമണ്ഡലത്തിലാണ് സ്ഥിതി ചെയ്യുന്നത്. വലിയ പരിതാപകരമായ അവസ്ഥയാണ് അവിടെയുള്ളത്. സർജറികൾ നടത്താനുള്ള സാഹചര്യമില്ലാത്തതിനാൽ അവിടെ സർജറികൾ നടക്കുന്നില്ല. അവിടെയൊരു സർജറി നടത്തണമെങ്കിൽ രോഗിയുടെ ബന്ധുക്കൾ സൂചിയും നൂലും വരെ വാങ്ങിനൽകേണ്ട സ്ഥിതിയാണുള്ളത്. അവിടെ മരുന്നില്ല, കെട്ടിടങ്ങൾ ശോചനീയാവസ്ഥയിലാണ്. ആറ് മാസം മുമ്പ് ഒരു കെട്ടിടം ഇടിഞ്ഞ് വീണ് ബിന്ദു എന്ന പാവപ്പെട്ട വീട്ടമ്മ കൊല ചെയ്യപ്പെട്ടു. സ്ലാബിനടിയിൽ വീണ് കിടക്കുമ്പോഴും അവർക്ക് ജീവന്റെ തുടിപ്പുണ്ടായിരുന്നു. ഈ

സഭയിലെ മുൻമന്ത്രിയായിരുന്ന, അവിടത്തെ മുൻ എം.എൽ.എ. ആ സ്ലാബിന്റെ മുകളിൽ കയറിനിന്ന് വാതോരാതെ വർത്തമാനം പറഞ്ഞതല്ലാതെ മറ്റൊന്നും ചെയ്തില്ല. ആ സ്ലാബ് മാറ്റണമെന്നും അതിന്റെയടിയിൽ ഒരു മനുഷ്യ ജീവനുണ്ട്, പരിശോധിക്കണമെന്ന് ഞാനും ശ്രീ. ചാണ്ടി ഉമ്മനും ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ സാറും പറഞ്ഞപ്പോൾ ആ അപകടത്തെ അപകടമല്ലെന്ന നിലയിൽ പറഞ്ഞ് ന്യായീകരിക്കാനുള്ള ശ്രമമാണ് നടത്തിയത്. അവസാനം മണിക്കൂറുകൾ കഴിഞ്ഞ് ആ സ്ലാബ് നീക്കം ചെയ്തപ്പോൾ അതിനടിയിൽ ബിന്ദു മരണപ്പെട്ട് കിടക്കുകയായിരുന്നു. ആ സ്ഥിതിയാണ് കോട്ടയം മെഡിക്കൽ കോളേജിലുള്ളത്. മെഡിക്കൽ കോളേജിനെയും സമ്പൂർണ്ണമായി രാഷ്ട്രീയവത്ക്കരിച്ചിരിക്കുന്നു. ആയിരത്തോളം ഡി.വൈ.എഫ്.ഐ.-ക്കാരെ മെഡിക്കൽ കോളേജിൽ ഡെയ്‌ലി വേജസായി നിയമിച്ചിരിക്കുന്നു. ഇതാണ് മെഡിക്കൽ കോളേജിൽ നടക്കുന്ന കാര്യങ്ങൾ. ഇതിനൊരു മാറ്റമുണ്ടാകണം. മാറ്റമുണ്ടാകാൻ ബഹുമാനപ്പെട്ട ആരോഗ്യ വകുപ്പുമന്ത്രിയുമായി ഞാൻ ഇന്നലെയും സംസാരിച്ചു. അദ്ദേഹം മെഡിക്കൽ കോളേജ് സന്ദർശിക്കാൻ വരുമെന്ന് എന്നോട് പറഞ്ഞിട്ടുണ്ട്. മാറ്റമുണ്ടാകുമെന്ന കാര്യത്തിൽ തർക്കമില്ല. ഇടുക്കി, പത്തനംതിട്ട, കോട്ടയം ജില്ലകളിലെ രോഗികൾ മാത്രമല്ല, ആലപ്പുഴ മെഡിക്കൽ കോളേജിൽനിന്ന് റഫർ ചെയ്യുന്ന രോഗികളും അങ്ങോട്ടുതന്നെയാണ് വരുന്നത്. അവിടെ സമർഥരായ ഡോക്ടർമാരുണ്ട്. എന്നാൽ അവർക്ക് രോഗികളെ പരിശോധിക്കാനോ നല്ല രീതിയിലുള്ള ചികിത്സ അവിടെ ലഭ്യമാക്കുന്നതിനോയുള്ള സാഹചര്യമില്ല. അവിടെ സമ്പൂർണ്ണമായി രാഷ്ട്രീയവൽക്കരണം നടന്നിരിക്കുന്നു. സമയപരിമിതിമൂലം ഞാൻ ദീർഘിപ്പിക്കുന്നില്ല, ഇതിനൊക്കെ മാറ്റമുണ്ടാകുമെന്ന് പ്രതീക്ഷിക്കുന്നു.

കേരളത്തിലെ എല്ലാ ജനവിഭാഗങ്ങളെയും തഴുകുകയും തലോടുകയും ചെയ്യുന്ന, എല്ലാ ജനവിഭാഗങ്ങളെയും കാണുന്ന, എല്ലാ ജനവിഭാഗങ്ങൾക്കുവേണ്ടിയും പ്രവർത്തിക്കുന്ന, പാർശ്വവത്ക്കരിക്കപ്പെട്ട ജനവിഭാഗങ്ങളെ ചേർത്ത് നിർത്തുന്ന ഐക്യജനാധിപത്യമുന്നണി ഗവൺമെന്റിൽ ഞങ്ങൾക്ക് വിശ്വാസമുണ്ട്. ആ ഗവൺമെന്റ് കേരളത്തിലെ ജനങ്ങളുടെ പ്രതീക്ഷകൾക്കൊത്ത് ഉയർന്ന് പ്രവർത്തിക്കുന്ന ഗവൺമെന്റായിരിക്കുമെന്ന് ഞങ്ങൾക്ക്

പ്രതീക്ഷയുണ്ട്. ആ ഗവൺമെന്റിൽ വിശ്വാസമർപ്പിച്ചുകൊണ്ട് ശ്രീ. എം. വിൻസെന്റ് ഇവിടെ അവതരിപ്പിച്ച ഗവർണ്ണറുടെ പ്രസംഗത്തിന് നന്ദിരേഖപ്പെടുത്തുന്ന ഉപക്ഷേപത്തെ അനുകൂലിച്ചുകൊണ്ട് ഞാൻ എന്റെ വാക്കുകൾ അവസാനിപ്പിക്കുന്നു. നന്ദി, നമസ്കാരം.

ശ്രീ. റെജി ചെറിയാൻ: സർ, ബഹുമാനപ്പെട്ട ഗവർണ്ണറുടെ നയപ്രഖ്യാപനത്തിന് ഉപക്ഷേപം അവതരിപ്പിച്ചുകൊണ്ട് നന്ദി പറഞ്ഞ ശ്രീ. എം. വിൻസെന്റ് എം.എൽ.എ.-യെ ഞാൻ പിന്താങ്ങുന്നു. കേരള കോൺഗ്രസ് പാർട്ടിയെ പ്രതിനിധാനം ചെയ്ത് പതിനാറാം കേരള നിയമസഭയിൽ അംഗമാകാൻ കഴിഞ്ഞതിലുള്ള സ്നേഹവും ആദരവും ഞാൻ ആദ്യമായി ശ്രീ. പി. ജെ. ജോസഫ് സാറിനെ അറിയിക്കുന്നു. അതുപോലെ, ചരിത്രത്തിലെ ഏറ്റവും വലിയ ഭൂരിപക്ഷം നൽകി കുട്ടനാട് ജനത എന്നെ വിജയിപ്പിച്ച് ഈ നിയമസഭയിലെത്തിച്ചു. അവർക്കെല്ലാവർക്കുമുള്ള സ്നേഹവും ആദരവും അറിയിക്കുന്നു.

ഈ നയപ്രഖ്യാപനത്തിൽ പറഞ്ഞിരിക്കുന്ന ഓരോ വിഷയവും ഈ നാടിന്റെ പുതുയുഗ പിറവിയെയാണ് സൂചിപ്പിക്കുന്നത്. ആധുനിക കാലഘട്ടത്തിനനുസരിച്ച് മാറുകയെന്നത് ഒരു ഭരണകൂടത്തിന്റെ ഉത്തരവാദിത്തമാണ്. അതിലേക്കുള്ള തുടക്കമാണ് ഈ നയപ്രഖ്യാപനം. കഴിഞ്ഞ ഇരുപത് വർഷങ്ങളായി കുടിക്കാൻ ശുദ്ധജലമില്ലാതെ, നടക്കാൻ വഴിയില്ലാതെ കരയുന്ന കർഷകരുള്ളൊരു നിയോജക മണ്ഡലമാണ് കുട്ടനാട്. കഴിഞ്ഞ പത്ത് വർഷമായി ഈ നാട് ഭരിച്ച സർക്കാർ കരയുന്ന കർഷകരും പ്രയാസപ്പെടുന്ന ജനങ്ങളും കുടിക്കാൻ വെള്ളവുമില്ലാത്ത നാടാക്കി കുട്ടനാടിനെ മാറ്റി. ഇവർ ഒരു നവകേരള യാത്ര നടത്തി. ഒരു ടൂറിസ്റ്റ് ബസ്സിൽ കയറി കേരളം കറങ്ങി തിരിച്ചുവന്നു. പോകുന്ന വഴിയിൽ ഇവർ തുടക്കം മുതൽ ചെയ്തതെന്താണ്? അവിടെ കാണുന്ന യൂത്ത് കോൺഗ്രസ്സുകാരെ തല്ലാൻ തുടങ്ങി. അതുകൊണ്ട് പോകുന്ന വഴിയിലെ ജനങ്ങളെല്ലാം മാറിനിന്നുകൊടുത്തു. ഇവർ ജനങ്ങളെയാരെയും കണ്ടില്ല. തിരിച്ചെത്തിയ ഇവരെടുത്ത തീരുമാനം അതിദരിദ്രരില്ലാത്ത കേരളം. ചികിത്സിക്കാൻ സൗകര്യങ്ങളില്ലാതെ, വീടില്ലാതെ, റോഡിൽ കിടക്കുന്ന നൂറ് കണക്കിന് ആളുകളെ കുട്ടനാട് നിയേജകമണ്ഡലത്തിൽ ഞാൻ കാണിച്ചുതരാം. ഇതാണ് കുട്ടനാടിന്റെ ഗതി. ഈ പത്ത് വർഷം ഈ നാടിനെ... കുട്ടനാട്ടിൽ എ.സി.

റോഡുണ്ടാക്കിയതിൽ കോടികളുടെ അഴിമതി. ഇന്ത്യാ രാജ്യത്ത് എങ്ങുമില്ലാത്തൊരു റോഡാണ് എ.സി. റോഡ്. ഒരു മഴ പെയ്താൽ അവിടെ പ്രാദേശികമായ സ്ഥലങ്ങളിൽ ജനങ്ങൾക്ക് വീടിന് പുറത്തിറങ്ങാൻ സാധിക്കില്ല. ഇരുപത് വർഷമായി ആ നാടിനെ ആരും തിരിഞ്ഞുനോക്കാതെ കിടക്കുകയാണ്. കഴിഞ്ഞ പത്ത് വർഷം ഭരിച്ച സർക്കാരിന്റെ കാലത്ത് നെൽകർഷകർ പ്രയാസപ്പെട്ടു. കഴിഞ്ഞ തിരഞ്ഞെടുപ്പിൽപോലും യാത്ര ചെയ്ത് പോകുന്ന വഴികളിൽ നമ്മൾ കണ്ടത് കരയുന്ന കർഷകനെയാണ്. കഴിഞ്ഞ സർക്കാരിന്റെ കാലത്തെടുത്ത നെല്ലിന്റെ പൈസപോലും നൽകിയിട്ടില്ല. പതിമൂന്ന് പഞ്ചായത്തിൽ ഒരു സ്കൂളിൽ പോലും ഒരു കളിസ്ഥലമില്ല, നല്ലൊരു ഹെൽത്ത് സെന്ററില്ല, ഒരു താലൂക്ക് ഹോസ്പിറ്റലില്ല. യാതൊന്നുമില്ലാത്ത സൗന്ദര്യം മാത്രമുള്ള കുട്ടനാട്. ജനങ്ങൾ പ്രയാസപ്പെടുന്ന കുട്ടനാട്, നൂറ് കണക്കിന് കാൻസർ രോഗികൾ വസിക്കുന്ന കുട്ടനാട്. അവർക്ക് ഒരു ഹോസ്പിറ്റലിൽ പോകണമെങ്കിൽ ഒരു ബോട്ട് പിടിച്ച് കരയിൽ വന്ന് ആലപ്പുഴ/കോട്ടയം മെഡിക്കൽ കോളേജിൽ പോകണം. ഇത്തരത്തിൽ നിർധനരായ പാവങ്ങളുള്ള കുട്ടനാടാണ്. 140 നിയോജകമണ്ഡലങ്ങളെടുത്താൽ അവയിൽ ഏറ്റവും കൂടുതൽ പ്രയാസമനുഭവിക്കുന്ന നാടാണ് കുട്ടനാട്. കുട്ടനാടിന് പ്രത്യേക പരിഗണന നൽകണം. വലിയൊരു മാറ്റം കുട്ടനാട്ടിൽ ഉണ്ടാക്കിയേ മതിയാകൂ. ഞാൻ ഈ നയപ്രഖ്യാപനത്തെയും അതിനെ പിന്താങ്ങിയ ഉപക്ഷേപത്തിനും എല്ലാ പിന്തുണയും നൽകിക്കൊണ്ട് നിർത്തുന്നു. നന്ദി, നമസ്കാരം.

<u>മി. സ്പീക്കർ</u>: അടുത്തയാളെ പ്രസംഗത്തിന് ക്ഷണിക്കുന്നതിന് മുമ്പ് നേരത്തെ സംസാരിച്ചിരുന്നൊരു കാര്യം ഞാൻ സഭയെ വീണ്ടും ഓർമ്മിപ്പിക്കുകയാണ്. ഒരാൾ സംസാരിച്ചുകൊണ്ടിരിക്കുമ്പോൾ അതിന് മുന്നിലൂടെ ക്രോസ്സ് ചെയ്ത് പോകുന്നത് ശരിയല്ല. അറിവില്ലാതെ അത്തരത്തിൽ സംഭവിക്കുന്നതായിരിക്കുമെന്നാണ് എനിക്ക് തോന്നുന്നത്. ഇവിടെയുള്ളതിൽ അമ്പത് ശതമാനവും മുതിർന്ന അംഗങ്ങളാണ്. ബാക്കിയുള്ള പുതിയ ആളുകൾക്ക് അതുസംബന്ധിച്ചുള്ള ധാരണ വന്നില്ലെങ്കിൽ മുതിർന്ന അംഗങ്ങൾ അവരെ സഹായിക്കണമെന്ന് ഓർമ്മിപ്പിക്കുന്നു.

സഭയിൽ ചർച്ച നടക്കുമ്പോൾ ഓഫീസേഴ്സ് ഗാലറിയിൽ ഉദ്യോഗസ്ഥർ ഉണ്ടാകേണ്ടതാണ്. എന്നാൽ ഞാനിപ്പോൾ നോക്കുമ്പോൾ അവിടെ ഉത്തരവാദിത്തപ്പെട്ട ആരെയും കാണുന്നില്ല. അതിനാൽ ഉദ്യോഗസ്ഥർ ഗാലറിയിൽ എത്താനായി അറിയിപ്പ് നൽകണം.

<u>ശ്രീ. കുറുക്കോളി മൊയ്തീൻ:</u> സർ, ഞാൻ നന്ദി രേഖപ്പെടുത്തുന്ന ഉപക്ഷേപത്തെ പിന്തുണയ്ക്കുന്നു. ഒരിക്കൽക്കൂടി ഈ സഭയിൽ എത്തിച്ചേരാൻ കഴിഞ്ഞതിൽ ഞാനെന്റെ സൃഷ്ടാവിനെ സ്തുതിക്കുന്നു. കേരളത്തിൽ വർഗ്ഗീയത താണ്ഡവമാടി, വർഗ്ഗീയ പ്രചാരണങ്ങൾ കളിപ്പാട്ടമാക്കി ഇടതുപക്ഷമുൾപ്പെടെയുള്ളവർ സ്വീകരിച്ചൊരു കാലഘട്ടം, ഈ കഴിഞ്ഞ തിരഞ്ഞെടുപ്പ് കാലഘട്ടത്തെ നമ്മൾ വിലയിരുത്തേണ്ടതുണ്ട്. ഈ സന്ദർഭത്തിൽ തന്മയത്വത്തോടെ സൗഹാർദം വളർത്തി ഐക്യത്തോടുകൂടി ജനാധിപത്യമൂല്യങ്ങൾ വളർത്തി മതേതരത്വം സംരക്ഷിച്ച് ജനങ്ങളെ നയിക്കാൻ വളരെ പ്രഗത്ഭമായി നേതൃത്വം കൊടുത്ത ഞങ്ങളുടെ നേതാവായ പ്രിയങ്കരനായ പാണക്കാട് സയ്യിദ് സാദിഖലി ശിഹാബ് തങ്ങളെ ഈ സഭ മുമ്പാകെ അഭിനന്ദിക്കാൻ ഞാൻ ആഗ്രഹിക്കുന്നു.

എന്റെ നിയോജകമണ്ഡലമായ തിരൂരിൽനിന്നും ഒരിക്കൽക്കൂടി ജനങ്ങൾ എന്നെ വിജയിപ്പിച്ചാണ് ഇങ്ങോട്ട് അയച്ചത്. തിരൂരിലെ തിരഞ്ഞെടുപ്പിന് കുറേയേറെ സവിശേഷതകളുണ്ടായിരുന്നു. ആദ്യമായി സഭയിൽ കടന്നുവന്ന ദിവസം എന്നെ കൈപിടിച്ച് അഭിനന്ദിച്ച ഇടതുപക്ഷ സുഹൃത്തുക്കൾ പോലുമുണ്ട്. ഞാനവരുടെ പേര് പറയുന്നില്ല. തിരഞ്ഞെടുപ്പിന്റെ പ്രത്യേകതയെക്കുറിച്ചും മറ്റ് കാര്യങ്ങളെക്കുറിച്ചുമൊക്കെ അവർ അന്വേഷിച്ചു. എനിക്കതിൽ സന്തോഷമുണ്ട്. അവിടത്തെ സ്ഥാനാർത്ഥി എങ്ങനെയാണ് വന്നത്? ഇടതുപക്ഷത്തിന്റെ ഏര്യാ കമ്മറ്റിയോ ജില്ലാ കമ്മറ്റിയോ അംഗീകരിച്ച സ്ഥാനാർത്ഥിയല്ല അവിടെ സ്ഥാനാർത്ഥിയായി വന്നത്. 1982-ൽ പെരിന്തൽമണ്ണയിലും മണ്ണാർക്കാട്ടും സമ്പന്നരായ ആളുകളെ മത്സരിപ്പിച്ചുകൊണ്ട് തിരഞ്ഞെടുപ്പ് പരീക്ഷണം നടത്താൻ സി.പി.ഐ.(എം) തയ്യാറായി. അവിടെ പരാജയപ്പെട്ടുവെങ്കിലും തുടർന്നും ആ അഭ്യാസമുറകൾ അവർ നടത്തിക്കൊണ്ടിരിക്കുകയാണ്.

സമ്പന്നനായൊരു വ്യക്തി പണച്ചാക്കും കാണിച്ച് അന്നത്തെ മുഖ്യമന്ത്രിയെ സമീപിച്ചപ്പോൾ ജില്ലാ കമ്മിറ്റിയുടെ തീരുമാനവും ഏര്യാ കമ്മറ്റിയുടെ നിർദേശങ്ങളും വലിച്ചെറിഞ്ഞ് അദ്ദേഹത്തിനെ സ്ഥാനാർഥിയാക്കാൻ തയ്യാറായി. നിങ്ങളുടെ നയം ഇത്രയേയുള്ളൂ എന്നാണ് മനസ്സിലാക്കേണ്ടത്. പാർട്ടിയെയല്ല, വ്യക്തിയെയാണ് നിങ്ങൾ അംഗീകരിച്ചത്. അവിടെ തിരഞ്ഞെടുപ്പ് നടന്നു. കഴിഞ്ഞ പ്രാവശ്യം എനിക്ക് ലഭിച്ചതിന്റെ ഏകദേശം നാലിരട്ടിയോളം ഭൂരിപക്ഷം എനിക്കവിടെ ലഭിച്ചു. അതായത്, ഏഴായിരം വോട്ടിന്റെ ഭൂരിപക്ഷത്തിൽ കഴിഞ്ഞ തിരഞ്ഞെടുപ്പിൽ ജയിച്ച എന്നെ ഇരുപത്തിനാലായിരത്തിലേറെ വോട്ടുകൾക്കാണ് ഇപ്രാവശ്യം ജയിപ്പിച്ചത്. തിരൂരിലെ ജനങ്ങളോട് ഈ രീതിയിലുള്ള കുപ്രചരണങ്ങളും വർഗീയ ധ്രുവീകരണ നടപടികളും പണച്ചാക്ക് ഒഴുക്കലുമൊക്കെ ഉണ്ടായിട്ടും മതേതരത്വത്തിനൊപ്പം ജനാധിപത്യത്തെ കാത്ത് ജനങ്ങൾ എന്നെ വിജയിപ്പിച്ച് ഇങ്ങോട്ടയച്ചതിലുള്ള സന്തോഷം ഇവിടെ രേഖപ്പെടുത്തുകയാണ്. യു.ഡി.എഫ്.-ന്റെ ഈ വിജയം പ്രോജ്ജ്വലമാണ്, അത്ഭുതപൂർവമാണ്. അപ്പുറത്തുള്ള ആളുകൾക്ക് ഇപ്പോഴും ഞെട്ടൽ മാറിയിട്ടില്ലല്ലോ? നിങ്ങളൊന്ന് ശരിയായി നിൽക്കൂ. നിങ്ങൾക്ക് ഞെട്ടൽ മാറിയിട്ടില്ല. എത്രവലിയ വിജയമാണ്. ഒരു ലക്ഷത്തിലേറെ വോട്ടുകൾ നേടി വിജയിച്ചുവന്ന അംഗങ്ങൾ ഇതിൽ പലരുമുണ്ടെന്ന വസ്തുത ഞാൻ ഈ സഭ മുമ്പാകെ വയ്ക്കുകയാണ്. 50 ശതമാനത്തിലേറെ വോട്ടുകൾ വാങ്ങിയവരാണ് ബഹുഭൂരിപക്ഷം ആളുകളും. മഞ്ചേശ്വരം മണ്ഡലത്തിലെ ശ്രീ. എ. കെ. എം. അഷ്റഫ് മുതൽ ഇങ്ങോട്ടുള്ളവരൊക്കെ അമ്പത് ശതമാനത്തിലേറെ വോട്ട് വാങ്ങിയാണ് വിജയിച്ച് വന്നിട്ടുള്ളതെന്ന വസ്തുത ഞാൻ ഈ സഭയിൽ അവതരിപ്പിക്കാൻ ആഗ്രഹിക്കുന്നു. ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി സാഹിബിന്റെ ഭൂരിപക്ഷമൊന്ന് നോക്കൂ. ഒരു ലക്ഷത്തിമുപ്പത്തിയൊന്നായിരത്തിൽപ്പരം വോട്ടുകൾ നേടി എൺപത്തി അയ്യായിരത്തിനുമേലെ ഭൂരിപക്ഷം അദ്ദേഹത്തിന് ലഭിച്ചു. നമ്മുടെ മുഖ്യമന്ത്രിക്ക് ആകെ ലഭിച്ച വോട്ടിനോളം വരും ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി സാഹിബ് ലഭിച്ച ഭൂരിപക്ഷം. "മരണത്തിന്റെ രുചിയറിയാതെ ആരുമുണ്ടാകില്ല" എന്ന് ഖുറാനിൽ ഒരു പരാമർശമുണ്ട്. അതുപോലെ ഇടതുപക്ഷക്കാർ രുചിയറിയാതെ ഈ തിരഞ്ഞെടുപ്പ് പോയിട്ടില്ലെന്നതാണ് വസ്തുത. നമ്മുടെ മുൻ മുഖ്യമന്ത്രി പോലും

ഏഴ് റൗണ്ട് എണ്ണിയപ്പോഴും പിന്നിലായിരുന്നു. എന്റെ ഏഴ് തദ്ദേശസ്വയംഭരണ സ്ഥാപനമേഖലയിലും പതിനഞ്ച് റൗണ്ട് വോട്ട് എണ്ണിയപ്പോഴും എല്ലാ ഘട്ടങ്ങളിലും ഞാൻ മുമ്പിലായിരുന്നുവെന്ന സന്തോഷം കൂടി ഞാൻ ഇടതുപക്ഷക്കാരോട് പങ്കുവയ്ക്കാൻ ആഗ്രഹിക്കുകയാണ്. നിങ്ങൾ എങ്ങോട്ടാണ് ഇപ്പോൾ പോകുന്നത്? സ്വാമി വിവേകാനന്ദൻ കേരളത്തെ ഒരു ഭ്രാന്താലയമെന്ന് വിളിച്ചിട്ടുണ്ട്. അതിൽനിന്നും നമ്മൾ സംസ്കാര സമ്പന്നമായൊരു നാടാക്കി കേരളത്തെ കൊണ്ടുവന്നതിൽ നമ്മുടെ പൂർവികർ വലിയ പരിശ്രമം നടത്തിയിട്ടുണ്ട്. നിങ്ങളത് കേട് വരുത്തരുതെന്നാണ് എനിക്ക് പറയാനുള്ളത്. വർഗീയ കോപ്രായങ്ങളാണ് നിങ്ങളുടെ കളിപ്പാട്ടമിപ്പോൾ. മാറൂ, നിങ്ങൾ പഴയതിലേക്ക് തിരിച്ച് പോകൂ. ലോകസഭാ തിരഞ്ഞെടുപ്പ് കഴിഞ്ഞപ്പോൾ തെറ്റ് തിരുത്തി മുന്നോട്ടുപോകുമെന്ന് നിങ്ങളുടെ പാർട്ടി കമ്മറ്റി പറഞ്ഞു. ഏതൊക്കെ തെറ്റാണ് നിങ്ങൾ തിരുത്തിയതെന്ന് ഞങ്ങളോട് പറയുമോ? പഞ്ചായത്ത് തിരഞ്ഞെടുപ്പ് കഴിഞ്ഞപ്പോൾ , തെറ്റ് തിരുത്തി ഞങ്ങൾ മുന്നോട്ട് പോകുമെന്ന് ശ്രീ. എം. വി. ഗോവിന്ദൻ മാസ്റ്റർ പറഞ്ഞു. തെറ്റ് തിരുത്തിയോ? തെറ്റ് തിരുത്തുമെന്ന് നിങ്ങൾ പറഞ്ഞപ്പോൾ നിങ്ങൾക്ക് തെറ്റ് പറ്റിയിട്ടുണ്ടെന്ന് ബോധ്യമുണ്ടല്ലോ; ആ ബോധ്യം വന്ന തെറ്റുകൾ എന്തൊക്കെയാണ്; അത് തിരുത്തിയോ എന്നാണ് ഞാൻ ചോദിച്ചത്. ഇപ്പോഴും തെറ്റ് തിരുത്തുമെന്ന് പറഞ്ഞു. ഏതൊക്കെ തെറ്റാണ് തിരുത്തിയതെന്ന് സഭയിൽ പറയുമോ? കേൾക്കാൻ സന്തോഷമുണ്ട് അതുകൊണ്ടാണ് പറയുന്നത്. പാലക്കാട് ശ്രീ. എ. കെ. ബാലനും കണ്ണൂരിലെ നിങ്ങളുടെ ബേബിയും, നവോത്ഥാന നായകനായി നിങ്ങൾ അവതരിപ്പിക്കുന്ന വ്യക്തിയും ചൊരിഞ്ഞ വർഗീയ പ്രചാരണങ്ങളെക്കുറിച്ചൊന്ന് ആലോചിച്ച് നോക്കൂ. ജമാ അത്തെ ഇസ്ലാമിയുടെ അമീറല്ലേ ഇപ്പോൾ ആഭ്യന്തര മന്ത്രി; തൊപ്പിയും പേസ്റ്റും, എന്താണ് അല്ലേ; അതിൽ സന്തോഷമല്ലേ നിങ്ങൾക്ക്? നിങ്ങൾ കേരളത്തെ എങ്ങോട്ടാണ് കൊണ്ടുപോകുന്നത്. 'കമ' എന്നൊരക്ഷരം നേതാക്കന്മാരുടെ മുഖത്തുനോക്കി പറയാനുള്ള അവകാശമില്ല. ജോസഫ് സ്റ്റാലിന്റെ കാലത്തും ഇങ്ങനെയുണ്ടായിരുന്നു. അതിനെക്കുറിച്ച് ധാരാളം പരാമർശങ്ങൾ ഇവിടെ വന്നിട്ടുണ്ട്. അതുപോലെ നിങ്ങൾ നിങ്ങളുടെ നേതാക്കന്മാരെ പൂജിച്ച് കൊണ്ടുവന്നു. നിങ്ങൾ നോക്കിയത് മുഖ്യമന്ത്രി കസേരയിൽ മാത്രമാണ്. വീണ്ടും മുഖ്യമന്ത്രിയാകാനുള്ള അവസരത്തെക്കുറിച്ചാണ് നിങ്ങൾ

ആലോചിച്ചത്. ഭരണം ലക്ഷ്യമാക്കി കേരളത്തിലെ ഒരു പാർട്ടി മുന്നോട്ട് പോയെങ്കിൽ അത് നിങ്ങൾ മാത്രമേയുള്ളൂ. ഞങ്ങൾക്ക് ഭരണ ലക്ഷ്യമല്ല. ഞങ്ങൾക്ക് ലക്ഷ്യത്തിലേക്കുള്ള മാർഗമാണ് ഭരണം. അതിന് കിട്ടിയ അംഗീകാരമാണ് ഞങ്ങൾ ഈ വിജയം. ഞങ്ങൾ ജനങ്ങളെയാണ് നോക്കിയത് നിങ്ങൾ മുഖ്യമന്ത്രി കസേരയെ ആണ് നോക്കിയത്. നിങ്ങൾക്കിപ്പോഴുണ്ടായത് അതിന് കിട്ടിയ പതനമാണ്. നിങ്ങൾ വർഗീയമായി അഭിപ്രായപ്പെട്ടു. ഇപ്പോൾ തോൽവി സംഭവിച്ചപ്പോൾ ജില്ലാ കമ്മിറ്റികളൊക്കെ അത് ശ്രീ. പിണറായി വിജയന്റെ തലയിൽ വയ്ക്കുകയാണ്. ഞാൻ പറയുന്നത്, ശ്രീ. പിണറായി വിജയൻ മാത്രമല്ലല്ലോ കുറ്റക്കാരൻ, നിങ്ങളൊക്കെ കുറ്റക്കാരല്ലേ? നിങ്ങൾ അതിനെ പിന്തുണച്ചിട്ടല്ലേ; നേരായ മാർഗത്തിൽ പാർട്ടിയെ തിരുത്താൻ നിങ്ങൾക്ക് കഴിഞ്ഞോ? അതിന്റെ പോരായ്മയാണ് നിങ്ങളിപ്പോൾ അനുഭവിക്കുന്നതെന്ന വസ്തുത മനസ്സിലാക്കാൻ തയ്യാറാകേണ്ടതുണ്ട്. എന്റെ പ്രിയ സുഹൃത്ത് ശ്രീ. സജി ചെറിയാൻ പഞ്ചായത്ത് തിരഞ്ഞെടുപ്പ് കഴിഞ്ഞപ്പോൾ എന്താണ് പറഞ്ഞത്; മലപ്പുറത്തേക്കും കാസർഗോഡേയ്ക്കും നോക്കാൻ. നിങ്ങൾ നോക്കിയിട്ടില്ലെന്ന് എനിക്കറിയാം. നോക്കിയിരുന്നെങ്കിൽ ചില കാര്യങ്ങൾ നിങ്ങൾക്ക് തിരിച്ചറിയുമായിരുന്നു. ഇപ്പോൾ നിയമസഭ തിരഞ്ഞെടുപ്പ് കഴിഞ്ഞു. നിങ്ങൾ ജയിച്ച് വന്നവരുടെ പേര് നോക്കിയോ? എന്റെ സുഹൃത്തിനോടും മാർക്സിസ്റ്റ് പാർട്ടിയോടും ഞാൻ ചോദിക്കുകയാണ്. മലപ്പുറത്ത് നിന്ന് ജയിച്ച് വന്നവരെ നിങ്ങൾ നോക്കിയോ? 16 സീറ്റിൽ ഞങ്ങൾ ജയിച്ചു. ഭൂരിപക്ഷം ആളുകൾക്കും അരലക്ഷത്തിലേറെയാണ് ഭൂരിപക്ഷം.

<u>മി. സ്പീക്കർ</u>: യെസ്... യെസ്...

<u>ശ്രീ. കുറുക്കോളി മൊയ്തീൻ</u>: സർ, വളരെ പ്രധാനപ്പെട്ടൊരു കാര്യമാണ് അവരോട് പറയുന്നത്. അതിനൊരു അനുവാദം നൽകണം. എന്റെ പ്രിയ സുഹൃത്ത് ശ്രീ. വി. എസ്. ജോയി ജയിച്ചത് തവനൂരിലാണ്. കഴിഞ്ഞ സഭയിൽ ഇതുപോലെ ഗവർണ്ണറുടെ നയപ്രഖ്യാപനത്തിന് നന്ദി രേഖപ്പെടുത്തി പ്രസംഗിക്കുമ്പോൾ, എന്നോട് മത്സരിക്കാൻ ലീഗുകാർ തയ്യാറുണ്ടോയെന്ന് നിങ്ങളുടെ ഒരു മെമ്പർ ചോദിച്ചു. ആ മണ്ഡലത്തിൽ നിന്ന് എന്റെ പ്രിയങ്കരനായ സുഹൃത്ത് ശ്രീ. വി. എസ്. ജോയി 15,000-ത്തോളം വോട്ടുകളുടെ ഭൂരിപക്ഷത്തിൽ വിജയിച്ച് ഈ സഭയിൽ വന്നു. ആ സുഹൃത്ത് ഇവിടെയില്ല, നിങ്ങളൊന്ന് കേൾപ്പിച്ച് കൊടുക്കണമെന്ന് ഞാൻ

ആവശ്യപ്പെടുകയാണ്. ശ്രീ. സജി ചെറിയാൻ ഒരു സമുദായത്തെക്കുറിച്ചാണല്ലോ പറഞ്ഞത്, ഏതു സമുദായക്കാരാണ് എന്നാണല്ലോ; സി.പി.ഐ (എം) ആണ് അത് മനസ്സിലാക്കേണ്ടത്, നിങ്ങൾക്ക് വേണ്ടിയാണ് അദ്ദേഹമത് പറഞ്ഞത്. ജോയിയുടെ കുടുംബക്കാർ കഷായത്തിൽ ചേർക്കാൻ അര കഴഞ്ച്പോലുമില്ല, അവിടെയാണ് ശ്രീ. വി. എസ്. ജോയി ഈ സഭയിലേക്ക് കടന്ന് വന്നിട്ടുള്ളതെന്ന് നിങ്ങൾ മനസ്സിലാക്കണം. ബഹുമാന്യനായ മുൻ മുഖ്യമന്ത്രി മലയാളിയായ ഒരു സുഹൃത്തിനോട് 'കടക്ക് പുറത്ത്' എന്ന് പറഞ്ഞു. ഇപ്പോൾ മലയാളികളെല്ലാവരും കൂടി 'ഇറങ്ങ് പുറത്ത്' എന്ന് ഉച്ചത്തിൽ ശബ്ദിച്ചൊരു സന്ദർഭമാണിത്. ഞാൻ ഈ നയപ്രഖ്യാപനത്തിന് നന്ദി രേഖപ്പെടുത്തുന്ന ഉപക്ഷേപത്തെ ഒരിക്കൽക്കൂടി പിന്തുണച്ചുകൊണ്ട് നിർത്തുന്നു.

<u>ശ്രീ. സജി ചെറിയാൻ</u>: സർ, പോയിന്റ് ഓഫ് ഓർഡർ. ബഹുമാനപ്പെട്ട ശ്രീ. കുറുക്കോളി മൊയ്തീൻ സംസാരിച്ചപ്പോൾ ഒരു സമുദായത്തെ ഞാൻ അപകീർത്തിപ്പെടുത്തിയെന്ന പരാമർശം നടത്തി. ഞാൻ ഒരു സമുദായത്തെയും അപകീർത്തിപ്പെടുത്തിയിട്ടില്ല. എന്റെ സ്റ്റേറ്റ്മെന്റ് ബഹുമാനപ്പെട്ട അംഗം കൃത്യമായി വായിക്കണം. അതുസംബന്ധിച്ച് ചർച്ച വന്നപ്പോൾ വളരെ ക്രിസ്റ്റൽ ക്ലിയറായി ഞാൻ അത് വിശദീകരിക്കുകയും ചെയ്തിട്ടുണ്ട്. അതുകൊണ്ട് അങ്ങ് തെറ്റിദ്ധരിച്ചാണ് പറഞ്ഞതെങ്കിൽ സഭയുടെ രേഖയിൽ അത് ഉണ്ടാകാൻ പാടില്ല.

<u>മി. സ്പീക്കർ</u>: ശ്രീ. കുറുക്കോളി മൊയ്തീൻ പറയുകയും അതിനുള്ള മറുപടി അങ്ങ് പറയുകയും ചെയ്തു. രണ്ടും രേഖയിലുണ്ടാകും. ശ്രീ. കുറുക്കോളി മൊയ്തീൻ പറഞ്ഞതിൽ ശ്രീ. സജി ചെറിയാന്റെ അഭിപ്രായവും പറഞ്ഞു. അതോടുകൂടി അങ്ങോട്ടുമിങ്ങോട്ടും പറഞ്ഞത് തീർന്നു. പറഞ്ഞിട്ടില്ലെന്ന അങ്ങയുടെ നിഷേധം അത് രേഖയിൽ കൃത്യമായിട്ടുണ്ട്. എന്തെങ്കിലും കൂടുതലായിട്ടെന്തെങ്കിലും വേണമെങ്കിൽ രേഖകൾ പരിശോധിച്ച് ചെയ്യുകയും ചെയ്യാം.+

<u>ശ്രീ. കെ. യു. ജനീഷ് കുമാർ</u>: സർ, ഞാൻ ഈ നയപ്രഖ്യാപനത്തെ എതിർക്കുകയാണ്. ഈ തിരഞ്ഞെടുപ്പിൽ ഞങ്ങൾ പരാജയപ്പെട്ടു എന്നുള്ളത് വസ്തുതയാണ്. ഈ പ്രതിപക്ഷനിരയിലെ അംഗങ്ങളുടെ അഭിപ്രായ പ്രകടനങ്ങളൊക്കെ കാണുമ്പോൾ എനിക്ക് തോന്നുന്നത് ഇവർ പരാജയപ്പെട്ടിട്ടേയില്ല എന്നുള്ളതാണ്. കഴിഞ്ഞ രണ്ട് തവണ ഞങ്ങളാണ് വിജയിച്ചത്. ഇത്തവണ

---

\+ ബഹുമാനപ്പെട്ട സഭാദ്ധ്യക്ഷന്റെ ഉത്തരവിൻപ്രകാരം (ഫയൽ നം. കെ.എൽ.എസ്/3337/2026-ഇ.ബി. തീയതി 16-06-2026) രേഖയിൽ നിലനിർത്തി.

നിങ്ങൾ വിജയിച്ചു. നിങ്ങൾ വിജയിക്കുമ്പോൾ നിങ്ങൾ മാത്രമല്ല വിജയിച്ചത്, ഞങ്ങൾ പരാജയപ്പെടുമ്പോൾ ഞങ്ങൾ മാത്രമല്ല ഒപ്പം കേരളത്തിന്റെ മതനിരപേക്ഷത കൂടിയാണ് പരാജയപ്പെടുന്നത്. ബി.ജെ.പി-യുടെ മൂന്ന് അംഗങ്ങൾ ഈ സഭയിലെത്തുമ്പോൾ ആരുടെ സഹായത്താലാണ് അവർ എത്തിയതെന്ന് പരിശോധിക്കുന്നത് നല്ലതാകും. ബഹുമാനപ്പെട്ട ആരോഗ്യ വകുപ്പുമന്ത്രി കഴിഞ്ഞ തവണ നേമത്ത് മത്സരിച്ചപ്പോൾ അദ്ദേഹത്തിന് ലഭിച്ച 9600-ഓളം വോട്ടുകൾ, യു.ഡി.എഫ്-ന്റെ തരംഗം കേരളത്തിൽ ആഞ്ഞടിക്കുമ്പോൾ എന്തുകൊണ്ട് ശ്രീ. കെ. എസ്. ശബരിനാഥിന് ലഭിക്കാതെ പോയി എന്ന് നിങ്ങൾ പരിശോധിക്കണം. ഞങ്ങളുടെ ആളുകളെല്ലാം സംഘപരിവാറിലേക്ക് പോകുന്നുവെന്ന് കോഴിക്കോട് അംഗം പറഞ്ഞു. എവിടെ നിന്നും കിട്ടിയ അറിവാണിത്? ഇന്ത്യയിൽ 10 മുഖ്യമന്ത്രിമാർ ബി.ജെ.പി. അധികാരത്തിൽ വന്നതിനുശേഷം ബി.ജെ.പി.-യിലേക്ക് പോയി. ഇവിടെ ബി.ജെ.പി.-യുടെ പാർലമെന്ററി പാർട്ടി ലീഡർ ചാത്തന്നൂർ അംഗം ശ്രീ. ബി. ബി. ഗോപകുമാർ ഞങ്ങൾക്കെതിരെ രൂക്ഷമായി സംസാരിക്കുകയാണ്, ആര് നൽകിയ സംഭാവനയാണ്; നിങ്ങളല്ലേ? കൈപ്പത്തി ചിഹ്നത്തിൽ നിങ്ങളുടെ സ്ഥാനാർഥിയായി മത്സരിച്ച്....

ആരോഗ്യ-ദേവസ്വം വകുപ്പുമന്ത്രി (ശ്രീ. കെ. മുരളീധരൻ): സർ, ചാത്തന്നൂരും കഴക്കൂട്ടവും കഴിഞ്ഞ മിക്ക തിരഞ്ഞെടുപ്പുകളിലും ഞങ്ങൾ മൂന്നാം സ്ഥാനത്തായിരുന്നു. അവിടെ ഒന്നാം സ്ഥാനത്തുണ്ടായിരുന്ന എൽ.ഡി.എഫ്. ആണ് രണ്ടാം സ്ഥാനത്തേക്ക് പോയത്.

ശ്രീ. കെ. യു. ജനീഷ് കുമാർ: സർ, ഞങ്ങൾക്കെതിരായി കേരളത്തിലൊരു വികാരമുണ്ടായിരുന്നു. യു.ഡി.എഫ്.-ന് അനുകൂലമായ വികാരം കേരളത്തിൽ ആഞ്ഞടിക്കുമ്പോൾ നിങ്ങൾ നടത്തിയ ഡീലിന്റെ കാര്യമാണ് ഞാൻ പറയുന്നത്. കൈപ്പത്തി ചിഹ്നത്തിൽ നിങ്ങളുടെ സ്ഥാനാർഥിയായി മത്സരിച്ച ആളാണ് ചാത്തന്നൂരിൽ നിന്ന് ഇന്ന് ബി.ജെ.പി.-യുടെ പാർലമെന്ററി പാർട്ടി ലീഡറായി വന്നിരിക്കുന്നത്. ഇത് ഡീലായിരുന്നുവെന്ന് ആരോടും ചോദിക്കാതെ അറിയാം. ചരിത്രത്തിലാദ്യമായി താമര ചിഹ്നം...

ശ്രീ. ജ്യോതികുമാർ ചാമക്കാല: സർ, ഒന്ന് വഴങ്ങാമോ? (മൈക്ക് ഓഫ്)...

<u>ശ്രീ. കെ. യു. ജനീഷ് കുമാർ</u>: സർ, ഇങ്ങനെ നിരന്തരം ഇടപെടരുത്. ആദരണീയനായ മന്ത്രി സംസാരിച്ചപ്പോൾ ഞാൻ വഴങ്ങി. ബി.ജെ.പി.-യുടെ താമര ചിഹ്നത്തെ കേരളത്തിലെ 19 നിയോജകമണ്ഡലങ്ങളിൽ ഒഴിവാക്കിക്കൊടുത്തു. തൃക്കരിപ്പൂർ മുതൽ പത്തനാപുരം വരെയുള്ള 19 നിയോജകമണ്ഡലങ്ങളിലും അതിന്റെ ഗുണം ആർക്കാണ് ലഭിച്ചതെന്ന് നിങ്ങൾ പരിശോധിച്ചോ; ഞാൻ അക്കാര്യങ്ങളൊന്നും പറയുന്നില്ല. (ബഹളം.....) നിങ്ങൾ ഇങ്ങനെ തടസ്സപ്പെടുത്തരുത്; ആ വിഷയം ഞാൻ അവസാനിപ്പിക്കുന്നു. പ്രതിപക്ഷം ഞങ്ങളെ സ്വാതന്ത്ര്യസമര ചരിത്രം പഠിപ്പിക്കാൻ വരുന്നതിനാൽ ഞാൻ അതിലേക്ക് വരാം. സത്യപ്രതിജ്ഞയ്ക്കുമുമ്പ് ചാർട്ടേർഡ് വിമാനത്തിൽ മംഗലാപുരത്തെ എൻ.ഡി.എ. നേതാവിന്റെ വീട്ടിൽപോയി അദാനി ഗ്രൂപ്പ് ചെയർമാനുമായി ഗൂഢാലോചന നടത്തിയതെന്തിനാണ്; ഇവിടെ ശ്രീ. പിണറായി വിജയനായിരുന്നു അത്തരത്തിൽ പോയിരുന്നതെങ്കിൽ എന്താകുമായിരുന്നു അവസ്ഥ? ഇത് സത്യപ്രതിജ്ഞയ്ക്കുമുമ്പ് നടന്ന സംഭവമാണ്. സത്യപ്രതിജ്ഞാദിനത്തിൽ 'വന്ദേ മാതരം' ആലപിച്ചതുമായി ബന്ധപ്പെട്ട വിശദാംശങ്ങളിലേക്ക് ഞാൻ കടക്കുന്നില്ല. ഇവിടെ നയപ്രഖ്യാപന പ്രസംഗ ചർച്ചയിൽ നിങ്ങൾ സംസാരിക്കുമ്പോൾ ഒരാളെങ്കിലും അതിനെതിരെ സംസാരിച്ചോ? എന്റെ പ്രിയപ്പെട്ട മുസ്ലീം ലീഗ് സ്നേഹിതരേ, വന്ദേമാതരവുമായി ബന്ധപ്പെട്ട് ശ്രീ. പി. എ. മുഹമ്മദ് റിയാസ് നടത്തിയ വിമർശനത്തിന്റെ പേരിൽ കോഴിക്കോട് അങ്ങാടിയിൽ അദ്ദേഹത്തിന്റെ കോലം കത്തിച്ചപ്പോഴെങ്കിലും അതിനെതിരെ ഒരുവാക്ക് പറയേണ്ടതല്ലേ; ഞാനൊരു കാര്യം പറയുകയാണ്, 'അടുക്കളമുറ്റത്ത് അയൽക്കാരനെ മാത്രമെ കടിക്കുവെന്ന ധാരണയിൽ നിങ്ങൾ അണലിയെ വളർത്തരുത് . ഒരു നാൾ ആ അണലി നിങ്ങളുടെ കിടപ്പുമുറിയിലെത്തി നിങ്ങളെയും കടിക്കുമെന്ന് നിങ്ങൾ ഓർക്കണം. സത്യപ്രതിജ്ഞയ്ക്ക് മുമ്പ് മറ്റൊരു കാഴ്ച നമ്മൾ കണ്ടു. ബഹുമാനപ്പെട്ട മുഖ്യമന്ത്രി ലോക്ഭവനിലേക്ക് പോകുന്നു. അവിടെ ജന്മഭൂമിയുടെ മുൻ എഡിറ്ററും പതിറ്റാണ്ടുകൾക്ക് മുമ്പ് കേരളത്തിലെ അറിയപ്പെടുന്ന സംഘിയും സംഘ്പരിവാറിന്റെ അജണ്ട അവിടെ നടപ്പാക്കുന്ന വ്യക്തിയുമായ ഒരാളെ മുഖ്യമന്ത്രി പോയി കെട്ടിപ്പിടിച്ചില്ലേ; ഞങ്ങൾ അതിനെ വിമർശിച്ചിട്ടുണ്ട്. ആ കെട്ടിപ്പിടിത്തം

കണ്ടപ്പോൾ എനിക്ക് ഓർമ്മവന്നത് കഴിഞ്ഞ ലോകകപ്പിൽ അർജന്റീന ടീം വിജയിച്ചപ്പോൾ അവരുടെ താരങ്ങൾ പരസ്പരം ആലിംഗനം ചെയ്ത രംഗങ്ങളാണ്. ഒരേ ടീമിനുവേണ്ടി കളിച്ച് വിജയിക്കുമ്പോൾ ഉണ്ടാകുന്ന സന്തോഷവും സുഖവുമാണ് അവിടെനിന്ന് ലഭിച്ചത്. എന്നിട്ടും നിങ്ങൾ നിർത്തിയില്ല. അതിനുശേഷം ചേർന്ന ആദ്യ കാബിനറ്റ് യോഗത്തിൽ അഡ്വക്കേറ്റ് ജനറലായി ശ്രീ. ജാജു ബാബുവിനെയാണ് നിയമിക്കാൻ തീരുമാനിച്ചത്. അദ്ദേഹം ശ്രീ. ആരിഫ് മുഹമ്മദ് ഖാന്റെ നിയമോപദേഷ്ടാവായി നിന്നുകൊണ്ട് സംഘ്പരിവാറിന്റെ അജണ്ട നടപ്പിലാക്കാൻ ശ്രമിച്ച വ്യക്തിയാണ്. ഞാൻ ചോദിക്കട്ടെ, അഡ്വക്കേറ്റ് ജനറലായി നിയമിക്കാൻ കോൺഗ്രസുകാർ ഇല്ലായിരുന്നോ; നിങ്ങൾക്കുവേണ്ടി വാദിക്കുന്ന, വീശിവെട്ടുന്ന അഡ്വ. ജോർജ്ജ് പൂന്തോട്ടമില്ലായിരുന്നോ? ഇലക്ഷൻ കമ്മീഷന്റെ അറിയിപ്പിൽ ബി.ജെ.പി. സീൽ അടിച്ചുകൊടുത്ത, അതിനെ ന്യായീകരിച്ച, എസ്.ഐ.ആർ.-ന്റെ ഭാഗമായി നിരവധി ആളുകൾക്ക് വോട്ടുചെയ്യാനുള്ള അവസരം നിഷേധിച്ച ഡോ. രത്തൻ ഖേൽഖറിനെ മുഖ്യമന്ത്രിയുടെ സെക്രട്ടറിയായി നിയമിക്കുമ്പോൾ ബംഗാളിൽ ഒരു നയവും കേരളത്തിൽ വേറൊരു നയവുമാണ് പ്രകടമാകുന്നത്. 'ലവ് ജിഹാദ് കേരളത്തിലും നടപ്പിലാക്കണമെന്ന് അഭിപ്രായമെഴുതിയ വ്യക്തിയെ മാധ്യമ ഉപദേഷ്ടാവായി നിയമിച്ചു. അതുപോലെ മുഖ്യമന്ത്രി ശ്രീ. നരേന്ദ്ര മോദിയെയും ശ്രീ. അമിത്ഷായെയും പോയി കണ്ടു. എന്നാൽ പാലക്കാട് തറവാട്ടിൽപോയി പാണക്കാട് സാദിഖ് അലി ശിഹാബ് തങ്ങളെ പോയികാണുന്നത് മുഖ്യമന്ത്രിയായതിനുശേഷമാണ്. ശ്രീ. നരേന്ദ്ര മോദിയെയും ശ്രീ. അമിത്ഷായെയും കണ്ടതിൽ ഒരു തെറ്റുമില്ല. എന്നാൽ ഞങ്ങൾ ഇത്തരം നിലപാടുകൾ സ്വീകരിക്കുമ്പോൾ അത് തെറ്റ്. 'ഞങ്ങൾ ഇടുമ്പോൾ വള്ളിനിക്കറും നിങ്ങൾ ഇടുമ്പോൾ അത് ബർമുഡയുമാണ്' . ആ നിലപാടിനെയാണ് ഞങ്ങൾ വിമർശിക്കുന്നത്. മഹാത്മാഗാന്ധി സർവകലാശാല വൈസ്ചാൻസലറുമായി ഞങ്ങൾക്ക് എന്തെങ്കിലും അതിര് തർക്കമുണ്ടായിരുന്നോ; ഞങ്ങൾക്ക് അതിര് തർക്കമില്ല. മഹാത്മാഗാന്ധി സർവകലാശാലയുടെ കീഴിൽ നല്ലൊരു സംഘിയില്ലാത്തതിന്റെ ഭാഗമായി കൊച്ചിൻ സർവകലാശാലയിൽ ടീച്ചേഴ്സ് സംഘ് രൂപീകരിച്ച് അതിന്റെ പ്രസിഡന്റായ വ്യക്തിയെ മഹാത്മാഗാന്ധി സർവകലാശാലയുടെ

വൈസ്ചാൻസലറായി നിയമിച്ചിരിക്കുകയാണ്. അതുസംബന്ധിച്ച് നിങ്ങൾക്ക് എന്താണ് പറയാനുള്ളത്; ഞാൻ അവസാനിപ്പിക്കുകയാണ്. ഞങ്ങൾ തീർന്നു എന്ന് പറയുന്നവരോട് ഒരു കവിത മാത്രം ചൊല്ലുകയാണ്.

കമ്മ്യൂണിസ്റ്റ് പച്ച

"കാടെന്ന് പറഞ്ഞ് വെട്ടിക്കളയാറുണ്ട് പലരും,
വളമില്ലാതെ വളരും, ഏത് മുറിവിനും മരുന്നാണ്,
ഒരു തല വെട്ടിയാൽ ഇരുതലയായി വളരും.
ഒന്നിച്ച് വളർന്നൊരു കോട്ടയായി നിൽക്കും,
ഒരു പൂവിൽനിന്നായിരം ചെടികൾ ഉണരും,
വേനലിൽ ഉണങ്ങുമെന്ന് കരുതും, നിറം പോകും,
ഒരുതുള്ളി മഴ മതി ആ കമ്മ്യൂണിസ്റ്റ് പച്ചപ്പ് തിരിച്ചുവരാൻ' .

ഞങ്ങൾ തിരിച്ചുവരും, തിരിച്ചുവന്ന് ഒരു കോട്ടയായി, കേരളത്തിന്റെ കാവലാളായി, കാവലായി, മതനിരപേക്ഷത സംരക്ഷിക്കുന്ന പ്രസ്ഥാനമായി ഞങ്ങൾ കേരളത്തിന്റെ മണ്ണിൽ നാളെകളിൽ ഉശിരോടെയുണ്ടാകുമെന്ന് മാത്രം സൂചിപ്പിച്ചുകൊണ്ട് ഈ നയപ്രഖ്യാപനത്തെ എതിർത്തുകൊണ്ട് എന്റെ വാക്കുകൾ ഉപസംഹരിക്കുകയാണ്.

ശ്രീ. ടി. ജെ. വിനോദ്: സർ, ഗവർണ്ണറുടെ നയപ്രഖ്യാപന പ്രസംഗത്തിന് നന്ദി രേഖപ്പെടുത്തിക്കൊണ്ട് ശ്രീ. എം. വിൻസെന്റ് അവതരിപ്പിച്ച ഉപക്ഷേപത്തെ ഞാൻ പൂർണ്ണമായി പിന്തുണയ്ക്കുകയാണ്. ഇവിടെ ബഹുമാനപ്പെട്ട കോന്നി എം.എൽ.എ., അദ്ദേഹത്തിന്റെ പ്രസംഗത്തിൽ കോൺഗ്രസ് നേതാക്കന്മാരെല്ലാം ബി.ജെ.പി.-യിലേക്ക് പോകുന്നുവെന്ന് പറയുകയുണ്ടായി. എന്നാൽ പശ്ചിമബംഗാളിലെയും ത്രിപുരയിലെയും രാഷ്ട്രീയ സാഹചര്യം പരിശോധിച്ചാൽ കണക്കെടുക്കാൻ സാധിക്കാത്ത രീതിയിൽ സി.പി.ഐ.(എം)-ന്റെ നേതാക്കാന്മാരും പാർട്ടി ഓഫീസും ഉൾപ്പെടെ ബി.ജെ.പി.-യിലേക്ക് മാറിപ്പോയ ചരിത്രം കാണാൻ സാധിക്കും. കഴിഞ്ഞ നിയമസഭയിലെ അംഗവും ഇടതുപക്ഷ സഹയാത്രികനുമായിരുന്ന ശ്രീ. സി. സി. മുകുന്ദൻ ബി.ജെ.പി.

സ്ഥാനാർഥിയായി മത്സരിച്ചു. സി.പി.ഐ.(എം.)-ന്റെ സമുന്നതനായ നേതാവ് ശ്രീ. അൽഫോൺസ് കണ്ണന്താനവും സി.പി.ഐ.(എം.)-ന്റെ അനിഷേധ്യനായ നേതാവും മൂന്നാർ മുൻ എം.എൽ.എ.-യുമായിരുന്ന ശ്രീ. എസ്. രാജേന്ദ്രനും ബി.ജെ.പി.-യിലേക്ക് മാറിയവരാണ്. ഇത്തരത്തിൽ സി.പി.ഐ.(എം)-ൽ നിന്നും ബി.ജെ.പി.-യിലേക്ക് പോയ നേതാക്കളുടെ കണക്ക് അവതരിപ്പിച്ചാൽ ഇന്ന് രാത്രി വരെ ഇരുന്ന് സംസാരിക്കേണ്ട സാഹചര്യമുണ്ടാകുമെന്നുള്ളതുകൊണ്ട് ഞാൻ അതിലേക്ക് കടക്കുന്നില്ല. വീട്ടുമുറ്റത്ത് വളർത്തിയ അണലി വീട്ടിൽക്കയറി കടിച്ച് മൃതപ്രായനായി കിടക്കുന്ന സാഹചര്യമുണ്ടെന്നും അദ്ദേഹം പറഞ്ഞു. ആ ബി.ജെ.പി.-യെ വളർത്തിയാതാരാണ്? കഴിഞ്ഞ തിരഞ്ഞെടുപ്പുകളിലെല്ലാം, പ്രത്യേകിച്ച് 2021-ലെ തിരഞ്ഞെടുപ്പിൽ അവരുമായി രഹസ്യ ബാന്ധവമുണ്ടാക്കി വിജയിച്ച് എല്ലാ സുഖസൗകര്യങ്ങളും അനുഭവിച്ച പ്രതിപക്ഷം ഇപ്പോൾ അണലിയുടെ കടിയേറ്റ് വെന്റിലേറ്ററിൽ കിടക്കുന്ന സാഹചര്യമാണുള്ളതെന്നാണ് എനിക്ക് സൂചിപ്പിക്കാനുള്ളത്. ഞാൻ മറ്റ് കാര്യങ്ങളിലേക്കൊന്നും കടക്കാൻ ആഗ്രഹിക്കുന്നില്ല. 2026 മേയ് മാസം 4-ാം തീയതി കേരളത്തിലെ ജനങ്ങൾ യു.ഡി.എഫ്.-ന് വിസ്മയകരമായ വിജയമാണ് സമ്മാനിച്ചത്. 102 സീറ്റുകളുടെ ഭൂരിപക്ഷവുമായി ഒരു ചരിത്ര വിജയമാണ് നമുക്ക് നൽകിയത്. കഴിഞ്ഞ പത്ത് വർഷക്കാലം ശ്രീ. പിണറായി വിജയന്റെ നേതൃത്വത്തിലുള്ള സർക്കാരിനെതിരെയുണ്ടായ ശക്തമായ ജനവികാരമാണ് നമുക്ക് ഈ തിരഞ്ഞെടുപ്പിൽ കാണാൻ കഴിഞ്ഞത്. സി.പി.ഐ.(എം.)-ന് ഏറ്റവും ശക്തമായ ജില്ലയാണ് കണ്ണൂർ. തളിപ്പറമ്പിലെയും പയ്യന്നൂരിലെയും എൽ.ഡി.എഫ്.-ന്റെ കോട്ടകളെല്ലാം തകർന്ന് തരിപ്പണമാകുന്ന കാഴ്ചയാണ് നമുക്ക് കാണാൻ കഴിഞ്ഞത്. വോട്ടെണ്ണലിന്റെ ആദ്യ റൗണ്ടുകളിൽ ബഹുമാനപ്പെട്ട മുൻ മുഖ്യമന്ത്രിയുടെ നിയോജകമണ്ഡലമായ ധർമ്മടത്തിന്റെ സാഹചര്യം നമ്മൾ കണ്ടതാണ്. ആ സി.പി.ഐ.(എം)-ന്റെ കോട്ടയിൽ ആദ്യത്തെ ആറ് റൗണ്ട് വരെ അദ്ദേഹം പിന്നിലായിരുന്നുവെന്നുള്ള വസ്തുത വിസ്മരിക്കരുതെന്നാണ് എനിക്ക് സൂചിപ്പിക്കാനുള്ളത്. പ്രതിപക്ഷം ഒരു കാരണവശാലും തകർന്ന് തരിപ്പണമാകരുതെന്ന്

ആഗ്രഹിക്കുന്നവരാണ് ഞങ്ങൾ. ഇടതുപക്ഷം ശക്തിപ്പെടണം. ബംഗാളിലും ത്രിപുരയിലുമുണ്ടായ തകർച്ച കേരളത്തിലുണ്ടാകരുതെന്നാണ് ഞങ്ങൾ ആഗ്രഹിക്കുന്നത്. അത് മറ്റ് വർഗീയവാദികളെ ശക്തിപ്പെടുത്താനുതകുന്ന സാഹചര്യമുണ്ടാക്കും. അതുകൊണ്ട് യഥാർഥ പ്രതിപക്ഷമായി ജനസേവനത്തിലേക്ക് തിരിച്ചുവരാൻ കാലം നൽകിയ അവസരമായി പ്രതിപക്ഷം ഇതിനെ കാണണമെന്നാണ് എനിക്ക് വിനീതമായി അഭ്യർഥിക്കാനുള്ളത്. കഴിഞ്ഞ തിരഞ്ഞെടുപ്പിൽ എൽ.ഡി.എഫ്. മുന്നോട്ടുവച്ച പ്രധാന മുദ്രാവാക്യം 'എൽ.ഡി.എഫ്. അല്ലാതെ മറ്റാരുണ്ട്' എന്നാണ്. കേരളം മുഴുവനും വലിയ Hoarding-കളാണ് കാണാൻ കഴിഞ്ഞത്. അതിന് കേരളത്തിലെ ജനങ്ങൾ ഒരു ഉത്തരം നൽകി. ശ്രീ. വി. ഡി. സതീശന്റെ നേതൃത്വത്തിലുള്ള ഒരു ഗവൺമെന്റ് കേരളത്തിൽ അധികാരത്തിൽ വരുന്ന സാഹചര്യമുണ്ടായി. കഴിഞ്ഞ എൽ.ഡി.എഫ്. ഗവൺമെന്റ് പി.&എ.ആർ.ഡി.-യിൽ നിന്ന് ഏകദേശം 110 കോടി രൂപയും കിഫ്ബിയിൽ നിന്ന് 130 കോടി രൂപയുമുൾപ്പെടെ ചെലവഴിച്ച് വലിയ Hoarding-കളാണ് കേരളത്തിൽ മുഴുവൻ സ്ഥാപിച്ചത്. സംസ്ഥാനത്തിന്റെ അടിസ്ഥാനസൗകര്യ വികസനത്തിനായി രൂപീകരിച്ച കിഫ്ബിയുടെ പണം പോലും പ്രചണ്ഡ പ്രചാരണത്തിനായി ഉപയോഗിച്ചുവെന്നുള്ളതാണ് യാഥാർഥ്യം. 'എൽ.ഡി.എഫ്. അല്ലാതെ മറ്റാരുണ്ട്' എന്ന മുദ്രാവാക്യത്തിന് കേരളത്തിലെ ജനങ്ങൾ നൽകിയ മറുപടിയാണ് 102 സീറ്റുമായി ശ്രീ. വി. ഡി. സതീശന്റെ നേതൃത്വത്തിലുള്ള ഗവൺമെന്റ് കേരളത്തിൽ അധികാരത്തിൽ വന്നതെന്ന കാര്യം നിങ്ങൾ ഓർക്കണമെന്നാണ് എനിക്ക് സൂചിപ്പിക്കാനുള്ളത്.

കഴിഞ്ഞ 10 വർഷം കൊണ്ട് കേരളത്തെ കടക്കെണിയിലേക്ക് തള്ളിവിട്ടുവെന്ന യാഥാർഥ്യം മറച്ചുവയ്ക്കുന്നതിനായി നവകേരള സദസ്സ്, നവകേരള യാത്ര എന്നിങ്ങനെ വ്യത്യസ്ത പേരുകളിൽ പുകമറ സൃഷ്ടിച്ചുകൊണ്ടുള്ള നടപടികളുമായാണ് എൽ.ഡി.എഫ്. ഗവൺമെന്റ് മുന്നോട്ടുപോയത്. 2015-16-ൽ 1,62,272/- കോടി രൂപയായിരുന്ന ഈ സംസ്ഥാനത്തിന്റെ പൊതുകടം. എൽ.ഡി.എഫ്. ഗവൺമെന്റ് അധികാരമൊഴിയുന്നതിനുമുമ്പ്, 2026 മാർച്ച് മാസത്തിൽ ഏകദേശം 4,81,000/- കോടി രൂപയായി പൊതുകടം വർധിച്ചു. ബഹുമാനപ്പെട്ട

മുൻ ധനകാര്യ വകുപ്പുമന്ത്രി പറയുന്നത് 5429/- കോടി രൂപ നമ്മുടെ ട്രഷറിയിൽ മിച്ചമുണ്ടെന്നാണ്. എൽ.ഡി.എഫ്. ഗവൺമെന്റ് അധികാരമൊഴിയുന്നതിന് തൊട്ടുമുമ്പായി 2026 ഏപ്രിൽ മാസത്തിൽ മാത്രം 11,503/- കോടി രൂപ കടമെടുത്തുവെന്നാണ് അക്കൗണ്ടന്റ് ജനറലിന്റെ കണക്ക് പുറത്തുവന്നിട്ടുള്ളത്. ആവശ്യമായ പണം ഖജനാവിലുണ്ടെങ്കിൽ പിന്നെന്തിനാണ് കടമെടുത്തത്? അത് വ്യക്തമാക്കുന്നതിനുവേണ്ടിയാണ് ബഹുമാനപ്പെട്ട മുഖ്യമന്ത്രി ഇതുമായി ബന്ധപ്പെട്ട് ഒരു ധവളപത്രം സഭയിൽ സമർപ്പിക്കുമെന്ന് പറഞ്ഞത്. സംസ്ഥാനത്തിന്റെ സാമ്പത്തിക സ്ഥിതിയെ സംബന്ധിച്ച് ജനങ്ങളെ അറിയിക്കാനുള്ള നടപടി സ്വീകരിക്കുമെന്ന് ഈ നയപ്രഖ്യാപന പ്രസംഗത്തിൽ പറഞ്ഞു. ഞാൻ അതിനെ സർവ്വാത്മനാ സ്വാഗതം ചെയ്യുകയാണ്. കേരളത്തിന്റെ സാമ്പത്തിക സ്ഥിതിയെന്താണെന്ന് ജനങ്ങൾക്കറിയണം. ഇത്രയേറെ സാമ്പത്തിക പ്രതിസന്ധിയുണ്ടെങ്കിലും ദരിദ്രരും നിരാലംബരുമായ ആളുകളുടെ ക്ഷേമപ്രവർത്തനങ്ങൾക്ക് ഒരു വിട്ടുവീഴ്ചയും ചെയ്യില്ല എന്നുള്ളതാണ് ഗവർണ്ണറുടെ നയപ്രഖ്യാപനത്തിലൂടെ ഇവിടെ സമർത്ഥിച്ചിട്ടുള്ളതെന്ന കാര്യത്തിൽ യാതൊരു സംശയവുമില്ല.

കേരളത്തിലെ എല്ലാ ജനങ്ങൾക്കും നേരിട്ടറിയുന്ന ഒരു വിഷയമാണ് ആശാ വർക്കർമാരുടെത്. ആശാ വർക്കർമാർ സെക്രട്ടേറിയറ്റിനുമുന്നിൽ 265 ദിവസക്കാലം നീണ്ടുനിന്ന ചരിത്രപരമായ സമരമാണ് നടത്തിയത്. അവരുടെ ഓണറേറിയം വർധിപ്പിക്കണമെന്ന ആവശ്യമാണ് അവർ മുന്നോട്ടുവച്ചത്. മുഖ്യമന്ത്രിയുടെ ഓഫീസിലിരുന്നാൽ അവരുടെ സമരപ്പന്തൽ കാണാമെങ്കിലും അവരുടെ പ്രശ്നം പരിഹരിക്കാൻ ഒരു നടപടിയും സ്വീകരിച്ചില്ല. സ്ത്രീകളുടെ മനോഹാരിത കൂട്ടുന്ന അവരുടെ മുടി മുറിച്ച് ശയനപ്രദക്ഷിണം നടത്തി സമരം നടത്തിയിട്ടുപോലും ആ പാവങ്ങളോട് ഒരു കരുണയും കാണിച്ചില്ല. അന്ന് പ്രതിപക്ഷ നേതാവായിരുന്ന ശ്രീ. വി. ഡി. സതീശൻ സമരപ്പന്തലിലെത്തി യു.ഡി.എഫ്. അധികാരത്തിൽ വന്നാൽ നിങ്ങളുടെ പ്രശ്നം പരിഹരിക്കുമെന്ന് ഉറപ്പുനൽകുകയും തുടർന്ന് മുഖ്യമന്ത്രിയായി സത്യപ്രതിജ്ഞ ചെയ്തശേഷം ഉടൻ കൂടിയ കാബിനറ്റ് യോഗത്തിൽ ആശാ പ്രവർത്തകർക്ക് ആശ്വാസം നൽകാനുള്ള

നടപടി സ്വീകരിക്കുകയും ചെയ്തു. അതാണ് ഈ ഗവൺമെന്റിന്റെ മഹത്വമെന്ന് സൂചിപ്പിക്കാൻ ഞാൻ ആഗ്രഹിക്കുകയാണ്.

ആശാ വർക്കർമാർക്ക് മാത്രമല്ല; അങ്കണവാടി വർക്കർമാർ, വിവിധങ്ങളായ പാചകത്തൊഴിലാളികൾ എന്നിവരുടെയെല്ലാം വിഷയങ്ങൾ അഡ്രസ് ചെയ്യാൻ ഈ ഗവൺമെന്റ് തയ്യാറായി എന്നതാണ് യാഥാർത്ഥ്യം. കഴിഞ്ഞ നിയമസഭാ തിരഞ്ഞെടുപ്പിൽ യു.ഡി.എഫ്. മുന്നോട്ടുവച്ച പ്രധാനപ്പെട്ട 5 ഗ്യാരന്റികളും ഈ നയപ്രഖ്യാപനത്തിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. സാധാരണ പ്രകടനപത്രികയിൽ പറയുന്ന കാര്യങ്ങൾ പറഞ്ഞുപോകുന്ന നടപടിയാണ് ഉണ്ടാകാറുള്ളത്. എന്നാൽ അതിൽനിന്നും വ്യത്യസ്തമായി പറഞ്ഞ കാര്യങ്ങൾ അണുവിട വ്യത്യാസമില്ലാതെ നടപ്പാക്കാനുള്ള നടപടികളാണ് ഇന്ന് യു.ഡി.എഫ്. സർക്കാരിന്റെ നയപ്രഖ്യാപന പ്രസംഗത്തിൽ കേൾക്കാൻ കഴിഞ്ഞത്.

കെ.എസ്.ആർ.ടി.സി. ബസ്സിൽ സ്ത്രീകൾക്ക് സൗജന്യയാത്ര ജൂൺ മാസം 15-ാം തീയതി മുതൽ നടപ്പാക്കുമെന്നാണ് ബഹുമാനപ്പെട്ട മുഖ്യമന്ത്രി പ്രഖ്യാപിച്ചിട്ടുള്ളത്. നമ്മുടെ നാട്ടിലെ പാവപ്പെട്ട സ്ത്രീകൾ ജോലിക്കുവേണ്ടി ദൂരസ്ഥലങ്ങളിലേയ്ക്ക് യാത്ര ചെയ്യുമ്പോൾ അവർക്കുണ്ടാകുന്ന പണനഷ്ടം ഒരു സേവിങ്സായി മാറ്റാൻ സൗജന്യയാത്ര ലഭിക്കുന്നതിലൂടെ കഴിയും. വിദ്യാർഥികൾക്ക് സൗജന്യയാത്ര ലഭ്യമാക്കുന്നത് വലിയൊരു പ്രോത്സാഹനമാണ്. ഇതെല്ലാം ഈ നയപ്രഖ്യാപന പ്രസംഗത്തിൽ കാണാൻ കഴിയും. പാവപ്പെട്ടവർക്കുള്ള സാമൂഹ്യക്ഷേമ പെൻഷൻ 3000/- രൂപയായി വർധിപ്പിക്കാൻ തീരുമാനിക്കുമെന്ന് പ്രഖ്യാപിച്ചിരിക്കുകയാണ്. നമ്മുടെ നാട്ടിൽ പ്രായമായ ആളുകൾ ഒരു നേരത്തെ മരുന്നുവാങ്ങാനും ഒരു ചായ കുടിക്കാനുംവേണ്ടി അന്യന്റെ മുന്നിൽ കൈ നീട്ടുമ്പോഴാണ് അവരെ സഹായിക്കണമെന്നുള്ള തീരുമാനം ഗവൺമെന്റ് സ്വീകരിക്കുന്നത്. ഉമ്മൻ ചാണ്ടി കേരളത്തിന്റെ മുഖ്യമന്ത്രിയായിരിക്കുമ്പോൾ 25000/- രൂപയിൽ താഴെ വാർഷിക വരുമാനമുള്ളവർക്ക് മാത്രമാണ് സാമൂഹ്യ പെൻഷൻ ലഭിച്ചിരുന്നതെങ്കിൽ അന്ന് ഉമ്മൻ ചാണ്ടി വാർഷിക വരുമാനം ഒരു ലക്ഷം രൂപയായി വർധിപ്പിക്കാനെടുത്ത തീരുമാനത്തെ തുടർന്നാണ് ഇന്ന് കേരളത്തിൽ 62 ലക്ഷം പേർ സാമൂഹിക പെൻഷന്

അർഹരായത്. സാമൂഹിക പെൻഷൻ 3000/- രൂപയാക്കി വർധിപ്പിച്ച് നൽകുമെന്ന് ഈ ഗവൺമെന്റ് തീരുമാനിച്ചിരിക്കുകയാണ്.

ചികിത്സാച്ചെലവ് ഏറ്റവും വർധിച്ചുവരുന്ന കാലഘട്ടമാണിത്. ചികിത്സയ്ക്ക് പണമില്ലാത്ത അവസ്ഥയാണ്. ഞാൻ എറണാകുളത്തെ ജനപ്രതിനിധിയാണ്. ആശുപത്രിയിൽ നിന്ന് ഡിസ്ചാർജ്ജ് ചെയ്യുമ്പോൾ ബില്ല് കുറയ്ക്കണമെന്നാവശ്യപ്പെട്ടുകൊണ്ട് അവിടെയുള്ള നാലും അഞ്ചും രോഗികളാണ് ദൈനംദിനം എന്നെ ഫോണിൽ വിളിക്കുന്നത്. കാരണം ചികിത്സാച്ചെലവ് അത്രയേറെ വർധിച്ചുകൊണ്ടിരിക്കുകയാണ്. ചികിത്സാചെലവിന് ഒരാശ്വാസമെന്ന നിലയിൽ ഒരു കുടുംബത്തിന് 25 ലക്ഷം രൂപവരെ സൗജന്യ ചികിത്സ ലഭ്യമാകുന്ന 'ഉമ്മൻ ചാണ്ടി ഇൻഷ്വറൻസ് പദ്ധതി' നടപ്പാക്കുമെന്ന ശക്തമായ നിലപാട് ശ്രീ. വി. ഡി. സതീശന്റെ നേതൃത്വത്തിലുള്ള ഗവൺമെന്റ് സ്വീകരിച്ചിരിക്കുകയാണ്.

സംസ്ഥാനത്തെ കോളേജ് വിദ്യാർഥികളായ പെൺകുട്ടികൾക്ക് പ്രതിമാസം 1000/- രൂപ പോക്കറ്റ് മണി നൽകുമെന്ന് പറഞ്ഞു. സംസ്ഥാനത്ത് 59.5 ശതമാനം വിദ്യാർഥികളും പെൺകുട്ടികളായതിനാൽ അവരെ സംബന്ധിച്ചിടത്തോളം ഇന്ദിരാ ഗ്യാരന്റിയിലൂടെ 1000/- രൂപ പോക്കറ്റ് മണി ലഭിക്കുന്നത് വലിയൊരു പ്രോത്സാഹനമാണ്. അതോടൊപ്പം ചെറുപ്പക്കാർക്ക് സ്വന്തമായി ബിസിനസ്സ് സംരംഭങ്ങൾ തുടങ്ങുന്നതിന് പലിശരഹിത വായ്പയായി 5 ലക്ഷം രൂപ വരെ നൽകുമെന്നാണ് ഗവൺമെന്റ് പ്രഖ്യാപിച്ചിട്ടുള്ളത്. ഉന്നത വിദ്യാഭ്യാസം നേടിയ ഈ നാട്ടിലെ പാവപ്പെട്ട ചെറുപ്പക്കാർ തൊഴിലന്വേഷിച്ച് അന്യദേശങ്ങളിലേയ്ക്ക് പോകുന്ന സാഹചര്യമാണ് ഇന്നുള്ളത്. അതിന് മാറ്റം വരുത്താനുള്ള നടപടികൾ സ്വീകരിക്കുന്നതിന്റെ ഭാഗമായാണ് 5 ലക്ഷം രൂപവരെ പലിശരഹിത വായ്പ നൽകുമെന്ന് പ്രഖ്യാപിച്ചിട്ടുള്ളത്.

നമ്മുടെ സംസ്ഥാനത്ത് കഴിഞ്ഞ 10 വർഷം കൊണ്ടുണ്ടായ നേട്ടമെന്തെന്ന് ചോദിച്ചാൽ, സുലഭമായി മയക്കുമരുന്ന് ലഭ്യമാകുന്ന ഒരു കേന്ദ്രമായി കേരളം മാറുന്നുവെന്നതാണ്. അതുകൊണ്ടാണ് 'ഓപ്പറേഷൻ തൂഫാൻ' എന്ന പേരിൽ

മയക്കുമരുന്നിനെതിരെ ശക്തമായ നടപടികളുമായി ഈ ഗവൺമെന്റ് മുന്നോട്ടുപോകുമെന്ന് പ്രഖ്യാപിച്ചിട്ടുള്ളത്. ഓരോ ദിവസത്തെയും പത്രവാർത്തകൾ വായിക്കുമ്പോൾ നമ്മുടെ നാട്ടിൽ ഇതെല്ലാം നടക്കുമോ എന്നാണ് നമ്മൾ ആലോചിക്കുന്നത്. 10 മാസം ചുമന്നുപ്രസവിച്ച അമ്മയെ 'നീ എന്തിന് എനിക്ക് ജന്മം നൽകി' എന്ന് ചോദിച്ചുകൊണ്ട് മകൻ തന്നെ കഴുത്ത് ഞെരിച്ച് കൊല്ലുന്ന നാട്ടിലാണ് നമ്മൾ ജീവിക്കുന്നത്. 8 വയസ്സുള്ള ഒരു വിദ്യാർഥിനി മയക്കുമരുന്നിന്റെ കാരിയറായി പ്രവർത്തിച്ചുവെന്ന വാർത്ത വായിക്കുന്ന നാട്ടിലാണ് നമ്മൾ ജീവിക്കുന്നത്. കഴിഞ്ഞ സഭയിൽ ഈ വിഷയത്തിനെതിരായി നടപടികൾ നിർത്തിവയ്ക്കാനുള്ള ഉപക്ഷേപം കൊണ്ടുവന്നപ്പോൾ ഈ സഭ ഒറ്റക്കെട്ടായി മയക്കുമരുന്നിനെതിരെ ശക്തമായ നിലപാടെടുത്തുവെങ്കിലും ഒരു നടപടിയുമുണ്ടായില്ല എന്നുള്ളതാണ് യാഥാർഥ്യം. ഇന്ന് മയക്കുമരുന്നിനെതിരായി ശക്തമായ നടപടികളുമായി മുന്നോട്ടുപോകുന്ന സർക്കാരാണ് ഈ സംസ്ഥാനത്തുള്ളത് എന്നുള്ള കാര്യം സൂചിപ്പിച്ചുകൊണ്ടും ജനങ്ങളുടെ പ്രതീക്ഷയ്ക്കും ആഗ്രഹത്തിനുമൊത്ത് ജനങ്ങൾക്കുവേണ്ടി പ്രവർത്തിക്കാൻ തയ്യാറായ ഒരു ഗവൺമെന്റിനുവേണ്ടി ബഹു. ഗവർണ്ണർ അവതരിപ്പിച്ച നയപ്രഖ്യാപന പ്രസംഗത്തിന് നന്ദി രേഖപ്പെടുത്തുന്ന ഉപക്ഷേപത്തെ ഒരിക്കൽക്കൂടി പിന്താങ്ങിക്കൊണ്ടും ഞാനെന്റെ വാക്കുകൾ ചുരുക്കുന്നു.

മി. സ്പീക്കർ: ശ്രീ. സജി ചെറിയാന് എന്താണ് പറയാനുള്ളത്?

ശ്രീ. സജി ചെറിയാൻ: സർ, ഞങ്ങൾ ഈ ദിവസങ്ങളിലെല്ലാം പ്രസന്റ് ആണ്. പക്ഷേ സിസ്റ്റത്തിൽ രേഖപ്പെടുത്തിക്കാണുന്നത് ആബ്സന്റ് എന്നാണ്. എല്ലാ എം.എൽ.എ.-മാരുടെയും ഹാജർ അപ്രകാരമായിരിക്കാനാണ് സാധ്യത. അതിനാൽ ഞങ്ങൾക്ക് ഒപ്പിടാനായി ഒരു രജിസ്റ്റർ വയ്ക്കുകയാണെങ്കിൽ അതിൽ ഹാജർ രേഖപ്പെടുത്താം.

മി. സ്പീക്കർ: അംഗങ്ങളുടെ ഹാജരിൽ കറക്ഷനുണ്ടെങ്കിൽ ആയത് തിരുത്തും. പരിശോധിച്ചപ്പോൾ ചില പ്രശ്നങ്ങൾ കണ്ടെത്തിയിട്ടുള്ളതിനാൽ ബന്ധപ്പെട്ട ഉദ്യോഗസ്ഥരുമായി ചർച്ച ചെയ്ത് റെക്റ്റിഫിക്കേഷൻ നടത്തിക്കൊണ്ടിരിക്കുകയാണ്. അങ്ങ്

സൂചിപ്പിച്ചതുപോലെ എന്തെങ്കിലും പ്രശ്നമുണ്ടെങ്കിൽ ആയത് തിരുത്തുന്നതിനുവേണ്ടിയുള്ള നടപടി സ്വീകരിക്കും.

ശ്രീ. സജി ചെറിയാൻ: സർ, ഒരു ബുക്ക് വയ്ക്കുകയാണെങ്കിൽ ഒപ്പിടാൻ കഴിയും.

മി. സ്പീക്കർ: ചില പ്രശ്നങ്ങൾ കണ്ടെത്തിയിട്ടുണ്ട്. ബുക്ക് വയ്ക്കുന്നതിൽ ബുദ്ധിമുട്ടില്ല. ഇവിടെ കണ്ടെത്തിയ പ്രശ്നങ്ങൾ പരിഹരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുകൊണ്ടിരിക്കുകയാണ്. ആയത് പരിഹരിക്കാൻ കഴിയും.

**അറിയിപ്പ്**

ഇ-നിയമസഭ ട്രെയിനിങ് പ്രോഗ്രാം

മി. സ്പീക്കർ: ഇ-നിയമസഭയുടെ പുതിയ സോഫ്റ്റ്‌വെയർ ബഹുമാനപ്പെട്ട അംഗങ്ങൾക്ക് പരിചയപ്പെടുത്താനായി ഒരു വാക്കിങ് ട്രെയിനിങ് പ്രോഗ്രാം 2026 ജൂൺ 2, 3, 4 തീയതികളിൽ രാവിലെ 8.00 മണി മുതൽ രാത്രി 7.00 മണി വരെ BAC ഹാൾ (റൂം നമ്പർ 520)-ൽ സജ്ജീകരിച്ചിട്ടുള്ളതായി അംഗങ്ങളെ അറിയിക്കുകയാണ്. എം.എൽ.എ.-മാർക്ക് അവരവരുടെ സൗകര്യമനുസരിച്ച് ഏത് സമയത്തും അവിടെ ചെന്ന് ഈ സോഫ്റ്റ്‌വെയർ പരിചയപ്പെടാനും അപ്ഡേറ്റ് ചെയ്യാനും കഴിയും. എല്ലാവരും അതുമായി സഹകരിക്കണമെന്ന് ഞാൻ ഓർമിപ്പിക്കുകയാണ്.

ശ്രീ. കെ. ജയന്ത്: സർ, അറ്റൻഡൻസ് മാർക്ക് ചെയ്തിരുന്നു. പക്ഷേ സിസ്റ്റത്തിൽ കാണുന്നില്ല.

മി. സ്പീക്കർ: ശ്രീ. സജി ചെറിയാൻ സൂചിപ്പിച്ചതും അതുതന്നെയാണ്. അതിൽ എന്ത് റെക്റ്റിഫിക്കേഷനാണ് ആവശ്യമെന്ന് ആലോചിച്ച് കൃത്യമായി നടപടി സ്വീകരിക്കുന്നതാണ്. ശ്രീ. സജി ചെറിയാൻ ഒരു ബുക്ക് വച്ചാൽ മതിയെന്ന് നിർദേശിച്ചതും പരിശോധിക്കാം.

ഓർഡർ.... ഓർഡർ.... സഭ ഇപ്പോൾ പിരിയുന്നതും നാളെ രാവിലെ 9.00 മണിക്ക് വീണ്ടും സമ്മേളിക്കുന്നതുമാണ്.

(2026 ജൂൺ മാസം 4-ാം തീയതി വ്യാഴാഴ്ച രാവിലെ 9.00 മണിക്ക് വീണ്ടും സമ്മേളിക്കുന്നതിലേയ്ക്കായി സഭ ഉച്ചയ്ക്കുശേഷം 01.42-ന് പിരിഞ്ഞു.)

*03-06-2026*
*Discussion on the motion of thanks to the Governor's address – contn.*

* * * * * *